927 3260 PILLAI [illegible] [illegible]

9ந7
32ல60

32050
...alika
MUL
165469

**Madras University Library**

DOCTRINA·VIM·PROMOVET·INSITAM

Call Number 927 32G0

Accession Number 165469

Available for loan from

This book should be returned on or befo
the date last marked below.

O. 61

# പ്രസംഗമാലിക.

പ്രകാശകൻ.

## ആർ. ററി. പിള്ള.

ചാല,—തിരുവനന്തപുരം.

R. T. PILLAI, CHALAI, TRIVANDRUM.

പകർപ്പവകാശം പ്രസാധകനിൽ.

൨-ാം പതിപ്പു കാപ്പി 4000.

വി. വി. പ്രസ്സ് ബ്രാഞ്ച്

തിരുവനന്തപുരം.

വില അണ ൧൨.

1106.

പ്രകാശകൻെറ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.

# വിഷയവിവരം.


| | | പുറം. |
|---|---|---|
| 1. | ഒരു അഭിനന്ദനം<br>(കെ. ആർ. കൃഷ്ണപിള്ള ബി. ഏ., ബി. എൽ.) | 1 16 |
| 2. | അഭിവൃദ്ധി<br>(എം. എം സാമുവൽ ബി. ഏ) | 17 24 |
| 3. | ലോകരംഗം<br>(മലയാളമനോരമ) | 24 . 39 |
| 4. | ഇൻഡ്യചരിത്രപഠനം<br>(സി. എസ്. സുബ്രഹ്മണ്യൻപോററി എം. ഏ.) | 39 63 |
| 5. | ചന്ദ്രനിൽ മനുഷ്യരുണ്ടോ?<br>(പൈലോപോൾ ബി. ഏ) | 63 73 |
| 6. | ധൂമകേതുക്കൾ<br>(ററി. കെ. ജോസഫ് ബി. ഏ., എൽ. ടി.) | 73 78 |
| 7. | നളന്ദസർവകലാശാല | 78 87 |
| 8. | കോട്ടയത്തു രാജാവു്<br>(കൊട്ടാരത്തിൽ ശങ്കുണ്ണി) | 87 96 |
| 9. | ചെറുകഥകൾ.<br>(ഇ. വി. കൃഷ്ണപിള്ള ബി. ഏ., ബി. എൽ.) | 96 113 |
| 10. | വ്യവസായോദയം<br>(കെ. പി. കൃഷ്ണപിള്ള) | 114 128 |
| 11. | ശുക്രൻ<br>(പൈലോപോൾ ബി ഏ) | 129 135 |
| 12. | പരിശ്രമം<br>(സി. എസ്. സുബ്രഹ്മണ്യൻപോററി എം. ഏ.) | 135 156 |
| 13. | നിരുപയോഗമായി പൊയ്ക്കൊണ്ടിരിക്കുന്ന ചില ശക്തികൾ. | 156 165 |

UNIVERSITY LIBRARY
14 JUL 1955
MADRAS

# പ്രസംഗമാലിക

(ഒന്നാം ഭാഗം).

---

## ൧. ഒരു അഭിനന്ദനം.

വീരാരാധനമെന്നതു് ഇന്നോ ഇന്നലെയോ ജനിച്ച ഒരു ആചാരമല്ല. കരബലത്താലോ, ബുദ്ധിബലത്താലോ ധർമ്മനിഷ്ഠാവൈഭവത്താലോ മഹാകൃത്യങ്ങൾ സാധിച്ചു്, കാലസരണിയിൽ കാൽചുവടുകൾ പതിപ്പിച്ചുപോയിട്ടുള്ള മഹാന്മാരെ എല്ലാക്കാലത്തും എല്ലാജനങ്ങളും ആരാധിച്ചുപോരുന്നതായി നാം കാണുന്നു. ഈ ആരാധനവും തജ്ജന്യമായ അനുകരണേച്ഛയും തന്നെയാണു് മനുഷ്യലോകത്തിന്റെ ഉൽഗതിക്കും ശ്രേയസ്സിനും മുഖ്യമായ ഒരു മാർഗ്ഗമെന്നു് നാം ഓർക്കേണ്ടതാണു്.

"പ്രതിബധ്നാതി ഹി ശ്രേയഃ പൂജ്യപൂജാവ്യതിക്രമഃ"

എന്നും മററുമുള്ള കാളിദാസാദി ലോകഗുരുക്കന്മാരുടെ ദിവ്യോപദേശങ്ങളെ അനുസരിച്ചു വളർന്നിട്ടുള്ള ഇൻഡ്യാനിവാസികൾക്കു് ഈ കാര്യത്തിൽ പക്ഷേ ഇതരനാട്ടുകാരേക്കാൾ കൂടുതലായ ഔൽസുക്യം കാണുന്നുണ്ടെങ്കിൽ അതിനെപ്പററി അത്ഭുതപ്പെടാനില്ലല്ലോ.

ആരാധ്യരായ വീരന്മാരുടെ ഗണനയിൽ രോഗജരാമരണാദ്യുപാധികളാൽ അധൃഷ്യരും നിത്യയൌവന സമ്പന്നാ-

വുമായ യശശ്ശരീരത്തോടുകൂടി എന്നെന്നേക്കും ഇഹലോകത്തിൽ ജീവിച്ചുപോരുന്ന കവികളും ഉൾപ്പെടുന്നു. വീരാരാധനത്തെക്കുറിച്ചുള്ള ദീർഘമായ ഒരു പ്രബന്ധത്തിൽ ക്യാർലൈൽ എന്ന ഇംഗ്ലീഷുപണ്ഡിതൻ ഡാൻറിയേയും ഷേക്സ്പീയരേയുംകൂടി ഉപന്യസിക്കുന്നതായി നിങ്ങൾക്ക് അറിയാമല്ലൊ. ക്ലേശബഹുലമായ പ്രപഞ്ചസാഗരത്തിൽ തുഴഞ്ഞും കുഴഞ്ഞും വലയുന്ന മനുഷ്യർക്ക് മധുരോക്തികൾകൊണ്ടു സദുപദേശം ചെയ്തു, സംസാരദുഃഖങ്ങളെ താങ്ങാൻ അവക്കു ക്ഷമയും ധൈര്യവും നൽകുന്ന സാക്ഷാൽ കവികൾ നമ്മുടെ കൃതജ്ഞതയ്ക്കും മാനസപൂജയ്ക്കും പാത്രീഭവിക്കുന്നില്ലെങ്കിൽ മററാരാണ് അതിനു പാത്രമായിട്ടുള്ളവർ? ഇങ്ങനെയുള്ള ഒരു സരസകവിശ്രേഷ്ഠനെ ആദരിക്കുന്നതിനും അഭിനന്ദിക്കുന്നതിനുമത്രേ നാം ഈ സായാഹ്നത്തിൽ ഇവിടെ സമ്മേളിച്ചിരിക്കുന്നതു്.

മലയാളഭാഷയിൽ ഇന്നത്തെരീതിയിലുള്ള വിദ്യാഭ്യാസത്തിൻെറ കനകജൂബിലി നാം ഈയാണ്ടിലാണല്ലൊ കൊണ്ടാടിയതു്. ഈ അഘോഷം മിക്കവാറും മലയാളഗദ്യത്തിൻെറയും കനകജൂബിലി ആയിരുന്നു എന്നുതന്നെ പറയാം. തുഞ്ചൻ, കുഞ്ചൻ മുതലായ ചില അനുഗ്രഹകവികളുടെ ഔദാര്യത്താൽ മലയാളസാഹിത്യത്തിനു ഗണനീയമായ ഒരു പദ്യസമ്പത്തു് മുമ്പിൽതന്നെ ലഭിച്ചിരുന്നു. എങ്കിലും അമ്പതുവർഷം മുമ്പുവരെ നമ്മുടെ ഗദ്യസാഹിത്യം കേവലം അകാലകുസുമംതന്നെ ആയിരുന്നു. സ്വപ്രജകളുടെ ഐശ്വര്യാഭിവൃദ്ധിക്കുള്ള ഏകമായമാർഗ്ഗം അവരുടെ വിദ്യാഭിവൃദ്ധിതന്നെ എന്നുള്ളതു് പ്രജാവത്സലന്മാരായ നമ്മുടെ പൊന്നുതമ്പുരാക്കന്മാർ അന്നും ഇന്നും എന്നും അനുവർത്തിച്ചുപോന്നിട്ടുള്ള വിശിഷ്ടനയമാകുന്നു. ഈ

ഉദ്ദേശത്തോടുകൂടി ഇംഗ്ലീഷുരീതിയിലും മലയാളഭാഷയിലുമായി വിദ്യാഭ്യാസം നടത്തുന്നതിനു നമ്മുടെ ഗവൎമ്മെൻറു നിശ്ചയിക്കയും ബാലന്മാരുടെ പഠിത്തത്തിനു ഗദ്യസാഹിത്യം അവശ്യപ്പെടുകയും ചെയ്തപ്പോളാണ് ആ സാഹിത്യത്തിൻെറ ദാരിദ്ര്യം പ്രത്യക്ഷമായതു്. വീരന്മാരെ അവശ്യപ്പെടുമ്പോൾ വീരന്മാർ ഉണ്ടായിക്കൊള്ളുമെന്നുള്ള വാദത്തെ ക്യാർലൈൽ അധിക്ഷേപിക്കുന്നു. എങ്കിലും നമ്മുടെ ഈ വിഷമദശയെ പരിഹരിക്കുന്നതിനു പൎയ്യാപ്തനും വിദ്വൽകുലാവതംസവുമായ ഒരു വീരപുരുഷൻ അക്കാലത്തു സന്നദ്ധനായിരുന്നു. മഹാമഹിമശ്രീ കേരളവൎമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ നിസൎഗ്ഗനിശിതവും സുശിക്ഷിതവും ആയ പ്രതിഭയുടേയും നിസ്തന്ദ്രമായ പരിശ്രമത്തിൻേറയും ഫലമായി ഏറെ താമസിയാതെ മലയാളത്തിൽ രണ്ടാംപാഠം മുതൽ 'അക്ബർ'വരെ ഏതാനും ഗദ്യഗ്രന്ഥങ്ങൾ ജനിച്ചുതോടുകൂടി സരളഗംഭീരമായ ഒരു ഗദ്യരീതിയും പ്രതിഷ്ഠാപിതമായി. ഈ പണ്ഡിതസാൎവ്വഭൌമനെ പിൻതുടൎന്നുള്ള അനേകം സാഹിത്യകാരന്മാരുടെ ശ്രമത്താൽ കാലോചിതപരിഷ്കാരങ്ങളോടുകൂടിയ ഒരു ഗദ്യരീതിയും, ഗണനീയമായ ഒരു ഗദ്യഗ്രന്ഥാവലിയും ഇപ്പോൾ നമുക്കു, സിദ്ധിച്ചിട്ടുണ്ടെങ്കിലും മലയാളഗദ്യത്തിൻെറ പിതാവെന്ന ഉൽകൃഷ്ടസ്ഥാനത്തെ പരേതനായ ആ പുണ്യചരിതൻതന്നെ യഥാൎത്ഥമായി വഹിക്കുന്നു. ഈ നിലയിൽ അവിടത്തെ നാമധേയത്തെ എക്കാലവും കേരളീയർ കൃതജ്ഞതാപൂൎവ്വം സ്മരിക്കുമെന്നുള്ളതിനു സംശയമില്ല.

ഹിന്ദുക്കളുടെ സാഹിത്യശാസ്ത്രപ്രകാരം സാഹിത്യപ്രബന്ധങ്ങളുടെ വിഷയത്തെ പ്രസിദ്ധമെന്നും ഉൽപാദ്യമെന്നും രണ്ടായി ഭാഗിക്കാം. പുരാണപ്രതിപാദിതങ്ങളായ

കഥകളെ എടുത്തു് അവയ്ക്കു് ആവശ്യംപോലെയുള്ള രൂപാന്തരം വരുത്തിയോ അല്ലാതെയോ നിൎമ്മിക്കുന്ന കാവ്യങ്ങളുടെ ഇതിവൃത്തം പ്രസിദ്ധവും, കവിയുടെ ഭാവനാശക്തിയാൽ സൃഷ്ടമായ ഇതിവൃത്തം ഉൽപാദ്യവുമാകുന്നു. ഭവഭൂതിയുടെ ഉത്തരരാമചരിതവും, മഹാവീരചരിതവും പ്രസിദ്ധകഥകളും, മാലതീമാധവം ഉൽപാദ്യകഥയും ആകുന്നു. അതുപോലെ കാളിദാസന്റെ രഘുവംശവും കുമാരസംഭവവും പ്രസിദ്ധകഥകളും, മേഘസന്ദേശം ഉൽപാദ്യകഥയുമത്രേ. ഇങ്ങനെ നോക്കുന്നതായാൽ ഈയിടവരെ മലയാളഭാഷയിലുണ്ടായിരുന്ന പ്രൌഢസാഹിത്യം ഏകദേശം മുഴുവനുംതന്നെ പ്രസിദ്ധകഥകളെ ആശ്രയിച്ചിരുന്നു. കിളിപ്പാട്ടും മണിപ്രവാളവും ആട്ടക്കഥയും തുള്ളക്കഥയും വഞ്ചിപ്പാട്ടും തിരുവാതിരപ്പാട്ടും എല്ലാം പുരാണകഥയെ വേഷം കെട്ടിച്ചതുതന്നെ. ഉൽപാദ്യസാഹിത്യം നമ്മുടെ ഭാഷയിൽ ഇല്ലാത്തതുകൊണ്ടുള്ള കുറവും അതിന്റെ ശരിയായ സ്വഭാവവും ഉപയോഗവും നമുക്കു പൂൎണ്ണമായി ബോധപ്പെട്ടതു് ഇംഗ്ലീഷുവിദ്യാഭ്യാസത്തിന്റെ പ്രചരണത്തോടുകൂടിയാണെന്നു സമ്മതിക്കുന്നതുകൊണ്ടു് നമ്മുടെ ദേശാഭിമാനത്തിനോ ഭാഷാഭിമാനത്തിനോ വാട്ടം തട്ടുമെന്നു വിചാരിക്കാനില്ല. ഉൽപാദ്യസാഹിത്യത്തിന്റെ സൃഷ്ടിക്കു സഫലമായ പരിശ്രമം ചെയ്തിട്ടുള്ളവർ ഇംഗ്ലീഷിൽ ഉൽകൃഷ്ടപാണ്ഡിത്യം സിദ്ധിച്ച ഏതാനും മനോധൎമ്മസമ്പന്നന്മാരാണെന്നും നമുക്കറിയാമല്ലോ. മലയാളഭാഷയിൽ നോവൽരീതിയിലുള്ള ഉൽപാദ്യസാഹിത്യത്തിന്റെ കുറവിനെ പരിഹരിക്കുന്നതിന്നു ആദ്യമായി ശ്രമിച്ചതു് ശ്രീമാൻ അപ്പുനെടുങ്ങാടി അവർകൾ ആയിരുന്നു. ഇതിനെ തുടൎന്നു് സാരസ്യനിധിയായ ശ്രീമാൻ ചന്തുമേനോൻ അവർ

കളുടെ ലളിത മധുരമായ "ഇന്ദുലേഖ" എന്ന കാവ്യം മലയാളവായനക്കാരായ പണ്ഡിതപാമരന്മാരെ ഒരുപോലെ ആഹ്ലാദതരംഗങ്ങളിൽ നീരാടിച്ചു. ഇതിനു ശേഷമാണു് നമ്മുടെ ഇന്നത്തെ സൽകാരസപര്യകൾക്കു പാത്രീഭൂതനായ ശ്രീമാൻ സി. വി. രാമൻപിള്ള അവർകൾ സാഹിത്യനഭസ്സിൽ ആവിർഭവിച്ചതു്. അന്യാദൃശമായ പ്രതിഭാവൈഭവത്താലും ഭാവനാസമ്പത്തിയാലും ഈ കവിജ്യോതിസ്സിൻെറ ആവിർഭാവം ഉദയസ്ഥാനത്തിലല്ല ഉച്ചസ്ഥാനത്തിൽ തന്നെയാണു് ദർശിക്കപ്പെട്ടതു്. അന്നത്തേയും ഇന്നത്തേയും പോലെ എന്നത്തേക്കും അദ്ദേഹം ഈ ഉച്ചസ്ഥാനത്തിൽത്തന്നെ സ്ഥിതിചെയ്യുമെന്നു് ആശംസിക്കുന്നതിനു് അദ്ദേഹത്തിൻെറ കാവ്യങ്ങൾ നമ്മെ ധൈര്യപ്പെടുത്തുന്നു.

ഒരു നോവലിനെപ്പററി നിരൂപണംചെയ്യുമ്പോൾ അതിൻെറ കഥാബന്ധം, പാത്രങ്ങൾ, ഭാഷാരീതി ഇവയാണു് പ്രധാനമായി ചിന്തിക്കേണ്ട വിഷയങ്ങൾ. കഥാബന്ധത്തിൽ പ്രധാനമായി വേണ്ടതു് കഥയുടെ ഏകീഭാവമാകുന്നു. ഉത്തമങ്ങളായ എല്ലാ നോവലുകളിലും ഒരു പ്രധാന കഥയും, ഒന്നോ അധികമോ ഉപകഥകളും ഉണ്ടായിരിക്കും. എന്നാൽ ഈ കഥകൾക്കു പ്രധാന കഥയോടു സാരമായ സംബന്ധം ഉണ്ടായിരിക്കുകയും അവ പ്രധാന കഥയുടെ നിർവ്വഹണത്തെ സാരമായ വിധത്തിൽ സഹായിക്കുകയും ചെയ്യേണ്ടതു് അവശ്യമാകുന്നു. ഇങ്ങനെ വരുമ്പോൾ മാത്രമേ കഥാബന്ധത്തിനു് ഏകീഭാവം സിദ്ധിക്കുകയുള്ളു. ഈ ഏകീഭാവം ഇല്ലാതിരുന്നാൽ ഒരേ പുസ്തകത്തിൽ രണ്ടുമൂന്നു കഥകൾ എഴുതിക്കൂട്ടിയെന്നുള്ള മിടുക്കു്

എഴുത്തുകാരൻ ലഭിക്കുമെങ്കിൽ അങ്ങനെ ഇരുന്നുകൊള്ളട്ടെ. കഥാബന്ധത്തിൻെറ ഔചിത്യവും സാരസ്യവും കൊണ്ടു വായനക്കാൎക്കുണ്ടാകേണ്ടതായ രസാനുഭൂതി ലേശം പോലും ഉണ്ടാകയില്ല.

കഥാബന്ധത്തിൽ ചിന്തിക്കാനുള്ള മറെറാരു സംഗതി അതു് ലൌകികം അല്ലെങ്കിൽ സ്വാഭാവികം ആയിരിക്കുന്നോ എന്നുള്ളതാകുന്നു. അതായതു് കഥയിൽ പ്രവൎത്തിക്കുന്ന പാത്രങ്ങൾ മാംസരക്തമയന്മാരായ മനുഷ്യരും നടക്കുന്ന സംഭവങ്ങൾ അങ്ങനെയുള്ള മനുഷ്യരുടെ ഇടയിൽ നടക്കാവുന്ന സംഗതികളും തന്നെയോ? ഈ വിധമുള്ള പാത്രങ്ങളും സംഭവങ്ങളും അടങ്ങിയ കാവ്യങ്ങളാണു്, നമ്മുടെ മനസ്സിനെ സവിശേഷമായി ആവൎജ്ജനം ചെയ്യുന്നതു്. ഹരിശ്ചന്ദ്രൻ, ശ്രീരാമൻ, രന്തിദേവൻ മുതലായ പുരാണ പുരുഷന്മാരെപ്പററി വായിക്കുമ്പോൾ അവരുടെ സത്യനിഷ്ഠ മുതലായ സൽഗുണങ്ങളെപ്പററി നമുക്കു് എത്രതന്നെ ബഹുമാനം തോന്നിയാലും അവരുടെ സ്ഥിതിയിൽ അകപ്പെട്ടാൽ അപ്രകാരം തന്നെ പ്രവൎത്തിക്കുവാൻ സാധിക്കുമെന്നുള്ള വിശ്വാസം തോന്നുന്നില്ല, ഇതാണു പുരാണപുരുഷന്മാർ വൎണ്ണപ്പകിട്ടോടുകൂടിയ ചിത്രങ്ങളായിപ്പോയി എന്നു പറയുന്നതിൻെറ സാരം.

എന്നാൽ ഈ വിഷയത്തിൽ നാം മറന്നുപോകരുതാത്ത മറെറാരു സംഗതികൂടിയുണ്ടു്. ചിത്രകാരൻേറയും സാഹിത്യകാരൻേറയും തൊഴിൽ ഒരുപോലെയുള്ളതാകുന്നു. സ്വാഭാവികതയുടെ അതിൎത്തിയെ രേഖാമാത്രവും അതിലംഘിക്കയില്ലെന്നുള്ള നിൎബന്ധത്തോടുകൂടി ചെയ്യുന്ന ശില്പവിധാനം സാഹിത്യകാരനും ചിത്രകാരനും ഒരു

പോലെ പരാജയത്തെ നല്കുന്നു. ഇതിൻെറ വാസ്തവം അറിയുന്നതിന് രമണീയമായ ഒരു ഭൂപ്രദേശത്തിൻെറ ഒരു ഫോട്ടോപടവും ചായപ്പടവുംകൂടി നോക്കുക. ഫോട്ടോവിൽ ആ പ്രദേശത്തിൻെറ സ്വാഭാവികസ്ഥിതി മുഴുവൻ നഗ്നതയോടെ പ്രകാശിക്കുന്നു. ചിത്രകാരൻ തൻെറ ഭാവനാവിശേഷംകൊണ്ടു് അപ്രധാനങ്ങളായ ചില അംശങ്ങളെ ത്യജിച്ചും ചിലവയെ മറച്ചും പ്രധാനാംശങ്ങൾക്കു വർണ്ണപ്രകർഷം വരുത്തിയും ഓരോന്നിനും ചേരുന്നതായ വർണ്ണങ്ങൾ ആവശ്യംപോലെ കൂടുതൽകുറവായി പ്രയോഗിച്ചും ആ പ്രദേശത്തിൻെറ ചേതോഹരമായ ഒരു പ്രതിബിംബത്തെ നിർമ്മിക്കുന്നു. ഫോട്ടോവും ഈ ചിത്രവും കാണുമ്പോൾ നമ്മുടെ മനസ്സിൽ ഉണ്ടാകുന്ന വികാരങ്ങളുടെ താരതമ്യം വർണ്ണിക്കേണ്ടതില്ലല്ലോ. സ്വാഭാവികതയെ ഒട്ടും അതിക്രമിക്കാതെ എഴുതുന്ന കാവ്യങ്ങൾ ഫോട്ടോപോലെയും, മനോധർമ്മത്തിൻെറ സഹായത്തോടുകൂടി എഴുതുന്ന കാവ്യങ്ങൾ ചിത്രംപോലെയും വായനക്കാരെ രസിപ്പിക്കുന്നു. സത്യം വിചാരിച്ചാൽ പ്രകൃതസ്ഥിതിയിൽ യാതൊന്നും നമുക്കു ആഹ്ലാദകരമായിരിക്കുന്നില്ല. സത്യവാദിയായ പടമെടുപ്പുകാരൻകൂടിയും തൻെറ പടങ്ങൾക്കു് ടോണിംഗ് എന്നതിനുള്ള പണി ചെയ്യുന്നുണ്ടു്. തട്ടാന്മാർ ആഭരണങ്ങൾ ഉണ്ടാക്കിയതിൻെറശേഷം അവയ്ക്കു് നിറം കാച്ചുന്നു. ശിശുക്കളെപ്പോലും നാം ആഭരണങ്ങൾ അണിയിക്കുന്നു. ഇതു തന്നെയാണു് സമർത്ഥനായ കാവ്യകാരനും ചെയ്യേണ്ടതു്. വായനക്കാരുടെ മനോധർമ്മത്തേയും ഭാവനയേയും പ്രസരിപ്പിക്കാൻ തക്കവണ്ണം സ്വാഭാവികാവസ്ഥയെ അല്പം കടന്നിട്ടും ആഭാസവും അസംഭാവ്യവുമായ അതിശ-

യോക്തികളെ വജ്ജിച്ചും രചിക്കപ്പെട്ടുന്നവയുമാണ് ഉത്തമങ്ങളായ ഉൽപാദ്യകാവ്യങ്ങൾ. ഈ ഗുണോൽകഷം കൂടാതെയുള്ള കാവ്യങ്ങളെ സംഹരിക്കുന്നതിനായിരുന്നു പറങ്ങോടീപരിണയത്തിൻെറ പുറപ്പാടെന്നു നിങ്ങൾക്ക് ഓമ്മയുണ്ടായിരിക്കാം.

സി. വി. രാമൻപിള്ള അവർകളുടെ മൂന്നു നോവലിൻേറയും കഥാബന്ധത്തിന് മേല്പറഞ്ഞ ഗുണങ്ങൾ സ്പഷ്ടമായി കാണ്മാനുണ്ട്. ഉപകഥയും പ്രധാനകഥയും തമ്മിലുള്ള യോജിപ്പു അത്യന്തം ഹൃദ്യമായിരിക്കുന്നു. എന്നുമാത്രമല്ല പ്രധാന കഥയെ മറയ്ക്കാൻ തക്കവണ്ണം ഉപകഥ ഒരിക്കലും പരിപോഷിക്കാതേയും പ്രധാന കഥയുടെ ഗതിയെ സദാ സ്മരിപ്പിച്ചുകൊണ്ടുമാണു പോകുന്നത്. അവസാനത്തിൽ രണ്ടുംകൂടി യോജിച്ച് ഹൃദയാനന്ദകരമായ ചമൽകാരവൈശിഷ്ട്യത്തോടെ പരിണമിക്കയും ചെയ്യുന്നു.

പാത്രങ്ങളുടെ സൃഷ്ടിയിലും വിനിയോഗത്തിലും ഈ കവിശ്രേഷ്ഠൻ കേരളസാഹിത്യമണ്ഡലത്തിൽ ഇതേവരെ അദ്വിതീയനായിത്തന്നെ സ്ഥിതിചെയ്യുന്നു. പാത്രങ്ങളിൽ ഓരോന്നിനും വ്യക്തമായ സ്വഭാവഗുണം ഉണ്ടായിരിക്കണമെന്നു മാത്രമല്ല, അവർ ഈ സ്വഭാവഗുണങ്ങളാൽ പരസ്പരം വ്യതിരിക്തരായിരിക്കയും വേണം. മാത്താണ്ഡവമ്മ, ധമ്മരാജാ, പ്രേമാമൃതം ഈ മൂന്നു കാവ്യങ്ങളിലെ പാത്രങ്ങൾക്കും അവരവരുടെ സ്വഭാവോൽകഷം പൂത്തിയായി വന്നിട്ടുണ്ടെന്നു് അവയെ ശ്രദ്ധാപൂവ്വം വായിച്ചിട്ടുള്ള ഏവരും സമ്മതിക്കുന്നതാണു്. ഇവയിൽവച്ച് പഴക്കം കൂടിയ മാത്താണ്ഡവമ്മയിലെ ശങ്കുആശാൻ, അനന്തം മുതലായവർപോലും കേരളീയരുടെ ഹൃദയത്തിൽ ഇന്നും

സ്ഥിരമായി കുടികൊണ്ടിരിക്കുന്നു. തന്റെ പ്രജകളോടു നിർവ്യാജമായ വാത്സല്യവും, സകല സങ്കടങ്ങളേയും ധൈര്യസമേതം ധരിച്ചുകൊണ്ടു് അവരുടെ ശ്രേയസ്സിനായി പ്രയത്നം ചെയ്കയത്രേ തന്റെ കൃത്യമെന്നുള്ള സ്ഥിരബോധവും പ്രബലനായ ശത്രുവിനെ സമൂലനാശനം ചെയ്യുന്നതിലുള്ള ജാഗ്രതയും മാങ്കോയിക്കൽ കുറുപ്പു മുതലായവർ തന്നോടു തുല്യത ഭാവിച്ചുകൊള്ളാൻ അനുവദിക്കുന്ന മഹാമനസ്കതയും ഉഷ്ണപീഡിതനായ പരമേശ്വരൻപിള്ളയെ തന്റെ തോർത്തു മടക്കി വീശുന്നതിനുള്ള അശ്രിതവാത്സല്യവും ആപത്തിലും അധർമ്മവിമുഖമായ ബുദ്ധിയും സർവ്വോപരി തനിക്കു് അലങ്കാരമായിത്തീർന്നിരിക്കുന്ന വിനയവും കൊണ്ടു് മാർത്താണ്ഡവർമ്മയുടെ രാജാവു് രാജകുലാവതംസമായി ശോഭിക്കുന്നു. അവിടത്തെ ശത്രുവും അമിതഭോഗിയും വഞ്ചകനും ഉദ്ധതനും സ്വാർത്ഥപരനും വിവേകശൂന്യനും വിടകുലനട്ടനായകവുമായ ശ്രീ പത്മനാഭൻ തമ്പി മന്ത്രിയായ സുന്ദരയ്യന്റെ തന്ത്രങ്ങളിൽ അകപ്പെട്ടു് സമുദ്രതരംഗങ്ങളിൽപെട്ട ശുഷ്കപത്രംപോലെ കളിയാടുന്നു. ഹരിപഞ്ചാനനനെ നോക്കുക. 'സിംഹാസനങ്ങൾ, കിരീടങ്ങൾ, ഉടവാളുകൾ ഇതുകൾ ധർമ്മശാലയിൽ ദാനംചെയ്യപ്പെടുന്നില്ല. വൃക്ഷങ്ങളിൽ കായ്ക്കുന്നില്ല. മഴയോടും മഞ്ഞോടും വർഷിക്കുന്നില്ല. അങ്ങാടികളിൽ വില്ക്കപ്പെടുന്നുമില്ല. കൊന്നുവെന്നും തീവെച്ചു മുടിച്ചും അവയെ നേടണം. സ്വർഗ്ഗം പിളർന്നു പതിക്കട്ടേ. നരകം പിളർന്നു പൊതിയട്ടേ. സമുദ്രങ്ങൾ പ്രളയപ്രവാഹംകൊണ്ടു കഴുകട്ടേ. നാം വിജയപതാകയെ ഈ ഭൂസ്വർഗ്ഗത്തിൽ പ്രതിഷ്ഠിക്കും.' ഇങ്ങനെ സ്വാർത്ഥലാഭത്തിനായി കാപട്യവും പരദ്രോഹവും പ്രവർത്തിക്കുന്നതു് വിഹിതമെന്നുള്ള ബിസ്മാ

ക്കിന്റെ നീതിയെ ദൃഢമായി അംഗീകരിച്ചും പരമലോഭിയായ ചിലമ്പിനേത്തു ചന്ത്രക്കാരനെക്കൊണ്ടു് കനകവർഷം ചെയ്യിച്ചും കാര്യസിദ്ധിക്കു് പ്രതിബന്ധമായിത്തീന്നേക്കാമെന്നു ശങ്കിക്കപ്പെട്ട തന്റെ അനുജനേപ്പോലും നിർദ്ദയമായി വധിച്ചും അത്യുഗ്രമായ തൃഷ്ണാവേശത്തോടുകൂടി രാജ്യലബ്ധിക്കായി അമാനുഷപ്രയത്നങ്ങൾ ചെയ്തതിന്റെ ശേഷം അവയെല്ലാം വിഫലങ്ങളാകുന്നുവെന്നു കണ്ടപ്പോൾ പൌരുഷത്തോടെ സ്വഹസ്തത്താൽതന്നെ ജീവനെ നശിപ്പിച്ച ഹരിപഞ്ചാനനൻ വനസാമ്രാജ്യചക്രവർത്തിയായി സാക്ഷാൽ പഞ്ചാനനനേക്കാൾ സത്വവാനായ ഒരു പുരുഷസിംഹംതന്നെ.

നാടകങ്ങളും നോവൽകളും നിർമ്മിക്കുന്നതിൽ കവികൾക്കു ചിലപ്പോൾ ഒരു വൃത്തിവിശേഷം സംഭവിക്കുന്നതായി ശാസ്ത്രജ്ഞന്മാർ പറയുന്നു. അതായതു് ഭാവനയുടെ ദിവ്യശക്തിയാൽ കവിയുടെ ആത്മാവു തനിക്കു പ്രിയതരങ്ങളായ ചില പാത്രങ്ങളുമായി ഐക്യം പ്രാപിക്കയും അങ്ങിനെയുള്ള പാത്രങ്ങൾ കഥയുടെ ആവശ്യത്തെ കവിഞ്ഞുവളന്നു തുടങ്ങുകയും അവരെ ഭരിച്ചുകൊണ്ടു പോകാൻ കവിക്കു് ഒരുമാതിരി അശക്തത നേരിട്ടതുപോലെ നമുക്കു തോന്നുകയും ചെയ്യുന്നു. അവർ ക്രമാതീതമായി പോഷിപ്പിച്ച തങ്ങളുടെ സ്രഷ്ടാവായ കവിയെ അശേഷം കീഴടക്കിയതിന്റെ ശേഷമാണു് കവി ആ പാത്രങ്ങളെ കഥാബന്ധത്തിന്റെ ആവശ്യംപോലെ വിനിയോഗിച്ച രംഗത്തിൽനിന്നു് ഉച്ചാടനം ചെയ്യുന്നതു്. ഷൈലാക്കു് മുതലായ ചില പാത്രങ്ങളുടെ കാര്യത്തിൽ ഷേക്സ്പീയക്കു് ഈവിധം പററിയിട്ടുണ്ടെന്നു് ഇംഗ്ലീഷു സാഹിത്യജ്ഞന്മാർ പറയുന്നതിന്റെ വാസ്തവം ആ മഹാകവിയുടെ നാടക

ങ്ങൾ വായിക്കുമ്പോൾ നമുക്കും ബോധപ്പെടുന്നു. ഹരിപഞ്ചാനനന്റേയും പക്ഷേ സുഭദ്രയുടേയും കാൎയ്യത്തിൽ സി. വി. രാമൻപിള്ള അവർകൾക്ക് ഈ മാതിരി ഒരു പരാധീനത്വം സംഭവിച്ചിട്ടില്ലയോ എന്നു ഞാൻ സംശയിക്കുന്നു. ഏതായാലും ഹരിപഞ്ചാനനനെപ്പോലെ സമഗ്രവീൎയ്യങ്ങളായ പാത്രങ്ങൾ സാക്ഷാൽ കവികൾക്കു മാത്രമുള്ള ദിവ്യമായ ഭാവനാശക്തിയുടെ സന്താനങ്ങളാകുന്നു. നമ്മുടെ കവിശ്രേഷ്ഠന്റെ പാത്രരചനയിലുള്ള സാമൎത്ഥ്യത്തെ ഇനിയും വൎണ്ണിക്കയെന്നു വച്ചാൽ ഈ പ്രസംഗം വല്ലാതെ ദീൎഘിച്ചുപോകും. സുന്ദരയ്യന്റെ ശരീരത്തിനും മനസ്സിനും ഒരുപോലെ നേരിട്ടിരിക്കുന്ന വക്രതയും, അറ നിറയെ നെല്ലും പണവും അകാശംമുട്ടെ സ്ഥാനമാനങ്ങളും ഉള്ള ജാമാതാവിനെ കൊതിച്ചു കാർത്ത്യായനിഅമ്മ കുരങ്ങാടുന്നതും, ചന്ത്രക്കാരൻ തലകൊണ്ടു, അകാശത്തിൽ ക്രാന്തിവൃത്തങ്ങൾ വരയ്ക്കുന്നതും, അയാളുടെ ഗോളരൂപമായ ആകൃതിയും, ഉമ്മിണിപ്പിള്ളയുടെ ഞാഞ്ഞൂലാട്ടവും കുഞ്ചുമോഹിനിയും, ലളിതക്കയ്യുമായ കുഞ്ചുക്കയ്യമ്മ 'ചിന്തിക്ക നീയെന്റെ രൂപം' എന്നു മണികണ്ഠരെ നോക്കി അഭിനയിക്കുന്നതും, ഖലകുലാഗ്രേസരനായ മണികണ്ഠരുടെ ബീഭത്സമായ രൂപവും, പൈശാചമായ ഐശ്വൎയ്യതൃഷ്ണയും, ചാരിത്രത്തിനു മുറിവേററതുപോലെയുള്ള അനന്ദത്തിന്റെ നോട്ടങ്ങളും കേശവപിള്ളയുടെ പേരിൽ പവതി അക്കനുള്ള പുത്രവാത്സല്യവും, വള്ളിഅച്ചിയുടെ ദീനകാരുണ്യവും, ഇങ്ങനെ ഓരോ പാത്രങ്ങളുടെ വിശേഷഗുണങ്ങൾ ഈ കാവ്യങ്ങളെ ശ്രദ്ധയോടുകൂടി ഒരിക്കൽ വായിക്കുന്നവരുടെ മനസ്സിൽനിന്നു് ഒരു കാലത്തും മാഞ്ഞുപോകുന്നവയല്ല. ഈ ഭാഗം ഇവിടെ നില്ക്കട്ടെ.

ഇനി ഈ കാവ്യങ്ങളുടെ ഭാഷാരീതിയെക്കുറിച്ച് രണ്ടു വാക്കു പറയേണ്ടതേ ഉള്ളു. പദ്യകാവ്യങ്ങളിലെന്നപോലെ ഗദ്യകാവ്യങ്ങളിൽശബ്ദഭംഗിയെപ്പററിഅത്ര ഗൌനിക്കേണ്ട തില്ലെന്നാണ് സാഹിത്യവേദികളുടെ സാമാന്യമായ ഒരഭി പ്രായം. ഒന്നാമതു പദ്യത്തിൽ സംഗീതത്തിൻെറ ഒരു ഛായ ഉള്ളതിനാൽ ആ ഗുണത്തിനു അപകർഷംവരാതെയുള്ള ശബ്ദഭംഗി ഭാഷയ്ക്കും ഉണ്ടായിരിക്കേണ്ടതാണ്. രണ്ടാമത് പൂർണ്ണമായ ഒരാശയം നാലുവരികളിലായി പറഞ്ഞു തീർക്കണ മെന്നുള്ളതിനാൽ ആ ആശയം വെളിവാകാൻ തക്കവണ്ണം പദ്യത്തിൻെറ ഭാഷ അക്ലിഷ്ടമായും സുഗമമായും ഇരിക്കേ ണ്ടത് അവശ്യമാകുന്നു. എന്നാൽ ഗദ്യത്തിനു ഈ രണ്ടു നിർബന്ധങ്ങളും ഇല്ലാത്തതുകൊണ്ട് ഗദ്യകാരന്മാർക്ക് പദ്യകാരന്മാരേക്കാൾ കൂടുതൽ സ്വാതന്ത്ര്യം അനുവദിക്കാ മെന്നുള്ളതാണ്. ആദികാലത്ത് പദ്യരചനയിൽ സാമ ർത്ഥ്യമുള്ളവർ മാത്രം കാവ്യങ്ങൾ എഴുതുന്ന സമ്പ്രദായം പോയിട്ട് എല്ലാവരും തങ്ങളുടെ ആശയങ്ങളെ സാഹിത്യ രൂപേണ രേഖപ്പെടുത്തണമെന്നുള്ള ആഗ്രഹം ജനിക്കു മ്പോളത്രേ, എല്ലാ ഭാഷയിലും ഗദ്യസാഹിത്യത്തിൻെറ ഉദയം. ഗദ്യസാഹിത്യത്തിൽ ശബ്ദശുദ്ധിയോ ശബ്ദസാ രള്യമോ ആവശ്യമില്ലെന്നു ഞാൻ വാദിക്കുന്നില്ല. ശബ്ദ ശുദ്ധി ആവശ്യവും ശബ്ദസാരള്യം നല്ലതുമാകുന്നു. എന്നാൽ ഒരു സാഹിത്യകാരൻെറ ഭാഷാരീതി എന്നത് അയാളുടെ ആത്മാവിൽ സ്ഥിരമായി ലയിച്ചിരിക്കുന്ന ഗുണമാകുന്നു. ഉൽകൃഷ്ടാശയങ്ങൾ അടങ്ങിയ ഒരു കാവ്യത്തിനു ശബ്ദ ഭംഗി പോരയെന്നോ തീരെ ഇല്ല എന്നോ ഉള്ള കാരണ ത്തിന്മേൽ ആ കാവ്യം വായിക്കാതിരിക്കുന്നത് മൌഢ്യമ ല്ലയോ? അതിനാൽ നമുക്കു വലുതായ നഷ്ടം നേരിടു

ന്നില്ലയോ? നോവലുകളെപ്പററി ചിന്തിക്കുന്ന ഈ സന്ദ ർഭത്തിൽ സർ വാൾട്ടർ സ്കോട്ടിൻെറ നോവലുകളെത്തന്നെ ഉദാഹരണമായി എടുക്കാം. വളഞ്ഞു വളഞ്ഞും നീണ്ടു നീണ്ടും പോകുന്നതും നൂറുവഷത്തിനുമേൽ പഴക്കം ചെന്ന തുമായ ആ ഭാഷാരീതി ഇപ്പോൾ ഇംഗ്ലീഷുവായനക്കാക്ക് അത്ര ഹൃദ്യമായിത്തോന്നുന്നില്ല. എങ്കിലും ഇംഗ്ലീഷുഭാഷ യുടെ പ്രചാരമുള്ള എല്ലാ രാജ്യങ്ങളിലും ഈ കവിശ്രേ ഷ്ഠൻെറ കാവ്യങ്ങൾ വായിക്കപ്പെട്ടുന്നുണ്ടു്. ഇതുപോലെ തന്നെ ക്യാർലൈൽ, ഇമർസൺ മുതലായ പണ്ഡിതന്മാർ എഴുതിയിട്ടുള്ള നാളികേരപാകങ്ങളായ പ്രബന്ധങ്ങളുടെ സാരം ഗ്രഹിക്കുന്നതിനു നാം എത്രശ്രമം ചെയ്യുന്നു. ഈ മാതിരി ഇംഗ്ലീഷുപുസ്തകങ്ങൾ മനസ്സിലാക്കുന്നതിനു ഇംഗ്ലീ ഷുകാരും നമ്മളും ഒരുപോലെ ശ്രമം ചെയ്യേണ്ടിയിരി ക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ അത്ഥഗാംഭീര്യവും ആശയ സമ്പത്തും ഉള്ള കാവ്യങ്ങൾ വായിച്ചു് ശരിയായി മനസ്സി ലാക്കുന്നതിന്നു് അവയെ ഉപരിപ്ലവമായി വായിച്ചാൽ മതി യാകയില്ല. ക്ലേശിച്ചു് അഭ്യസിക്കതന്നെ വേണം. ഇതു തന്നെയാണു്, സി. വി. രാമൻപിള്ള അവർകളുടെ കാവ്യ ങ്ങൾക്കുള്ള വിശേഷം. സാധാരണ വായനക്കാരുടെ ഉദാ സീനമായ ഒരു വായനകൊണ്ടു്, അവയുടെ അത്ഥം മന സ്സിലാകുന്നില്ല. ഇതിനു കാരണം ഭാഷയുടെ കാഠിന്യമാ ണെന്നു് അവർ ശഠിക്കുണു. ഈ വൈഷമ്യത്തെ പരി ഹരിക്കുന്നതിന്നു് ഒരു നിഘണ്ടു മാത്രം മതിയാകുമല്ലൊ. വാസ്തവത്തിൽ അവർ വേണ്ടതു് ഈ പുസ്തകങ്ങളെ സാവ ധാനമായും ആവത്തിച്ചാവത്തിച്ചും അദ്ധ്യയനം ചെയ്യുയാ കുന്നു. അങ്ങനെ ചെയ്താൽ അവരുടെ ശ്രമത്തിനു മതി യായ പ്രതിഫലം ലഭിക്കുന്നതാണു്. വഷകാലാവസാന

ത്തിലെ ഈയൽപോലെ ഈയിടെ ഇംഗ്ലീഷിലും മലയാളത്തിലും പുറപ്പെടുന്ന ക്ഷുദ്രകാവ്യങ്ങൾ വായിച്ചു സൽകാവ്യങ്ങളിൽ അരോചകം സംഭവിച്ചിരിക്കുന്ന വായനക്കാൎക്ക് ഈ ഉപദേശം നീരസജനകമായിരിക്കും. എന്നാൽ 'അമൃതം ലഭിക്കണമെങ്കിൽ സമുദ്രമഥനംതന്നെ ചെയ്യണം. മുങ്ങിയെടുത്താൽ മുത്ത്, കൈക്കരിച്ചാൽ കക്കായ്'' എന്നിങ്ങനെ ഒരു വിദ്വൽകുലചക്രവൎത്തി ഉപന്യസിച്ചിട്ടുള്ള ലോകനീതിയെ അവർ മറന്നുപോകരുത്.

വായനക്കാരുടെ മനസ്സിൽ ദുസ്സഹമായ പ്രക്ഷോഭത്തെ ജനിപ്പിക്കാൻ മതിയാകുന്ന അനേക രംഗങ്ങൾ വിദഗ്ദ്ധനായ ഒരു ചിത്രകാരന്റെ തൂലികയാലെന്നപോലെ സി. വി. രാമൻപിള്ള അവർകളുടെ പുസ്തകത്തിൽ അവിടവിടെ സംവിധാനം ചെയ്യപ്പെട്ടിട്ടുണ്ട്. മാൎത്താണ്ഡവൎമ്മയുടെ ആരംഭംതന്നെ ഇങ്ങനെയുള്ള ഒരു രംഗത്തിലാകുന്നു. എട്ടുവീട്ടിൽ പിള്ളമാരുടെ ശപഥക്രിയ, എട്ടുവീട്ടിൽ പിള്ളമാരും ഭടന്മാരും കൊട്ടാരം പൊളിച്ചു് അകത്തു കടക്കാൻ തുടങ്ങുമ്പോൾ ആസന്നമരണനായിരുന്ന രാമവൎമ്മ മഹാരാജാവിനെ രാമയ്യൻ അവരുടെ മുമ്പിൽ എഴുന്നള്ളിക്കുന്ന ഘട്ടം, ഹരിപഞ്ചാനനനും പടത്തലവനും തമ്മിലുള്ള അഭിമുഖസംഭാഷണം, ആനന്ദവിലാസം വെടിഞ്ഞതിന്റെശേഷം മാതൃശ്ശേരിക്കാരുടെ സ്ഥിതി, ഇതെല്ലാം ഈ പ്രൌഢകവിയുടെ സങ്കല്പസമുൽകൎഷത്തിനു മററുചില ഉദാഹരണങ്ങളാകുന്നു. മാങ്കോയിക്കൽ ഗൃഹത്തിനു തീപിടിക്കുമ്പോൾ യുവരാജാവിന്റെ പ്രാണഹാനിയെ വിചാരിച്ചു് ഭയാന്ധനായ കുറുപ്പ് 'ബ്രാഹ്മണനെ രക്ഷിപ്പാൻ ആരുണ്ടെടാ? അവന് എന്റെ സൎവ്വസ്വവും' എന്നു വിളിക്കുമ്പോൾ 'അടിയൻ ലച്ചിപ്പോം' എന്ന മറുപടിയോടു

കൂടി അപരിചിതനായ ഒരു ചാന്നാൻ അവിടെ വന്നുചേ
ന്നു. അങ്ങനെ ഈ കാവ്യങ്ങളിൽ കാണാനുള്ള ചില
വിശിഷ്ടസന്ദർഭങ്ങൾ ഗ്രന്ഥകർത്താവിൻെറ കലാകുശല
തയെ സ്പഷ്ടമായി പ്രത്യക്ഷപ്പെടുത്തുന്നു.

നോവലെഴുത്തുകാരൻെറ ഒരു കൃത്യമായി കരുതിപ്പോ
രുന്നതു, കഥനടക്കുന്ന കാലത്തിലെ സമുദായസ്ഥിതി,
രാജ്യഭരണക്രമം, പരിഷ്കാരാവസ്ഥ, ജീവനരീതി ഇവയെ
തൻെറ കാവ്യത്തിൽ പ്രതിബിംബിപ്പിക്കുകയാകുന്നു. നാം
ഇവിടെ വിചിന്തനം ചെയ്യുന്ന മൂന്നു നോവലുകളും അതാ
തുകാലത്തെ സംബന്ധിച്ചിടത്തോളം മേല്പറഞ്ഞ സംഗതി
കളെ എല്ലാം ക്രമമായും യഥാർത്ഥമായും പ്രദർശിപ്പിക്കുന്നു
വെന്നുള്ളതു് ഗ്രന്ഥകർത്താവിൻെറ സാഹിത്യപടുതയ്ക്കു് ഇനി
യും സാക്ഷ്യം ആവശ്യമുണ്ടെങ്കിൽ അപ്രകാരമുള്ള ഒരു സാ
ക്ഷ്യമാകുന്നു. ഇതിലേക്കു് അനേകം ഉദാഹരണങ്ങൾ എടുത്തു
കാണിക്കാമെങ്കിലും ഇതുപോലെയുള്ള സദസ്സിൽ അങ്ങി
നെ വിസ്തരിക്കേണ്ട ആവശ്യമില്ലെന്നാത്രേ ഞാൻ വിചാരി
ക്കുന്നതു്.

ഈ കവിശ്രേഷ്ഠൻെറ ഭാഷാരീതിയെക്കുറിച്ചു് ഒരു
വേള ഭിന്നാഭിപ്രായങ്ങൾ ഉണ്ടായിരിക്കാമെങ്കിലും പ്രൌഢ
ഗംഭീരങ്ങളായ ആശയങ്ങളെ ഇത്ര ശക്തിയോടെ മലയാള
ഭാഷയിൽ എഴുതാൻ സാധിച്ചിട്ടുള്ള ഒരു ഗദ്യകവി ഇതിനു
മുമ്പും ഉണ്ടായിട്ടില്ലെന്നു എല്ലാവരും സമ്മതിക്കുന്നതാണു്.
അദ്ദേഹത്തിൻെറ കാവ്യങ്ങളിൽ വ്യാകീർണ്ണങ്ങളായി കിട
ക്കുന്ന അലങ്കാരപ്രയോഗങ്ങളും സരസങ്ങളായ ഫലിത
ങ്ങളും സാരഗ്രാഹികളായ വായനക്കാരുടെ മനസ്സിനെ
ദൃഢമായി ആവർജ്ജിക്കുന്നു. ഈ പ്രയോഗങ്ങൾ അവയുടെ-

സന്ദർഭങ്ങളിൽനിന്നു പിരിച്ചെടുത്തെഴുതിയാൽ രസം മതിയാവുകില്ലെന്നുള്ള ശങ്കയാൽ ഞാൻ ഉദാഹരണങ്ങൾ കാണിക്കുന്നില്ല.

ശ്രീമാൻ സീ. വി. രാമൻപിള്ള അവർകൾ സർ വാൾട്ടർസ്കാട്ടിനെപ്പോലെയുള്ള ഒരു സാഹിത്യകാരനാണെന്നു പറഞ്ഞാൽ ആ ഉപമ ഇദ്ദേഹത്തിനെന്നപോലെ സ്കോട്ടിനും അഭിമാനകരമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. ഇക്കാലത്തുള്ള കാവ്യകാരന്മാരിൽ പ്രഥമസ്ഥാനത്തിനു സർവ്വഥാ അവകാശിയും ഈ കവിശ്രേഷ്ഠൻ തന്നെ എന്നു് നിസ്സംശയം പറയാം. കേരളീയരുടെ ഭക്തിവാത്സല്യങ്ങൾക്കു് പാത്രീഭൂതമായ ഈ കവിതല്ലജം ആരോഗ്യസൌഭാഗ്യങ്ങളോടുകൂടി ചിരകാലം ജീവിച്ചിരിക്കുമാറു് അദ്ദേഹത്തിൽ കനിവുണ്ടാകണമെന്നു് ഞാൻ സ്വന്തമായിട്ടും നാഷണൽ ക്ലബ്ബിൻെറ വിനീതനായ പ്രതിനിധിയുടെ നിലയിലും ജഗന്നിയന്താവായ സർവ്വശക്തനോടു പ്രാർത്ഥിച്ചുകൊള്ളുന്നു.

ഇതിനും പുറമേ ഈശ്വരാനുഗ്രഹത്താൽ അദ്ദേഹത്തിനു സിദ്ധിച്ചിട്ടുള്ളതും അപൂർവ്വവുമായ ഈ മനോധർമ്മവൈശിഷ്ട്യത്തെ കേരളസാഹിത്യത്തിൻെറ പോഷണത്തിലേയ്ക്കു് മേലും നിസ്തന്ദ്രമായി ഉപയോഗപ്പെടുത്തണമെന്നു് അദ്ദേഹത്തിനോടും അപേക്ഷിച്ചുകൊള്ളുന്നു.

# ൨. അഭിവൃദ്ധി

ആധുനികലോകത്തിൽ പ്രചുരപ്രചാരം സിദ്ധിച്ചിട്ടുള്ളതും വ്യവഹാരഭാഷയിൽ സാധാരണ പ്രയോഗിക്കപ്പെട്ടുന്നതുമായ ഒരു പദമാണു് അഭിവൃദ്ധി. ഈ പദത്തിൽ ഉൾക്കൊണ്ടിരിക്കുന്ന ആശയത്തിന്റെ വ്യാപ്തി എന്തുമാത്രമെന്നും, ഇതു് എപ്പോൾ എങ്ങിനെ മനുഷ്യജാതിക്കു ലഭ്യമായി എന്നും മററും ചിന്തിക്കുന്നതു് ഇക്കാലസ്ഥിതിക്കനുയോജ്യമായിരിക്കുമെന്നു വിചാരിക്കുന്നു. ലോകത്തിലുള്ള സകല ജനസമുദായങ്ങളും അഭിവൃദ്ധിപഥത്തിൽ മുന്നോട്ടു പോകുന്നതിനു സവ്വാത്മനാ കാംക്ഷിക്കയും യത്നിക്കയും ചെയ്യുന്ന ഒരു കാലമാണല്ലോ ഇതു്. അഭിവൃദ്ധിയെന്നോ മുന്നേററമെന്നോ ഉള്ള പദങ്ങൾ കൊണ്ടു് വിവക്ഷിക്കുന്നതു് ഇംഗ്ലീഷിലെ പ്രോഗ്രസ് (Progress) എന്ന ആശയത്തെത്തന്നെയായിരിക്കുമെന്നുള്ളതും പ്രസ്താവിച്ചുകൊള്ളട്ടെ.

ആധുനികലോകഗതിയെ സൂക്ഷ്മവീക്ഷണം ചെയ്യുന്നെങ്കിൽ ശക്തിയുടേയോ, ധനത്തിന്റെയോ വദ്ധനവാണു് അഭിവൃദ്ധിയെന്നു ജനസാമാന്യത്തിൽ ഒരു നല്ലഭാഗം ധരിച്ചിരിക്കുന്നതായി കാണാം. മനുഷ്യരുടെ സുഖജീവിതത്തിനും സൌഭാഗ്യത്തിനും സാഹായികമായിരിക്കുന്ന കലാവിദ്യകളിലോ ശാസ്ത്രങ്ങളിലോ ഉള്ള പാടവനൈപുണ്യവും താദൃശവിഷയങ്ങളിലുള്ള ഉൽകർഷവുമാണു് അഭിവൃദ്ധിയെന്നു. വിദ്വച്ഛിരോമണികൾ പോലും വിശ്വസിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു എന്നു് ചരിത്രത്തിൽ നിന്നു് മനസ്സിലാകുന്നുണ്ടു്. എന്നാൽ ജ്ഞാനം, സ്നേഹം എന്നിവയിലുള്ള അഭിവൃദ്ധിയെപ്പററി അക്കാലത്തുള്ളവർ കാര്യ

മായി കരുതിയിരുന്നില്ല. തത്വചിന്തകന്മാരായ പൌരാണികന്മാരുടെ വിചാരപരമ്പരകളിൽ നിസ്വാൎത്ഥമായ സമുദായസേവനമെന്ന ഉൽകൃഷ്ടതത്വത്തിൻെറ ഒരു കണികപോലും സ്ഥാനം പിടിച്ചിരുന്നില്ല. ക്രിസ്തുമതസ്ഥാപകനായ യേശുക്രിസ്തുവിൻെറ കാലത്തിനു് അനേകം ശതാബ്ദങ്ങൾക്കു മുമ്പായിരുന്നു ഈ സ്ഥിതി. എന്നാൽ ക്രിസ്താബ്ദത്തിൻെറ ൨0-ാംശതകത്തിൽ ജീവിക്കുന്നവരായ അധുനാതനന്മാർ കേവലം ആത്മഹീനപരന്മാരായി സ്വകീയമുന്നേററത്തെമാത്രം കാംക്ഷിക്കുന്നെങ്കിൽ അതേററം കഷ്ടമല്ലെ?

ഭൌതികവിഷയങ്ങളെ മാത്രം ആശ്രയിച്ചുനിന്ന പ്രസ്തുത ആശയം ആദ്ധ്യാത്മികവിഷയങ്ങളിലേയ്ക്കു വ്യതിയാനം ചെയ്തതു ക്രിസ്തുമതം ലോകത്തിൽ പ്രചരിച്ചുതുടങ്ങിയതിനു ശേഷമാണു്. പ്ലേറേറാ, അരിസ്റ്റോട്ടൽ എന്നീ തത്വജ്ഞാനികളുടെ ഉപദേശങ്ങളോടു് ആദ്ധ്യാത്മികതത്വങ്ങളെ സംഘടിപ്പിച്ചതും ക്രിസ്തുമതമായിരുന്നു. മദ്ധ്യയുഗങ്ങളിലെ പ്രധാനപുരുഷന്മാരും ഉത്തമക്രിസ്ത്യന്മാരുമായിരുന്ന ബെർണാഡു്, ഫ്രാൻസിസ് എന്നീ പരമസിദ്ധന്മാരുടെ ജീവിതത്തിൽനിന്നും മേല്പറഞ്ഞ പരമാൎത്ഥം ധാരാളം വെളിപ്പെടുന്നുണ്ടു്. മദ്ധ്യയുഗങ്ങളിൽ സൎവ്വപ്രധാനസംഗതികളായി പരിഗണിക്കപ്പെട്ടിരുന്നതു് ജ്ഞാനവും സന്മാൎഗ്ഗവുമായിരുന്നു. ക്രൂസായിലെ നിക്കോളാസ് എന്ന സിദ്ധൻെറ അഭിപ്രായത്തിൽ നിന്നും അഭിവൃദ്ധിയുടെ ആദ്ധ്യാത്മികഭാവം ഏററക്കുറെ പ്രത്യക്ഷപ്പെടുന്നുണ്ടു്. "ഗ്രഹിച്ചിരിക്കുന്നവയെപ്പററി ഇനിയും കൂടുതലായി ഗ്രഹിക്കുന്നതിനും, ഇപ്പോൾ സ്നേഹിക്കുന്നവയെ ഇനിയും കൂടുതലായി സ്നേഹിക്കുന്നതിനും ഒരുവൻ സന്നദ്ധനാകട്ടെ. അവനെ സംതൃപ്തനാക്കുന്നതിനു് ഒന്നിനാലും സാദ്ധ്യ

മല്ല." എന്നുള്ള അ ദിവ്യപുരുഷൻെറ മഹദ്വചനങ്ങളിൽനിന്നും മൂന്നേററത്തെ സംബന്ധിച്ച ആശയം എത്രമാത്രം പുഷ്കലമായിട്ടുണ്ടെന്നു കാണാം.

സംസ്കാരപരവും സാന്മാൎഗ്ഗികവുമായ ഉന്നമനത്തെ ഉദ്ദേശിച്ചുള്ള സംഘടിതസംരംഭങ്ങളുടെ ഉത്ഭവവും ക്രിസ്തുമതത്തിലാണെന്നുള്ളത് ചരിത്രത്തിൽനിന്നു മനസ്സിലാക്കാവുന്ന ഒരു വാസ്തവമാണ്. ബേക്കൻ ആദിയായ പ്രസിദ്ധശാസ്ത്രജ്ഞന്മാരുടെ കാലമായപ്പോഴേയ്ക്ക് അഭിവൃദ്ധിയെപ്പററിയുള്ള അഭിപ്രായഗതികൾ കുറേക്കൂടി വിപുലമായിത്തുടങ്ങി. നവീനശാസ്ത്രങ്ങൾ തന്നെയും പ്രകൃതിയുടെ ശക്തികളെ കീഴമൎത്തി മനുഷ്യശക്തിക്ക് അധീനമാക്കുന്നതിനുള്ള ഉപകരണങ്ങളായിട്ടാണ് ഡേക്കാർട്ട് എന്ന വാദാൻ സമൎത്ഥിച്ചിട്ടുള്ളത്. എന്നാൽ അതുമൂലം ഐഹികസുഖസൌഭാഗ്യങ്ങളുടെ സുകരമായ അനുഭവം സാദ്ധ്യമാകണമെന്നുള്ളതല്ലായിരുന്നു അദ്ദേഹത്തിൻെറ ഉദ്ദേശം. മനുഷ്യവൎഗ്ഗത്തിൻെറ സൎവ്വതോമുഖമായ ആരോഗ്യത്തെ പരിപാലിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമാണ് ശാസ്ത്രങ്ങൾ നൽകപ്പെട്ടിരിക്കുന്നതെന്നത്രേ അദ്ദേഹം വാദിക്കുന്നത്. എന്തെന്നാൽ പരിപൂൎണ്ണമായ ആരോഗ്യമാണെല്ലോ സൎവ്വവിധ നന്മകൾക്കും, ആത്മാവ് മനസ്സ് എന്നിവയുടെ ശക്തീകരണത്തിനും, നിത്യനിദാനം.

ഇനിയും കായികാഭിവൃദ്ധിയെപ്പററി അല്പം പ്രസ്താവിച്ചുകൊള്ളട്ടെ. ഏററവും ചുരുങ്ങിയ കാലഘട്ടത്തിനിടയിൽ അത്യന്തം വിപുലമായ അഭിവൃദ്ധിയെ പ്രാപിച്ച ഒരു ജാതിക്കാരായിരുന്നു ഗ്രീക്കർ. "അരോഗദൃഢഗാത്രത്തിലെ സുദൃഢബുദ്ധി" "പരിപൂൎണ്ണ സമുദായത്തിലെ പരി

പൂൎണ്ണ മനുഷ്യൻ" എന്നീ ഉൽകൃഷ്ടതത്വങ്ങൾ സംസ്ഥാപിച്ചതു് ഗ്രീക്കന്മാരായിരുന്നു. ശരീരത്തെ അതിന്റെ പൂൎണ്ണാവസ്ഥയിൽ പരിപാലിച്ചു് പരിപോഷിപ്പിക്കുന്നതു് ഇതരവിഷയങ്ങളിലുള്ള മുന്നേററത്തിന് സാഹായികമായിരിക്കുമെന്നുള്ള തത്വം വേണ്ടപോലെ മനസ്സിലാക്കിയിരുന്ന ഗ്രീക്കന്മാർ അഭിവൃദ്ധിപഥത്തിൽ കുറേയധികം മുൻപോട്ടു പോയതിൽ അത്ഭുതപ്പെടുവാനുണ്ടോ? കായികാഭിവൃദ്ധിയുടെ ആവശ്യകതയേയും ഔചിത്യത്തേയും പററി ഇക്കാലത്തു് അധികമൊന്നും പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല.

സന്മാൎഗ്ഗജീവിതത്തിനും കായികാഭിവൃദ്ധി അത്യന്താപേക്ഷിതമാണ്. ആരോഗ്യവും ദാർഢ്യവും ഇല്ലാത്ത ശരീരം മൃഗോചിതവികാരങ്ങളെ തടുത്തു നിൎത്തുന്നതിനു മതിയായ ഒരു കോട്ടയല്ലെന്നു് ശരീരശാസ്ത്രപണ്ഡിതന്മാരും മനശ്ശാസ്ത്രമൎമ്മജ്ഞരും ആയ മഹാന്മാർ ഒരുപോലെ ഉൽഘോഷിക്കുന്നുണ്ടു്. ഭൂഗോളത്തിനു വഹിക്കാവുന്നിടത്തോളം ജനസംഖ്യ ഭൂമുഖത്തു് വൎദ്ധിപ്പിക്ക എന്നുള്ളതല്ല മുന്നേററശ്രമങ്ങളുടെ അന്തിമോദ്ദേശം. ആരോഗ്യവാന്മാരായ മനുഷ്യജീവികളത്രേ ഭൂലോകത്തിൽ കാണപ്പെടേണ്ടതു്.

സാന്മാൎഗ്ഗികാഭിവൃദ്ധിയാണ് സൎവ്വപ്രധാനം. സാന്മാൎഗ്ഗികമല്ലാത്ത യാതൊരഭിവൃദ്ധിയും യഥാൎത്ഥമല്ല. സാന്മാൎഗ്ഗികദൃഷ്ട്യാ ലോകം ഇന്നും ഒരു ശിലായുഗത്തിലത്രേ സ്ഥിതിചെയ്യുന്നതു്. അതിനാൽ സാന്മാൎഗ്ഗികാഭിവൃദ്ധിയെപ്പററിയും അല്പം പ്രസ്താവിക്കേണ്ടതുണ്ടു്. ഒന്നിന്റെ തനിപ്രകൃതി അഥവാ തന്മ വ്യത്യാസപ്പെടുത്താതെ അപകൃഷ്ടാവസ്ഥയിൽ നിന്നു് ഉൽകൃഷ്ടാവസ്ഥയിലേയ്ക്കുള്ള ഒരു പരിവൎത്തനമാണു് അഭിവൃദ്ധി എന്നു് നിൎവ്വചിക്കാവുന്ന

താണു്. ഈ പരിവർത്തനം കാമ്യമാണോ അല്ലയോ എന്നുള്ളതു് അഭിവൃദ്ധിപ്പെടുന്ന വസ്തുവിൻെറ പ്രകൃതിയെ ആശ്രയിച്ചാണിരിക്കുന്നതു്. ലോകത്തെ ദൃഷ്ടാന്തമായിട്ടെടുക്കാം. ലോകം നല്ലതാണെങ്കിൽ അതിൻെറ ഉൽകർഷവും അഭിലഷണീയംതന്നെ. എന്നാൽ ലോകം ദോഷഭൂയിഷ്ഠമെങ്കിൽ അതിൻെറ അഭിവൃദ്ധിയിൽ സന്തോഷിക്കേണ്ട ആവശ്യമില്ല. അതുപോലെതന്നെ ക്ഷാമമോ, രോഗമോ വർദ്ധിക്കുമ്പോൾ സന്തോഷത്തിനവകാശമുണ്ടോ? ഒരു സമുദായത്തിലെ അംഗങ്ങളുടെ സംഖ്യാവർദ്ധനവു് അഭിലഷണീയമാണെങ്കിലും അതിൽ ഭിന്നകക്ഷികൾ വർദ്ധിക്കുന്നതു് ആശാസ്യമാണോ? ചീത്തയായ ഒന്നു് അഭിവൃദ്ധിപ്പെടുമ്പോൾ കുറേക്കൂടി ചീത്തയാകുന്നതേയുള്ളൂ. എന്നാൽ ഒരു ദുർവൃത്തനെ ചിലപ്പോൾ സദ്വൃത്തനാക്കാൻ സാധിച്ചേയ്ക്കാം. അവൻെറ മനഃസ്ഥിതി ഭേദപ്പെടുത്തണമെന്നേയുള്ളൂ. ഇവിടെ ആദ്യസ്വഭാവം അല്ലെങ്കിൽ തന്മ ഭേദപ്പെടുന്നു. ചീത്തയായുള്ളതു നല്ലതാകുമ്പോൾ അതിൻെറ സത്തു് അന്തരപ്പെടുന്നു. അതു സാധാരണാഭിവൃദ്ധിയിൽനിന്നു വ്യത്യസ്തമായ ഒരു സംഭവമാണു്. അതിനെയത്രേ സാന്മാർഗ്ഗികാഭിവൃദ്ധിയെന്നു് വിവക്ഷിക്കുന്നതു്. അതിനാൽ മുന്നേററങ്ങൾ സ്പൃഹണീയമാകണമെങ്കിൽ അവയെ സന്മാർഗ്ഗപ്രമാണങ്ങളിന്മേൽ അടിസ്ഥാനപ്പെടുത്തണം. സന്മാർഗ്ഗത്തിലൂടെ നിയന്ത്രിക്കപ്പെടാത്ത യാതൊരു പുരോഗമനവും സൽഫലപ്രദായകമായി തീരുന്നതല്ല.

പ്രകൃതിശാസ്ത്രസംബന്ധമായി മനുഷ്യൻെറ ജ്ഞാനം പ്രവൃദ്ധമാകുന്തോറും പ്രകൃതിയുടെ ഭീകരശക്തികളിന്മേലുള്ള അവൻെറ സ്വാധീനവും വളരെ മടങ്ങു് വർദ്ധിക്കുന്നുണ്ടു്. ഇതു നല്ലതാണോ? പ്രസ്തുത അധികാരശക്തി വിനിയോ-

ഗിക്കുന്ന രീതിയിന്മേലാണു് ഇതാശ്രയിച്ചിരിക്കുന്നതു്. അ വിനിയോഗരീതിയോ, മനുഷ്യന്റെ ധാർമ്മികപ്രകൃതിയെ മാത്രം ആശ്രയിച്ചിരിക്കുന്നു. വശീകരോപകരണങ്ങൾ നി ർമ്മിക്കുന്നതിനാണു മനുഷ്യബുദ്ധി പ്രായേണ ശ്രദ്ധിക്കു ന്നതെങ്കിൽ ആ വിഷയത്തിലുള്ള അഭിവൃദ്ധി ഒരുകാലത്തും ആശാസ്യമായി വരുന്നതല്ലല്ലോ. ധാർമ്മികമല്ലാത്ത ഏത ഭിവൃദ്ധിയും നാശത്തിലേക്കുള്ള പടിയാണെന്നു് പറയുന്ന തിൽ അബദ്ധമില്ല. യൂറോപ്യൻ രാജ്യങ്ങൾ പ്രാപഞ്ചിക മായി മാത്രം അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നതിന്റെ ദോഷ ഫലങ്ങൾ അവർ ഇനിയും അനുഭവിച്ചു തീർന്നിട്ടില്ല. ഒരു രാജ്യമോ ജനസമുദായമോ സ്വായത്തമാക്കിയിരിക്കുന്ന ധനത്തെ വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗമല്ല, അതിനെ എങ്ങിനെ വിനിയോഗിക്കും എന്നുള്ളതാണു്, ഇന്നത്തെ ഒരു ധാർമ്മികപ്രമേയം. സാമ്പത്തികമായ ഉൽക്കർഷം സാ ന്മാർഗ്ഗികമായി നോക്കുമ്പോൾ അപകർഷകാരണമായി കാണ പ്പെട്ടേക്കാം. അതിനാൽ ധനത്തെ മാത്രമല്ല, ഇതരശ ക്തികളെയും മനുഷ്യസമുദായത്തിനു പൊതുവേ എന്തെ ങ്കിലും സ്ഥായിയായ നന്മകൾ വരുത്തുന്നതിനു് ഉപയോ ഗിക്കേണ്ടതാവശ്യമാണു്.

ഈശ്വരസ്നേഹം, സമസൃഷ്ടിസ്നേഹം ഇവയിലുള്ള മുന്നേററമാണു് ആദ്ധ്യാത്മികാഭിവൃദ്ധി. പ്രകൃതിദേവിയോ ടുള്ള പരമാർത്ഥപ്രണയം, കവിതോചിതമായ ചിന്താപര മ്പരകൾ, തത്വപരമായ ദീർഘവിചിന്തനങ്ങൾ ആദിയാ യവ മാനസികാഭിവൃദ്ധിയുടെ ചില ലക്ഷ്യങ്ങളാണു്. പൌരസമത്വസ്ഥാപനം, രാഷ്ട്രീയസ്വാതന്ത്ര്യസമ്പാദനം എന്നിവയാണു് രാഷ്ട്രീയപുരോഗമനോദ്യമത്തിന്റെ പ്രഥമ ഫലങ്ങൾ. ഇവയെല്ലാം ക്ഷിപ്രസാദ്ധ്യങ്ങളാണെന്നു്

ഇവിടെ വിചാരമില്ല. ലോകത്തിലുള്ള ഏതൊരു ജാതിയെങ്കിലും രാജ്യമെങ്കിലും സമുദായമെങ്കിലും ഉൽക്കർഷത്തെ പ്രാപിച്ചിട്ടുണ്ടെങ്കിൽ അതു് ദീർഘകാലത്തെ പരിശ്രമത്തിൻെറ ഫലമായിട്ടായിരുന്നു എന്നുള്ളതു് ലോകചരിത്രത്തിൽനിന്നു മനസ്സിലാക്കാവുന്ന ഒരു വാസ്തവമത്രെ. ഉൽകൃഷ്ടമതികളായ ഉദ്ധത്താക്കളുടെ ദീർഘദൃഷ്ടിയോടുകൂടിയ സജ്ജീകരണത്തിൻെറ നിസ്സീമശക്തികൊണ്ടുമാത്രമാണു് ലോകത്തിലെ സകലവിധസംരംഭങ്ങളും സഫലമായിട്ടുള്ളതു്.

ഈ വക സംഘടനാശ്രമങ്ങളുടെ എല്ലാം പരമോദ്ദേശം ആത്മീയസംസ്കാരമായിരിക്കണം. ലോകചരിത്രം ആദ്യന്തം പരിശോധിച്ചാൽ മനുഷ്യാത്മാവു് ക്രമാഗതമായി അഭിവൃദ്ധിപ്പെട്ടുന്നതായി നമുക്കു് കാണാം. അന്തരാത്മാവിനെ സംസ്കരിക്കയും ഉത്തേജിപ്പിക്കയും ചെയ്യുന്നില്ലെങ്കിൽ യാതൊരു മുന്നേററവും യഥാൎത്ഥമാകയില്ല. എന്നാൽ ഉയൎച്ചയും വളൎച്ചയും സ്വകീയമായിരിക്കാതെ സാമൂഹികമായിത്തന്നെ ഇരിക്കേണ്ടതാണു്. വിവിധവ്യക്തികളുടേയും ഭിന്നമുഖങ്ങളായ അഭിവൃദ്ധി ഒരേ ഒരു ആദർശത്തിലേക്കുള്ള ഭിന്നമാൎഗ്ഗങ്ങൾ മാത്രമാണെന്നു കരുതി ആ ലക്ഷ്യപ്രാപ്തിക്കായിട്ടാണു് പ്രയത്നിക്കേണ്ടതു്. അഭിവൃദ്ധിപഥം അതിദീർഘവും കണ്ടകപൂൎണ്ണവുമാണു്. മുന്നേററശ്രമങ്ങളുടെ പരിണാമം, കൂട്ടതലായ മുന്നേററം തന്നെയാണു്. മറെറാരു കാൎയ്യം സാധിക്കുന്നതിനുള്ള മാൎഗ്ഗമല്ല അതു്. അതുതന്നെയാണു് അതിൻെറ അന്തം. അതിനാൽ മുന്നേററമാൎഗ്ഗം അതിദീർഘമാണെങ്കിൽ ഭയപ്പെടേണ്ട ആവശ്യമില്ല. വിവിധങ്ങളായ വിഘ്നങ്ങളും പ്രാരംഭക്ലേശങ്ങളും സഹിക്കാതെ യാതൊരു ഉൽകൃഷ്ടോദ്ദേശങ്ങളും സാദ്ധ്യമാകയില്ലല്ലൊ. ചുട്ടുപഴുത്ത കല്ലടികളിൽ കൂടിയായി

രിക്കും ചില സമയങ്ങളിൽ യാത്ര ചെയ്യേണ്ടതു്. സഹപ്രവർത്തകന്മാരോടും സമുദായനേതാക്കന്മാരോടും ഉള്ള സ്നേഹബഹുമാനാദികളോടും കൂടി അഭിവൃദ്ധിക്കായി കാംക്ഷിക്കുന്നവർക്ക് മാത്രമേ അതിൻെറ പ്രവേശദ്വാരംപോലും തുറന്നുകിട്ടുകയുള്ളൂ.

---

## ൩. ലോകരംഗം

### ചില പൊതുതത്വങ്ങൾ.

I

"ഭൂലോകം ഒരു രംഗസ്ഥലവും ലോകത്തിലുള്ള സകലമനുഷ്യരും രംഗസ്ഥലത്തിൽ സ്വല്പനേരം കളിയാടുന്ന നടന്മാരുമാണെ"ന്നു് ഷേക്സ്പീയർ മഹാകവി പ്രസ്താവിച്ചിട്ടുള്ളതു് ഒരു മഹദ്വചനമായി ഗണിക്കപ്പെട്ടിരിക്കുന്നു. ഓരോ ആളുകൾക്കും അവരവർ നിത്യമായി ഇഹലോകത്തിൽ കഴിച്ചു കൂട്ടാനുള്ളവരാണെന്നാണു് തോന്നിപ്പോകുന്നതെന്നു് നമ്മിൽ ഓരോരുത്തരുടേയും മനഃസ്ഥിതി വിചാരിച്ചുനോക്കിയാൽ ബോധപ്പെടുന്നതാണു്. എന്നാൽ അനവധി തലമുറകളായി അനവധിയാളുകൾ നമുക്കു് മുൻപായി ഇഹലോകത്തിൽ ജനിച്ചു മരിച്ചിട്ടുണ്ടെന്നുള്ളതും, ഇനിമേലാലും ഇങ്ങനെ ഉണ്ടായിക്കൊണ്ടിരിക്കുന്നതാണെന്നും, ഐഹികജീവിതത്തെപ്പററി ഇവരുടെ എല്ലാവരുടേയും മനഃസ്ഥിതി നമ്മുടെ മനഃസ്ഥിതിതന്നെ ആയിരുന്നിരിക്കണമെന്നും, നാമോരോരുത്തരും കണ്ടും കേട്ടും പരി

ചയപ്പെട്ടിരുന്നവർ തന്നെ ദിവസേന ഈ മനഃസ്ഥിതി യോടുകൂടി ജീവിച്ച് തിരശ്ശീലക്കകത്തു മറഞ്ഞുകൊണ്ടാണി രിക്കുന്നതെന്നും, അതിനാൽ നമ്മിൽ ഓരോരുത്തരുടേയും അവസാനം ഇന്നല്ലെങ്കിൽ നാളെ ഇതുതന്നെയായിരിക്കു മെന്നുമുള്ളതു് ആലോചിച്ചുനോക്കിയാൽ മഹാകവിയുടെ ആശയം എത്രയോ യുക്തിയുക്തമായിരിക്കുന്നു എന്നു് ബോ ധപ്പെടുന്നതാണ്. നമ്മിൽ ഓരോരുത്തർക്കും നിശ്ചയിക്ക പ്പെട്ടിട്ടുള്ള വേഷംകൊണ്ടു് തൃപ്തിപ്പെടാതെ കുറേക്കൂടി മോ ടിപിടിച്ച ഒരു വേഷംകെട്ടാനായി നാം ഓരോരുത്തരും പണിപ്പെട്ടുകൊണ്ടിരിക്കുന്നു. എന്നാൽ യാതൊരു മനുഷ്യ നും ഇതേവരെ ലംഘിക്കാൻ സാധിച്ചിട്ടില്ലാത്ത ശക്തി യോടുകൂടി, അദൃശ്യനായ ഒരു സൂത്രധാരൻ നമ്മെ ഓരോരു ത്തരേയും കൊണ്ടു് ഓരോ വേഷം കെട്ടിച്ച് നിശ്ചിതസമ യത്തിൽ രംഗസ്ഥലത്തേക്കു് തള്ളിവിടുകയും, നിശ്ചിതസ മയത്തിൽ നമ്മുടെ സമ്മതം ചോദിക്കാതെ പിൻവലിക്ക യും ചെയ്തുകൊണ്ടിരിക്കുന്നതായും ബോധപ്പെടുന്നതാണ് ഓരോ വേഷക്കാർക്കും അവരവരുടെ വേഷമാണ് എത്രയും പ്രധാനപ്പെട്ടതെന്നു് തോന്നിപ്പോകുന്നതുമാണ്. എന്നാൽ ലോകത്തിലുള്ള ഭൂരിപക്ഷമാളുകളും ഈ രംഗസ്ഥലത്തിൽ തന്നെ കർട്ടൻെറ അററത്തു പിടിച്ചോ അനവധിയായുള്ള പരിചാരകസംഘത്തിൽ ഉൾപ്പെട്ടോ മററോ സ്വല്പസമയം കഴിച്ചുകൂട്ടിയ ശേഷം മററാരുടേയും ശ്രദ്ധയ്ക്കു് വിഷയീഭ വിക്കാതെ രംഗസ്ഥലത്തു നിന്നും പിൻമാറേണ്ടവരാണെ ന്നുള്ളതു് നിർവിവാദമാണ്.

ഓരോ കാലത്തും ഇങ്ങനെ വേഷം കെട്ടി, രാജപ്പാട്ട് മുതൽ ഏററവും താഴത്തെ പടി വരെയുള്ള പാത്രങ്ങളുടെ വേഷംവരെ കെട്ടി, ആടി വരുന്നവരിൽ എത്രയും ചുരുക്കം

ചിലക്ക് മാത്രം മററെല്ലാ നടന്മാരുടെയും ശ്രദ്ധയെ അകഷിക്കത്തക്കവണ്ണം അത്ര പ്രധാനപ്പെട്ട ചില സ്ഥാനങ്ങൾ ലഭിക്കുന്നുണ്ട്. ഇംഗ്ലണ്ടിൽ ഗാറിക്ക, എല്ലൻററി മുതലായ ആളുകളുടെ നടനസാമത്ഥ്യത്തെപ്പററി അവർ മരിച്ച ശേഷവും ലോകർ ഓത്തുവരുന്നുണ്ട്. നമ്മുടെ രാജ്യത്തിൽതന്നെ കൊല്ലം നാരായണപിള്ള മുതലായ ചുരുക്കം ചില നടന്മാരെപ്പററിയുള്ള ഓമ്മ ചുരുക്കം ചിലരുടെയെങ്കിലും സ്മൃതിപഥത്തിൽ നിന്നു മറഞ്ഞിട്ടില്ല. ഇതുപോലെ അലക്സാണ്ടർ, ജൂലിയസ് കൈസർ, നെപ്പോളിയൻ ബോണപ്പാർട്ട്, ഷേക്സ്പീയർ, കാളിദാസൻ, അക്ബർ മുതലായവർ ലോകമാകുന്ന മഹാരംഗസ്ഥലത്തിൽ വേഷം കെട്ടിയിട്ടുള്ളവരിൽ വച്ചു് പ്രധാനന്മാരാണ്. കിണററിനകത്തുള്ള തവള പോലെയാണ് നാം ഓരോരുത്തരും ജീവിക്കുന്നതു്. നമ്മുടെ അഭിനയം മുറയ്ക്കു നടന്നുകൊണ്ടിരിക്കുമ്പോൾ കിണററിനു മുകളിൽ നൃത്തം ചെയ്യുന്നവരും, സമകാലീനന്മാരാൽ ഭൂരിപക്ഷമാളുകളുടെയും ശ്രദ്ധയ്ക്കു് വിഷയീഭവിച്ചുകൊണ്ടിരിക്കുന്നവരുമായ നാടകപാത്രങ്ങൾ ഇന്നാരിന്നാരെല്ലാമാണെന്നും, അവരിൽ ഓരോരുത്തരും ഇന്ന പാട്ടാണു് അഭിനയിക്കുന്നതെന്നും വിളിച്ചുപറഞ്ഞു് ഓരോ കിണറുകളിലുമുള്ള തവളകളെ ധരിപ്പിക്കയെന്നുള്ള ഒരു ചുമതലയാണ് ചരിത്രകാരന്മാർ നിറവേററിവരുന്നതു്. വത്തമാനപത്രങ്ങൾക്കും ഏകദേശം ഇതുപോലെ ഒരു സ്ഥാനമുണ്ട്. ചരിത്രകാരനോ, പത്രപ്രവത്തകനോ ഉള്ള വേഷം കെട്ടുന്നവരിൽ പലരും അവരവരുടെ ദൃഷ്ടിപഥത്തിൽ എത്തുന്ന സംഗതികൾ മാത്രമേ ലോകത്തിൽ നടക്കുന്നുള്ളു എന്നും ഇവക്കാണ് സവ്വപ്രാധാന്യമുള്ളതെന്നും, തോന്നിപ്പോകുന്നതാണ്. എന്നാൽ കഴിയുന്നതും കൂടുതൽ പൊരുമയുള്ള

ഒരു സ്ഥലത്തു നിന്നുകൊണ്ടു് ചുററുമുള്ള സംഗതികൾ വീക്ഷണം ചെയ്യാനായിട്ടാണു് നാം ഓരോരുത്തരും പരിശ്രമിക്കേണ്ടതെന്നുള്ളതു പ്രത്യക്ഷമാണല്ലോ. ഓരോ ചരിത്രകാരന്മാരോ പത്രപ്രവർത്തകന്മാരോ എത്രമാത്രം പണിപ്പെട്ടാലും എത്രയോ ഇടുങ്ങിയ ഒരു കോണിൽ നടക്കുന്ന സംഗതികൾ ഗ്രഹിക്കാൻ മാത്രമേ അവക്കും ശക്തിയുണ്ടാകയുള്ളു. എത്രയും പരിമിതമായ ഒരു കാലഘട്ടത്തിൽ ഓരോ വേഷംകെട്ടി അവസാനിപ്പിക്കേണ്ടവരായ ഓരോരുത്തക്കും ലോകചരിത്രത്തിലുള്ള സ്ഥാനവും ചുററുപാടുകളോടുള്ള ബന്ധവും ഇന്നതെന്നു കഴിയുന്നതും സൂക്ഷ്മമായ ഒരു ജ്ഞാനമുണ്ടായി വരുന്നതാണു് വിജ്ഞാനവർദ്ധനവു്. ഈ ബോധത്തോടുകൂടി നമ്മുടെ ചുററും നോക്കി ഏതേതു പാത്രങ്ങളാണു് ഇപ്പോൾ സവ്വലോകരുടെയും ശ്രദ്ധയെ ആകർഷിച്ചുകൊണ്ടിരിക്കുന്നതെന്നും അവർ ഏതേതു ഭാഗങ്ങളാണു് അതാതുസമയം അഭിനയിച്ചുകൊണ്ടിരിക്കുന്നതെന്നും അറിയാൻ ശ്രമിക്കുന്നതു പ്രയോജനകരമായിരിക്കുന്നതാണല്ലോ.

അടുത്തകാലത്തു് അവസാനിച്ച മഹായുദ്ധം ലോകരംഗത്തിൽ നടന്നിട്ടുള്ളതിൽവച്ചു സവ്വപ്രധാനമായ ഒരു നാടകത്തിലെ ഒരു പ്രധാന സീൻ ആയിരുന്നു എന്നുള്ളതു് നിർവ്വിവാദമാണു്. ആ യുദ്ധം അവസാനിച്ചു എങ്കിലും അതിൻെറ അനന്തരഫലങ്ങളായ പല സംഗതികളും ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നവയാണു്, ഈ കാലത്തിലെ സവ്വപ്രധാനമായ അഭിനയമെന്നാണു് തോന്നുന്നതു്. അടുത്തകാലംവരെ ആരെങ്കിലും തമ്മിൽ വഴക്കുണ്ടായാലുടനെ അവരുതമ്മിൽ തല്ലിയും വെട്ടിയും കുത്തിയും കൂട്ടതലാളുകളെ ശേഖരിച്ചും കണക്കുപറഞ്ഞു തീക്കയാണല്ലോ ചെയ്യുവന്നതു്. ഇപ്പോഴും ഈ വിധത്തിൽതന്നെ കഴിച്ചുകൂട്ടുന്ന

അപരിഷ്കൃതവർഗ്ഗക്കാർ ഇല്ലാതില്ല. എന്നാൽ പരിഷ്കൃതവർഗ്ഗക്കാരെന്നു് അഭിമാനിക്കുന്ന എല്ലാവരുടേയും ഇടയിൽ ഓരോ ഭരണയന്ത്രങ്ങളും നീതിന്യായക്കോടതികളും നിയമപദ്ധതികളും മററും വ്യവസ്ഥാപിതങ്ങളായിത്തീർന്നിട്ടുള്ളതാകയാൽ സിവിൽ ക്രിമിനൽ കോടതികൾ മൂലം അന്യോന്യതർക്കങ്ങൾ തീർത്തുവരുന്നു. ഓരോ രാജ്യങ്ങൾ തമ്മിലുണ്ടാകുന്ന തർക്കങ്ങൾ യുദ്ധംമൂലം മാത്രമാണല്ലൊ ഇതേവരെ തീർത്തുവന്നിട്ടുള്ളതു്. യുദ്ധത്തിൽ ജയിക്കുന്നവർക്കും തോല്ക്കുന്നവർക്കും യുദ്ധംമൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ പിന്നീടു് അനുഭവപ്പെട്ടു വരുമ്പോൾ എത്രയും കൂടുതലായ വിജയശ്രീയോടുകൂടി യുദ്ധം അവസാനിപ്പിച്ചവർക്കുപോലും യുദ്ധത്തിൽ തലയിടാതെ തങ്ങളുടെ എതിർകക്ഷിക്കാരുടെ സകല അഭിമതങ്ങൾക്കും കീഴ്പെട്ടിരിക്കയായിരുന്നു നല്ലതെന്നു് തോന്നാതിരുന്നിട്ടില്ല. ഈ കഴിഞ്ഞ മഹായുദ്ധത്തിലെ പ്രധാനവേഷക്കാരിൽവച്ചു് ഇംഗ്ലീഷുകാർക്കാണു് എത്രയും കൂടുതലായ വിജയം സിദ്ധിച്ചിട്ടുള്ളതെന്നുള്ളതു് നിർവിവാദമാണു്. ജർമ്മനി, റഷ്യ, ഫ്രാൻസ്, ഇററലി മുതലായ രാജ്യങ്ങളിൽ വച്ചാണു് യുദ്ധം നടന്നതു്. ഈ ഓരോ രാജ്യങ്ങളിലും എത്രയോ പട്ടണങ്ങളും ഗ്രാമങ്ങളും, കൃഷിസ്ഥലങ്ങളും വെറും സഹാറാമരുഭൂമിപോലെ ആയിത്തീർന്നിട്ടുണ്ടെന്നും ഇവയെ പൂർവസ്ഥിതിയിൽ കൊണ്ടുവരാനായി എത്രമാത്രം പ്രയാസവും പണച്ചെലവും ആവശ്യമായിട്ടുണ്ടെന്നും എന്നാൽതന്നെ ശരിയായി സാധിക്കുന്നതല്ലെന്നും നേരേമറിച്ചു വായുവിമാനങ്ങളിൽകൂടി ഇംഗ്ലണ്ടിൽ ചില ബോംബെറിഞ്ഞിട്ടുള്ളതല്ലാതെ അവിടെ യുദ്ധമുണ്ടായിട്ടില്ലെന്നും അഫ്രിക്കായിലും മററും അവസാനമില്ലാത്ത പുതിയ രാജ്യങ്ങൾ ഇംഗ്ലണ്ടുകാർക്കു ലഭിച്ചിട്ടുണ്ടെന്നും മഹാ

യുദ്ധംവരെ ഫ്രാൻസ്, ജമ്മനി, ഓസ്ത്രിയാ, റഷ്യാ, ഇററലി എന്നിങ്ങനെ സമനിലയിൽ നിന്നു മത്സരിച്ചുകൊണ്ടിരുന്ന ഒരു രാജ്യം മാത്രമായിരുന്ന ഇംഗ്ലണ്ടിനോടു കിടപിടിക്കാൻ യൂറോപ്പിൽ ഇപ്പോൾ വേറൊരു രാജ്യവുമില്ലാതെയാണിരിക്കുന്നതെന്നും മററുമുള്ള അനവധി സംഗതികളെപ്പററി പര്യാലോചിക്കുന്നതായാൽ ഇംഗ്ലണ്ടിൻെറ വിജയശ്രീ ഏതുമാതിരിയിലുള്ളതാണെന്നു നമുക്കു കാണാവുന്നതാണ്. എന്നാൽ എന്തെല്ലാം പ്രയാസങ്ങൾ നേരിട്ടാലും മേലാൽ യുദ്ധം കൂടാതെ കഴിച്ചുകൂട്ടണമെന്നുള്ള നിർബന്ധം ഇംഗ്ലണ്ടുകാക്കുള്ളതുപോലെ മററാക്കെങ്കിലുമിപ്പോൾ ഉണ്ടെന്നു തോന്നുന്നില്ല. കാരണം ഇംഗ്ലണ്ടിലെ വരവിൽ ൧൦൦-ൽ ൧൦ ഭാഗവും യുദ്ധത്തിൽ മരിച്ചവരുടെ അനന്തരാവകാശികൾക്കു പെൻഷൻ കൊടുക്കാനായും യുദ്ധക്കടത്തിൻെറ പലിശകൊടുത്തു തീക്കാനായും മേലാലുണ്ടാകുന്ന യുദ്ധങ്ങൾക്കു കോപ്പുകൂട്ടാനായും വിനിയോഗിക്കേണ്ടതായി വന്നിരിക്കുന്നു. അതിനാൽ, അവിടെ ജനസമുദായരാജ്യഭരണമാണു് നടപ്പിലിരിക്കുന്നതെന്നും ജനപ്രതിനിധികൾ തീച്ചയാക്കുന്ന കരംകൊടുത്താൽ മതിയെന്നുമുള്ളതു് വാസ്തവമാണെന്നിരുന്നാലും പാർല്ലമെൻറു ചുമത്തി വസൂൽ ചെയ്തുവരുന്ന ആദായനികുതി മുതലായ സക്കാരുകരങ്ങളുടെ കാഠിന്യംകൊണ്ടു് ആളുകൾ എത്രമാത്രം കുഴങ്ങുന്നുണ്ടെന്നും ഇനിമേലാൽ എത്രയധികം തലമുറകളിലെ ആളുകൾ ഈ ഭാരം വഹിക്കേണ്ടതായിട്ടാണിരിക്കുന്നതെന്നും മററുമുള്ള സംഗതികൾ നമുക്കു ഊഹിപ്പാൻ പോലും പാടില്ല. ഇതിനു പുറമെ രാജകൊട്ടാരംമുതൽ പിച്ചക്കാരൻെറ കുടിൽവരെ എവിടെച്ചെന്നാലും പിതാക്കന്മാർ, സഹോദരന്മാർ, ഭത്താക്കന്മാർ, പുത്രന്മാർ എന്നിങ്ങനെ ഓരോരു

ത്തരുടെ കഠിനവിയോഗത്തെപ്പററി വിലപിച്ചു കൊണ്ടിരിക്കേണ്ടതില്ലാത്ത കുടുംബങ്ങൾ വളരെ ററളരെ ദുർല്ലഭമായിരിക്കുന്നതാണ്. ഇവരിൽ ഓരോരുത്തരും അനുഭവിച്ച കഷ്ടതകളെപ്പററിയുള്ള ഓൎമ്മ ഇതിലും മൎമ്മഭേദകമാണ്. മഹാകവികളോ അലങ്കാരശാസ്ത്രവിദഗ്ദ്ധന്മാരോ മററോ ആകേണ്ടവരായിരുന്ന അനവധി യുവാക്കന്മാരുടെ അകാലവിയോഗം മൂലം രാജ്യത്തിനു പൊതുവെയുണ്ടായിട്ടുള്ള നഷ്ടം ഇതിലും കൂടുതലാണ്. ഇങ്ങനെയുള്ള അനവധി സംഗതികളെപ്പററിയുള്ള ഓൎമ്മ വിട്ടുപോകുന്നതുവരെയെങ്കിലും യുദ്ധം കൂടാതെ കഴിക്കണമെന്നുള്ള അഗ്രഹം അവരിൽ പ്രബലപ്പെട്ടിരിക്കുന്നതാണ്. ഇംഗ്ലണ്ടിലെ സ്ഥിതി ഇങ്ങനെ ആയിരിക്കുന്നതാലോചിച്ചു നോക്കിയാൽ ഫ്രാൻസ്, ബെൽജിയം, ഇററലി മുതലായി യുദ്ധം ജയിച്ച കക്ഷിയിൽ ചേൎന്ന ഇതരരാജ്യക്കാരുടെ ഇപ്പോഴത്തെ ദുരവസ്ഥയെപ്പററി പറയാനില്ല. റഷ്യയിൽ ചക്രവൎത്തി തുടങ്ങി അനവധി ആളുകൾക്കു നേരിട്ട അനൎത്ഥങ്ങളും ഏറക്കുറെ നാം അറിഞ്ഞിട്ടുള്ളതാണല്ലൊ. ഒരു നിസ്സാരസംഗതി പൎവ്വതീകരിച്ചു കൊണ്ടു് യുദ്ധമുണ്ടാക്കി എതിരു കക്ഷികളെ നല്ല പാഠം പഠിപ്പിക്കാനായി പോൎക്കളത്തിൽ ചാടിയ ഓസ്ത്രിയാചക്രവൎത്തി, ജൎമ്മൻചക്രവൎത്തി മുതലായവൎക്കും ഇവരോടു യോജിച്ച തുൎക്കിസുൽത്താൻ മുതലായവൎക്കും ഇവരുടെ രാജ്യങ്ങൾക്കും നേരിട്ട വിപത്തുകളും ഏതേതു മാതിരിയിലുള്ളവയാണെന്നും ഏറെക്കുറെ നാം അറിഞ്ഞിട്ടുള്ളതാണ്. യുദ്ധം തുടങ്ങി കുറച്ചുകാലം കഴിഞ്ഞപ്പോഴേക്കു് എല്ലാവൎക്കും ഇതു് അബദ്ധമായിപ്പോയെന്നു ബോധപ്പെട്ടു. എങ്കിലും രണ്ടിലൊരു കൂട്ടർ നിശ്ശേഷം തോററു പിൻമാറു

ന്നതുവരെ ആക്രമാക്കും പിൻവലിയാൻ നിവൃത്തിയില്ലാ യിരുന്നു.

അതിനാൽ ജമ്മൻകക്ഷിക്കാർ നിശ്ശേഷം പരാജിത രാകയും അമ്മേരിക്കൻ പ്രസിഡൻറു നിശ്ചയിക്കുന്ന വ്യവ സ്ഥകൾക്കു കീഴ്പ്പെട്ടുകൊള്ളാമെന്നു സമ്മതിക്കയും ചെയ്ത തിനോടുകൂടി, പ്രസിഡൻറു വിൽസൻ സന്ധിയാലോചന യ്ക്കായി ചില പ്രത്യേകവ്യവസ്ഥകളോടുകൂടി യൂറോപ്പിലേക്കു പുറപ്പെട്ടു. അദ്ദേഹത്തിൻെറ സവ്പ്രധാനമായ ആശയം മേലിൽ ഓരോ രാജ്യക്കാർ തമ്മിലുണ്ടാകുന്ന വഴക്കുകൾ, വ്യക്തികൾ തമ്മിലുള്ള തക്കങ്ങൾ കോടതിമൂലവും മററും തീക്കുന്നതുപോലെ, യുദ്ധംകൂടാതെ അവസാനിപ്പിക്കാനായി ലോകത്തിലുള്ള സവ്വരാജ്യക്കാരുടെയും പ്രതിനിധികൾ ഉൾപ്പെട്ട ഒരു സവ്വരാജ്യസഖ്യം സ്ഥാപിക്കണമെന്നുള്ളതാ യിരുന്നു. വെഴ്സെയിലിലെ സന്ധിക്കരാറിൻെറ നട്ടെ ല്ലായി അദ്ദേഹം കരുതിയതും ഈ സവ്വരാജ്യസഖ്യത്തെപ്പ ററിയുള്ള വ്യവസ്ഥകളായിരുന്നു.

സന്ധിക്കരാറിൽ ഇങ്ങനെ ഒരു വകുപ്പുകൂടി ഉൾപ്പെ ട്ടിട്ടുണ്ടെങ്കിലും ഇതേവരെയായി ഇതു സംബന്ധിച്ചുള്ള കുഴപ്പങ്ങൾ അവസാനിപ്പിക്കയോ, വ്യവസ്ഥിതരാജ്യങ്ങളി ലെ നീതിന്യായക്കോടതികൾക്കും അതാതു രാജ്യങ്ങളിലുള്ള അലംഘ്യമായ പ്രാമാണികത്വംപോലെ സവ്വസമ്മതമായ ഒരു ശക്തി സഖ്യത്തിനു ലഭിക്കയോ, ചെയ്തിട്ടില്ല. അതി നാൽ ഈ സവ്വരാജ്യസഖ്യത്തെ ഒരു നല്ല നിലയിൽ കൊ ണ്ടുവരാനായി പ്രധാനപ്പെട്ട മിക്കരാജ്യക്കാരും തുടർച്ചയാ യി നടത്തിവരുന്ന പരിശ്രമങ്ങൾക്ക് ഇപ്പോൾ എത്രയും കൂടുതലായ പ്രധാന്യം സങ്കല്പിക്കാവുന്നതാണ്. അതിനാൽ

ഈ വിഷയത്തിൽ എപ്പോഴും നമ്മുടെ ദൃഷ്ടി പതിഞ്ഞിരി ക്കേണ്ടതുമാണു്.

യൂറോപ്പിൻേറയും ഏഷ്യയുടേയും ഏകദേശം നേർ പകുതിഭാഗം അടക്കിഭരിച്ചുവന്ന റഷ്യാചക്രവൎത്തിയുടെ അഭാവത്തോടുകൂടി അവിടെയുണ്ടായ വിപ്ലവം ഒട്ടും അപ്ര ധാനമല്ലാത്ത ഒരു സംഗതിയാണു്. ലോകത്തിൽ ഇതേ വരെ സാധിച്ചിട്ടില്ലാത്ത ഒരു ഭരണപദ്ധതി അവിടെ സ്ഥാപിക്കപ്പെട്ടു. ഏതൊരു രാജ്യത്തിലും ഭരണയന്ത്രം അവിടെയുള്ള ഭൂരിപക്ഷം ആളുകളുടെ അഭ്യൎത്ഥനാനുസര ണവും അവരുടെ പ്രയോജനത്തെ ഉദ്ദേശിച്ചും നയിച്ചു കൊണ്ടുപോകേണ്ടതാണെന്നുള്ള ആശയം പാശ്ചാത്യരാജ്യ ങ്ങളിൽ വളരെനാൾ മുമ്പുതന്നെ ജനിച്ചതാണു്. എന്നാൽ ചരിത്രകാലത്തിലെല്ലാം രാജ്യാധികാരവും ഭൂസ്വത്തും ധന ശക്തിയും മററുമെല്ലാം കൈവശം കിട്ടി അനുഭവിച്ചുകൊ ണ്ടിരുന്നിട്ടുള്ളവരെ ബഹിഷ്കരിക്കയെന്നുള്ളതു് സുസാദ്ധ്യ മല്ലല്ലോ. അതിനാൽ ഇതരരാജ്യങ്ങളിൽ പലരുടേയും മനോരാജ്യപഥത്തിൽ മാത്രം സ്ഥിതിചെയ്തുവന്ന ഈ ആശയം റഷ്യായിൽ യുദ്ധംമൂലം ചക്രവൎത്തിമുതൽ പ്രധാ നപ്പെട്ടവൎക്കെല്ലാം നേരിട്ട ശക്തിക്ഷയത്തോടുകൂടി അവിടെ പ്രയോഗസീമയിൽ വരുത്താനൊരവസരം കിട്ടി. അസാ ധാരണമായ ബുദ്ധിശക്തിയും കൎമ്മബലവുമുള്ള ലെനിൻ എന്നു പേരായ ഒരാൾ ഈ ഘട്ടത്തിൽ അവിടെ രംഗപ്ര വേശം ചെയ്യാനിടയായതുകൊണ്ടാണു് ഇതു സാധിച്ചതു്. ലെനിൻേറ അത്ഭുതകരമായ ബുദ്ധിശക്തിയുടെ ഫലമായി ബഹുജനഭരണം എന്ന പേരിൽ അവിടെ ഒരു ഭരണഘട ന സ്ഥാപിക്കാൻ സാധിച്ചു. ഇതിനെ ഉടയ്ക്കാനായി പല

പ്രാവശ്യം പലരും ഉദ്യമിച്ചിട്ടുണ്ടെങ്കിലും ഇതേവരെയായി ഇതു സാധിച്ചിട്ടില്ലെന്നു മാത്രമല്ല ദിവസേന എന്നപോലെ റഷ്യയിലെ ബോൾഷേവിക്ക് ഭരണം വേരുറച്ചു വരുന്നതായിട്ടുമാണു് കാണുന്നതു്. ലെനിൻ കുറേക്കാലം കഴിഞ്ഞപ്പോൾ അന്തരിച്ചുപോയി എങ്കിലും അയാൾ സ്ഥാപിച്ച ഭരണയന്ത്രം ഇപ്പോഴും നിലനിന്നുവരുന്നു. ഭൂരിപക്ഷം ജനസ്വാതന്ത്ര്യമാണു് ബോൾഷേവിക്കു് ഭരണത്തിൻെറ ഏകോദ്ദേശമെന്നാണവർ പറഞ്ഞുവരുന്നതെന്നിരുന്നാലും ഭരണാവകാശം കൈവശം വന്ന ചുരുക്കം ചിലയാളുകളുടെ സ്വേച്ഛാപ്രഭുത്വമാണു് അവിടെ ഇപ്പോൾ യഥാൎത്ഥമായി നടന്നുവരുന്നതെന്നുള്ളതു് നിൎവ്വിവാദമാണു്. ഇവരോടു് അഭിപ്രായത്തിൽ യോജിക്കാത്തവരേയും ഇവരുടെ എല്ലാത്തരം അഭിലാഷങ്ങൾക്കും കീഴ്പ്പെടാത്തവരേയും ഇവൎക്കു് എന്തെങ്കിലും അവിശ്വാസം തോന്നുന്നവരേയും യാതൊരു വിസ്താരവും കൂടാതെ വധിക്കയോ നാടുകടത്തുകയോ തടവിലാക്കുകയോ സൎവ്വസാധാരണമായിത്തീൎന്നിരിക്കുന്നു. ചക്രവൎത്തിമാരുടെ സ്വേച്ഛാഭരണത്തെക്കാൾ ക്രൂരതരമായ ഒരു ഭരണമാണു് അവിടെ ഇപ്പോൾ നിലനിന്നുവരുന്നതെന്നുള്ളതു് പ്രത്യക്ഷമാണു്. രോഗബാധിതരായ കുട്ടികളുടെ രോഗശമനത്തിനായി ഔഷധം സേവിപ്പിക്കയോ ശസ്ത്രപ്രയോഗത്തിനു കീഴ്പെടുത്തുകയോ ചെയ്യാൻ കുട്ടികൾ വിസമ്മതിച്ചാലും അച്ഛനമ്മമാർ നിർബന്ധപൂൎവ്വം ഇവരെ വഴിപ്പെടുത്തുന്നുണ്ടല്ലോ. അതുപോലെ റഷ്യായിലെ ഭൂരിപക്ഷമാളുകൾക്കും തങ്ങൾക്കേറവും പ്രയോജനകരമായ കാൎയ്യങ്ങൾ ഇന്നവയെന്നു് വിവേചിച്ചറിയാൻ പാടില്ലാത്തതിനാൽ അവരിൽ ചിലർ ബഹളമുണ്ടാക്കുന്നതാണെന്നും പ്രായപൂൎത്തിയായി വിദേ

ചനശക്തിക്കു ചൈതന്യം വരുമ്പോൾ ഇവരെല്ലാവരും സ്വമനസ്സാലെ ഇപ്പോഴത്തെ ഭരണരീതിക്കു കീഴപ്പെട്ടു മെന്നും അപ്പോൾ മാത്രം എല്ലാവക്കും സ്വാതന്ത്ര്യമനുവദിക്കുന്നതാണെന്നുമാണ് ഭരണാധികാരികളുടെ സമാധാനം.

II

ഇപ്പോൾ റഷ്യയിലെ ഭരണാധികാരികളുടെ ഇടയിൽ അതികഠിനമായ അന്തശ്ഛിദ്രം നേരിട്ടിരിക്കുന്നു. ലെനിൽ കഴിഞ്ഞാൽ സർവ്വപ്രധാനിയെന്നു ഗണിക്കപ്പെട്ടു വന്നത് ട്രോംസ്കി എന്നയാളായിരുന്നു. കാലാന്തരത്തിൽ സ്റ്റാലിൻ എന്നു പേരായ വേറൊരാളുടെ തലയും ഉയന്നു വന്നു. ഇവരു തമ്മിൽ ദിവസേനയെന്നപോലെ ഉൾപ്പോരു വദ്ധിച്ചുവരികയും രണ്ടു കക്ഷിയായി പിരിയുകയും ഭരണശക്തി സ്റ്റാലിൻകൂട്ടക്ക് കൈവശം കിട്ടുകയും ചെയ്തു. എന്നാൽ ട്രോംസ്കിക്കും കുറേയധികം അനുചരന്മാരുണ്ടായിരുന്നതുകൊണ്ട് എതിർ കക്ഷികളോട്ട് എന്തെങ്കിലും കടുങ്കൈ പ്രവത്തിക്കാൻ സ്റ്റാലിൻ കക്ഷിക്കാക്കു ധൈയ്യമുണ്ടാകുമോ എന്നുള്ളതിനെപ്പററി ലോകർ നോക്കിപ്പാത്തുകൊണ്ടിരുന്നു. ഇപ്പോൾ സംശയമെല്ലാം തീന്നിരിക്കുന്നു. സ്റ്റാലിൻെറ കക്ഷിയിലുള്ളവരിൽ പ്രധാനികൾ ബൂക്കാറൻ, വോറോഷാലോഫ്, കാലിനിൻ, ലോംസ്കി, മോലോട്ടോഫ്, റൈക്കോഫ്, റൊസൂട്ടാക, പെട്രോവാസ്കി എന്നിവരാണ്. ട്രോംസ്കിയുടെ പ്രധാനഅനുചരന്മാർ ഉൾപ്പെടെ നൂറ അളുകളെ സൈബീറിയാ ക്രൈമിയാ മുതലായ രാജ്യങ്ങളിലേയ്ക്കു നാടുകടത്തി. ഇതുനിമിത്തം ബോൾ

ഷേവിക്ക് ഭരണത്തിൻെറ അടിസ്ഥാനമിളകിപ്പോകത്തക്കവണ്ണം ശക്തിമത്തായ എന്തെങ്കിലും അഭ്യന്തരകലഹമുണ്ടാകുമോ, അതോ സ്റ്റാലിൻെറ ശക്തി വദ്ധിക്കയാണോ ചെയ്യുന്നതെന്നു കണ്ടറിയേണ്ടിയിരിക്കുന്നു.

## ബോൾഷേവിക്കു സംഘക്കാരുടെ പ്രചരണവേല.

വ്യവസ്ഥാപിതഭരണം ലോകത്തിൽ ഒരു രാജ്യത്തിലും പാടില്ലെന്നും ബോൾഷേവിക്കു ഭരണരീതി ഏപ്പെടുത്തണമെന്നുമുള്ളതാണ് ബോൾഷേവിക്കു ഭരണസംഘത്തിൻെറ ഒരു പ്രധാന നയം. ഇതിലേയ്ക്കു ലോകത്തിലുള്ള എല്ലാ രാജ്യങ്ങളിലേക്കും ചാരന്മാരെ അയച്ചും, ലഘുലേഖകൾ പ്രചരിപ്പിച്ചു കൂട്ടുകെട്ടുകൾ ഉണ്ടാക്കിയും, മത്സരകക്ഷികൾക്കു വേണ്ട യുദ്ധസാമഗ്രികളും പണവും കൊടുത്തും രഹസ്യമായും പരസ്യമായും, ഇവർ നടത്തിവരുന്ന പ്രയോഗങ്ങൾ മററെല്ലാ രാജ്യക്കാരുടേയും ശ്രദ്ധയ്ക്കു പ്രധാനമായി വിഷയീഭവിച്ചിരിക്കുന്നു. ബോൾഷേവിക്ക് ഭരണം ലോകമാസകാലം വ്യാപിപ്പിക്കുന്നതിനുള്ള പ്രധാനപ്രതിബന്ധം ഇംഗ്ലണ്ടിലെ വ്യവസ്ഥാപിതഭരണത്തിൻെറ ഉറപ്പൊന്നുമാത്രമാണെന്നു് ഇവക്കു ബോധപ്പെട്ടിരിക്കയാൽ ഇംഗ്ലണ്ടിൻെറ നേരേയാണ് അവരുടെ ശക്തി കൂടുതലായി പ്രയോഗിച്ചുവരുന്നതു്. ഇൻഡ്യാരാജ്യം കൈവശം വിട്ടുപോകുന്നതായാൽ ഇംഗ്ലണ്ടുകാരുടെ പ്രാബല്യം ശിഥിലീഭവിക്കുമെന്നുള്ളതാകയാൽ ഇൻഡ്യയിൽ, വിശിഷ്യ വടക്കുപടിഞ്ഞാറെ അതിത്തിയിലും അഫ്ഗാനിസ്ഥാനിലും ഇവരുടെ ഒളയന്ത്രപ്രയോഗങ്ങൾ വളരെ കൂടുതലായി നടത്തിവരുന്നു താമസിയാതെ ഇൻഡ്യയിൽവെച്ചു ബ്രിട്ടീഷ് സാമ്രാജ്യവു

റഷ്യൻ സോവിയററു് ഗവമ്മെൻറും തമ്മിൽ ഒരു മഹായുദ്ധം ഉണ്ടായേക്കുമെന്നുള്ള വിചാരത്തോടുകൂടി ബ്രിട്ടീഷ് ഗവമ്മെൻറു പല കരുതലുകൾ രഹസ്യമായി നടത്തിവരുന്നുണ്ടെന്നും ഇംഗ്ലണ്ടിലെ യുദ്ധകാൎയ്യമന്ത്രി ഈയിടെ ഇൻഡ്യയെ സന്ദശിച്ചതു് ഇതു സംബന്ധിച്ചാണെന്നും ഒരു ശ്രുതി പരന്നിട്ടുണ്ടു്.

## സർവരാജ്യസഖ്യം.

സവ്രാജ്യസഖ്യം ഊജ്ജിതത്തിൽ വരുത്താനായുള്ള പരിശ്രമം ഇപ്പോൾ പ്രബലപ്പെട്ടുവരികയാണു്. ഈ സംഘക്കാരുടെ ഉപദേശമനുസരിച്ചു ലോകത്തിലെ മഹാശക്തികൾ യോജിച്ചു തങ്ങളുടെ യുദ്ധസന്നാഹങ്ങളെ ഇപ്പോഴത്തേതിൽ വളരെ കുറയ്ക്കാനുള്ള ശ്രമവും വളരെ പ്രാധാന്യത്തിൽ സ്ഥിതിചെയ്യുന്നു. റഷ്യാ, ജമ്മനി, അമേരിക്കാ എന്നീ മൂന്നു പ്രധാനരാജ്യങ്ങൾ സവ്രാജ്യസഖ്യത്തിൽ ഉൾപ്പെട്ടിട്ടില്ലെന്നുള്ളതു് ഇതിനൊരു വലിയ പ്രതിബന്ധമായിരിക്കുന്നു. ജമ്മൻകാക്കു കഴിഞ്ഞവഷത്തിൽ മററു മഹാശക്തികളോടു സമനിലയിൽ ഒരംഗമായി പ്രവേശനം കൊടുത്തു. റഷ്യൻ ബോൾഷേവിക്കുകാർ സഖ്യത്തോടു വളരെ പ്രാതികൂല്യം ഭാവിച്ചുകൊണ്ടാണിരുന്നിട്ടുള്ളതു്. എങ്കിലും കഴിഞ്ഞ പ്രാവശ്യം ജിനീവായിൽവച്ചുനടന്ന യോഗത്തിലെ ആലോചനയിൽ സംബന്ധിക്കാനായി റഷ്യർ ഒരു പ്രതിനിധിയെ അയച്ചിരുന്നു എന്നുള്ളതു് ആശാജനകമായിരിക്കുന്നു. അമേരിക്കർ യോഗത്തിൽ ഉൾപ്പെട്ടിട്ടില്ലെന്നിരുന്നാലും യോഗത്തിൻെറ സദുദ്ദേശങ്ങളോടു് അവർ പൂണ്ണമായ അനുകൂല്യമുള്ളവരാണെന്നാണു് ഭാവി

ക്കുന്നത്. യോഗം ശരിയായി നടക്കുന്നില്ലെന്നും യൂറോപ്പിലെ പൂർവ്വവിരോധങ്ങൾക്കും, തൻകാര്യങ്ങൾക്കും ഇപ്പോഴും അവിടെ പ്രാധാന്യമുണ്ടെന്നും അതിനാൽ തങ്ങൾ യോഗത്തിൽ ചേന്നാൽ യൂറോപ്പിലെ അനാവശ്യവഴക്കുകളിൽ തലയിടേണ്ടി വരുമെന്നുമാണ് അമേരിക്കർ പറയുന്ന തടസ്സം. യുദ്ധക്കപ്പലുകളുടെ എണ്ണവും വലിപ്പവും കുറയ്ക്കുന്നായി രണ്ടുനാലുവർഷം മുൻപു അമേരിക്കർ മുന്നിട്ട് ഒരു യോഗം വിളിച്ചുകൂട്ടി. ഇപ്പോൾ കടലിൽ പറയത്തക്ക ശക്തിയുള്ളത് അമേരിക്കക്കും ജപ്പാൻകാക്കും ഇംഗ്ലണ്ടുകാക്കും മാത്രമാണ്. ഇവർ മൂന്നുകൂട്ടരും സമ്മതിച്ചു നാവികശക്തി സംബന്ധിച്ച് വളരെ സാരതരമായ കുറവു വരുത്താമെന്ന് അന്നു സമ്മതിക്കയും, അതനുസരിച്ചു മൂന്നുകൂട്ടക്കാരും സകല ചുമതലകളും നിറവേററുകയും ചെയ്തിട്ടുണ്ട്. അതിനെ തുടന്ന് വേറൊരു യോഗവും ഈയിട അമേരിക്കൻഗവമ്മെൻറിൻെറ ക്ഷണമനുസരിച്ച് ജിനീവായിൽകൂടി. ഈ യോഗത്തിൽ അമേരിക്കരും ജപ്പാൻകാരും ഇംഗ്ലണ്ടുകാരും മാത്രമേ സംബന്ധിച്ചിരുന്നുള്ളു. ഈ യോഗത്തിൽ അമേരിക്കർ ഹാജരാക്കിയ പ്രമേയം ഇംഗ്ലീഷുകാക്കു സമ്മതിക്കാൻ നിവൃത്തിയില്ലാതെ പോയതിനാൽ യോഗം അമംഗളമായി പിരിഞ്ഞു. ഈ യോഗത്തിൽവെച്ച് സവ്വസമ്മതമായ ഒരു നിശ്ചയം പാസ്സാക്കിയിരുന്നു എങ്കിൽ നാവികവകുപ്പു സംബന്ധിച്ചുള്ള ചെലവ് പഴയപടിയിൽ നിന്നു ശതാംശമായി കുറയുമായിരുന്നു. ഈ ഉദ്യമം സഫലമാകാതിരുന്നതിനാൽ അമേരിക്കർ തങ്ങളുടെ നാവികശക്തിയെ അനേകമടങ്ങു് കൂടുതലായി വദ്ധിപ്പിക്കാൻ തീച്ചയാക്കിയിരിക്കുന്നു. ധനശക്തികൊണ്ടു് അദ്വിതീയന്മാരായ അമേരിക്കക്ക് എത്ര യുദ്ധക്കപ്പലുകൾ പണിയുന്നതിനും പ്രയാ

സം വരുന്നതല്ല. ട്രാഫൾഗർ യുദ്ധത്തിൽവച്ചു് നെൽസൺ ഫ്രഞ്ചുകാരെ തോല്പിച്ചശേഷം കടലിൽ ഇംഗ്ലണ്ടുകാരോടടുക്കാൻപോലും മററാൎക്കും ശക്തിയുണ്ടായിട്ടില്ല. ജൎമ്മൻകാർ അനേകം യുദ്ധക്കപ്പലുകൾ പണിചെയ്തു് ഇംഗ്ലീഷുകാരെ കടലിലും കരയിലും ഒരുപോലെ പിന്നോക്കമാക്കാൻ ശ്രമിച്ചതാണു് ഇംഗ്ലീഷുകാരും ഐക്യകക്ഷിയിൽ ചേൎന്നു് ജെൎമ്മൻകാൎക്കെതിരായി യുദ്ധംനടത്തുന്നതിനുണ്ടായ ഒരു പ്രധാന കാരണം. അമേരിക്കർ ഇപ്പോൾ ബ്രിട്ടീഷ് നാവികശക്തിയെ പിന്നോക്കമാക്കാൻ ചെയ്തുവരുന്ന പരിശ്രമങ്ങൾ കാണുമ്പോൾ ഇംഗ്ലണ്ടുകാർ എന്താണു ചെയ്യാനിരിക്കുന്നതെന്നറിഞ്ഞില്ല. മഹായുദ്ധംമൂലം ധനശക്തിക്കു വലിയ ഹാനി തട്ടീട്ടുള്ളതിനാൽ അമേരിക്കരോടു് ഈ സംഗതിയിൽ മത്സരിക്കുന്നതു് അത്ര എളുപ്പമല്ല. അമേരിക്കരോടു് ഒരു കാലത്തിലും യുദ്ധത്തിൽ ഏൎപ്പെടാൻ ഇടവരുന്നതല്ലെന്നും അതിനാൽ അമേരിക്കരോടു മത്സരിച്ചു യുദ്ധക്കപ്പലുകൾ ഉണ്ടാക്കുവാൻ നിശ്ചയിച്ചിട്ടില്ലെന്നും ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും ചിതറിക്കിടക്കുന്ന ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ രക്ഷയ്ക്കാവശ്യമുള്ളിടത്തോളം കപ്പലുകൾ മാത്രമേ തങ്ങൾ ഉണ്ടാക്കുവാൻ നിശ്ചയിച്ചിട്ടുള്ളുവെന്നുമാണു് ബ്രിട്ടീഷുകാർ പറയുന്നതു്. പിണങ്ങിപ്പിരിഞ്ഞ യോഗം വീണ്ടും നടത്തി രണ്ടുകൂട്ടൎക്കും തൃപ്തികരമായ ഒരു വ്യവസ്ഥ ഉണ്ടാക്കാനുള്ള പരിശ്രമം ഇപ്പോഴും വിട്ടിട്ടില്ല. വ്യോമവിമാനങ്ങളുടെ അഭിവൃദ്ധിയാണു് ഇപ്പോഴത്തെ സൎവ്വപ്രധാനമായ വേറൊരു വിഷയം. അടുത്ത കാലംവരെ വ്യോമസഞ്ചാരം സാധിക്കുന്നതല്ലെന്നു്, നാലും മൂന്നും ഏഴെന്നുള്ളതുപോലെ ശാസ്ത്രജ്ഞന്മാർ തീൎച്ചയായി അഭിപ്രായപ്പെട്ടുകൊണ്ടിരുന്നതാണു്. എന്നാൽ ഈ കഴി

ഞ്ഞ ൧൦ വർഷങ്ങൾക്കിടയിൽ ഇതുസംബന്ധിച്ചുണ്ടായിട്ടുള്ള അഭിവൃദ്ധി വിസ്മയനീയമായിരിക്കുന്നു. ഇപ്പോഴും വിമാനയന്ത്രങ്ങൾക്കു കേടുപററുന്നതിനാലോ, കാററിൻെറ വൈപരീത്യംകൊണ്ടോ, വിമാനം മറിഞ്ഞുപോകുന്നതുകൊണ്ടോ വ്യോമസഞ്ചാരത്തിൽ കൂടക്കൂടെ അപകടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. എങ്കിലും ഈയിട ഇംഗ്ലണ്ടിൽ കണ്ടുപിടിക്കപ്പെട്ട ഒരു യന്ത്രം വിമാനങ്ങളോടു ഘടിപ്പിക്കപ്പെട്ടാൽ വ്യോമസഞ്ചാരത്തിൽ ഇതേവരെയുണ്ടായിട്ടുള്ള അപത്തുകളിൽ ൫൦ ശതമാനവും മേലാൽ ഉണ്ടാകുന്നതല്ലെന്ന് വിദഗ്ദ്ധന്മാർ ധൈര്യസമേതം അഭിപ്രായപ്പെട്ടിരിക്കുന്നു. വ്യോമവിമാനങ്ങളുടെ അഭിവൃദ്ധി ഇപ്പോഴത്തെ സ്ഥിതിയിൽ കുറേക്കാലംകൂടി നിലനിന്നാൽ കപ്പൽസൈന്യവും കരസൈന്യവും അവശ്യമില്ലാതെ വരുമെന്നും സകലയുദ്ധങ്ങളും വിമാനങ്ങൾ തമ്മിലായിരിക്കുന്നതാണെന്നും പലരും അഭിപ്രായപ്പെടുന്നു. അതിനാൽ വ്യോമയുദ്ധം സംബന്ധിച്ചു ചില വ്യവസ്ഥകൾ ഉണ്ടാകാനുള്ള ശ്രമവും നടന്നുവരുന്നുണ്ട്.

---

## ൪. ഇൻഡ്യാചരിത്രപഠനം.

പ്രപഞ്ചത്തിൻെറ സകല പ്രവൃത്തികളിലും ആകർഷിക്കുക, നിരാകരിക്കുക, അടയ്ക്കുക, തുറക്കുക, ശ്വസിക്കുക, ഉച്ഛ്വസിക്കുക, ഉറങ്ങുക, ഉണരുക എന്നിങ്ങനെയുള്ള വൈപരീത്യങ്ങൾ മാറിമാറി ഇടവിട്ട് സംഭവിച്ചുകൊണ്ടിരിക്കുന്നു. ആദ്യം അകത്തേയ്ക്കും പിന്നീടു പുറത്തേയ്ക്കും

ഇടവിട്ട് ഉച്ചനീചസ്വരങ്ങളുടെ സമ്മേളനത്തോടുകൂടി മാത്രാനുസൃതമായ താളമേളം സദാ ഉണ്ടായിക്കൊണ്ടിരിക്കുന്നു. പ്രപഞ്ചം ചൈതന്യത്തോടുകൂടിയിരിക്കുന്നത് ഈ വിരാമചലനങ്ങളുടെ അനന്തമായ ഐക്യത്താൽ മാത്രമാകുന്നു.

പ്രപഞ്ചനാഴികമണിയുടെ നാക്കിന്റെ അട്ടത്തിൽ അതു് ഒരററത്തു് സത്തയേയും മററെ അററത്തു് ശൂന്യത്തേയും, ഒരററത്തു് ഏകത്തേയും മററെ അററത്തു് ദ്വയത്തേയും, ഒരററത്തു് ആകർഷണത്തേയും മററെ അററത്തു് നിരാകരണത്തേയും, ഒരററത്തു് കേന്ദ്രാനുസാരബലത്തേയും മററെ അററത്തു് കേന്ദ്രവിമുഖബലത്തേയും, സ്പർശിക്കുന്നു.

പ്രപഞ്ചത്തിന്റെ മാത്രാനുസാരിയായ ഗതി മുഴുവൻ രണ്ടു ബലങ്ങളുടെ ഐക്യത്തിൽ നിന്നാണു് ഉണ്ടാകുന്നതു്. നമ്മുടെ ലോകോത്തരമായ ഇതിഹാസം മാത്രയല്ലൊത്ത ഈരടികളിലാണല്ലൊ എഴുതപ്പെട്ടിരിക്കുന്നതു്. അതിലെ പദ്യങ്ങൾ ഇരട്ടശിലുകൾ ചേർന്നുചേർന്നു പോകുന്നു. പ്രപഞ്ചപ്രകൃതിയുടെ ലയം, സ്പഷ്ടവും സ്വതന്ത്രവും ആകുന്നു. എന്നാൽ മനുഷ്യപ്രകൃതിയുടേതു് അങ്ങനെയല്ല. വിസ്താരസങ്കോചരഹസ്യം അതിനും ഉണ്ടു്. എന്നാൽ നമുക്കു് അവസാനമായി പ്രപഞ്ചപ്രകൃതി ചെയ്യുംപോലെ എളുപ്പത്തിലും നൈസർഗ്ഗികമായും സന്ധാനംചെയ്വാൻ കഴിവില്ല എന്നു മാത്രമേയുള്ളു. അതു് സാധിക്കണമെങ്കിൽ നാം അവിരതം ശ്രമിക്കേണ്ടതാണു്. നാം പലപ്പോഴും ഒരററത്തു് ഏററവും താൽപര്യത്തോടെ പററിപ്പിടിച്ചു നില്ക്കുന്നതിനാൽ മററെ അററത്തേക്കു മടങ്ങുന്നതിനു വളരെ ശ്രമ

വും സമയവും വേണ്ടിവരികയും അങ്ങിനെ നമ്മുടെ ജീവിതത്തിന്റെ ലയം നശിക്കുകയും ചെയ്യുന്നു. ഒരുവശത്തു നിന്നു താൻ അർജ്ജനം ആത്മനിയന്ത്രണം ആചാരം ഇവയാലും, മറേറവശത്ത് മററുള്ളവർ ഔദാര്യം, സ്വാതന്ത്ര്യം യുക്തി ഇവയാലും മനുഷ്യൻ അങ്ങോട്ടും ഇങ്ങോട്ടും തള്ളപ്പെടുന്നു. മനുഷ്യലോകത്തിന്റെ വാസ്തവമായ വിദ്യാഭ്യാസം മദ്ധ്യസ്ഥലത്ത് എത്തത്തക്കവണ്ണം ഈ രണ്ടുവക ബലങ്ങളേയും സമമാക്കുന്നതിനു പഠിക്കുന്നതിലാണ് അന്തർഭവിച്ചിരിക്കുന്നത്. ഈ സമനിലയിൽ നിറുത്തുന്നതിനുള്ള ശക്തി സമ്പാദിക്കുന്നതിലുള്ള ശ്രമങ്ങളുടെ ചരിത്രമാകുന്നു മനുഷ്യലോകചരിത്രം. ഈ രമ്യമായ ഐക്യത്തെ നേടുന്നതിന്റെ വിവരമായ ചരിത്രം സ്പഷ്ടമായി അപേക്ഷിക്കുന്നതിനുള്ള മാർഗ്ഗം, ഇൻഡ്യ നമുക്കു നല്കുന്നതാകുന്നു.

ഇൻഡ്യാചരിത്രത്തിന്റെ ആദ്യരംഗത്തിലുള്ള തിരശ്ശീല മാററപ്പെട്ടപ്പോൾ ആര്യന്മാരും ആദിമനിവാസികളും തമ്മിലുള്ള മഹത്തായ പോരാട്ടമാണ് നാം കാണുന്നത്. ഈ ശണ്ഠയുടെ ആദ്യത്തെ ആവേഗം ആര്യന്മാൎക്ക് അനാര്യന്മാരെക്കുറിച്ച് കഠിനമായ വെറുപ്പു ജ്വലിപ്പിക്കയും അത് ആര്യസമുദായത്തിന്റെ ആഭ്യന്തരമായ യോജിപ്പും പ്രതിഷ്ഠയും സാദ്ധ്യമാക്കുകയും ചെയ്തു.

അങ്ങനെയുള്ള യോജിപ്പും പ്രതിഷ്ഠയും അത്യാവശ്യമായിരുന്നു. എന്തെന്നാൽ ആര്യന്മാർ ഇൻഡ്യയിൽ പ്രവേശിച്ചതു പല സംഘങ്ങളായും പല കാലങ്ങളിലും ആയിരുന്നു. ഗോത്രം, കുലദൈവം, ആരാധനാരീതി ഇവയിൽ അവൎക്കെല്ലാം തമ്മിൽ വ്യത്യാസവുമുണ്ടായിരുന്നു.

പുറമേനിന്ന് പ്രബലമായ ബലം അവരെ എതിർക്കാതിരുന്നു എങ്കിൽ ആര്യസമുദായം വേഗം അനേകായിരം ശാഖകളായി പിരിയുന്നതിനും നാട്ടിൽ പലസ്ഥലത്തുമായി ചിതറിപ്പോകുന്നതിനും ഇടയാകുമായിരുന്നു. അവരെല്ലാവരും ഒരു വർഗ്ഗമാണെന്നുള്ള വസ്തുത ഓർക്കാതെ നിസ്സാരങ്ങളും ബാഹ്യങ്ങളുമായ ചില്ലറ വ്യത്യാസങ്ങളെ വലുതായി ഗണിക്കുമായിരുന്നു. അന്യവർഗ്ഗത്തോടുള്ള ശണ്ഠയാണ് തങ്ങൾ ഒരു വർഗ്ഗമാണെന്നുള്ള ബോധം ആര്യന്മാർക്ക് ആദ്യം നൽകിയത്.

പ്രപഞ്ചത്തിലെ മറ്റെല്ലാ വസ്തുക്കളേയുംപോലെ ശണ്ഠയ്ക്കും ഭിന്നത, ഐക്യം എന്നു രണ്ടു വിപരീതഗുണങ്ങൾ ഉണ്ട്. അതുകൊണ്ടാകുന്നു, ശണ്ഠയുടെ ആദിമദശയിൽ സ്വന്തവർഗ്ഗത്തെ സങ്കരം എന്ന ദോഷം പററാതെ സൂക്ഷിക്കണമെന്നുള്ള താൽപര്യത്താൽ ആര്യസമുദായത്തിനു ജാതമായ ആത്മസങ്കോചാവസ്ഥയിൽത്തന്നെ ഇൻഡ്യയുടെ ചരിത്രം എന്നേയ്ക്കുമായി നിലയ്ക്കു നിന്നുപോകാതിരുന്നത്. പ്രപഞ്ചസാമാന്യമായ ലയനിയമത്തിനു കീഴ്പ്പെട്ട് ഇൻഡ്യയ്ക്കു വളർച്ചയ്ക്കുള്ള പദ്ധതിയിൽ പ്രവേശിക്കുകയും അന്യവർഗ്ഗക്കാർക്ക് സമത്വം നൽകുകയും ചെയ്യേണ്ടിവന്നു.

അനാര്യന്മാരുമായിട്ടുള്ള ശണ്ഠക്കാലത്ത് ആര്യസമുദായത്തിലെ നായകന്മാർ ആരായിരുന്നു എന്ന് നമുക്കറിഞ്ഞുകൂടാ. അവരുടെ ജീവചരിത്രത്തെ ഏതെങ്കിലും പൂർണ്ണതയോടുകൂടി വിവരിക്കുന്നതിൽ ഇൻഡ്യയിലെ ഇതിഹാസങ്ങൾ ശ്രദ്ധിച്ചിട്ടില്ല. ജനമേജയൻെറ സർപ്പസത്രം ആദികാലത്തെ ഒരു ഭയങ്കരയുദ്ധത്തിൻെറ കഥയുടെ ഛായയാ

യിരിക്കാം. ജനമേജയൻ അനാൎയ്യന്മാരിൽ സൎപ്പാരാധനക്കാരായ നാഗവൎഗ്ഗക്കാരെ സമൂലച്ഛേദം ചെയ്തു തന്റെ ജന്മശത്രുക്കളോടു പ്രതികാരം ചെയ്യുന്ന സംഗതിയിൽ ഏൎപ്പെട്ടു എന്നു് ആ പൌരാണികകഥ പറയുന്നു. എന്നാൽ ആ രാജാവിനു് നമ്മുടെ ചരിത്രത്തിൽ വളരെ ഉയൎന്ന ഒരു നില ലഭിച്ചിട്ടില്ല.

നേരെമറിച്ചു്, ആൎയ്യന്മാരെയും അനാൎയ്യന്മാരെയും തമ്മിൽ യോജിപ്പിക്കുന്നതിനു ശ്രമിക്കുകയും അതു് സാധിക്കുകയും ചെയ്ത ആളിനെ ഈശ്വരന്റെ ഒരവതാരമായി ഗണിച്ചു് ഇന്നും നാട്ടുനീളെ ആരാധിച്ചുവരുന്നു.

ആൎയ്യന്മാരും അനാൎയ്യന്മാരും തമ്മിൽ ഉള്ള സമ്മേളനമായിരുന്നു അക്കാലത്തെ മഹത്തായ ജനപരിശ്രമത്തിന്റെ ഒരു പക്ഷം. ആശ്രമത്തിന്റെ നേതാക്കന്മാരായി രാമായണത്തിൽ ജനകൻ, വിശ്വാമിത്രൻ, രാമചന്ദ്രൻ എന്നു മൂന്നു ക്ഷത്രിയന്മാരുടെ പേരുകൾ പറഞ്ഞിട്ടുണ്ടു്. ഇവർ മൂന്നുപേരും ചാൎച്ചവേഴ്ചകളാൽ തമ്മിൽ സംബന്ധമുള്ളവരായിരുന്നു എന്നു മാത്രമല്ല, അവരുടെ ഉദ്ദേശങ്ങളും ഒന്നുതന്നെയായിരുന്നു. വിശ്വാമിത്രൻ രാമചന്ദ്രനു ജീവിതോദ്ദേശത്തെ വിധാനംചെയ്തു എന്നും, അദ്ദേഹം രാമചന്ദ്രനു നിർദ്ദേശിച്ച ശ്രേഷ്ഠമായ പരമോദ്ദേശം അദ്ദേഹത്തിനു ജനകരാജാവിങ്കൽനിന്നു ലഭിച്ചു എന്നും നമുക്കു ഗ്രഹിപ്പാൻ വിഷമമില്ല.

കാലത്തെ പുരസ്കരിച്ചു് നോക്കുകയാണെങ്കിൽ ഇവർ മൂന്നുപേരും ഒരേകാലത്തു് ജീവിച്ചിരുന്നവരല്ലായിരിക്കാം. എന്നാൽ ആശയങ്ങളെ സംബന്ധിച്ചു നോക്കുമ്പോൾ അവർ സമാനകാലീനന്മാർ അത്രേ. ജനകനും വിശ്വാ

മിത്രനും ആൎയ്യചരിത്രത്തിൽ ഒരു പ്രത്യേക തത്വത്തെ സൂചിപ്പിക്കുന്നു. ഒരുകാലത്ത് ഒരുകൂട്ടം ക്ഷത്രിയന്മാർ മതവും നടത്തയും സംബന്ധിച്ച് വളരെ ഉയൎന്നനിലയിലുള്ള ഒരു ആദൎശത്തെ വിഭാവനംചെയ്തു എന്നും, അവരുടെ എതിർകക്ഷികളുമായി ദീൎഘവും കഠിനവും ആയി ശണ്ഠചെയ്തു എന്നും നമ്മുടെ ആദികാലത്തെ റിക്കാർഡുകളിൽ നിന്നു് കാണാം. ഈ ശണ്ഠയിൽ അവരുടെ മുഖ്യ എതിരാളികൾ ബ്രാഹ്മണരായിരുന്നു എന്നുള്ളതിനും തെളിവുകൾ ഉണ്ടു് ക്ഷത്രിയരുടെ ആദൎശം ബ്രാഹ്മണരുടെ ആദർശത്തിൽ നിന്നും വ്യത്യസ്തമായിവന്ന മാൎഗ്ഗത്തെക്കുറിച്ച് നമുക്ക് ഒരു ലക്ഷ്യം ഉണ്ടു്. യജ്ഞകൎമ്മവിധാനങ്ങൾ പരമ്പരയായി ഒരു വംശക്കാരുടെ കൈവശമായിരുന്നു. ആൎയ്യന്മാരിൽ ഓരോ ഗോത്രക്കാൎക്കും പ്രത്യേകമായും സ്തവങ്ങളും മന്ത്രങ്ങളും ഈശ്വരന്മാരെ സന്തോഷിപ്പിക്കാനുള്ള മാൎഗ്ഗങ്ങളും ഉണ്ടായിരുന്നു. അവ ഓരോ ഗോത്രത്തിന്റെയും കുലപതികളുടെ കൈവശത്തിൽ ആയിരുന്നുതാനും. ഇവയെല്ലാം നല്ലവണ്ണം പഠിച്ചു ഗ്രഹിച്ചിട്ടുള്ളവൎക്ക് മാത്രമേ പുരോഹിതത്വം സ്വീകരിച്ച് യാഗാദികൾ കഴിച്ച് ധനവും യശസ്സും നേടാൻ കഴിവുണ്ടായിരുന്നുള്ളു. ഇങ്ങനെ മതകൎമ്മങ്ങൾ നടത്തുക ഏതാനും ചിലൎക്ക് മാത്രമുള്ള ഒരു പ്രത്യേക തൊഴിലായി തീരുകയും അവർ അതു് മുഖ്യധനത്തെ എന്നപോലെ സൂക്ഷിക്കയും ചെയ്തു. ഈ പ്രവൃത്തിക്കു ദീർഘകാലത്തെ പ്രത്യേകപഠിത്തവും പരിചയവും അവശ്യമുണ്ടായിരുന്നു. ആകയാൽ ആൎയ്യസമുദായത്തിൽ ഒരു ഭാഗം ശത്രുക്കളെ ജയിക്കുക മുതലായ പുതിയ പരിശ്രമങ്ങളിൽ പ്രവേശിക്കുകയും മറ്റൊരുഭാഗം സ്വധൎമ്മത്തിന്റെ

പുരാണമതത്തേയും അതിൻെറ സ്മരണീയമായ സംഭവങ്ങളേയും വൈകല്യം പററാതെ പരിശുദ്ധാവസ്ഥയിൽ സൂക്ഷിക്കുന്ന പ്രത്യേക പ്രവൃത്തിയിൽ ഏൎപ്പെടുകയും ചെയ്തു.

എന്നാൽ ആ ജനവൎഗ്ഗത്തിനുള്ള മതത്തിൻെറ സൂക്ഷിപ്പ് അതിൽ ഒരു പ്രത്യേകഭാഗക്കാരുടെ ജോലിയായി വരുമ്പോൾ ആ ജനവൎഗ്ഗത്തിൻെറ ജ്ഞാനാഭിവൃദ്ധിക്കും മതത്തിൻെറ വളൎച്ചയ്ക്കും തമ്മിലുള്ള ഐക്യത്തിനു പ്രതിബന്ധം നേരിടുന്നു. എന്തെന്നാൽ ആ പ്രത്യേക ഭാഗക്കാർ ആ മതനിയമങ്ങളെ കൈവശംതന്നെ ഭദ്രമായി സൂക്ഷിക്കുന്നതിൽ ഏൎപ്പെടുകയാൽ ജനവൎഗ്ഗത്തിൻെറ പൊതുവെയുള്ള മാനസികാഭിവൃദ്ധിയുമായി അവക്കു സ്പൎശം ഇല്ലാതെ ആകുന്നു. കാലാന്തരത്തിൽ അപ്രത്യക്ഷമായ വിധത്തിൽ അണുവണുവായി മേല്പറഞ്ഞ ഐക്യം തീരെ നശിച്ചുപോകയും ഒരു കഠിനവിപ്ലവത്തിലല്ലാതെ അവ രണ്ടിനും തമ്മിൽ വീണ്ടും സന്ധി ഉണ്ടാകാത്തവിധത്തിൽ ആയിത്തീരുകയും ചെയ്യുന്നു. ഇങ്ങനെ ആൎയ്യന്മാരുടെ പരമ്പരാചാരങ്ങളുടേയും മതക്രിയകളുടേയും സൂക്ഷിപ്പുകാരായി ബ്രാഹ്മണർ ആ ആചാരങ്ങളേയും ക്രിയകളേയും കുഴപ്പമേറിയവയും ശ്രമസാദ്ധ്യങ്ങളും ആക്കിത്തീക്കുന്നതിൽ അനുസ്യൂതമായി ഏൎപ്പെട്ടിരിക്കെ ക്ഷത്രിയന്മാർ തങ്ങളുടെ വഴിയിൽവന്ന അമാനുഷവും മാനുഷവും ആയ സകല പ്രതിബന്ധങ്ങളേയും ജയിച്ചു മുമ്പോട്ടു പൊയ്ക്കൊണ്ടിരുന്നു. അക്കാലത്ത് ആൎയ്യന്മാരുടെ കൂട്ടത്തിൽ പ്രധാനമായി ഒത്തൊരുമ ഉണ്ടായിരുന്നതു ക്ഷത്രിയവൎഗ്ഗക്കാരുടെ ഇടയിലായിരുന്നു. ഒരുമിച്ചുനിന്ന് ഒരു പൊതു ശത്രുവിനോട്ട് എതിൎത്ത് യുദ്ധംചെയ്തു മരിക്കുന്ന ആളുകളുടെ ഇടയിലെപ്പോലെ ബലമേറിയ യോജിപ്പും ഐക്യവും മററവിടെയും

ഉണ്ടായിരിക്കയില്ല. ഒരുമിച്ചു മരിക്കാൻ സന്നദ്ധരായാൽ അവർ തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങളേയും നീരസങ്ങളേയും വലുതാക്കിക്കൊണ്ടു വരാനിടയില്ലല്ലൊ.

പരമ്പരാചാരങ്ങളിലും യാഗാദികളുടെ ബാഹ്യങ്ങളായ തന്ത്രങ്ങളിലും ഉള്ള വ്യത്യാസത്തിൽ നിന്ന് ഉളവായ വർഗ്ഗക്കാർ തമ്മിലുള്ള വ്യത്യാസവിചാരം യുദ്ധവീരന്മാരും പൌരുഷമുള്ളവരും ക്രിയോന്മുഖരും ആയ ക്ഷത്രിയരുടെ മനസ്സിനെ ബാധിക്കുക എളുപ്പമല്ല. ശത്രുബാധയിൽനിന്നു രക്ഷിക്കയും രാജ്യത്തെ വർദ്ധിപ്പിക്കയും ചെയ്യുന്നതിൽ ഉദ്യുക്തരായ അവരുടെ കൈയിലായിരുന്നു ആര്യവർഗ്ഗക്കാരെ ആകപ്പാടെ ബന്ധിക്കുന്നതിനുള്ള സൂത്രത്തിൻെറ കിടപ്പ്. ആകയാൽ ഈ കാണപ്പെടുന്ന ഭേദങ്ങളെല്ലാം തോന്നലാണെന്നും ശാശ്വതമായ പരമാത്മവസ്തു ഒന്നേ ഒന്നു മാത്രമാണെന്നും ഉള്ള തത്വം ഒരിക്കൽ ക്ഷത്രിയരായിരുന്നു കണ്ടുപിടിച്ചത്. അങ്ങനെ ബ്രഹ്മവിദ്യ എന്നത് ക്ഷത്രിയരുടെ ഒരു ശാസ്ത്രമായിരുന്നു. വേദത്തിലെ ഉപദേശങ്ങൾ അപ്രധാനശാസ്ത്രമെന്ന് അനുഗ്രഹം ചെയ്കയും ബ്രാഹ്മണർ ശ്രദ്ധാപൂർവ്വം പരിപാലിച്ചു പോന്ന ബലികൾ, യജ്ഞങ്ങൾ മുതലായ ക്രിയകളെ നിഷ്ഫലങ്ങളായി നിർവചിച്ചു കളയാൻ ശ്രമിക്കയും ചെയ്തു. ഈ പുതിയമതം പഴയതുമായി അക്കാലത്തു കൂട്ടിമുട്ടിത്തുടങ്ങി എന്നും ഇതിൽനിന്നു വെളിവാകുന്നു.

ഒരു ശ്രേഷ്ഠമായ ആശയം സമുദായജനങ്ങളുടെ ഇടയിൽ പരക്കാൻ തുടങ്ങിയതിൽപിന്നെ അതു് ഒരു വൃത്തത്തിനകത്തുതന്നെ നിറുത്താൻ കഴിയുന്നതല്ല. ആര്യന്മാർക്ക് തങ്ങളുടെ സ്വന്തം വർഗ്ഗബന്ധുത ഒന്നിനൊന്ന് അധികം

സ്പഷ്ടമായി ബോധപ്പെട്ടുതുടങ്ങിയപ്പോൾ അവരുടെ സമുദായത്തിൽപെട്ട ഓരോ വകുപ്പിനും അനേകം ഈശ്വരന്മാരെക്കുറിച്ച് പറയുന്നതിൽ പേരുകളിലേ വ്യത്യാസമുള്ളുവെന്നും വാസ്തവത്തിൽ എല്ലാം ഒന്നാണെന്നും പ്രത്യക്ഷമായി. അതുകൊണ്ട് ഓരോ ഗോത്രക്കാർക്കും പ്രത്യേകം പ്രത്യേകം ആയ ആരാധനാവിധാനങ്ങൾ ഉണ്ടായിരിക്കണം എന്നുള്ള വിശ്വാസം എല്ലാ ഭാഗക്കാരുടെ ഇടയിലും പ്രകൃത്യാ ഇല്ലാതെയാകാൻ തുടങ്ങി. എന്നാലും ക്ഷത്രിയരാണ് ബ്രാഹ്മണവിദ്യയെ സാദരം സ്വീകരിച്ചത് എന്നുള്ളതു സത്യമാകുന്നു. അതുകൊണ്ടാകുന്നു ബ്രഹ്മവിദ്യയെ "രാജവിദ്യ" യെന്നു വിളിക്കാനിടയായത്.

ബ്രാഹ്മണരും ക്ഷത്രിയരും തമ്മിലുള്ള വ്യത്യാസം നിസ്സാരമായ ഒന്നായിരുന്നില്ല. അവർക്കു തമ്മിൽ ഗോചരവസ്തുവും അഗോചരവസ്തുവും തമ്മിലുള്ളതുപോലെ ഉത്തരദക്ഷിണധ്രുവങ്ങൾ എന്ന വിധമുള്ള വ്യത്യാസമുണ്ടായിരുന്നു. വസ്തുക്കളുടെ ബാഹ്യഭാഗങ്ങൾമാത്രം നോക്കുമ്പോൾ അനേകത്വങ്ങളും പരസ്പരഭേദങ്ങളും നാം കാണുന്നു: അകത്തു കടന്നുനോക്കിയാൽ സർവ്വം ഒന്നാണെന്നു നമുക്ക് ബോധപ്പെടുന്നു. നാം ബാഹ്യശക്തികളെ ഈശ്വരന്മാരെന്നു സങ്കല്പിച്ചു ആരാധിച്ചപ്പോൾ മന്ത്രങ്ങൾ പലവിധതന്ത്രങ്ങൾ മുതലായ ബാഹ്യസഹായികൾമാർഗ്ഗം നാം അവരെ സ്വാധീനപ്പെടുത്താൻ ശ്രമിച്ചു. ഇങ്ങനെ പ്രകൃതിയുടെ ബാഹ്യശക്തികൾ നമ്മുടെ ഈശ്വരന്മാരായിരുന്നപ്പോൾ നമ്മുടെ മതം ക്രിയകൾ മാത്രം അടങ്ങിയതായിരുന്നു.

ആര്യസമുദായത്തിലെ ഈ ആദർശം രണ്ടായി വേർതിരിഞ്ഞ കഥ രണ്ടു് ഈശ്വരന്മാരുടെ കഥയിൽ അന്തർ

ലീനമായിരിക്കുന്നു. പഴയ വൈദികമായ ക്രിയകൾ പ്രധാനമായവരുടെ ഈശ്വരൻ ബ്രഹ്മാവും പുതിയ പക്ഷക്കാരുടെ ഈശ്വരൻ വിഷ്ണുവും ആയിരുന്നു. ബ്രഹ്മാവിൻെറ നാലുമുഖങ്ങൾ നാലു വേദങ്ങളാകുന്നു. അദ്ദേഹം നിശ്ചലനായി സദാ സമാധിയിൽ ലയിച്ച് ഇരിപ്പാണ്. എന്നാൽ വിഷ്ണുവിൻെറ നാലുകൈകൾ സദാ ക്രിയകളിൽ വ്യാപരിച്ചുകൊണ്ടിരിക്കയാണ്. പുതിയ പുതിയ ഗുണകരങ്ങളായ പ്രവൃത്തിമാൎഗ്ഗങ്ങളെ ഒരു കയ്യിലുള്ള ശംഖിൻെറ നാദംകൊണ്ട് അദ്ദേഹം പ്രഖ്യാപനം ചെയ്യുന്നു. രാജ്യകാൎയ്യവിഷയകമായ സമത്വത്തെ മറെറാരു കയ്യിലുള്ള ചക്രം ഉയൎത്തിപ്പിടിച്ചു കാണിക്കുന്നു. നിയമലംഘനം ചെയ്യുന്നവരെ ശിക്ഷിക്കുമെന്നു വേറൊരു കൈയിലുള്ള ഗദ ചുഴററി അറിയിക്കുന്നു. നാലാമത്തെ കയ്യിലുള്ള താമരപുഷ്പം സൌന്ദൎയ്യംകൊണ്ട് ക്രീഡിച്ചു സൌന്ദൎയ്യത്തെ അനുഭവിച്ച് ആനന്ദിക്കുന്നതിനെ സൂചിപ്പിക്കയും ചെയ്യുന്നു.

നമ്മുടെ ഈശ്വരന്മാർ നമ്മിൽനിന്നു വേറിട്ടുനില്ക്കയും അവരുമായി ഹൃദയദ്വാരാ ഉള്ള യാതൊരു ചാർച്ചയും ഇല്ലാതിരിക്കയും ചെയ്യുമ്പോൾ നമുക്ക് അവരുമായുള്ള ബന്ധം അനുഗ്രഹവും ഭയവും കൊണ്ടുള്ളതു മാത്രമേ ആയിരിക്കു. അവരുടെ അനുഗ്രഹംകൊണ്ട് നമുക്കു ലോകത്തിൽ പലേ ഗുണങ്ങൾ ലഭിക്കണം എന്നുള്ള ആശയാൽ നമ്മുടെ മന്ത്രങ്ങളിൽ നാം അവരെ പുകഴ്ത്തുകയും നമ്മുടെ യാഗാദിക്രിയകളിൽ വല്ല ന്യൂനതയൊ വല്ല ഭാഗത്തും വല്ല പിഴയൊ പററി അവൎക്കു നമ്മോടു കോപം ഉണ്ടായേക്കുമോ എന്നു നാം ഭയപ്പെട്ട് കിടുങ്ങുകയും ചെയ്യുന്നു. അത്യാഗ്രഹത്തേയും ഭയത്തേയും ആസ്പദമാക്കിയുള്ള ഈ വക ആരാധനം കേവലം ബാഹ്യമായിട്ടുള്ളതാകുന്നു. എന്നാൽ

നമ്മുടെ ഈശ്വരൻ നമ്മുടെ ഹൃദയത്തിലെ സാക്ഷാൽ നിധിയായിത്തീരുമ്പോൾ ഹൃദയംകൊണ്ടുള്ള ആരാധനം ആരംഭിക്കുന്നു. ഇതാകുന്നു ഭക്തികൊണ്ടുള്ള ആരാധനം.

ഇൻഡ്യയിലെ ബ്രഹ്മവിദ്യയിൽ അന്യോന്യവിരുദ്ധങ്ങളായ രണ്ടു പ്രവാഹങ്ങൾ നാം കാണുന്നു. ഒന്നു നിഷ്കളസ്വരൂപിയായ ഈശ്വരനേയും മറേറത് സകളസ്വരൂപിയായ ഈശ്വരനേയും കുറിച്ചുള്ളതാകുന്നു. ഒന്നിനു അദ്വൈതമെന്നും മറേറതിനു ദ്വൈതം എന്നും പറയുന്നു. നാം ഈശ്വരൻെറ ദ്വൈതത്തെ സമ്മതിക്കുന്നില്ലെങ്കിൽ പൂജ്യാദികൾക്കു വകയില്ല. എന്നാൽ നാം ഏകത്വത്തെ സമ്മതിക്കാത്തപക്ഷം ഭക്തിക്കും വകയില്ല. അതുകൊണ്ടു ഭക്തിയോഗം അഥവാ പ്രേമഭക്തി എന്ന ഭാഗം ഇൻഡ്യയിൽ ബ്രഹ്മവിദ്യയുടെ ഒരു ശാഖയായി ഉത്ഭവിച്ചു. ഈ ഭക്തിമതത്തിലെ ഈശ്വരനാകുന്നു വിഷ്ണു.

മേല്പറഞ്ഞ മതവിപ്ലവം അവസാനിച്ചതോടുകൂടി ബ്രാഹ്മണർ വൈഷ്ണവമതത്തെ അംഗീകരിച്ചു. എന്നാൽ ഈ നവീനമതത്തെ അവർ ആദ്യം എതിർത്തു എന്നുള്ളതിനു വേണ്ട തെളിവുകൾ ഉണ്ട്. ഭൃഗു എന്ന ബ്രഹ്മർഷി വിഷ്ണുവിൻെറ മാറത്ത് ചവിട്ടിയ കഥ ഈ ശണ്ഠയുടെ ചരിത്രത്തിൻെറ ഒരു ചുരുക്കമാകുന്നു. യജ്ഞങ്ങളുടെ പ്രഥമോപദേഷ്ടാവും യജ്ഞങ്ങളാൽ ഗുണം ലഭിച്ചവരുടെ ആദർശവും ആയിട്ടാണ് ഭൃഗുവിനെക്കുറിച്ചു വേദത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നത്.

ഈ ഭക്തിപ്രധാനമായ വിഷ്ണുമതം ക്ഷത്രിയരുടെ ഇടയിൽ പ്രത്യേകമായി ഉണ്ടായിട്ടുള്ളതാണ്. ക്ഷത്രിയനായ ശ്രീകൃഷ്ണൻ ഈ മതത്തിൻെറ ഉപദേഷ്ടാവായിരിക്കുന്നതും

വൈദികമന്ത്രകർമ്മങ്ങളെ നിർദ്ദയം ഖണ്ഡിക്കുന്നതും ഇതിനു തെളിവാണ്. ഇവർ കൃഷ്ണനും, രാമചന്ദ്രനും ആകുന്നു. ശ്രീകൃഷ്ണൻെറ ഉപദേശങ്ങളോടും, രാമചന്ദ്രൻെറ അപദാനങ്ങളോടും ഒരുമിച്ചു ക്ഷത്രിയന്മാരുടെ ഭക്തിമതവും ലോകത്തിൽ പ്രചരിച്ചു എന്ന് ഇതിനാൽ തെളിയുന്നുണ്ട്. ബ്രാഹ്മണരുടേയും ക്ഷത്രിയരുടേയും തൊഴിലുകളുടെ വ്യത്യാസം ഹേതുവായി ഈ മൂലതത്വങ്ങൾ തമ്മിലുള്ള വിരുദ്ധത ഒന്നിനൊന്നു വളൎന്ന് അതു് ഒരു സാമുദായികവിപ്ലവത്തിനു കാരണമായിത്തീൎന്നു. ആ വിപ്ലവത്തിൻെറ ചരിത്രമാകുന്നു വസിഷ്ഠനും വിശ്വാമിത്രനും തമ്മിലുള്ള ശണ്ഠയുടെ കഥയിൽ അന്തർഭവിച്ചിരിക്കുന്ന സാരം.

വസിഷ്ഠനും വിശ്വാമിത്രനും വാസ്തവത്തിൽ ജീവിച്ചിരുന്നവരല്ല. അവർ ബ്രാഹ്മണകക്ഷിയുടേയും ക്ഷത്രിയകക്ഷിയുടേയും പേരുകൾ മാത്രമാകുന്നു. എന്നാൽ എല്ലാ ക്ഷത്രിയരും എല്ലാ ബ്രാഹ്മണരോടും എതിൎത്തുനിന്നില്ല. ഹരിശ്ചന്ദ്രമഹാരാജാവു വിശ്വാമിത്രൻെറ ആക്രമണത്തിൽനിന്നും ബ്രാഹ്മണരുടെ മതോപദേശങ്ങളെ രക്ഷിക്കാനുള്ള ശ്രമത്തിൽ തന്നത്താൻ നശിച്ച കഥ ഇതിനു ദൃഷ്ടാന്തമാണ്. വേറെ ഒരു ഉദാഹരണംകൂടി പറയാം. ഈ പുരാണസമുദായവിപ്ലവത്തിൻെറ രണ്ടാമത്തെ നായകൻ കൃഷ്ണൻ ആയിരുന്നു. അദ്ദേഹം നിഷ്ഫലങ്ങളായ തന്ത്രങ്ങളിൽനിന്നു ജനസമുദായത്തെ സ്വതന്ത്രരാക്കുന്നതിനു സഹായിച്ചു. അദ്ദേഹമാണ് ക്ഷത്രിയരുടെ ശത്രുവും അനേകം ക്ഷത്രിയരാജാക്കന്മാരെ പിടിച്ചു തടവിലിട്ടിരുന്ന ആളും ആയ ജരാസന്ധനെക്കൊന്നതു്. കൃഷ്ണനും ഭീമനും അൎജ്ജുനനും ഒരുമിച്ചു ജരാസന്ധൻെറ രാജധാനിയിൽ ചെന്നതു ബ്രാഹ്മണവേഷധാരികളായിട്ടാണെന്നുള്ളതും പ്രത്യേകം ഓൎക്കേണ്ട

താണ്. ബ്രാഹ്മണരുടെ അനുകൂലിയും ക്ഷത്രിയരുടെ വിരോധിയും ആയ ആ രാജാവിനെ കൃഷ്ണനും പാണ്ഡവന്മാരുംകൂടി കൊന്നതു് ഒരു വെറും യാദൃച്ഛികമായ ഉപാഖ്യാനമല്ല. അന്നു ജനസമുദായം കൃഷ്ണനെ സംബന്ധിച്ചു രണ്ടു കക്ഷികളായി പിരിഞ്ഞുനില്പായായിരുന്നു. രണ്ടു കക്ഷികൾളേയും തമ്മിൽ യോജിപ്പിക്കാനുള്ള ആശയോടുകൂടി യുധിഷ്ഠിരൻ രാജസൂയയാഗം കഴിച്ചപ്പോൾ ശിശുപാലൻ എതിർകക്ഷിയുടെ നായകനായി കൃഷ്ണനെ അധിക്ഷേപിച്ചു. ആ യാഗത്തിനു് വന്നുകൂടിയിരുന്ന ബ്രാഹ്മണരിലും ക്ഷത്രിയരിലും സകലരിലും ശ്രേഷ്ഠത കൃഷ്ണനു കല്പിച്ചു് യുധിഷ്ഠിരൻ അദ്ദേഹത്തിനു് അഗ്രപൂജ നല്കി. കുരുക്ഷേത്രത്തിൽവെച്ചു് നടന്ന മഹാഭാരതയുദ്ധത്തിൻെറ മൂലകാരണം ഈ സാമുദായികമായ കക്ഷിപിണക്കമായിരുന്നു. ആ യുദ്ധത്തിലെ ഇരുഭാഗക്കാർ കൃഷ്ണൻെറ കക്ഷികളും അദ്ദേഹത്തിൻെറ എതിർകക്ഷികളും ആയിരുന്നു. ബ്രാഹ്മണനായ ദ്രോണാചാൎയ്യരായിരുന്നു കൃഷ്ണൻെറ എതിർകക്ഷികളുടെ പ്രധാന സേനാനായകൻ. കൃപരും അശ്വത്ഥാമാവും പാണ്ഡവരുടെ ശത്രുക്കളിൽ ഒട്ടും കുറഞ്ഞവരല്ലായിരുന്നു. അവരും ബ്രാഹ്മണർതന്നെയായിരുന്നു.

ഇങ്ങനെ ഇൻഡ്യയിലെ പ്രധാനപ്പെട്ട രണ്ടു ഇതിഹാസങ്ങളുടേയും അടിസ്ഥാനം മേല്പറഞ്ഞ സാമുദായികവിപ്ലവം, അതായതു് ജനസമുദായത്തിൽ പഴയതും പുതിയതുമായ അഭിപ്രായങ്ങൾ തമ്മിലുള്ള ശണ്ഠ ആയിരുന്നു എന്നു നാം കാണുന്നു. രാമായണകാലത്തു പുതിയ കക്ഷികളുടെ ഭാഗം രാമചന്ദ്രൻ പിടിച്ചു എന്നും അദ്ദേഹം ബാല്യത്തിൽ തന്നെ തൻെറ പാരമ്പൎയ്യപുരോഹിതനായ വസിഷ്ഠൻെറ ശത്രുവായ വിശ്വാമിത്രനെ അനുഗമിച്ചു എന്നും നാം സ്പഷ്ട

മായി കാണുന്നു. രാമനു തന്റെ പൈതൃകസ്വത്തു നഷ്ടമാകാൻ കാരണം വിശ്വാമിത്രൻതന്നെയാണ്. രാമനാൽ അനുഗമിക്കപ്പെട്ട നയം, ദശരഥനു സമ്മതമായിരുന്നില്ല. എന്നാൽ വിശ്വാമിത്രന്റെ പ്രേരണാബലത്തെ എതിർത്തു ജയിക്കുന്നതിന് അദ്ദേഹത്തിന് ശക്തിയില്ലായിരുന്നു. രാമായണം കഥ ഒരു ഇതിഹാസമായി എഴുതിയ പിന്നീടുള്ള ഒരു കാലത്തു പുരാതന ആര്യസമുദായത്തിലെ നയോപായങ്ങൾ തമ്മിലുണ്ടായ ഈ മഹത്തായ പിണക്കവും വിരോധവും ഒരു പ്രത്യേക രാജകുഡുംബത്തിലെ ഗൃഹ്യോപജാപകഥയായി പരിണമിച്ചു. രാമനെ രാജ്യഭ്രഷ്ടനാക്കി നാടുകടത്താനുള്ള കാരണം ഒരു ബലഹീനനും വൃദ്ധനും ആയ രാജാവിന്റെ ഭാര്യാധീനത ആയിത്തീർന്നു. എത്ര അവിശ്വസനീയമായ ഒരു കഥ!

രാമൻ പുതിയ കക്ഷിയുടെ നയങ്ങളെ സ്വീകരിച്ചു എന്നുള്ളതിനു നമ്മുടെ ചരിത്രത്തിൽ ഇനിയും ദൃഷ്ടാന്തം ഉണ്ടു്. ഒരിക്കൽ വിഷ്ണുവിന്റെ നെഞ്ചത്തു ചവിട്ടിയ ഭൃഗു എന്ന ആ ബ്രാഹ്മണന്റെ വംശജാതനായിരുന്നു പരശുരാമൻ. ക്ഷത്രിയരുടെ വംശവിച്ഛേദം ചെയ്യേക്കാം എന്ന് അദ്ദേഹം പ്രതിജ്ഞചെയ്തു. രാമനു ക്ഷത്രിയന്മാരുടെ ആ പരമശത്രുവിനെ തോല്പിച്ചു് ആയുധം വെപ്പിക്കേണ്ടിവന്നു. രാമനു് അദ്ദേഹത്തിനെ കൊല്ലാതെ കീഴടക്കിയതേയുള്ളു എന്നുള്ള സംഗതി ഭിന്നകക്ഷികളായിത്തീർന്ന ജനങ്ങളെ ഏകീകരിക്ക എന്ന തന്റെ ജീവിതോദ്ദേശ്യത്തെ നിർവഹിക്കുന്ന വിഷയത്തിൽ തന്റെ ജീവിതത്തിന്റെ പ്രാരംഭദശയിൽത്തന്നെ രാമൻ പ്രവേശിച്ചു എന്നും തന്റെ പൌരുഷംകൊണ്ടും മഹാനുഭാവംകൊണ്ടും ബ്രാഹ്മണരും ക്ഷത്രിയരും തമ്മിലുള്ള ശതൃത ഇല്ലാതാക്കി എന്നും

തെളിയിക്കുന്നു. രാമചന്ദ്രൻെറ എല്ലാ പ്രവൃത്തികളിലും ഈ ശ്രേഷ്ഠവും പുരുഷോചിതവും ആയ ക്ഷമയുടെ ലാഞ്ഛനം കാണുന്നുണ്ട്.

രാമനും സീതയ്ക്കും തമ്മിലുള്ള വിവാഹം കേവലം അലങ്കാരപ്രയോഗമാണ്. വാസ്തവം താഴെ പറയുമ്പോലെ അത്രെ. ജനകൻ ക്ഷത്രിയർക്ക് ആദർശമായ ഒരു രാജാവായിരുന്നു. വാസ്തവത്തിലുള്ള ബ്രഹ്മവിദ്യ അദ്ദേഹമാണ് അഭിവൃദ്ധിയിൽ വരുത്തിയത്. അത് അദ്ദേഹത്തിന് വെറും ബുദ്ധിക്കു വിഷയമായ ഒരു സംഗതിയല്ലായിരുന്നു. നേരേമറിച്ച് അത് അദ്ദേഹത്തിൻെറ ജീവിതത്തോടെ ലയിച്ചിരുന്നു. രാജാവിൻെറ നിലയിൽ അദ്ദേഹത്തിൻെറ വിവിധങ്ങളായ സകല പ്രവൃത്തിപദ്ധതികളിലും യാതൊരു കേട്ടം വരാതെ അദ്ദേഹം അതിനെ പരിപാലിച്ചിരുന്നു. ഇൻഡ്യയിലെ രാജാക്കന്മാർ അവരുടെ നിത്യനൈമിത്തികകർമ്മങ്ങളെ എല്ലാം ജ്ഞാനമാർഗ്ഗത്തിനും ഭക്തിമാർഗ്ഗത്തിനും ആശ്ചര്യകരമായ വിധത്തിൽ യോജിപ്പിച്ച് അനുഷ്ഠിച്ചിരുന്നു എന്നുള്ളതാണ് അവരുടെ അത്യുൽകൃഷ്ടമായ യശസ്സിൻെറ ഒരു വിശേഷം. നമ്മുടെ അത്യന്തം ശ്രേഷ്ഠരായ ക്ഷത്രിയപ്രമാണികൾ സമ്പാദ്യത്തിൻെറ പരമോദ്ദേശം വൈരാഗ്യവും, മോക്ഷത്തിനുള്ള ഉൽകൃഷ്ടതമമായ മാർഗ്ഗം കർമ്മവും ആണെന്നു പ്രഖ്യാപനം ചെയ്തിരുന്നു.

ജനകമഹാരാജാവു ജ്ഞാനിയും സദാ ജ്ഞാനമാർഗ്ഗത്തെ അനുഗമിച്ചുവന്ന ദേഹവും ആയിരുന്നു. എന്നാൽ അദ്ദേഹം അതിനോടുകൂടിത്തന്നെ തൻെറ സ്വന്ത കൈകൊണ്ടു നിലം ഉഴുകയും ചെയ്തുവന്നു. ക്ഷത്രിയരുടെ കൃത്യങ്ങളിൽ ഒന്ന് കൃഷിമാർഗ്ഗമായി ആര്യന്മാരുടെ നാഗരികത

യെ പ്രചരിപ്പിക്കയായിരുന്നു എന്നു് ഇതിൽനിന്നു വെളി വാകുന്നു. പണ്ടുപണ്ടു് ആൎയ്യന്മാരുടെ തൊഴിൽ കന്നുകാലി വളൎത്തൽ ആയിരുന്നു. വനങ്ങളിൽ തപസ്സുചെയ്തിരുന്ന ബ്രാഹ്മണയോഗികൾ പശുക്കളെയായിരുന്നു തങ്ങളുടെ പ്രധാന സ്വത്തായി ഗണിച്ചിരുന്നതു്. അവർ അധിവ സിച്ചിരുന്ന വനങ്ങൾ വേണ്ട മേച്ചിൽസ്ഥലങ്ങൾ അവൎക്കു നല്കി. ആശ്രമങ്ങളിൽ പാൎത്ത വിദ്യാൎത്ഥികൾ ഗുരുക്ക ന്മാരുടെ കന്നുകാലിക്കൂട്ടങ്ങളെ തീററി രക്ഷിച്ചുവന്നു. എ ന്നാൽ പിന്നീടു് ഒരു കാലത്തു് ക്ഷത്രിയർ ഉത്തരഇൻഡ്യ യിൽ കാട്ടുകളെ നശിപ്പിക്കയും കാലിസ്വത്തിനേക്കാൾ കൃഷിസ്വത്തിനു പ്രാധാന്യംവരുത്തുകയും ചെയ്തു. ജനകൻ മിഥിലരാജ്യത്തെ (ഉത്തരബീഹാർ) രാജാവായിരുന്നു എന്നു ള്ളതു ആൎയ്യജനങ്ങൾ അദ്ദേഹത്തിൻെറ കാലത്തു് ആൎയ്യാവ ൎത്തത്തിൻെറ കിഴക്കേ അതിൎത്തിയിൽ എത്താവുന്നിട ത്തോളം എത്തിക്കഴിഞ്ഞു എന്നു തെളിയിക്കുന്നു. എന്നാൽ കടക്കാൻ പ്രയാസമേറിയ വിന്ധ്യപൎവ്വതനിരകൾക്കു തെക്കു വശം മനുഷ്യർ കടന്നിട്ടില്ലാത്ത കൊടുങ്കാട്ടുകൾ നീണ്ടുകിട ന്നിരുന്നു. ആൎയ്യന്മാരുടെ നാഗരികതയ്ക്കു് എതിരായ ദ്രാവി ഡനാഗരികത അവിടെ ഉത്ഭവിച്ചു വളൎന്നിരുന്നു. ആ പ്രദേശത്തു് രാവണൻ തൻെറ പരാക്രമം കൊണ്ടു് ഇന്ദ്രൻ മുതലായ വൈദിക ഈശ്വരന്മാരെ തോല്പിക്കയും യജ്ഞങ്ങൾക്കു തടസ്സം ചെയ്കയും ചെയ്തു അദ്ദേഹത്തിൻെറ ഈശ്വരനായ ശിവനു പ്രാധാന്യത്തെ സ്ഥാപിച്ചു. അദ്ദേ ഹം ആൎയ്യന്മാരുടെ ഈശ്വരന്മാരെ ജയിച്ചു എന്നുള്ള നമ്മു ടെ ഐതിഹ്യങ്ങളുടെ വാസ്തവത്തിലുള്ള അൎത്ഥം, ആ ഈശ്വരന്മാരെ ആരാധിച്ചുവന്ന മനുഷ്യരെ അദ്ദേഹം പിന്നെയും പിന്നെയും യുദ്ധത്തിൽ തോല്പിച്ചു എന്നാ ത്രെ

എന്തെന്നാൽ ഓരോ മനുഷ്യവർഗ്ഗവും അതിന്നു യുദ്ധത്തിൽ കിട്ടുന്ന ജയം അതിൻെറ കുലദൈവത്തിൻെറ ശക്തികൊണ്ടുമാത്രം ലഭിച്ചതാണെന്നു്, അതിൻെറ വളർച്ചയുടെ ഒരു പ്രത്യേകകാലത്തു്, വിശ്വസിച്ചിരുന്നതായി കാണുന്നുണ്ടു്.

നമ്മുടെ ജനചരിത്രത്തിൻെറ ഈ ദശയിൽ ആര്യജനങ്ങളുടെ ശ്രദ്ധ പതിഞ്ഞിരുന്ന പ്രധാനവിഷയം "ശിവൻെറ വില്ലു ഒടിക്കാൻ ആൎക്കു കഴിയും" എന്നുള്ളതായിരുന്നു. ശിവാരാധകന്മാരെ തോല്പിച്ചു് അവരുടെ ശക്തിയെ നശിപ്പിക്കുകയും ആര്യന്മാരുടെ തൊഴിലായ കൃഷിയും ആര്യമതവും ദക്ഷിണാപഥത്തിലേക്കു കൊണ്ടുപോകയും ചെയ്വാൻ കഴിയുന്ന ആൾ മാത്രമേ ക്ഷത്രിയൎക്കു് ആദൎശമായ ജനകമഹാരാജാവിൻെറ അതിമാനുഷിയും മാതൃകാസ്ത്രീരത്നവും ആയ മകളെ വിവാഹം ചെയ്വാവു എന്നു വെച്ചു. ശിവചാപത്തെ ഒടിക്കയെന്നുള്ള കഠിനപരീക്ഷയ്ക്കു വിശ്വാമിത്രൻ രാമനു മാൎഗ്ഗദൎശകനായി. രാമൻ ദക്ഷിണഇൻഡ്യയിലെ വനാന്തരങ്ങളിൽ പ്രവേശിച്ചു ശിവാരാധകന്മാരിൽ പ്രധാനിയായ യുദ്ധവീരനെ കൊന്നപ്പോൾ അദ്ദേഹം ശിവചാപം ഖണ്ഡനംചെയ്തു എന്നു പറയപ്പെട്ടു. അപ്പോൾ സീതയെ കൊണ്ടുപോകാൻ അദ്ദേഹത്തിനു യോഗ്യത സിദ്ധിച്ചു. സീത എന്ന വാക്കിൻെറ അൎത്ഥം കലപ്പകൊണ്ടു് ഉഴുമ്പോൾ ഉണ്ടാകുന്ന ചാൽ എന്നാകുന്നു.

വിശ്വാമിത്രനോടൊന്നിച്ചു രാമൻ വനത്തിൽ നിന്നു തിരിച്ചു വന്നപ്പോഴേക്കു് ആ ബാല്യകാലത്തുതന്നെ മൂന്നു വലിയ പരീക്ഷകളിൽ അദ്ദേഹം ജയിച്ചുകഴിഞ്ഞിരിക്കുന്നു.

ഒന്നാമതായി അദ്ദേഹം ചില ശിവാരാധകന്മാരായ രാക്ഷസന്മാരെ ജയിക്കയും അങ്ങിനെ ശിവചാപത്തെ ഖണ്ഡിക്കയും ചെയ്തു. രണ്ടാമതായി കല്ലുപോലെ ഉറച്ചു വളരെക്കാലമായി തരിശുകിടന്നിരുന്നതും ഹലം (കലപ്പ) പിടിച്ചു് ഉഴുന്നതിനു വയ്യാത്തതും (അതുകൊണ്ടു ആ ഭൂമിക്കു് അഹല്യ എന്നു പേർ ഉണ്ടായി) ദക്ഷിണാപഥത്തിൽ ആര്യന്മാരുടെ കുടിപാർപ്പിനു ആദ്യമായി ഉത്സാഹിച്ചവരിൽ ഒരു പ്രധാനിയായ ഗൌതമമുനി ആദ്യം കൈവശംവെച്ചു് പരീക്ഷിക്കയും പിന്നീടു് ഗുണമില്ലാത്തതായി തള്ളിക്കളകയും ചെയ്തതും ആയ കട്ടത്ത ഭൂഭാഗത്തെ അദ്ദേഹം കൃഷിചെയ്തു് അതിനു ജീവൻ നല്കി കൃഷിയിൽ അദ്ദേഹത്തിനുള്ള സാമർത്ഥ്യത്തെ തെളിയിച്ചു. മൂന്നാമതായി ക്ഷത്രിയമഹർഷിയായ വിശ്വാമിത്രന്റെ ശിഷ്യനായി അദ്ദേഹം തന്റെ ബാഹുബലംകൊണ്ടു് ബ്രാഹ്മണർക്കു് ക്ഷത്രിയരോടുണ്ടായ വർദ്ധമാനമായ വൈരത്തേയും ജുഗുപ്സയേയും നശിപ്പിച്ചു് അവരെ സ്വാധീനപ്പെടുത്തി. (ഇതു പരശുരാമന്റെ കഥയിൽനിന്നു പ്രത്യക്ഷമാണു്).

രാമനെ കിരീടാവകാശിയായി അഭിഷേകം ചെയ്യുന്നതിനു പെട്ടെന്നുണ്ടായ തടസ്സവും അതിനെ തുടൎന്നു് ഉടനെ അദ്ദേഹത്തിന്റെ നാടുകടത്തലും അക്കാലത്തു രണ്ടുകക്ഷികളും തമ്മിലുള്ള വിരോധത്തെ സൂചിപ്പിക്കുന്നു. രാമന്റേയും രണ്ടുകക്ഷികളേയും തമ്മിൽ യോജിപ്പിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ നയത്തിന്റേയും എതിർകക്ഷികൾ നിശ്ചയമായും വളരെ പ്രബലന്മാരായിരുന്നു. അന്തഃപുരത്തിലെ രാജ്ഞിമാരും അവരുടെ കൈവശമായിരുന്നു. അങ്ങനെ വരാനേ തരമുള്ളല്ലൊ. വൃദ്ധനായ ദശരഥമഹാരാജാവിനു് ആ കക്ഷിയുടെ അഭിപ്രായത്തെ നിരസി

ക്കുന്നതിൽ ശക്തി ഇല്ലായിരുന്നു. അതുകൊണ്ടു തീരെ മനസ്സില്ലായിരുന്നു എങ്കിലും തൻെറ പ്രിയപുത്രനെ അദ്ദേഹത്തിനു കാട്ടിൽ അയയ്ക്കേണ്ടിവന്നു. താൻ രാജ്യഭ്രഷ്ടനായി താമസിക്കേണ്ടിവന്ന പന്ത്രണ്ടു കൊല്ലവും രാമചന്ദ്രൻെറ സഹായി ലക്ഷ്മണനും ചങ്ങാതി സീതയും ആയിരുന്നു. അതായത് ആൎയ്യന്മാരുടെ നാഗരികതയെ ദക്ഷിണഇൻഡ്യയിൽ പ്രചരിപ്പിക്ക എന്നുള്ള പ്രവൃത്തിയിൽ തന്നെ അദ്ദേഹം പ്രവേശിച്ചിരുന്നു.

ക്ഷത്രിയനായ രാമചന്ദ്രനും ചണ്ഡാലനായ ഗുഹനും തമ്മിലുള്ള സ്നേഹബന്ധവും അദ്ദേഹം അവനെ ആലിംഗനംചെയ്തകഥയും അദ്ദേഹത്തിൻെറ ഉദാരബുദ്ധിക്ക് ദൃഷ്ടാന്തമാകുന്നു. രാമായണത്തിൻെറ ഉത്തരകാണ്ഡം പിന്നീടൊരുകാലത്ത് എഴുതിച്ചേൎത്തിട്ടുള്ളതത്രെ. അതിൽ രാമൻ ഒരു ശൂദ്രമുനിയെ കൊന്നു എന്നു പറഞ്ഞിരിക്കുന്നത് അദ്ദേഹത്തിനെ ആൎയ്യസമുദായത്തിൻെറ പഴയരീതികളുടെ രക്ഷകനെന്നു കാണിക്കാൻ സ്ഥിതസ്ഥാപകകക്ഷിക്കാർ വ്യാജമായി എഴുതിചേൎത്തിട്ടുള്ളതത്രെ. അപ്രകാരം തന്നെ പഴയ സാമുദായികാചാരവും സന്മാൎഗ്ഗാവസ്ഥയും അനുസരിച്ചുള്ള തൻെറ കൃത്യത്തെ പരിപാലിക്കുന്നതിനു വേണ്ടി നിരപരാധിനിയും നിർദ്ദോഷയുമായ സീതയെ അദ്ദേഹം ഉപേക്ഷിച്ച് കാട്ടിൽ കളഞ്ഞുവെന്നുള്ള ഉത്തരരാമായണകഥയും ആൎയ്യവീരപുരുഷന്മാരിൽ അഗ്രഗണ്യനും ഈശ്വരത്വം കല്പിച്ചു വന്ദിച്ചുവന്ന മാതൃകാപുരുഷനും ആയ രാമചന്ദ്രൻ പുരാതന സമുദായ മാമൂലിനെ സംരക്ഷിക്കണം എന്നുള്ള പക്ഷക്കാരനായിരുന്നു എന്നു കാണിക്കുന്നതിനു പിന്നീടൊരുകാലത്തെ ആളുകൾ ചെയ്ത ശ്രമത്തിൻെറ മറെറാരുദാഹരണമാകുന്നു. രാമൻെറ കഥ

യിൽ ഒരു സാമുദായിക വിപ്ലവത്തിൻെറ ചരിത്രം അന്തർഭവിച്ചിരിക്കുന്നു. അതിൽ പിന്നീട്ടുള്ള ഒരുകാലത്തെ ജനങ്ങൾ ആ വിപ്ലവത്തിൻെറ രേഖകളെ കഴിവുള്ളിടത്തോളം മാച്ചുകളകയും ഒരു പുതിയകാലത്തെ സാമുദായിക മാതൃകയ്ക്കു് അനുസരണമായി രാമായണംകഥയെ മാററിമറിക്കയും ചെയ്യുകളഞ്ഞു. ഇങ്ങനെ മാററിമറിച്ചകഥ അന്നത്തെ ഒരു ഗൃഹ്യമയ്യാദയുടേയും സമുദായാചാരങ്ങളുടേയും രക്ഷകനായി രാമനെ കല്പിക്കയുംചെയ്തു.

ഇങ്ങനെ ഒക്കെ ആണെങ്കിലും രാമൻ ചണ്ഡാലനായ തൻെറ ചങ്ങാതിയും വാനരന്മാരുടെ ഈശ്വരനും ഒരു രാക്ഷസനായ വിഭീഷണൻെറ മിത്രവും സഹായിയും ആണെന്നുള്ളതു് ഇൻഡ്യാക്കാർ മറന്നിട്ടില്ല. അദ്ദേഹത്തിൻെറ യശസ്സിൻെറ ആലംബം അദ്ദേഹം ശത്രുക്കളെ നശിപ്പിച്ചു എന്നുള്ളതല്ല; അവരെ ജയിച്ചു മിത്രങ്ങളാക്കി എന്നുള്ളതാണു്. അദ്ദേഹം ആചാരനിബന്ധന എന്ന ഉപദ്രവാും വഗ്ഗവൈരവും ആകുന്ന 'സമുദ്രത്തെ' ലംഘിക്കയും ആയ്യന്മാരും അനായ്യന്മാരും തമ്മിൽ സ്നേഹമാകുന്ന 'സേതു' കെട്ടുകയുംചെയ്തു.

ഏററവും അപരിഷ്കൃതരായ മനുഷ്യജാതികൾ അവരുടെ കുലചിഹ്നമായി ഒരു പ്രത്യേകജന്തുവിനെ ആദരിച്ചുവരുന്നു എന്നു് നരദേഹവിജ്ഞാനശാസ്ത്രം പറയുന്നു. അവർ പലപ്പോഴും ആ ജന്തുവിൻെറ സന്താനങ്ങളാണെന്നു് അവർ വിചാരിച്ചുപോരുകയും ആ വഗ്ഗത്തിനു അകപ്പാടെ ആ ജന്തുവിൻെറ പേർ വിളിച്ചുപോരികയും ചെയ്യുന്നു. ഇൻഡ്യയിലെ ഇതിഹാസപുരാണങ്ങളിലും ഇൻഡ്യാചരിത്രത്തിലും നാം കാണുന്ന നാഗവഗ്ഗക്കാർ അങ്ങനെ ഉള്ളവരാകുന്നു. കിഷ്കിന്ധയിൽ പാത്തിരുന്ന

അനാൎയ്യവൎഗ്ഗക്കാരെ വാനരന്മാർ എന്നു വിളിച്ചുവരുന്നതു് ഇങ്ങനെയുള്ള വല്ല കാരണത്താലും ആയിരിക്കണം. ഋക്ഷം (കരടി) കുലചിഹ്നമായ വൎഗ്ഗക്കാരും രാമന്റെ അനുചരന്മാരായിട്ടുണ്ടായിരുന്നു. ഈ രണ്ടുപേരുകളും നിന്ദാസൂചകമായിട്ടുള്ളവയായിരിക്കാൻ ഇടയില്ല.

രാമൻ വാനരന്മാരെ വശത്തുവരുത്തിയതു് നയോപായങ്ങൾ കൊണ്ടല്ല; നേരേമറിച്ചു് ഭക്തിമാൎഗ്ഗം എന്ന മതപദ്ധതികൊണ്ടത്രെ. ഹനുമാന്റെ ഭക്തി അദ്ദേഹത്തിനു് ഈശ്വരത്വം നൽകി. ഒരു മഹാനായ ദേഹം മനുഷ്യരുടെ ഇടയിൽ വെറും യജ്ഞാദിക്രിയകളുടെ സ്ഥാനത്തു് ഭക്തിമതത്തെ ഉപദേശിച്ചു നടപ്പുവരുത്തുമ്പോൾ അദ്ദേഹത്തിനു ജനങ്ങൾ ഈശ്വരത്വം നൽകി വന്ദിക്കുന്നതു നാം ലോകത്തിൽ സൎവ്വത്ര കാണുന്നുണ്ടല്ലോ. കൃഷ്ണൻ, ക്രിസ്തു, മഹമ്മദു്, ചൈതന്യൻ മുതലായവർ ഇതിനു ദൃഷ്ടാന്തമാകുന്നു. ഇതുപോലെതന്നെ സിക്കുകാരുടേയും, സൂഫികളുടേയും, കബീർപാതിരികളുടേയും ഇടയിൽ വാസ്തവമതത്തിന്റെ —അതായതു് ഭക്തിമാൎഗ്ഗത്തിന്റെ— ഉപദേഷ്ടാക്കളെ അവരുടെ അനുചരന്മാർ ഈശ്വരന്മാരാക്കി വന്ദിക്കുന്നു. ഈശ്വരനും ഭക്തനും തമ്മിലുള്ള അന്തർലീനമായ സംബന്ധത്തെ പ്രകാശിപ്പിക്കുന്നതിനു ശ്രമിക്കുന്നതിൽ അവരും മനുഷ്യത്വത്തേയും ഈശ്വരത്വത്തേയും തമ്മിൽ വേർപിരിക്കുന്ന അതിൎത്തിരേഖയെ കടന്നുപോകുന്നു എന്നായിരിക്കാം ഇതിന്റെ സാരം. ഹനുമാനും വിഭീഷണനും പ്രസിദ്ധ രാമഭക്തന്മാരും വൈഷ്ണവഭക്തന്മാരും ആണെന്നു പേരുകിട്ടിയതു് ഇങ്ങനെ ആണു്.

രാമൻ അനാൎയ്യന്മാരെ ജയിച്ചതും അവരുടെ ഭക്തിയെ ലഭിച്ചതും മതംകൊണ്ടു മാത്രമ

UNIVERSITY LIBRA
165469
383?7
MUL

ത്തിൽ ജയിച്ചു് അദ്ദേഹം തൻെറ സാമ്രാജ്യത്തെ വൎദ്ധിപ്പിച്ചില്ല. അദ്ദേഹം ദക്ഷിണഇൻഡ്യയിൽ കൃഷിപ്രധാനമായ നാഗരികതയെയും ഭക്തിമാൎഗ്ഗമായ ഏകദൈവമതത്തേയും ഉപദേശിച്ചു. അദ്ദേഹം അനുചെയ്ത പ്രവൃത്തിയുടെ ഫലം അനേകശതവൎഷങ്ങൾക്കു പിന്നീടു് ഇൻഡ്യ അനുഭവിച്ചു. അതേ ദക്ഷിണഇൻഡ്യയിൽ തന്നെ അന്നത്തെ ഭയങ്കരമായ ശൈവമതം ഒട്ടക്കം ഭക്തിമാൎഗ്ഗമായ ഒരു മതരീതിയെ സ്വീകരിച്ചു. ആ ദക്ഷിണഇൻഡ്യയിൽ നിന്നു് തന്നെ ബ്രഹ്മവിദ്യ, ഭക്തി അദ്വൈതം എന്ന രണ്ടു നദികളായി പ്രവഹിച്ചു ലോകം മുഴുവൻ പരന്ന ഒരു കാലവും ഉണ്ടായി.

ഇങ്ങനെ വിസ്താരസങ്കോചങ്ങളും ഏകത്വസമസ്തസമഭാവനകളും തമ്മിലുള്ള പരസ്പരവ്യാപാരം ഇൻഡ്യയിൽ നാം കാണുന്നു..............ഒരു കാലത്തു് സ്ഥിതസ്ഥാപകതയുടെ നായകത്വം ബ്രാഹ്മണരുടെ ഉൽപ്ലുതിഷ്ണുതയുടെനായകത്വം ക്ഷത്രിയരും സ്വീകരിച്ചിരുന്നു. ക്ഷത്രിയർ അഭിവൃദ്ധിക്കായി മുന്നോട്ടു പാഞ്ഞപ്പോൾ ബ്രാഹ്മണർ അവൎക്കു പ്രതിബന്ധമായിനിന്നു എന്നുള്ളതിൽ സംശയമില്ല. എന്നാൽ സകല പ്രതിബന്ധങ്ങളേയും മറുത്തു് ക്ഷത്രിയർ, സമുദായത്തെ അഭിവൃദ്ധിപദ്ധതിയിൽ നയിച്ചപ്പോൾ പുതിയ മാൎഗ്ഗത്തെ പഴയതിനോടു് ഘടിപ്പിച്ചു് എല്ലാംകൂടി യോജിപ്പിക്കുന്നതിന് ബ്രാഹ്മണർ സമ്മതിക്കയും അതിനെല്ലാംകൂടി പുതിയ അതിത്തി ഉണ്ടാക്കയും ചെയ്തു. ഇൻഡ്യയിൽ ബ്രാഹ്മണരുടെ പ്രവൃത്തി എന്നും ഇതായിരുന്നു. അതു് ബ്രാഹ്മണരുടെ വ്യാപാരകൌശലത്തിൻെറ ഫലമെന്നത്രേ യൂറോപ്യന്മാർ വ്യാഖ്യാനിക്കുന്നതു്. ഇതിൽ അവർ ബ്രാഹ്മണരും ക്ഷത്രിയരും രണ്ടു ജനവൎഗ്ഗമല്ലെന്നുള്ള സംഗതി

ഓൎക്കുന്നില്ല. ബ്രാഹ്മണക്ഷത്രിയരുടെ സ്ഥിതി ഇംഗ്ലണ്ടിലെ ഉൽപ്പതിഷ്ണുകക്ഷിയും സ്ഥിതസ്ഥാപകകക്ഷിയും പോലെ ഒരേ വൎഗ്ഗത്തിലുള്ള രണ്ടു പ്രകൃതിബലങ്ങൾ മാത്രമാകുന്നു.

എന്നാൽ സ്ഥിതസ്ഥാപകതയേയും ഉൽപതിഷ്ണുതയേയും തമ്മിൽ പൂൎണ്ണമായ സമസ്ഥിതിയിൽ വച്ചുകൊണ്ടിരിപ്പാൻ ഇൻഡ്യയ്ക്കു കഴിഞ്ഞില്ല എന്നു നമുക്കു കാണാം. ഓരോ പിടിച്ചുപിണക്കത്തിനും ശേഷം ബ്രാഹ്മണർ തങ്ങളുടെ പ്രാധാന്യത്തെ സ്ഥാപിച്ചു. ഈ സ്ഥിതി ബ്രാഹ്മണരുടെ പ്രത്യേക കൌശലംകൊണ്ടു കിട്ടുന്നതാണെന്നുള്ള പൂൎവ്വപക്ഷം ചരിത്രപ്രകാരം കേവലം വ്യാജകഥനമാകുന്നു. ഈ സംഭവത്തിനു കുറേക്കൂടി നൈസൎഗ്ഗികമായ സമാധാനം ഇൻഡ്യയുടെ അവസ്ഥകൾ നമുക്കു നൽകുന്നുണ്ടു്. ഇൻഡ്യയിലെ ജനവൎഗ്ഗങ്ങൾ തമ്മിൽ വളരെ അകന്ന വൎഗ്ഗക്കാർ തമ്മിൽ ആയിരുന്നു. അവർ തമ്മിൽ വൎണ്ണത്തിനും ജീവിതോദ്ദേശ്യങ്ങൾക്കും ഗുരുതരമായ വ്യത്യാസങ്ങൾ ഉണ്ടായിരുന്നതിനാൽ അവരുമായുള്ള സംഘടനം ഇൻഡ്യയിൽ സ്ഥിതസ്ഥാപകതയുടെ സൎവ്വശക്തിയേയും തീക്ഷ്ണമാക്കി. ആ അവസ്ഥയിൽ ഇൻഡ്യ അഭിവൃദ്ധിമാൎഗ്ഗത്തിൽ പ്രതിബന്ധംകൂടാതെ പ്രവേശിച്ചിരുന്നു എങ്കിൽ ആൎയ്യന്മാരുടെ സ്ഥിതി തീരെ നശിച്ചുപോകുന്നതിനു ഇടയാകുമായിരുന്നു. ആൎയ്യജനസമുദായം ആത്മരക്ഷയ്ക്കായി ജാഗ്രതയോടെ കാത്തുനിന്നതിന്റെ കാരണം ഇതത്രേ.

മതത്തിനു ഭിന്നവൎഗ്ഗക്കാരെ തമ്മിൽ യോജിപ്പിക്കാൻ വലിയ ശക്തി ഉണ്ടെന്നു ക്ഷത്രിയർ മനസ്സിലാക്കി എന്നും അതിന്റെ സഹായത്താൽ സന്ധിനയ പ്രയോഗം കൊണ്ടു്

ആൎയ്യന്മാരും അനാൎയ്യന്മാരും തമ്മിലുള്ള അകൽച്ച മാററി
യോജിപ്പിക്കുന്നതിന്നു അവൎക്കു കഴിഞ്ഞുഎന്നും രാമന്റെ
കഥയിൽനിന്നു തെളിയുന്നു. രണ്ടു കക്ഷികൾ തമ്മിൽ
സദാ ഭയങ്കരമായ വൈരം ഒരു ജനസമുദായത്തിന്നും ഒരി
ക്കലും ഗുണകരമായിരിക്കയില്ല. അവസാനത്തിൽ ബ്രാഹ്മ
ണർ ഈ സന്ധിനയത്തിന്നു കീഴടങ്ങുകയും അതു മുഴുവനെ
അവർ അംഗീകരിക്കയും കൂടി ചെയ്തു.

ആൎയ്യന്മാർ അനാൎയ്യന്മാരോട്ടു് കലരാൻ തുടങ്ങിയ
പ്പോൾ അനാൎയ്യന്മാരുടെ മതത്തെ സംബന്ധിച്ചും ചില
നിശ്ചയങ്ങൾ ആവശ്യമായിരുന്നു. ആ സമയത്തു് ആൎയ്യാ
സ്തികന്മാൎക്കു് അനാൎയ്യദൈവമായ ശിവനോട്ടു് വിരോധ
മായിരുന്നു. ആ ശണ്ഠയിൽ ജയാപജയങ്ങൾ രണ്ടുവൎഗ്ഗ
ക്കാൎക്കും മാറിമാറി ലഭിച്ചിരുന്നു. കൃഷ്ണന്റെ ശിഷ്യനായ
അൎജ്ജുനൻ ഒരിക്കൽ അപരിഷ്കൃതവൎഗ്ഗക്കാരുടെ ദൈവ
മായ ശിവനോട്ടു തോററുപോയി. കൃഷ്ണന്റെ പൌത്രൻ
അനിരുദ്ധൻ ശിവഭക്തനായ ബാണൻ എന്ന അസുരന്റെ
മകളായ ഉഷയെ അപഹരിച്ചു. അതിനാലുണ്ടായ യുദ്ധ
ത്തിൽ കൃഷ്ണന്നു ജയം കിട്ടി. ദക്ഷന്റെ യാഗത്തിൽ അനാ
ൎയ്യദൈവമായ ശിവന്നു സ്ഥാനം നൽകിയില്ല. അതുകൊ
ണ്ടു് ശിവഭക്തന്മാരായ അനാൎയ്യന്മാർ ആ യാഗത്തിന്നു വി
ഘ്നംചെയ്തു. ഒടുക്കം ശിവനും വൈദികദൈവമായ രുദ്രനും
ഒന്നാണെന്നു കല്പിക്കുകയും അങ്ങനെ രണ്ടു വൎഗ്ഗക്കാരും ത
മ്മിലെ മതസംബന്ധമായ ശണ്ഠ രാജിയായി അവസാനി
ക്കയും ചെയ്തു.

ഈ തൎക്കങ്ങളുടേയും ശണ്ഠകളുടേയും ഇടയിലും ആൎയ്യ
ന്മാർ അനാൎയ്യന്മാരുടെ സ്ത്രീകളെ പരിഗ്രഹിച്ച് സന്താന

ത്തെ ഉൽപ്പാദിപ്പിക്കയും അവരുടെ മതവിശ്വാസാദികളെ സ്വമതവിശ്വാസങ്ങളോടുകൂടി കലൎത്തുകയും ചെയ്തിരുന്ന തായി മഹാഭാരതത്തിൽ സ്പഷ്ടമായി കാണാം. എന്നാൽ സങ്കീൎണ്ണജാതിയും സങ്കീൎണ്ണമതവും ഇങ്ങനെ വൎദ്ധിച്ചുവരാൻ തുടങ്ങിയപ്പോൾ സമുദായത്തിലെ സ്ഥിതസ്ഥാപക കക്ഷികൾ ആ വൎദ്ധനയുടെ ക്രമം അനുസരിച്ച് ഒന്നിനു പുറമെ ഒന്നായി പുതിയപുതിയ അതിൎത്തികൾ നിശ്ചയിച്ച് സ്വപ്രാധാന്യത്തെ സ്ഥാപിക്കാൻ ശ്രമിച്ചു. സങ്കര ജാതിക്കാരേയും, വിഗ്രഹാരാധനക്കാരും പുരോഹിതവൃത്തിക്കാരും ആയ ബ്രാഹ്മണരേയും മനു ആക്ഷേപിക്കുന്നതിൽ നിന്നു് അനാൎയ്യരക്തസങ്കലനവും അനാൎയ്യമതസങ്കലനവും ബലാൽ സ്വീകൃതങ്ങളായിരുന്നു, എങ്കിലും അവയോടുള്ള വിരോധം ഒരിക്കലും മങ്ങിയിട്ടില്ലെന്നു കാണാവുന്നതാണ്. ഇങ്ങനെ നമ്മുടെ ചരിത്രത്തിൽ വിസ്താരത്തിനു പിന്നാലെ പ്രബലമായ സങ്കോചശക്തി പിന്നെയും പിന്നെയും പ്രാധാന്യത്തിൽ വന്നിരിക്കുന്നു.

---

## ൭. ചന്ദ്രനിൽ മനുഷ്യനുണ്ടോ?

ജ്യോതിശ്ശാസ്ത്രത്തിൻെറ ശൈശവകാലത്തിൽ സൂൎയ്യചന്ദ്രന്മാരും നക്ഷത്രഗണങ്ങളും ഭൂമിയുടെയും അതിലെ നിവാസികളുടെയും ഉപയോഗത്തിനായി സൃഷ്ടിക്കപ്പെട്ടവയാണെന്നാണ് മനുഷ്യർ വിചാരിച്ചുവന്നതു്. പുരാണകാലങ്ങളിൽ സൂൎയ്യൻെറ ശക്തിയേയും ചന്ദ്രൻെറ സൌമ്യതയേയും നക്ഷത്രങ്ങളുടെ മനോഹരത്വത്തേയും അനുഭവിച്ചവർ

അവയ്ക്കു ചൈതന്യത്തെ ആരോപിക്കയും അവരുടെ ഇടയിൽ ഉണ്ടായിവന്ന കവികൾ അവയെ തങ്ങളുടെ കൃതികളിലേ നായികാനായകന്മാരായോ മററു പാത്രങ്ങളായോ തിരഞ്ഞെടുക്കയും അവയ്ക്കു മാതാപിതാക്കന്മാരേയും പുത്രപൌത്രാദികളേയും സങ്കല്പിച്ചു കൊടുക്കയും ചെയ്തു. ഭൂമിയിൽ നടന്ന സർവ്വപ്രവൃത്തികൾക്കും സാക്ഷിയായി നിന്നിരുന്ന സൂൎയ്യൻെറ ശക്തിയേയും അന്ധകാരത്തിൻെറ ഭയങ്കരതയെ ലഘൂകരിച്ച ചന്ദ്രൻെറ സൌമ്യതയേയും ഈശ്വരസൃഷ്ടിയുടെ മാഹാത്മ്യത്തെ രാത്രിതോറും വിളങ്ങിച്ചുകൊണ്ടുനിന്ന നക്ഷത്രങ്ങളുടെ മനോഹരത്വത്തേയും അവർ അറിഞ്ഞു സ്വീകരിച്ചു എങ്കിലും അവർ അവയുടെ പ്രകൃതിയെ അറിയുകയോ ഗമനത്തിൻെറ ക്രമത്തെ മനസ്സിലാക്കുകയോ ചെയ്തില്ല. സൂൎയ്യനു ഭൂമിയെ തൻെറ ഊഷ്മാവിനാൽ ഭസ്മീകരിപ്പാൻ കഴിയുമെങ്കിലും ഭൂമി സൂൎയ്യനേക്കാൾ ചെറുതാണെന്നോ സൂൎയ്യനെ ആശ്രയിച്ചു നടക്കയാണെന്നോ അവർ ബോധിച്ചിരുന്നില്ല. എങ്കിലും ചിലരുടെ ഉത്സാഹം നിമിത്തം, മനുഷ്യൎക്കു ജ്യോതിശ്ശാസ്ത്രത്തിൻെറ അറിവു വൎദ്ധിച്ചു, സൂൎയ്യചന്ദ്രാദികളുടെ യഥാൎത്ഥപ്രകൃതി എന്താണെന്നു മനസ്സിലായപ്പോൾ അവയേക്കുറിച്ചു് അവൎക്കുണ്ടായിരുന്ന മൂഢവിശ്വാസങ്ങൾ നീങ്ങുകയും മററു വിവരങ്ങൾ അറിവാനുള്ള ആശ ജനിക്കുകയും ചെയ്തു.

മനുഷ്യൎക്കു് അറിവാൻ ആശയുള്ള വിവരങ്ങളിൽ പ്രധാനമായ ഒന്നു, ഗ്രഹങ്ങളും നക്ഷത്രങ്ങളും ജ്യോതിശ്ശാസ്ത്രികൾ ഐകമത്യേന തീൎച്ചയാക്കിയിരിക്കുന്ന പ്രകാരം നമ്മുടെ ഭൂമിയോടു പല സംഗതികളിലും അനുരൂപപ്പെട്ടവയും അവയിൽ പലതും നമ്മുടെ ഭൂമിയേക്കാൾ വലുതും

ആണെങ്കിൽ നമ്മേപ്പോലെയുള്ള ജീവികൾ അവയിലും ഉണ്ടോ എന്നാകുന്നു.

ചന്ദ്രനിൽ ജീവജന്തുക്കൾ ഉണ്ടെങ്കിൽ അവയെ നമുക്ക് ഭൂവാസികളായവരെ കാണുംപോലെ കാണ്മാൻ കഴികയില്ലെന്ന് നിർവിവാദമാണല്ലോ. പാട്ടുള്ളടത്തോളം ശക്തിയുള്ള ദൂരദർശിനിക്കണ്ണാടി ഉണ്ടായാലും ഇതു സാധിക്കുന്നതും അല്ല. എതുമേൽ ശക്തിയുള്ള ദൂരദർശിനിക്കണ്ണാടിക്കും ഒരു വസ്തുവിന്റെ ദൂരത്തെ അതിന്റെ ആയിരത്തിലൊരു ഭാഗത്തോളം ആക്കാൻ മാത്രമേ കഴിയൂ. ചന്ദ്രനിൽനിന്നു നാം ൨,൩൮,൦൦൦ നാഴിക ദൂരത്താണ്. എത്രയും വിശിഷ്ടമായ ഒരു കണ്ണാടി ഉപയോഗിച്ചാലും ഈ ദൂരം ൨൩൦ നാഴികയിൽ കുറയുകയില്ല. അതുകൊണ്ടു ൨൩൦ നാഴിക ദൂരത്തിരുന്നാൽ നമ്മുടെ നയനമാത്രത്താൽ ദൃശ്യമായിരിപ്പാൻ തക്കവണ്ണം വലിപ്പമുള്ള വസ്തുക്കൾ ചന്ദ്രനിലുള്ളതു മാത്രമേ നമുക്ക് ദൂരദർശിനിക്കണ്ണാടികൊണ്ടും കാണ്മാൻ കഴിയൂ. ചന്ദ്രനിൽ പല മൈതാനസ്ഥലങ്ങളും കാണ്മാനുണ്ട്. എന്നാൽ അവയിൽകൂടി അനവധി ഗജയൂഥങ്ങൾ സഞ്ചരിച്ചാലും നമുക്ക് കാണ്മാൻ കഴിയുന്നതല്ല.

പണ്ടൊരിക്കൽ ഒരമ്മേരിക്കക്കാരൻ തന്റെ ദേശത്തിലെ വിശേഷങ്ങൾ വർണ്ണിക്കയിൽ അവിടെയുള്ള ചില വൃക്ഷങ്ങളുടെ അഗ്രങ്ങൾ കാണുന്നതിനു രണ്ടാളുകൾ വേണമെന്നു പറകയുണ്ടായി. ഒരാളുടെ നോട്ടം വൃക്ഷാഗ്രത്തിൽ എത്തുംമുമ്പേ അയാളുടെ കണ്ണുകൾ ക്ഷീണിച്ചുപോകുന്നതാകയാൽ അയാൾ നോക്കിനിറുത്തിയെടം മുതൽ മറേറയാൾ നോക്കിയാൽ മാത്രമേ അഗ്രം കാണ്മാൻ കഴിയൂ എന്നായിരുന്നു ആ മഹാൻ പറഞ്ഞതിന്റെ അർത്ഥം. അമ്മേരിക്കർ

വെടിപറയാറില്ലെന്നു പ്രസിദ്ധമാകയാൽ ഇതു നേരായിരിക്കാം. എങ്കിലും അമ്മേരിക്കയിൽ വളരെ വലിപ്പമുള്ള വൃക്ഷങ്ങൾ ഉണ്ടെന്നുള്ളതു് സത്യമാണു്. കാലിഫോർണ്ണിയായിലെ ഒരു വൃക്ഷത്തിന്റെ ചുവട്ടിൽകൂടി ഇരട്ടക്കുതിര കെട്ടിയ ഒരു വണ്ടിക്കു പോവാൻ മതിയാകുന്ന വിസ്താരമുള്ള ഒരു ദ്വാരം കുറേമുമ്പേ ഉണ്ടാക്കിയിരുന്നു. ചന്ദ്രനിൽ ഇപ്രകാരമുള്ള ഭീമവൃക്ഷങ്ങൾ ഉണ്ടായിരുന്നാൽതന്നെയും നമുക്കു അവയേ കാണ്മാൻ കഴിയുന്നതല്ല.

ഒരിക്കൽ ഒരു വിദ്വാൻ മനുഷ്യർ ചന്ദ്രനിൽ ഉണ്ടോ എന്നറിയാനായി ആഫ്രിക്കയിലെ സഹാറാമരുഭൂമിയിൽ (അവശ്യപ്പെട്ട വിസ്താരമുള്ള മൈതാനസ്ഥലങ്ങൾ വേറേയില്ല) ക്ഷേത്രവ്യവഹാരത്തിലെ ചില രൂപങ്ങൾ വളരെ വലിപ്പത്തിൽ പണിതുണ്ടാക്കണമെന്നു് ഒരഭിപ്രായം പ്രസ്താവിക്കയുണ്ടായി. ക്ഷേത്രവ്യവഹാരത്തിലെ രൂപങ്ങൾ ഏതു ലോകത്തിലായാലും വ്യത്യാസം വരാത്തവയാകയാൽ ചന്ദ്രനിലെ ക്ഷേത്രവ്യവഹാരികൾ ഈ രൂപങ്ങളെ കണ്ടാൽ അവയ്ക്കു് ഇവിടെ മനുഷ്യർ ഉണ്ടെന്നു മനസ്സിലാകയും അവിടെയും ഇതുപോലെ നമുക്കു് കാണുന്നതിനായി എന്തെങ്കിലും ഉണ്ടാക്കുകയും ചെയ്യുമെന്നായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശം. ഇതു് കേട്ടവർ, ചന്ദ്രനിലെ നിവാസികൾക്കു് ക്ഷേത്രവ്യവഹാരമറിയാമെന്നും അവക്കു് ദൂരദർശിനിക്കണ്ണാടി മുതലായവ ഉണ്ടെന്നും തെളിയിച്ചതിന്റെ ശേഷംമാത്രം പണം വ്യയംചെയ്യാമെന്നു വെച്ചതിനാലായിരിക്കാം ഇതുവരെയും പണി ആരംഭിച്ചിട്ടില്ലാത്തതു്. ഏതെങ്കിലും ഈ ഉപായത്താലും നമുക്കു് ഈയിടയിലെങ്ങും ചന്ദ്രനിൽ നിവാസികൾ ഉണ്ടോ ഇല്ലയോ എന്നറിയുന്നതിനു സാധിക്കയില്ലെന്നു തീർച്ചയാണു്.

കണ്ടറിയാൻ കഴിയാത്ത കാൎയ്യങ്ങളെ അനുമാനംകൊണ്ടാണു് അറിയേണ്ടതു്.

നമ്മേപ്പോലെയുള്ള ജീവികൾക്കു് അവിടെ ജീവിപ്പാൻ കഴിയുമെങ്കിൽ അവിടെ നമ്മെപ്പോലെയുള്ളവർ ഉണ്ടെന്നു വിചാരിക്കുന്നതു് അസംബന്ധമായിരിക്കയില്ല.

1. ചന്ദ്രനിൽ നമുക്കു് പ്രാണധാരണത്തിനു് അത്യാവശ്യകമായ വായു ഇല്ല. വായു ഇല്ലാതെ അരനാഴികപോലും നമുക്കു് ജീവിപ്പാൻ കഴിയുന്നതല്ല. വ്യാഴംമുതലായ ഗ്രഹങ്ങളെ വായുവോ വായുവെപ്പോലെയുള്ള മറെറന്തോ വസ്തുവോ മൂടിയിരിക്കുന്നതായി ലക്ഷ്യങ്ങളുണ്ടു്. എന്നാൽ ചന്ദ്രനിൽ വായു ഇല്ലെന്നു പല കാരണങ്ങളാലും ജ്യോതിശ്ശാസ്ത്രികൾ തീൎച്ചയാക്കിയിരിക്കുന്നു. എളുപ്പത്തിൽ മനസ്സിലാവുന്ന ഒരു കാരണത്തെ മാത്രമേ ഇവിടെ പറവാൻ വിചാരിക്കുന്നുള്ളു.

നമുക്കു് അല്പം ദൂരത്തിലുള്ള വസ്തുക്കളേയും, വേറെ തടസ്സങ്ങൾ ഇല്ലാത്തപക്ഷം, അടുത്തുള്ള വസ്തുക്കളെപ്പോലെതന്നെ തെളിവായി കാണാവുന്നതുകൊണ്ടു് വായു ഒരു പ്രസന്നവസ്തു ആണെന്നും ദൃഷ്ടിക്കൊരു വിഘ്നമില്ലെന്നും ചിലർ വിചാരിക്കുന്നുണ്ടു്. എന്നാൽ ഈ അഭിപ്രായം അത്ര ശരിയായിട്ടുള്ളതല്ല. ഏതുപ്രകാരം ഘനംകുറഞ്ഞ കണ്ണാടിയിൽകൂടി നമുക്കു് കാണാവുന്നതുപോലെ ഘനമുള്ള കണ്ണാടിയിൽകൂടി കാണ്മാൻ പാടില്ലാതിരിക്കുന്നുവോ, ഏതുപ്രകാരം ഒരു തടാകത്തിലെയോ പാത്രത്തിലെയോ വെള്ളം എത്രതന്നെ നിൎമ്മലമായിരുന്നാലും, അല്പംമാത്രം ആഴം ഉള്ളേടത്തു നിലം ദൃശ്യമായിരിക്കുന്നതുപോലെ അധികം അധികം ആഴം ഉള്ളെടത്തു നിലം ദൃശ്യമല്ലാതിരിക്കുന്നുവോ,

അതുപോലെ ഏതെങ്കിലും ഒരു വസ്തുവിന്റെയും നമ്മുടെയും മദ്ധ്യേ അധികം വായുവുണ്ടായിരുന്നാൽ, ആ വസ്തുവിന്റെ കാഴ്ച മദ്ധ്യേയുള്ള വായുവിന്റെ ആധിക്യത്തിനു തക്കവണ്ണം മങ്ങിയിരിക്കും. ഇതിനാലാകുന്നു സൂര്യന്റെ കിരണങ്ങൾ സായാഹ്നത്തിൽ അത്ര ഉഗ്രമല്ലാതിരിക്കുന്നതു്. ഭൂമി ഉരുണ്ടാകയാൽ നമ്മുടെ തലയ്ക്കുമീതെയുള്ള വായുവിനേക്കാൾ എത്രയോ അധികം വായു നമ്മുടെ ഇരുഭാഗത്തോട്ടും ഉണ്ടു്. അതുകൊണ്ടു് ഉച്ചയ്ക്കു നമുക്കു സൂര്യനെ നോക്കാൻ കഴിയുകയില്ല. രാവിലേയും വൈകുന്നേരവും പ്രയാസം കൂടാതെ നോക്കാം.

ഇനിയും അല്പംപോലും മേഘമില്ലാത്ത ഒരു രാത്രിയിൽ ആകാശത്തിലേക്കു നോക്കിയാൽ തലയ്ക്കുമീതെ അനവധി നക്ഷത്രങ്ങൾ പ്രകാശിച്ചുകൊണ്ടിരിക്കുന്നുണ്ടെങ്കിലും അംബരാന്തത്തിലേക്കു് അടുക്കുമ്പോൾ നക്ഷത്രങ്ങളുടെ എണ്ണവും ശോഭയും കുറഞ്ഞുകുറഞ്ഞു് ആ ദിക്കുകളിൽ ചില വലിയ നക്ഷത്രങ്ങൾ മാത്രം മങ്ങി ശോഭിക്കുന്നതായി കാണാം. ഇതു് ആ പ്രദേശങ്ങളിൽ നക്ഷത്രങ്ങളുടെ എണ്ണമോ ശോഭയോ കുറഞ്ഞിട്ടല്ല വായുവിന്റെ തടസ്സംകൊണ്ടു ചെറിയ നക്ഷത്രങ്ങൾ കേവലം അദൃശ്യമായിത്തീരുകയും വലിയ നക്ഷത്രങ്ങളുടെ ശോഭ മങ്ങിപ്പോകയും ചെയ്യുന്നതിനാലാകുന്നു. ആ വക സ്ഥലങ്ങൾ നമ്മുടെ തലയ്ക്കുമീതെയാകുമ്പോൾ അവിടെയുള്ള നക്ഷത്രങ്ങളുടെ എണ്ണം വർദ്ധിച്ചതായും ശോഭ ഏറിയതായും കാണാം.

ചന്ദ്രനും ഭൂമിയെപ്പോലെ വായുവിനാൽ ആവൃതമായിരുന്നെങ്കിൽ അതും അതിനപ്പുറമുള്ള വസ്തുക്കൾ കാണുന്നതിനു് ഒരു വിഘ്നമായിരുന്നേനെ. എന്നാൽ ഒരു നക്ഷത്ര

ത്തിനും ഭൂമിക്കും മദ്ധ്യേ ചന്ദ്രൻ വരുമ്പോൾ ആ നക്ഷത്രം ചന്ദ്രനാൽ മറയ്ക്കപ്പെട്ടുന്നതുവരെ ശോഭ കുറയാതെ പ്രകാശിക്കും. മറയ്ക്കപ്പെടുന്നതു് പെട്ടെന്നുമായിരിക്കും. വായുവുണ്ടായിരുന്നെങ്കിൽ വായുവിനാൽ മറയ്ക്കപ്പെട്ടുവരുമ്പോൾ നക്ഷത്രത്തിൻെറ ശോഭ കുറഞ്ഞുവരികയും ചന്ദ്രൻെറ സ്ഥൂലരൂപത്താൽ മൂടപ്പെട്ടുമ്പോൾ മാത്രം കേവലം അദൃശ്യമാകയും ചെയ്യേണ്ടതാണു്. നക്ഷത്രങ്ങൾ ഇങ്ങനെ എല്ലായ്പോഴും ചന്ദ്രനാൽ പെട്ടെന്നു തന്നെ മറയ്ക്കപ്പെട്ടുവരുന്നതുകൊണ്ടു് ചന്ദ്രനിൽ വായു ഇല്ലെന്നോ ഉണ്ടെങ്കിൽ അതു് നമ്മുടെ ശ്വാസോഛ്വാസങ്ങൾക്കു് മതിയാകുന്നതല്ലെന്നോ നിശ്ചയിക്കാവുന്നതാണു്. നമുക്കു് ശ്വാസോഛ്വാസങ്ങൾക്കു വായു കിട്ടിയാൽപോരാ, ഭൂമിയിൽ നാം സഹവാസം ചെയ്യുന്നേടത്തു ഉള്ളെടത്തോളംതന്നെ ലഭിക്കയും വേണം. നിലത്തുനിന്നു മൂന്നോ നാലോ നാഴിക ഉയൎന്നാൽ വായുവിൻെറ കുറവുനിമിത്തം ശ്വാസോഛ്വാസങ്ങൾ പ്രയാസമാണെന്നു് വിമാനത്തിൽ കയറി സഞ്ചരിക്കുന്നവൎക്കും പൎവ്വതങ്ങളിൽകയറി നടക്കുന്നവൎക്കും അനുഭവസിദ്ധമാണു്. പത്തോ പന്ത്രണ്ടോ നാഴിക ഉയരത്തിൽ അല്പം വായു ഉണ്ടെങ്കിലും ശ്വാസോഛ്വാസങ്ങൾ കേവലം അസാദ്ധ്യമായിരിക്കും.

2. ചന്ദ്രനിൽ ജലം ഇല്ല. ജ്യോതിശ്ശാസ്ത്രികൾ നല്ലവണ്ണം പരിശോധിച്ചിട്ടും സമുദ്രങ്ങളോ തടാകങ്ങളോ അവിടെ ഉള്ളതായി കണ്ടിട്ടില്ല. ഭൂമിയിൽ മുക്കാൽഭാഗവും വെള്ളംകൊണ്ടു മൂടപ്പെട്ടിരിക്കുന്ന സമുദ്രമാണല്ലൊ. ചന്ദ്രനിൽ ജലാശയങ്ങൾ ഒന്നുംതന്നെ ഇല്ലെന്നു തോന്നുന്നു. വ്യാഴം മുതലായ ചില ഗ്രഹങ്ങളിൽ ജലത്തിൻെറ രൂപാന്തരമായ മേഘങ്ങളെ കാണ്മാനുണ്ടു്. ചന്ദ്രനിൽ മേഘ

ങ്ങളെ കാണ്മാനില്ല. അതുകൊണ്ടു് അവിടെ നദികൾ പോലും ഇല്ലെന്നാണ് വിചാരിക്കേണ്ടതു്.

3. സസ്യാദികൾ വളരുന്നതിനും ഫലപ്രദമായി തീരുന്നതിനും വായുവും ജലവും ആവശ്യമാണെല്ലോ. എന്നാൽ ചന്ദ്രനിൽ ഈ രണ്ടു സാധനങ്ങളും ഇല്ലാത്തതിനാൽ നമ്മേപ്പോലെയുള്ള ജീവികളുടെ ഭക്ഷണത്തിനാവശ്യമുള്ള വസ്തുക്കളും അവിടെ ഉണ്ടായിരിക്കയില്ല.

ഈ കാരണങ്ങളാൽ ചന്ദ്രനിൽ നമ്മെപ്പോലെയുള്ള മനുഷ്യരോ പ്രാണധാരണരീതിയിൽ നമ്മോടു തുല്യരായ പക്ഷിമൃഗാദികളോ ഇല്ലെന്നു് പ്രത്യക്ഷമാണ്.

4. ഇതുകൂടാതെ ചന്ദ്രനെ നമ്മുടെ പാർപ്പിടം ആക്കുന്നതിനു വേറൊരു വിഘ്നം ഉണ്ടു്. ഒരു കൂലിക്കാരനോടു ഒരു ചാക്ക് അരി എടുത്തുകൊണ്ടു വരാൻ പറഞ്ഞാൽ അരിക്ക് ഘനമധികമുള്ളതുകൊണ്ടു് കൂലിയും അധികം വേണമെന്നു പറക പതിവാണ്. എന്നാൽ ഒരു തത്വജ്ഞനോടു ചോദിച്ചാൽ ഒരു ചാക്കു അരിക്ക് തന്നിൽതന്നെ ഘനം ഇല്ല, അതിനും ഭൂമിക്കും തമ്മിൽ ഉള്ള ആകർഷണശക്തി മാത്രമാണു് കൂലിക്കാർ അനുഭവിക്കുന്നതു്. ആകർഷണമധികമുള്ള വസ്തുക്കൾക്കു ഘനം അധികമെന്നും, ആകർഷണം കുറവുള്ള വസ്തുക്കൾക്കു ഘനം കുറവെന്നും സാധാരണ മനുഷ്യർ പറയുന്നു എന്നു പറയും. അന്യോന്യം ആകർഷിക്കുന്നതിനു രണ്ടു വസ്തുക്കൾ ഇല്ലാതെ യാതൊരു വസ്തുവിനും ഘനം ഇല്ല. ഒരു വസ്തുവിനു ഘനമധികമുണ്ടെന്നു പറഞ്ഞാൽ അതിൻെറ അർത്ഥം ആ വസ്തുവും ഭൂമിയും തമ്മിലുള്ള ആകർഷണശക്തിക്കെതിരായി പ്രവർത്തിക്കുന്നതിനുള്ള അദ്ധ്വാനം അധികം ഉണ്ടെന്നാകുന്നു.

ഒരു വസ്തുവിൻെറ ഘനം ആ വസ്തുവിൻെറ പിണ്ഡത്തെ (volume)യും ആ വസ്തുവിനെ ആകർഷിക്കുന്ന വസ്തുവിൻെറ പിണ്ഡത്തേയും ആശ്രയിച്ചിരിക്കും. ഒരു ചാക്കരിയുടെ ഘനം ചാക്കിലുള്ള അരിയാലും അതിനെ ആകർഷിക്കുന്ന ഭൂമിയുടെ വലിപ്പത്താലും ആണ് നിർണ്ണയിക്കപ്പെടുന്നതു്. ചാക്കിൽ അരി കുറഞ്ഞിരുന്നാൽ ഘനം കുറഞ്ഞിരിക്കുന്നതുപോലെ തന്നെ ഭൂമിയുടെ വലിപ്പം കുറഞ്ഞിരുന്നാലും കുറഞ്ഞിരിക്കും. ആ അരി എടുക്കുന്നതിനു അത്ര അദ്ധ്വാനം വേണ്ടിവരികയില്ല.

ഈ ഭൂമിയുടെ വസ്തുപിണ്ഡത്തേക്കാൾ എത്രയോ കുറഞ്ഞതാണ് ചന്ദ്രൻെറ വസ്തുപിണ്ഡം. അതുകൊണ്ടു് ഒരു ചാക്കരിക്കു് ഭൂമിയിലുള്ള ഘനം ചന്ദ്രനിൽ കാണുകയില്ല, ഒരു ജ്യോതിശ്ശാസ്ത്രിയുടെ കണക്കു പ്രകാരം ഇവിടെ ഒരു ചാക്കു് അരിക്കു ചന്ദ്രനിൽ അരച്ചാക്കരിയുടെ ഘനം ഉണ്ടു്. നേരേമറിച്ചു സൂര്യനിൽ ചെന്നാൽ ഇവിടെ ഒരാൾ എടുക്കുന്ന ചുമടു് എടുക്കുന്നതിനു് അവിടെ ഇരുപത്തേഴാൾ വേണം. സൂര്യനിൽവച്ചു് കീശയിൽനിന്നു് ഘടികാരം എടുക്കുന്നതുപോലും വളരെ അദ്ധ്വാനമുള്ള പ്രവൃത്തിയായിരിക്കും. അവിടെ നമ്മിൽ ഒരാൾ ചെന്നു് ഇരിക്കയോ കിടക്കയോ ചെയ്താൽ പിന്നെ എഴുനേൽക്കയില്ല. കുനിഞ്ഞു പോയാൽ ഉരുണ്ടുവീഴുന്നതാകകൊണ്ടു് മററുള്ളവക്കു സഹായിക്കാൻ കഴികയില്ല.

എന്തെങ്കിലും പ്രവൃത്തി ചെയ്യുന്നതിനുള്ള അദ്ധ്വാനം ഭൂമിയിലേതിനേക്കാൾ ചന്ദ്രനിൽ ആറു മടങ്ങു കുറവും സൂര്യനിൽ ഇരുപത്തേഴു മടങ്ങധികവും ആയിരിക്കും. അതുകൊണ്ടു് ചിലർ പ്രത്യേകം മടിയന്മാർ, ചന്ദ്രനിൽപോയി

പാർത്താൽ കൊള്ളാമെന്നു് വിചാരിച്ചേക്കാം. എന്നാൽ ഭൂമിയിൽ പരിചയിച്ചവരായ നമുക്കു് എല്ലാ വസ്തുക്കളുടെയും ലഘുത്വം തന്നെ അവിടെ പാർക്കുന്നതിനു് ഒരു തടസ്സമായിരിക്കും. ഒരുവാര ദൂരത്തേക്കു എന്തെങ്കിലും എടുത്തെറിഞ്ഞാൽ നാം അവിടുത്തേക്കണക്കൊപ്പിച്ചു ശക്തി പ്രയോഗിക്കുന്നതായാൽ ആ വസ്തു ചെന്നുവീഴുന്നതു് ആറു വാര ദൂരത്തായിരിക്കും. ഒരടി പൊങ്ങിച്ചാടിയാൽ ആറടി പൊങ്ങും. ഒരടി മുന്നോട്ടു പോകണമെന്നുവെച്ചു പാദം എടുത്തുവെക്കുന്നതു ആറടി പോകേണ്ട ശക്തിയോടാകയാൽ ഉരുണ്ടുവീഴാതിരിക്കയില്ല. ഇങ്ങനത്തെ ഓരോ ദുർഘടങ്ങൾ നമുക്കു് അവിടെ നേരിടുന്നതാകയാൽ അവിടത്തെ വാസം ഭൂമിയിൽ പരിചയിച്ചവക്കു ബഹു പ്രയാസമായിരിക്കും. സർവവസ്തുക്കളുടെയും ലഘുത്വം നിമിത്തമോ ഗുരുത്വം നിമിത്തമോ ഉണ്ടാകുന്ന ദുർഘടങ്ങൾ നമുക്കു് നേരിടാത്ത ഗ്രഹങ്ങളോ ലോകങ്ങളോ വേറെ ഉണ്ടെന്നു തോന്നുന്നില്ല.

എന്നാൽ ഈ സംഗതികളൊക്കയിലും നിന്നു് ഒരനുമാനം മാത്രമേ പാടുള്ളു. ചന്ദ്രനിലാകട്ടെ മററു ഗ്രഹങ്ങളിലാകട്ടെ നക്ഷത്രങ്ങളിലാകട്ടെ ഭൂമിയിലുള്ളതുപോലെ ഉള്ള ജീവികൾ ഇല്ലെന്നല്ലാതെ അവിടെ എങ്ങും യാതൊരുവിധത്തിലുള്ള ജീവികൾ ഇല്ലെന്നു പറവാൻ ആക്കും കഴിയുന്നതല്ല. മനുഷ്യരും നാം ഇവിടെ കാണുന്ന വിധത്തിൽ ജീവിക്കുന്ന പക്ഷിമൃഗാദികളും ഇവിടെയില്ല. നമ്മേക്കാൾ ഉൽകൃഷ്ടന്മാരും നല്ലവരും ബുദ്ധിമാന്മാരുമായ ജീവികൾ അവിടെ ഉണ്ടെന്നു വന്നേക്കാം. സർവജ്ഞനും സർവവ്യാപിയുമായ ദൈവം തൻെറ സർവശക്തികൊണ്ടു് ആകാശവാരിവിൽ സൃഷ്ടിച്ചു സ്ഥാപിച്ചിരിക്കുന്ന ലക്ഷോപലക്ഷം ലോകങ്ങളുടെ കൂട്ടത്തിൽനിന്നു മററുള്ളവയോടൊത്തു നോ

ക്കുമ്പോൾ യാതൊരു മാഹാത്മ്യവും ഇല്ലാത്ത ഈ ലോകത്തെ മാത്രം ജീവികളുടെ ഇരിപ്പടമായി തിരഞ്ഞെടുത്തു എന്നു വിചാരിക്കുന്നതു കേവലം മൌഢ്യമാണെന്നു തോന്നുന്നു. ഈ ലോകത്തിന്റെ പ്രകൃതിക്കു അനുരൂപരായ ജീവികൾ ഇവിടെ ഉള്ളതുപോലെ ആ ലോകങ്ങൾക്കനുരൂപരായ ജീവികൾ അവിടെയും ഉണ്ടെന്നാണ് വിചാരിപ്പാൻ സംഗതിയുള്ളതു്.

---

## ൩. ധൂമകേതുക്കൾ.

കുറേക്കൊല്ലങ്ങൾക്കു മുൻപു വന്ന ഒരു വലിയ ധൂമകേതു പലരും കണ്ടിട്ടുള്ളതായതുകൊണ്ടു് വാൽനക്ഷത്രങ്ങളെങ്ങനെ ഇരിക്കുമെന്നു വർണ്ണിക്കേണ്ടുന്ന അവശ്യമില്ലല്ലോ. വാൽനക്ഷത്രങ്ങൾ ഗ്രഹങ്ങളെപ്പോലെ തന്നെ സൂര്യനു ചുററും സഞ്ചരിച്ചു് അതിൽനിന്നും പ്രകാശം ലഭിക്കുന്ന ജ്യോതിസ്സുകളാണു്. പക്ഷെ ഇവയുടെ പ്രദക്ഷിണമാർഗ്ഗങ്ങളുടെ ആകൃതിക്കു തമ്മിൽ വ്യത്യാസമുണ്ടു്. ഗ്രഹങ്ങൾ സൂര്യനു ചുററും മിക്കവാറും കോട്ടംകൂടാതെ സമവൃത്തമായ മാർഗ്ഗത്തിൽ സഞ്ചരിക്കുന്നു. എന്നാൽ ധൂമകേതുക്കൾ അഥവാ വാൽനക്ഷത്രങ്ങൾ വലിച്ചുനീട്ടിയ വൃത്തങ്ങളായ ദീർഘവൃത്തങ്ങളിലാണു് പ്രായേണ സഞ്ചരിക്കുന്നതു്. ഗ്രഹങ്ങളുടെ മാർഗ്ഗം ഏകദേശം ഒരു വളയുടെ ആകൃതിയിലാണു്. എന്നാൽ വാൽനക്ഷത്രങ്ങളുടെ സഞ്ചാരമാർഗ്ഗം അഥവാ കക്ഷ്യ ഏകദേശം സൈക്കിളിന്റെ ചങ്ങലയുടെ ആകൃതിയിലാണു്.

വാൽനക്ഷത്രത്തിനു ഒരു തലയും തലയെത്തുടൎന്ന് ഒരു വാലുമുണ്ടെന്നു പറയാം. അനേകം ചെറിയ ക്ഷണങ്ങൾ കൂടിച്ചേൎന്നതാണ് വാൽനക്ഷത്രത്തിൻെറ തല. ഈ ക്ഷണങ്ങളിൽനിന്നും പുറപ്പെടുന്ന ഒരുവക ആവിയാണ് വാൽ എന്നു ഊഹിക്കപ്പെട്ടിരിക്കുന്നു. സൂൎയ്യനിൽനിന്നുള്ള ഒരു വിശേഷശക്തിയുടെ തള്ളൽകൊണ്ടു് ഈ വാൽ എപ്പോഴും സൂൎയ്യനിൽനിന്ന് മാറിയേ നിൽക്കുകയുള്ളൂ. നാം കുറച്ചു കൊല്ലങ്ങൾക്കു മുൻപ് കണ്ട ധൂമകേതു സന്ധ്യയ്ക്കു പ്രകാശിച്ചപ്പോൾ വാൽ പടിഞ്ഞാറുനിന്നു കിഴക്കോട്ടും വെളുപ്പാൻകാലത്ത് പ്രകാശിച്ചപ്പോൾ വാൽ കിഴക്കുനിന്നു പടിഞ്ഞാറോട്ടുമാണ് കിടന്നിരുന്നതെന്ന് എല്ലാവരും ഓൎക്കുന്നുണ്ടായിരിക്കുമല്ലോ. 1758-ൽ ഉദിച്ച ഒരു കേതുവിനും 1861-ൽ ഉദിച്ച വേറൊരു കേതുവിനും ഒന്നിലധികം വാലുകൾ ഉണ്ടായിരുന്നതായി ഇപ്പോഴത്തെ വൃദ്ധന്മാർ ഓൎക്കുന്നുണ്ടായിരിക്കാം. അതുകൊണ്ടു വാൽനക്ഷത്രങ്ങൾക്ക് ഒന്നിനുതന്നെ ഒന്നിലധികം വാലുകൾ ഉണ്ടായിരിക്കാമെന്ന് ധരിക്കാം. ഇവ കൂടാതെ 1872-ലും, 1874-ലും ഓരോ വലിയ വാൽനക്ഷത്രം ഉദിച്ചതു് പ്രായം ചെന്നവരെല്ലാം കണ്ടിരിക്കും.

ഈ നക്ഷത്രങ്ങളുടെ വാലിൻെറ നീളം ഒട്ടും ചെറുതായിരുന്നില്ല. 1910-ൽ ഉദിച്ച കേതുവിൻെറ വാലിന് ഏകദേശം 3 കോടി മൈൽസ് നീളമുണ്ടായിരുന്നു. അന്ന് അതു ഭൂമിയോടടുത്ത സമയം അതിൻെറ വാൽ കയറിപ്പിടിച്ചിരുന്നെങ്കിൽ ഒന്നാംതരം ഒരു സവാരി കഴിച്ചു് ചൊവ്വായിലോ മറേറാ പോയി സുഖമായി വസിക്കാമായിരുന്നു. പോയകാൎയ്യം പോകട്ടേ; ഇനിയും 1985-ൽ ആ കേതു തന്നെ തിരിയെ വരും.

ഇനിയും ക്ഷയിച്ചുപോയ വാൽനക്ഷത്രങ്ങളെപ്പററിയും കുറച്ചു പറയാം. വാൽനക്ഷത്രങ്ങൾ ക്ഷയിക്കുമ്പോൾ അവയിൽനിന്നു മുൻ പറഞ്ഞപ്രകാരം ആവി പുറപ്പെടാതിരിക്കയും തൻമൂലം വാൽ പൊയ്പ്പോകയും ചെയ്യുന്നു. പിന്നെ കഷണങ്ങൾ ചേൎന്നുണ്ടായ തല തനിച്ചു് അദൃശ്യമായി പഴയ മാൎഗ്ഗത്തിൽകൂടെ തനിച്ചു സഞ്ചരിച്ചുകൊണ്ടിരിക്കും. അങ്ങനെ പോകുന്ന വഴിക്കു് ഈ കഷണങ്ങൾ ഭൂമിയുടെ സഞ്ചാരമാൎഗ്ഗത്തിൽ എത്തുന്നു. അപ്പോൾ ഭൂമിയും ആ സ്ഥാനത്തുതന്നെയുണ്ടെങ്കിൽ ഈ കഷണങ്ങൾ വായുമണ്ഡലത്തിലേയ്ക്കു് വല്ലരെ വേഗത്തിൽ പാഞ്ഞുകയറി പകരുന്ന നക്ഷത്രങ്ങളായി കാണപ്പെട്ടും. ഈ പകരുന്ന നക്ഷത്രങ്ങൾക്കു് കൊള്ളിമീൻ എന്നു പേരുണ്ടു്. കൊള്ളിമീൻ സാധാരണ ഒരു സെക്കൻററിൽ 30 മൈൽസു വേഗത്തിൽ വായുമണ്ഡലത്തിൽകൂടി പായുന്നു. അതായതു് അതിനു തോക്കിൽനിന്നും പോകുന്ന ഉണ്ടയുടെ നൂറിരട്ടി വേഗം കാണും. നമ്മുടെ വായുമണ്ഡലത്തിൽകൂടി പത്തു മുപ്പതുമൈൽസു് സഞ്ചരിക്കുമ്പോഴേക്കു്. വഴിക്കുള്ള വായുവുമായി ഉരഞ്ഞു ചൂടുപിടിച്ചു് തീയിലിട്ട ഇരുമ്പുപോലെ പ്രകാശമുള്ളതായിത്തീരുന്നു. വായുവുമായി കൂടിയുരഞ്ഞു് ചൂടുപിടിക്കുന്നു എന്നു പറയുന്നതു പുളിയില വീണു് നട്ടു വൊടിഞ്ഞു എന്നു പറയുന്നതുപോലെ അബദ്ധമാണെന്നു ചിലർ വിചാരിച്ചേക്കാം. എന്നാൽ അതിവേഗത്തിൽ തിരിയുന്ന യന്ത്രത്തിൻെറ ചക്രത്തിന്നടുത്തു് കൈപിടിച്ചാൽ അവിടത്തെ വായു ചൂടുള്ളതായി കാണപ്പെട്ടുമെന്നു് അനുഭവംകൊണ്ടു ഗ്രഹിക്കാവുന്നതാണു്. കത്തി ചാണയിൽ പിടിച്ചാൽ അതിനു ചൂടുണ്ടാകുന്നതുപോലെയാണു് അതിവേഗമായ വായുവും ചക്രത്തിൽ തട്ടി ചൂടുപിടിക്കു

ന്നതു്. വായുവിനു ചൂടുപിടിക്കുന്ന സമയം തന്നെ ചക്രത്തിനും ചൂടുണ്ടാകുന്നു. മേൽപ്രകാരം കൊള്ളിമീനിനു് പ്രകാശിക്കുമ്പോളാണു് അതു നമുക്കു ദൃശ്യമായിഭവിക്കുന്നതു്. ചൂടുപിടിച്ചു പ്രകാശിക്കുന്നതോടുകൂടിത്തന്നെ അതിന്റെ ഒരംശം ആവിയായിപ്പോകും. ചില നക്ഷത്രങ്ങൾ പകന്നു കഴിഞ്ഞാലുടനെ അതു വന്ന വഴിക്കു് ഒരു സ്വർണ്ണരേഖ കാണുന്നതു് ഈ ആവി പ്രകാശിക്കുന്നതാണു്. ആവി ആകാതെ ശേഷിക്കുന്ന ഭാഗം ഭൂമിയുടെ ആകർഷണത്താൽ ചിലപ്പോൾ അതിഗംഭീരമായ മുഴക്കത്തോടും തീവ്രമായ ശക്തിയോടുംകൂടി നിലത്തു വന്നുവീഴും. ഈ വീഴുന്ന കഷണങ്ങൾ ചിലപ്പോൾ വളരെ വലുതായിരിക്കും. മദ്രാസു് കാഴ്ചബംഗ്ലാവിൽ പൊതിച്ച നാളികേരത്തോളം വലിപ്പമുള്ള രണ്ടു കഷണങ്ങൾ ഇരിപ്പുണ്ടു്. തിരുവനന്തപുരത്തെ കാഴ്ചബംഗ്ലാവിൽ കണ്ടിട്ടില്ല. കുറച്ചു കൊല്ലങ്ങൾക്കു് മുൻപു് ചെങ്ങന്നൂരിനു കിഴക്കു റാന്നി എന്ന സ്ഥലത്തു് ഒരു പുലയൻ കിളച്ചുകൊണ്ടു നില്ക്കുമ്പോൾ അവന്റെ സമീപത്തിൽ ഇപ്രകാരം ഒരു വലിയ കഷണം വീണതായി അറിവുണ്ടു്. അതിന്റെ ഒരു മുറി എന്റെ ഒരു സ്നേഹിതൻ എടുത്തുകൊണ്ടു വന്നിട്ടുമുണ്ടായിരുന്നു. ഈ കഷണം വെറും കല്ലല്ല; ഇരുമ്പാണു്. ഇങ്ങനെ വീണ സ്വർഗ്ഗീയകഷണങ്ങൾകൊണ്ടാണു് ലോകത്തിൽ ആദ്യമായി ഇരുമ്പായുധങ്ങൾ ഉണ്ടാക്കപ്പെട്ടതെന്നൂഹിക്കാം. ഇത്തരം ഇരുമ്പുകഷണങ്ങളാണു് പുരാണകിട്ടമെന്നു തോന്നുന്നു. പുരാണകിട്ടം ഗോമൂത്രത്തിൽ തുകച്ചു് മരുന്നുകൾ ഉണ്ടാക്കുന്നതായും മററും കേട്ടിട്ടുണ്ടു്. ചെറിയ കൊള്ളിമീനുകളാണെങ്കിൽ വായുസംഘർഷണം കൊണ്ടു് മുഴുവനും ആവിയായിപ്പോകും. ഈ കാരണത്താലാണു്

നക്ഷത്രം പകരുമ്പോഴേക്കെയും പുരാണകിട്ടം വീഴാത്തത്. ഒരു സെക്കൻറിൽ ശരാശരി നാലു കൊള്ളിമീനുകൾ വായുമണ്ഡലത്തിൽക്കൂടി പായുന്നുണ്ടെന്നു കണക്കാക്കിയിരിക്കുന്നു. ഇവയെല്ലാം അവിയായിപ്പോകാതെ ഭൂമിയിലേക്കു തന്നെ വീണുകൊണ്ടിരുന്നെങ്കിൽ ഈ സ്വർഗ്ഗീയമായ ചാത്തനേറുകൊണ്ട് നമുക്ക് ഇവിടെ പൊറുതിമുട്ടിപ്പോകുമായിരുന്നു. നമ്മുടെ വായുമണ്ഡലമുള്ളത് ഒരു വലിയ രക്ഷതന്നെ സംശയമില്ല. ഇനി കൊള്ളിമീനിൽ നിന്നും അവിയായിപ്പോയ ഭാഗത്തിന് എന്തു സംഭവിക്കുന്നു എന്നു ചിന്തിക്കാം. പുരാണകിട്ടം ഇരുമ്പായതുകൊണ്ട് അതിൽനിന്നു പുറപ്പെടുന്ന അവിയും ഇരുമ്പാവി ആയിരിക്കണമല്ലോ. നീരാവി തണുത്ത് ചെറിയ വെള്ളത്തുള്ളികളാവുന്നതുപോലെ ഈ ഇരുമ്പാവിയും തണുത്ത് ചെറിയ ഇരുമ്പു ഗുളികകളാവുന്നു. അതിസൂക്ഷ്മങ്ങളായ ഗുളികകളായിട്ട് അവിഅവസാനത്തിൽ ഭൂമിയിലേക്കു തന്നെ അടിയുന്നു. പഴയ നക്ഷത്രങ്ങളുടെ മുകളിലോ മരത്തിൻെറ പൊത്തുകളിലോ വളരെക്കാലമായി അടിഞ്ഞു കിടക്കുന്ന പൊടി കുറേ എടുത്ത് ഒരു അയസ്കാന്തംകൊണ്ട് അതിളക്കിയാൽ ഈ ചെറിയ ഗുളികകളെല്ലാം അതിൽ പററും. ഒരു ഭൂതക്കണ്ണാടികൊണ്ട് നോക്കിയാൽ ഈ ഗുളികകളെല്ലാം സ്പഷ്ടമായി കാണുകയും ചെയ്യാം. ഇങ്ങനെ വീഴുന്ന ഇരുമ്പു ഗുളികകൊണ്ടു തന്നെ ഭൂമിക്കു ദിവസമൊന്നിന് രണ്ടു ടൺ ഏകദേശം (4500) റാത്തൽ ഭാരം കൂടുന്നുണ്ടെന്നു പറയപ്പെടുന്നു.

വാൽനക്ഷത്രങ്ങളും പകരുന്ന നക്ഷത്രങ്ങളും സാക്ഷാൽ നക്ഷത്രങ്ങളല്ലെന്നും അവയും നക്ഷത്രങ്ങളും തമ്മിൽ

വലിപ്പത്തിൽ അജഗജാന്തരമോ, പരമാണു പർവ്വതാന്തരമോ ഉണ്ടെന്നും അവ നക്ഷത്രങ്ങളെപ്പോലെ സ്വയംപ്രകാശികളല്ലെന്നും പ്രത്യേകം ഓർമ്മ വയ്ക്കേണ്ടതാണ്.

---

## ൭. നളന്ദ്സർവ്വകലാശാല.

പുരാതനഭാരതീയർക്ക് വിദ്യാഭ്യാസം, വൈദ്യം, രാജ്യഭരണം, ജ്യോതിഷം, ധനശാസ്ത്രം, ശില്പവിദ്യ മുതലായവയിൽ പാണ്ഡിത്യം കുറവായിരുന്നു എന്നും അതിനാലാണു നാം വിദേശീയരെ അനുകരിക്കേണ്ടിവന്നിരിക്കുന്നത് എന്നും, ഒരു ബോധം ആധുനികയുവാക്കന്മാരിൽ ചിലർക്കുണ്ട്. ഇതിൽപരം നിരർത്ഥകവും, മിഥ്യാപരവും, ആയ ഒരു ധാരണ വേറെ ഇല്ലതന്നെ. ഭാരതീയർക്ക് മേൽപറഞ്ഞവയിൽ മാത്രമല്ല, സർവ്വകലകളിലും ശാസ്ത്രങ്ങളിലും അന്യൂനമായ പാണ്ഡിത്യം ഉണ്ടായിരുന്നു എന്ന് മാക്സ്മുള്ളർ മുതലായ പാശ്ചാത്യപണ്ഡിതന്മാർ സശിരഃകമ്പം സമ്മതിച്ചിട്ടുണ്ട്.

ഹിന്ദുസ്ഥാനത്തിലെ പ്രാചീനവിദ്യാഭ്യാസം എത്രയും ഉൽകൃഷ്ടമായ ഒരു സ്ഥാനത്തെ പ്രാപിച്ചിരുന്നു എന്നുള്ളതിനു സംശയമില്ല. ഇന്നു പരിഷ്കാരത്തിൻെറ പരമകാഷ്ഠയെ പ്രാപിച്ചിട്ടുള്ള പല പാശ്ചാത്യരാജ്യങ്ങളും ഒരു കാലത്ത് സരസ്വതീദേവിയുടെ സാന്നിധ്യം കൂടാതെ അജ്ഞാനാന്ധകാരദേവതയുടെ അടിമയായിക്കിടന്നിരുന്നു; എന്നുള്ളത് ചരിത്രപ്രസിദ്ധമായ ഒരു സംഗതിയാണ്.

പതഞ്ജലി, പാണിനി, മാഘൻ, കാളിദാസൻ, ഹരിശ്ചന്ദ്രൻ, ധർമ്മപുത്രൻ, വാഗ്ഭടൻ, ആര്യഭട്ടൻ, മുതലായവരേക്കാൾ ഉത്തമന്മാരായ വ്യാകരണകർത്താക്കളോ സാഹി

ത്ഥ്യകാരന്മാരോ രാജർഷികളോ ശാസ്ത്രജ്ഞന്മാരോ ഒരു കാലത്തും ലോകത്തിൽ ജാതന്മാരായിട്ടില്ല. ആ മഹാത്മാക്കളെ ഈദൃശസ്ഥാനങ്ങളിൽ എത്തിച്ച വിദ്യാഭ്യാസരീതിയുടെ മാഹാത്മ്യം പ്രശംസനീയമത്രേ.

ഇൻഡ്യയുടെ പ്രാചീനകാലങ്ങളെ അഞ്ചു ഘട്ടങ്ങളായി ഭാഗിച്ചിരിക്കുന്നു. അവ വൈദികകാലം, മഹാകാവ്യകാലം, തത്വദാർശനികകാലം, ബുദ്ധമതകാലം, പൌരാണികകാലം ഇവയാകുന്നു. ബി. സി. ൨൦൦൦-ാമാണ്ടു് ആരംഭിക്കുന്ന വൈദികകാലത്തിന്റെ ആരംഭത്തിൽതന്നെ ബ്രഹ്മചര്യ്യ ആശ്രമം, ആര്യ്യന്മാരുടെയിടയിൽ നടപ്പുണ്ടായിരുന്നുവെന്നു്, ഋക്ക്, അഥവാ, വേദങ്ങളിൽനിന്നു് നാം അറിയുന്നുണ്ട്. ബ്രഹ്മചാരി എന്നതിനു വേദം പഠിക്കുന്നവൻ അഥവാ, അദ്ധ്യേതാവു് എന്നർത്ഥമാണ്. വേദകർത്താക്കളായി തൊണ്ണൂറിൽപരം മഹർഷീശ്വരന്മാർ ഉണ്ടായിരുന്നുവെന്നു പ്രാചീനചരിത്രങ്ങൾ ഘോഷിക്കുന്നു. അദ്ധ്യാപനം ധർമ്മപരമായും പ്രതിഫലേച്ഛയോടുകൂടിയും ശുശ്രൂഷാർത്ഥമായും നടത്തിവന്നിരുന്നു. വ്യാഖ്യാനത്തോടുകൂടിയും വ്യാഖ്യാനം കൂടാതെയും വേദം അഭ്യസിപ്പിച്ചുപോന്നു.

വിദ്യാഭ്യാസത്തിനുള്ള പ്രായം എട്ടുവയസ്സുമുതൽ ഇരുപത്തിനാലുവയസ്സുവരെ ആയിരുന്നു. അപൂർവ്വം ചിലക്കു മുപ്പത്താറുവയസ്സുവരേയും വിദ്യാഭ്യാസം ചെയ്യുന്നതിനു അനുവാദം ലഭിച്ചിരുന്നു. ഗുരുക്കന്മാരുടെ പ്രത്യേക അനുമതിസമ്പാദിക്കുന്നവക്കു മാത്രമേ മേൽപറഞ്ഞ വ്യത്യസ്തനിയമം അനുവദിക്കപ്പെട്ടിരുന്നുള്ളൂ. ഒരു വേദമെങ്കിലും ശരിയായി പഠിച്ചതിനുശേഷമേ, ഒരു വിദ്യാർത്ഥി ഗുരുകുലവാസം അവസാനിപ്പിക്കാവൂ എന്നു്, പ്രാചീനാര്യ്യന്മാരുടെ

യിടയിൽ ഉണ്ടായിരുന്ന നിർബന്ധം അക്കം നീക്കാവുന്നതല്ലായിരുന്നു. ചില വിദ്വാന്മാർ ആയുസ്സു മുഴുവൻ ആധുനികയൂറോപ്യന്മാരിൽ ചിലരെപ്പോലെ പ്രത്യേക പാഠങ്ങൾക്കായി വിനിയോഗിച്ചു. ചതുർവേദങ്ങൾക്കു പുറമെ കാലാന്തരത്തിൽ ഷഡംഗങ്ങളും പാഠപദ്ധതിയിൽ ഉൾപ്പെടുത്തി.

വ്യാകരണശാസ്ത്രം സംസ്കൃതഭാഷാപഠിതാക്കൾ അവശ്യം ഗ്രഹിച്ചിരിക്കേണ്ട ഒന്നാണ്. ഭാഷയുടെ ശാസ്ത്രീയ വകുപ്പുകളിൽ ഒന്നായ വ്യാകരണം ഭാഷാസാഹിത്യത്തോടുകൂടി പഠിപ്പിച്ചാലും മതിയെന്നുള്ള ഇന്നത്തെ വ്യവസ്ഥ അന്നില്ലായിരുന്നു. അതിനാൽ ഉപനയനാനന്തരം വിദ്യാർത്ഥികളെ വ്യാകരണം പ്രത്യേകം അഭ്യസിപ്പിച്ചു വന്നു. ശിഷ്യന്മാക്ക് അവശ്യം ഉണ്ടായിരിക്കണമെന്നു സ്മൃതികാരന്മാർ പ്രഘോഷിക്കുന്ന മുഖ്യഗുണങ്ങൾ ശാന്തി, വിനയം ആർജ്ജവം, ശ്രദ്ധ, ഭക്തി, അനുസരണം, അധ്വാനശീലം ഇവയാണ്. സുഗന്ധദ്രവ്യങ്ങളെ ഉപയോഗിക്കുക, നാടകം കാണുക, സ്ത്രീദർശനം, ജന്തുഹിംസ ഇവ വിദ്യാർത്ഥികളിൽ നിന്നും വിലക്കിയിരുന്നു. ആചാര്യശുശ്രൂഷ, ബ്രഹ്മചാരിയുടെ ഒരു പ്രത്യേക പദവിയത്രേ. ഈ വിധം അഭ്യസിക്കപ്പെട്ട അക്കാലത്തെ ശിഷ്യന്മാർ ദുർമ്മാർഗ്ഗികളോ ഗർവ്വികളോ ആവുന്നതെങ്ങിനെയാണ്. ശിഷ്യന്മാർ, ആചാര്യന്മാരെ ഈശ്വരനെപ്പോലെ ആരാധിച്ചിരുന്നു എന്ന് ഉപനിഷത്തിൽ പറയുന്നു. വിദ്യാഭ്യാസം മുഴുവൻ കഴിഞ്ഞതിനുശേഷം ആചാര്യന്റെ അനുഗ്രഹാനുസരണം അദ്ധ്യേതാക്കൾ ഗുരുദക്ഷിണ കൊടുക്കണം.

കാലാന്തരത്തിൽ അധ്യയനവിഷയങ്ങളുടെ എണ്ണം വർദ്ധിച്ചതോടുകൂടി വിവിധവിഷയങ്ങളെ അഭ്യസിപ്പിക്കുന്ന

തിന് ഒരു ഗുരുവിനു സാധിക്കാതെവന്നതിനാൽ തത്തദ്വി ഷയങ്ങളിൽ വിജ്ഞാനികളായ അദ്ധ്യാപകന്മാരാൽ വിദ്യാലയങ്ങൾ അലങ്കരിക്കപ്പെട്ടു. ഇപ്രകാരം വിദ്യാലയങ്ങൾ വണ്ണത്തിൽ വിപുലമായതിനാൽ അവയ്ക്കു സവ്കലാലയങ്ങൾ എന്ന നാമധേയം നൽകി തക്ഷശില, നളന്ദ, കാഞ്ചി തുടങ്ങിയുള്ളവ സവോത്തമമായ സവ്കലാലയങ്ങളായിരുന്നു.

അലക്സാണ്ഡർ ചക്രവത്തിയുടെ കാലത്തു് ടാക്സില അഥവാ തക്ഷശില ഒരു പ്രസിദ്ധ സവ്കലാശാലയായിരുന്നതായി മെഗസ്തനീസിൻെറ ഗ്രന്ഥവരികളിൽ കാണുന്നു.

മേല്പടി സവ്കലാശാലയിൽ പതിനെട്ടു കലാവിദ്യകൾ പഠിപ്പിച്ചിരുന്നു എന്നും, വൈദ്യവിദ്യയ്ക്കു പ്രാഥമ്യം നൽകിയിരുന്നു എന്നും,ആ പ്രാചീന ഗ്രീക്കസഞ്ചാരി രേഖപ്പെടുത്തിയിട്ടുണ്ടു്.

തത്വദാർശനികകാലത്തു് ഭാരതത്തിൽ നളന്ദയൂണിവേഴ്സിററി പ്രഥമസ്ഥാനത്തെ പ്രാപിച്ചു. മതസംബന്ധമായ കാൎയ്യങ്ങളിൽ ഭാരതീയർ പ്രബുദ്ധന്മാരായിരുന്നതു ഇക്കാലത്തത്രെ. ബുദ്ധൻ, വദ്ധമാനമഹാവീരൻ മുതലായവരുടെ ജീവിതകാലം ഇതായിരുന്നു. ഗുപ്തരാജാക്കന്മാരുടെ ഭരണകാലം ഭാരതഖണ്ഡത്തിൻെറ വിദ്യാഭ്യാസസുവണ്ണകാലം, എന്നു ചരിത്രകാരന്മാർ സമ്മതിക്കുന്നു. രണ്ടാം ചന്ദ്രഗുപ്തൻ എന്നു പ്രസിദ്ധനായ വിക്രമാദിത്യൻെറ ഭരണകാലത്തു വിദ്യാഭ്യാസനില പരമകാഷ്ഠയെ പ്രാപിച്ചു. ക്രിസ്താബ്ദം അഞ്ചും ആറും ഏഴും നൂററാണ്ടുകളിൽ സംസ്കൃതഭാഷാസാഹിത്യത്തിനു സിദ്ധിച്ച പ്രചാരം ഇൻഡ്യയിലെ വിദ്യാഭ്യാസചരിത്രത്തിൽനിന്നും ഒരു കാലത്തും

മായ്ക്കാവുന്നതല്ല. അക്കാലത്തു വിദേശങ്ങളിലെ അനേകം വിദ്യാൎത്ഥികൾ നളന്ദസൎവകലാശാലയെ ഭക്തിപൂൎവം സന്ദൎശിക്കയും ദീൎഘകാലം അവയിൽ അഭ്യസനം നടത്തുകയും ചെയ്തതായി ചില പുരാതനലിഖിതങ്ങളിൽ കാണുന്നു. ബുദ്ധമതത്തിന്റെ പ്രചരണത്തിനുള്ള ഒരു മാൎഗ്ഗം വിദ്യാലയസ്ഥാപനങ്ങളാണെന്നു പുരോഹിതന്മാൎക്കും രാജാക്കന്മാൎക്കും തോന്നുകയാൽ വിദ്യാഭ്യാസവിഷയത്തിൽ പ്രവൎത്തിക്കുന്നതിനു ബുദ്ധമതസന്യാസികളെ ചുമതലപ്പെടുത്തി. ഇപ്രകാരം സന്യാസിമാരാൽ നടത്തപ്പെട്ട ബുദ്ധമതവിദ്യാലയസ്ഥാപനങ്ങളാണു് സംഘാരാമങ്ങൾ എന്നു പറയുന്നതു്. ഹിയ്യൂൺസാംഗിന്റെ സഞ്ചാരവൃത്താന്തങ്ങളിൽ കാശ്മീർ, ശതദ്രു, കാന്യകുബ്ജം, മധുര മുതലായ പലേ സ്ഥലങ്ങളിലും സംഘാരാമങ്ങൾ ഉണ്ടായിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ടു്.

മഗധരാജാക്കന്മാരാണു് നളന്ദവിദ്യാലയസ്ഥാപനത്തിനു വേണ്ടത്ര ദ്രവ്യം വ്യയം ചെയ്തിട്ടുള്ളതു്. അക്കാലത്തെ ശില്പവിദഗ്ദ്ധന്മാരുടെ സാമൎത്ഥ്യാതിരേകത്തെ പ്രത്യക്ഷമാക്കുന്ന ഭീമാകാരങ്ങളായ കെട്ടിടങ്ങളാണു് സൎവകലാശാലവകയായി നളന്ദയിൽ പരിലസിക്കുന്നതു്. പല പല രാജാക്കന്മാർ ഇതിന്റെ പണിവകയ്ക്കു അഹമഹമികയാ പണം സംഭാവനചെയ്തിട്ടുണ്ടു്. സൎവകലാശാലയിലെ അവശ്യത്തിനു വേണ്ട പണം ധനികന്മാരായ പ്രഭുക്കന്മാരുടെയും നാട്ടുവാഴികളുടെയും സംഭാവനകളാൽ ലഭിച്ചുപോന്നു. കൂടാതെ അനേകം സ്ഥലങ്ങൾ ഈ സൎവകലാശാലവകയ്ക്കു കരമൊഴിവായി രാജാക്കന്മാർ ദാനംചെയ്തും അനുമോദനാൎഹംതന്നെ. ആധുനികകാലത്തു പാശ്ചാത്യരാജ്യങ്ങളിൽ നടത്തപ്പെടുന്ന വിദ്യാലയങ്ങളിൽ

ഭ്രിപക്ഷവും ഇപ്രകാരമുള്ള സംഭാവനകളാൽ നടത്ത പ്പെട്ടുന്നതാണെന്നു വൎത്തമാനപ്പത്രങ്ങൾ വായിക്കുന്നവൎക്കു സുപരിചിതമാണ്. സൎവ്വകലാശാലാദ്ധ്യക്ഷന്മാരെ സാമ്രാജ്യാധിപതികളേക്കാൾ കൂടുതലായി ബഹുമാനിക്കയും വില മതിക്കയും ചെയ്തിരുന്നു.

നളന്ദ സൎവ്വകലാശാലയെപ്പററി യുമാൻചാങ് ഇപ്രകാരം വൎണ്ണിച്ചിട്ടുണ്ട്. "ഇവിടെ താമസിച്ചു പഠിക്കുന്ന വിദ്യാൎത്ഥികളുടെ സംഖ്യ അനേകായിരമാകുന്നു. അവർ അസാമാന്യ സാമൎത്ഥ്യവും ബുദ്ധിചാതുൎയ്യവും ഉള്ളവരാണ്. അവരുടെ സുപ്രസിദ്ധി ഇന്നും വലിയതുതന്നെ. ഇവരിൽ പലരുടേയും കീൎത്തി ദൂരദേശങ്ങളിലും വ്യാപിച്ചിട്ടുണ്ട്. അവരുടെ ജീവിതക്രമം പരിശുദ്ധവും നിരാക്ഷേപവുമാണ്. അവർ സദാചാരനിയമങ്ങളെ നിർവ്യാജമായിട്ടാണനുഷ്ഠിക്കുന്നത്. സന്ന്യാസിമഠത്തിലെ നിയമങ്ങൾ വളരെ നിഷ്കൃഷ്ടിതവും എല്ലാ സന്ന്യാസിമാരും അവയെ അനുസരിക്കുവാൻ നിർബന്ധിതരുമാകുന്നു. ചോദ്യങ്ങൾ ചോദിക്കുന്നതിനും, സമാധാനങ്ങൾ പറയുന്നതിനും, പകൽ സമയം മുഴുവനും മതിയാകാതെവരുന്നു. ചെറുപ്പക്കാരും വൃദ്ധന്മാരും പരസ്പരം വാദപ്രതിവാദം ചെയ്യുന്നതിൽ അന്യോന്യം സഹായിക്കുന്നു. വാദപ്രതിവാദങ്ങളിൽ കീൎത്തി സമ്പാദിക്കാൻ ആഗ്രഹിക്കുന്ന അസംഖ്യം പണ്ഡിതന്മാർ അവരുടെ സംശയനിവൃത്തി വരുത്തുവാനും മററുമായി പല സ്ഥലങ്ങളിൽനിന്നും അവിടെ വരികയും വിജ്ഞാനനദി പലവഴിക്കും ഒഴുകുകയും ചെയ്യുന്നു. ഈ കാരണംകൊണ്ടു അനവധി വിദ്വാന്മാർ വിദേശങ്ങളിൽ പോയി ബഹുമാനപദവികൾ സമ്പാദിക്കേണ്ടതിനു 'നളന്ദവിദ്യാൎത്ഥികൾ' എന്ന അഭിധാനത്തെ അനൎഹമായ

സ്വീകരിക്കുന്നുണ്ട്. ഈ സർവ്വകലാശാലയിൽ പ്രവേശം ലഭിക്കണമെങ്കിൽ പുരാതനവും ആധുനികവുമായ അനവധി ഗ്രന്ഥങ്ങൾ കൂലങ്കഷമായി പഠിച്ചിരിക്കണം. അതുകൊണ്ടു പുറത്തുനിന്ന് ഇവിടെ വരുന്ന വിദ്യാർത്ഥികൾ വാദപ്രതിവാദംകൊണ്ട് അവരുടെ പാണ്ഡിത്യത്തെ പ്രത്യക്ഷപ്പെടുത്തേണ്ടതാകുന്നു. ഈ പരീക്ഷയിൽ ജയിക്കുന്നവർ വളരെ ചുരുക്കമാണ്. പ്രകാശമാനമായ ബുദ്ധികൌശലം, സ്ഥൂലമായ വിജ്ഞാനം, ഉൽകൃഷ്ടമായ സദാചാരനിരത മുതലായ വിശിഷ്ട ഗുണങ്ങളോടുകൂടിയ യോഗ്യന്മാരെ വിവേകശൂന്യന്മാരും വിഷയികളുമായ അജ്ഞന്മാരെ തങ്ങളുടെ ഉപദേശംകൊണ്ട് വിജ്ഞാനികളാക്കിത്തീർത്ത ധാമപാല, ചന്ദ്രപാലന്മാരുടെ കൂട്ടത്തിൽ ഗണിക്കപ്പെടുന്നു. പ്രഭാമിത്രൻ അദ്ദേഹത്തിൻെറ സുഗമസംഭാഷണംകൊണ്ടും, ജിനമിത്രൻ വാഗ് മിത്വംകൊണ്ടും, ശീലഭദ്രൻ മുതലായ മററനേകം മഹാന്മാർ ഏതാദൃശമായ വൈഭവങ്ങൾകൊണ്ടുംലോകവിശ്രുതന്മാരായിത്തീർന്നിട്ടുണ്ട്. ഹിയൂൺസാങ്ങുതന്നെ ഈ സർവ്വകലാശാലയിൽ കുറച്ചു കാലം ക്രമമായി അദ്ധ്യയനംചെയ്തിരുന്നു.

അന്ന് സർവ്വകലാശാലാദ്ധ്യക്ഷനായിരുന്നതു് ശീലഭദ്രൻ ആണ്. അദ്ദേഹം ധർമ്മപാലൻെറ ശിഷ്യനായിരുന്നു. ഹിയൂൻസാങ്ങ് ശീലഭദ്രനെപ്പററി വളരെ ഭക്തിബഹുമാനങ്ങളോടെയാണ് പറയുന്നതു്. നളന്ദയിലെ പണ്ഡിതന്മാരെ വാദപ്പോരിനുവിളിച്ച് ഒരു ദാക്ഷിണാത്യനോട്ട് വാദപ്രതിവാദം നടത്താൻ ൩൦ വയസ്സുമാത്രം പ്രായമുണ്ടായിരുന്ന ശീലഭദ്രനെ അദ്ദേഹത്തിൻെറ ഗുരു നിയോഗിച്ചു എന്നും പറയപ്പെട്ടിരിക്കുന്നതിൽനിന്നുതന്നെ അദ്ദേഹത്തിൻെറ യോഗ്യത തെളിയുന്നതാണ്.

നളന്ദ ഒരു ബുദ്ധമതസ്ഥാപനമായിരുന്നെങ്കിലും അവിടുത്തെ വിദ്യാഭ്യാസം കേവലം വർഗ്ഗീയസമ്പ്രദായത്തെ അനുസരിച്ചു മാത്രമായിരുന്നില്ല. അധ്യയനവിഷയങ്ങളുടെ കൂട്ടത്തിൽ വേദം, വ്യാകരണം, തക്കം, ഗണിതം, വൈദ്യം മുതലായവ ഉൾപ്പെട്ടിരുന്നു. 7-ാംശതകത്തിൽ സകലരാജ്യക്കാക്കും പൊതുവേയുള്ള ഒരു വിദ്യാഭ്യാസസങ്കേതമായി ഇതൊന്നുമാത്രമേ ഉണ്ടായിരുന്നൊള്ളു. തൻെറ "പോററമ്മ"യായ നളന്ദയെപ്പററി ചീനത്തുകാരൻെറ ബഹുമാനപൂവ്കമായ വണ്ണനകളിൽ പക്ഷേ അതിശയോക്തി ഉണ്ടായിരിക്കാമെന്നു സംശയം തോന്നാമെങ്കിലും ജീവകാലം മുഴുവനും വിദ്യാഭ്യാസസമ്പാദനത്തിനായി അശ്രാന്തംപരിശ്രമംചെയ്ത നീതിമാനും നിഷ്കളങ്കനുമായ ഒരു സന്യാസിയുടെയും, സൂക്ഷ്മഗ്രാഹിയും അധ്വാനശീലനുമായ വിദ്യാത്ഥിയുടെയും നിലയിൽ അദ്ദേഹത്തിൻെറ വർണ്ണനകൾ യഥാത്ഥത്തെ അണുപോലും അതിക്രമിച്ചിരിക്കുന്നതല്ലെന്നു വിശ്വസിക്കാം. ഇനിയും വിദ്യാഭ്യാസരീതി പ്രസ്താവിക്കാം. കുട്ടികളുടെ വിദ്യാഭ്യാസം ആരംഭിക്കുവാനും അവരെ അതിൽ താൽപയ്യമുള്ളവരാക്കുവാനും 12 അധ്യായമുള്ള സിദ്ധവസ്തു എന്നൊരു ഗ്രന്ഥമാണു പഠിപ്പിച്ചിരുന്നതു്. ആദ്യത്തെ വിദ്യ ശബ്ദശാസ്ത്രം അല്ലെങ്കിൽ വ്യാകരണം ആകുന്നു. ശില്പകലാശാസ്ത്രങ്ങളെ പ്രതിപാദിക്കുന്ന പൊതു വിദ്യയും ജ്യോതിഷവും അടങ്ങിയതാണു് രണ്ടാമത്തേതു്. അടുത്തതു വൈദ്യവിദ്യയാണു്. ധമ്മതൽപ്പരന്മാരെയും അസത്യവാദികളെയും വേർതിരിച്ചറിയാൻ സാധിക്കുന്ന തക്കശാസ്ത്രമാണു് നാലാമത്തേവിദ്യ. ആത്മജ്ഞാനസിദ്ധിക്കുള്ള അഞ്ചു മുറകളെയും കമ്മസിദ്ധാന്തങ്ങളെയും പ്രതിപാദിക്കുന്ന അദ്ധ്യാത്മവിദ്യയാണു് അഞ്ചാമത്തേതു്.

നളന്ദയിലെയും മററു സംഘാരാമങ്ങളിലെയും വിദ്യാൎത്ഥികൾക്കെല്ലാം അന്നു പ്രചാരമുണ്ടായിരുന്ന എല്ലാ ശാസ്ത്രങ്ങളിലും അപാരമായ പാണ്ഡിത്യം സിദ്ധിച്ചിരുന്നു എന്നു നിസ്തൎക്കമാണു്.

ഹിന്ദുമതാനുസാരികൾക്കുള്ള ഉയൎന്നതരം വിദ്യാഭ്യാസരീതി അല്പം വ്യത്യാസമുള്ളതായിരുന്നു. ബ്രാഹ്മണരെ മാത്രം ചതുൎവ്വേദങ്ങൾ അഭ്യസിപ്പിച്ചു. ഉപാദ്ധ്യായന്മാർ ജീവിതകാലം മുഴുവൻ ജ്ഞാനസമ്പാദനത്തിനുവേണ്ടി വിനിയോഗിച്ചിരുന്ന പണ്ഡിതന്മാർ ആയിരുന്നു. ഈ സൎവ്വകലാശാലയിൽ ശിഷ്യന്മാരെ ശാസ്ത്രതത്വങ്ങൾ ഉരുവിട്ടു് പഠിപ്പിച്ചിരുന്നില്ല. അവരുടെ മനസ്സിനെ സ്വതന്ത്രമായി വ്യാപരിപ്പിച്ചു് ബുദ്ധിവികാസത്തെ വരുത്തുന്ന രീതി ഇവിടെ അനുഷ്ഠിക്കപ്പെട്ടു. ജഡന്മാരെ അനുശാസിക്കുന്നതിനും മന്ദപ്രജ്ഞന്മാരെ കുശാഗ്രബുദ്ധികളാക്കുന്നതിനും അലസന്മാരെ പ്രയത്നശീലന്മാരാക്കുന്നതിനും ഉപാദ്ധ്യായന്മാർ നിരന്തരമായി പരിശ്രമിച്ചു. ദേശസഞ്ചാരികളും ഭിക്ഷുക്കളുമായ അദ്ധ്യാപകന്മാരും നളന്ദ സൎവ്വകലാശാലയുടെ അഭിമുഖ്യത്തിൽ ദേശംതോറും സഞ്ചരിച്ചു് ശിഷ്യസമ്പത്തു് വൎദ്ധിപ്പിച്ചു. ഈ സൎവ്വകലാശാലയിൽ വച്ചു് പ്രസിദ്ധന്മാരായ വാഗ്മികൾ മതവിഷയങ്ങളെ സംബന്ധിച്ചും വാദപ്രതിവാദം നടത്തിയിരുന്നു. 8-ാംശതകത്തിൽ, ബുദ്ധമതധ്വംസിയായ ശ്രീമൽ ശങ്കരാചാൎയ്യർ ഉത്തരഇൻഡ്യയെ സന്ദശിച്ച അവസരത്തിൽ നളന്ദയിൽ എത്തി അവിടെവെച്ചു് ഹിന്ദുമത പുനരുദ്ധാരണത്തിനു് സാഹായകമായി അനേകം പ്രസംഗങ്ങൾ ചെയ്തിട്ടുണ്ടു്. 9-ാംശതകത്തിനുശേഷം നളന്ദ സൎവ്വകലാശാലയെപ്പററി ചരിത്രങ്ങളിൽ കാണുന്നില്ല. ആധുനിക സൎവ്വകലാശാലക

ളോട്ടു് രീതിയിലും വിഷയങ്ങളിലും സാമാന്യമായി കിട പിടിക്കാൻ സവ്ഥാ പ്രാപ്തിയുള്ളതായിരുന്ന ഈ സവ്കലാശാലകൾ പുരാതന ഭാരതത്തിൻെറ അഭിമാനസ്തംഭം തന്നെയായിരുന്നു.

---

## വ്യ. കോട്ടയത്തു രാജാവു്.

സാധാരണ മനുഷ്യരിൽനിന്നു് ഏതെങ്കിലും അവസ്ഥയിൽനിന്നുയൎന്നിട്ടു കഴിഞ്ഞുപോയിട്ടുള്ള എല്ലാ ആളുകളുടേയും ഉത്ഭവാദികളെക്കുറിച്ചു് ഇക്കാലത്തു് ഒരു വിധക്കാരാരും വിശ്വസിക്കാത്ത ഓരോ ചരിത്രങ്ങൾ കേൾക്കുന്ന സമ്പ്രദായം മററുള്ള ദേശങ്ങളിലും ഭാഷകളിലുംകൂടി നടപ്പുള്ളതു തന്നെയോ എങ്ങനെയെന്നു നിശ്ചയമില്ല. ഇവിടെ ഇതുകൂടാതെ ഒരു വിജയി ആകട്ടേ വിദ്വാൻ ആകട്ടേ വൈദ്യൻ ആകട്ടേ ആരും ഇന്നോ ഇന്നലെയോ കഴിഞ്ഞവരായിട്ടല്ലാതെ ഇല്ലെന്നാണു് തോന്നുന്നതു്. വായനക്കാരുടെ വിനോദത്തിനായി മാത്രം പ്രസിദ്ധ കവിയായ കോട്ടയത്തു രാജാവിനെപ്പററി കേട്ടിട്ടുള്ള ചില കഥകൾ താഴെ ചേൎക്കുന്നു.

കോട്ടയത്തു രാജകുടുംബം ബ്രിട്ടീഷ് മലബാറിൻെറ വടക്കേ അററത്തുള്ള താലൂക്കുകളിൽ ഒന്നായ കോട്ടയം താലൂക്കിലാകുന്നു. ഈ കുടുംബത്തിലുള്ള സ്ത്രീപുരുഷന്മാർ യഥാകാലം വിദ്യാഭ്യാസം ചെയ്തുകൊണ്ടിരുന്നതിനാൽ മുൻകാലങ്ങളിൽ അവിടെ വിദ്വാന്മാരല്ലാതെ ഉണ്ടായിരിക്ക പതിവില്ല. എങ്കിലും ഒരു കാലത്തു് ആ രാജകുടുംബത്തിൽ കേവലം മന്ദബുദ്ധിയായ ഒരു രാജകുമാരൻ

അഭൂതപൂൎവ്വമായി സംഭവിക്കുന്നതിന്നിടയായി. അദ്ദേഹത്തിൻെറ ചരിത്രത്തെക്കുറിച്ചാണു് കുറഞ്ഞൊന്നു ഇവിടെ പ്രസ്താവിക്കാൻ പോകുന്നതു്.

അക്കാലത്തു് ആ രാജകുടുംബത്തിൽ രാജ്യാധിപത്യം ഉണ്ടായിരുന്നതിനാലും വേറെ പുരുഷന്മാർ അവിടെ ഇദ്ദേഹത്തേക്കാൾ മൂത്തവരായി ഇല്ലായിരുന്നതുകൊണ്ടും ഈ രാജകുമാരനെ ബാല്യത്തിൽ സാധാരണയിൽ അധികം താൽപൎയ്യത്തോടുകൂടി വിദ്യാഭ്യാസം ചെയ്യിച്ചു എങ്കിലും തന്നിമിത്തം യാതൊരു ഫലവുമുണ്ടായില്ല. രാജ്യഭാരം വഹിക്കേണ്ടതിനു് ചുമതലക്കാരനായ നമ്മുടെ കഥാനായകൻ കേവലം മൃഗപ്രായമായിത്തന്നെ വളൎന്നുവന്നു. അത്യന്തം വിദുഷിയായ ഒരു രാജ്ഞിയുടെ പുത്രനും ആ മാതാവിനാൽ യഥോചിതം വളൎത്തപ്പെട്ടയാളും സകല ശാസ്ത്രപാരംഗതന്മാരായ പണ്ഡിതവൎയ്യന്മാരാൽ യഥാകാലം അതിശ്രദ്ധയോടുകൂടി ശിക്ഷിക്കപ്പെട്ടയാളുമായ ഈ രാജകുമാരൻ മന്ദബുദ്ധികളെ എത്രതന്നെ ജാഗ്രതയോടുകൂടി വിദ്യാഭ്യാസം ചെയ്യിച്ചാലും യാതൊരു പ്രയോജനവും ഉണ്ടാകയില്ലെന്നുള്ളതിലേക്കു് ഒരു നല്ല ദൃഷ്ടാന്തമായിരുന്നു.

ഈ രാജകുമാരനു് ഏകദേശം പതിനാറുവയസ്സുപ്രായമായ സമയം അയൽരാജ്യാധിപനായ അന്നത്തെ കോഴിക്കോട്ടു സാമൂതിരിപ്പാട്ടു് തമ്പുരാൻ തീപ്പെട്ടു. ഈ രണ്ടു രാജകുടുംബങ്ങളും തമ്മിൽ മുമ്പിനാലെ വളരെ ബന്ധുത്വത്തോടുകൂടിയ സ്ഥിതിയാകയാൽ ഇങ്ങനെയുള്ള അവസരങ്ങളിൽ അടിയന്തിരം അന്വേഷിക്കുവാനായി പരസ്പരം പോവുക പതിവുണ്ടു്. അങ്ങനെ പോവുകയോ വരികയോ ചെയ്താൽ രണ്ടു സ്ഥലത്തുമുള്ള രാജാക്കന്മാരും

നല്ല വ്യുൽപന്നന്മാരായിരിക്കുന്നതിനാൽ അവരുടെ പരസ്പരസംഭാഷണം ഗീർവ്വാണഭാഷയിലാണു് പതിവു്. അതിനാൽ സാമൂതിരിപ്പാട്ടു് തമ്പുരാൻ തീപ്പെട്ടുപോയി എന്നുള്ള വൎത്തമാനം കേട്ടപ്പോഴേക്കും ഈ രാജകുമാരന്റെ അമ്മയായ രാജ്ഞിക്കു് അപരിമിതമായ മനസ്താപം സംഭവിച്ചു. സാമൂതിരിപ്പാട്ടു് തീപ്പെട്ടിരിക്കുന്ന സ്ഥിതിക്കു് അടിയന്തിരം അന്വേഷിക്കുന്നതിനായി കീഴ്മൎയ്യാദപ്രകാരം ഒരാൾ പോകാതെയിരുന്നാൽ അതു് ലൌകികത്തിനും വേഴ്ചയുടെ സ്ഥിതിക്കും വളരെ പോരാത്തതാണു്. പോവുകയെന്നുവെച്ചാൽ ഏകദേശം പുരുഷപ്രായം തികഞ്ഞിട്ടു് ഈ മൂഢാഗ്രേസരനായ കുമാരനല്ലാതെ ആരുമില്ലതാനും. ഇദ്ദേഹം അവിടെ ചെന്നാൽ വല്ലതുമൊരു വാക്കു് ഗീർവ്വാണത്തിൽ സംസാരിക്കണമെങ്കിൽ അറിഞ്ഞുകൂടാ. അവർ വല്ലതും പറഞ്ഞെങ്കിൽ അതു മനസ്സിലാവുകയുമില്ല. ഈശ്വരാ എന്താണു വേണ്ടതു്; വലിയ കഷ്ടമായിത്തീൎന്നല്ലോ എന്നിങ്ങനെ വിചാരിച്ചു രാജ്ഞി വിഷമിച്ചു. ഒടുക്കം ഈ രാജകുമാരനെത്തന്നെ പറഞ്ഞയയ്ക്കാമെന്നും അവിടെച്ചെന്നാൽ വല്ലതുമൊരു വാക്കു് ചോദിച്ചാൽ മതിയെന്നും, പിന്നെ വേണ്ടുന്നതൊക്കെ പറയുന്നതിനു് നല്ല വിദ്വാന്മാരായ ആളുകളെക്കൂടെ അയയ്ക്കാമെന്നും, രാജകുമാരൻ ഗാംഭീൎയ്യം നടിച്ചിരുന്നുകൊള്ളട്ടേ എന്നും, തീൎച്ചപ്പെടുത്തി. അപ്പോൾമുതൽ തന്റെ പുത്രനെ അടുക്കൽ ഇരുത്തി കോഴിക്കോട്ടു ചെന്നാൽ ചോദിക്കേണ്ടതായ "മയാ കിം കൎത്തവ്യം" എന്ന ഒരു വാക്യം ഉരുവിടുവിച്ചു തുടങ്ങി. അങ്ങനെ മൂന്നു അഹോരാത്രം ഉരുവിട്ടപ്പോഴേക്കും അതു രാജകുമാരനൊരുവിധം പാഠമായി. പിന്നെയും അധികം താമസിച്ചാൽ പിലകഴിയുന്നതിനു മുമ്പായി

അവിടെച്ചെന്നു കാണുന്നതിന്നു ദിവസം മതിയാകാതെ ഇരുന്നതിനാൽ അവിടെ എത്തുന്നതുവരെ ഈ വാക്യം ഉരുവിട്ടുകൊള്ളുന്നതിനു് തൻെറ പുത്രനോടും ശേഷം വേണ്ടുന്ന കാൎയ്യങ്ങളെല്ലാം മററു ചില വിദ്വാന്മാരോടും പറഞ്ഞുറപ്പിച്ചു് രാജ്ഞി യാത്രയയയ്ക്കുകയും ചെയ്തു.

പരിവാരസമേതം രാജകുമാരനേയുംകൊണ്ടു് അതിവിദ്വാന്മാരായ യോഗ്യന്മാർ പുറപ്പെട്ടു. കോഴിക്കോട്ടെത്തുന്നതുവരെ ഇവർ ആ വാക്യം ഇടവിടാതെ പറഞ്ഞുകൊടുക്കയും രാജകുമാരൻ ഉരുവിടുകയും ചെയ്തു. അവിടെ എത്തിയ ഉടൻതന്നെ സാമൂതിരിസ്ഥാനം ഏററു് നാടുവാഴാനിരിക്കുന്ന ആളായ ഇളംകൂറു രാജാവു് വന്നു യഥോചിതം എതിരേററു കൊണ്ടുപോയി സൽക്കരിച്ചിരുത്തി. ഉടനെ രാജകുമാരൻ തൻെറ അമ്മ ഉപദേശിച്ചിരുന്നതും താൻ അതുവരെ ഉരുവിട്ടുകൊണ്ടിരുന്നതുമായ വാക്യംപോലും ശരിയായി പറയാൻ കഴിയാതെ മയകിം "കൎത്തവ്യം" എന്നു ചോദിച്ചു. രാജകുമാരൻ മയാ എന്നുള്ളതിൻെറ ദീൎഘംകൂടാതെ അബദ്ധമായി പറഞ്ഞതുകൊണ്ടു് ഇദ്ദേഹം ഒരു മൂഢനാണെന്നും മയാ (എന്നാൽ) കിം (എന്തു) കൎത്തവ്യം (ചെയ്യേണ്ടതു) എന്നാണു് ഇദ്ദേഹത്തിൻെറ ചോദ്യത്തിൻെറ താൽപൎയ്യമെന്നും മനസ്സിലാവുകയാൽ കോഴിക്കോട്ടു രാജാവു് പരിഹാസമായി "ദീൎഘോച്ചാരണം കൎത്തവ്യം" എന്നു മറുപടിപറഞ്ഞു. ബന്ധുക്കളായിട്ടുള്ളവർ അടിയന്തിരം അന്വേഷിക്കാനായി ചെല്ലുന്ന സമയം "ഞാനിപ്പോൾ ഇവിടെ എന്തു സഹായമാണു ചെയ്യേണ്ടതു്. ആവശ്യമുള്ളതിനെ പറഞ്ഞാൽ എന്തും ചെയ്യാൻ തയ്യാറാണു്" എന്നു വേണമല്ലോ പറയാൻ എന്നു വിചാരിച്ചാണു്, രാജ്ഞി ആ അൎത്ഥം ഒക്കെ വരത്തക്കതായ ഈ

ചെറിയ വാക്യം പഠിപ്പിച്ചുവിട്ടതു്. പക്ഷേ അതിങ്ങനെ പരിണമിച്ചു.

കോഴിക്കോട്ടു രാജാവിൻെറ പരിഹാസവചനംകേട്ടു കൂടെയുണ്ടായിരുന്ന വിദ്വാന്മാർ വളരെ ലജ്ജിച്ചു് ഉടനെ രാജകുമാരനേയും കൂട്ടിക്കൊണ്ടു് തിരിച്ചുപോന്നു് കോട്ടയത്തെത്തി വിവരം രാജ്ഞിയെ അറിയിക്കയും ചെയ്തു. ഇതു കേട്ടപ്പോൾ രാജ്ഞിക്കുണ്ടായ വ്യസനവും ലജ്ജയും ഇത്രമാത്രമെന്നു് പറയേണ്ടതില്ലല്ലോ. ഞാനെന്താണു് ചെയ്യേണ്ടതെന്നു ചോദിച്ചതിനു താൻ ദീർഘംകൂട്ടി ഉച്ചരിച്ചാൽ മതി എന്നുള്ള ആ മറുപടി എത്രയോ ഹാസ്യസൂചകമായിരിക്കുന്നു. ഇതിലധികം അവമാനം ഇനി ഈ സ്ഥാനത്തേക്കു വരേണ്ടതില്ല. ഇതിനുമുമ്പു് ഇങ്ങനെ ഒരപമാനം ഈ വംശത്തിലുള്ളവൎക്കു സിദ്ധിച്ചിട്ടില്ല. ഇപ്പോൾ ഈ കുമാരൻ നിമിത്തമാണല്ലോ ഇതിനു സംഗതിയായതു്. ഇങ്ങനെയുള്ള പുത്രൻ ഉണ്ടായിരുന്നിട്ടു് യാതൊരു പ്രയോജനവുമില്ല. എന്നിങ്ങനെ വിചാരിച്ചു് വ്യസനാകുലയായ രാജ്ഞി തൻെറ പുത്രനെ പിടിച്ചുകെട്ടി കുമാരധാരയിൽ കൊണ്ടുപോയി ഇടുന്നതിനു ഉടനെ രാജഭടന്മാൎക്കു കല്പന കൊടുത്തു. അവർ തൽക്ഷണം തന്നെ അപ്രകാരം ചെയ്കയും ചെയ്തു.

കുമാരധാര എന്നു പറയുന്നതു് കോട്ടയത്തുതന്നെ ഉള്ള ഒരു അരുവിയുടെ വെള്ളച്ചാട്ടമുള്ള പുണ്യസ്ഥലത്തിൻെറ പേരാണു്. അവിടെ ഒരു മലയുടെ മുകളിൽനിന്നു് തുമ്പിക്കൈവണ്ണത്തിൽ സദാ യാതൊരു പ്രതിബന്ധവും കൂടാതെ വെള്ളച്ചാട്ടമുണ്ടു്. അതിൻെറ ഉത്ഭവസ്ഥാനത്തുനിന്നു ഏകദേശം പതിററാൾ താഴ്ചയിലാണു് അതു ചെന്നു

വീഴുന്നതു്. അവിടെ മാത്രനേരം കിടന്നാൽ ഏതു പ്രാണിയും മരംപോലെ അയിപ്പോകും. നേരത്തോടു നേരം അവിടെക്കിടന്നിട്ടു് മരിക്കാതെ ജീവിച്ചുകേറുന്നതിനു സംഗതിയായാൽ എത്ര മൂഢനായ മനുഷ്യനും അതിവിദ്വാനും ഒരു നല്ല കവിയുമായിത്തീരും. അങ്ങനെയാണു് ആ സ്ഥലത്തിൻെറ മാഹാത്മ്യം. പക്ഷേ ഒരു നാഴിക തികച്ചു അവിടെ കിടന്നാൽ ഏതൊരുത്തനായാലും മരിച്ചുപോകുമെന്നുള്ളതും തീച്ചയാണു്.

നമ്മുടെ കഥാനായകനായ രാജകുമാരനെ കുമാരധാരയിൽ കെട്ടിയിട്ടതിൻെറ പിറേറദിവസം ആ സമയത്തു ചെന്നെടുത്തുനോക്കിയപ്പോൾ അദ്ദേഹം ദേഹമാസകലം മരവിച്ചു മിണ്ടാൻപോലും വഹിയാതെ നിശ്ചേഷ്ടനായിരുന്നു എങ്കിലും ശ്വാസം പോയിട്ടില്ലെന്നു അറിയുകയാൽ രാജഭടന്മാർ എടുത്തു തൽക്ഷണം രാജ്ഞിയുടെ അടുക്കൽ കൊണ്ടുചെന്നു. ഉടനെ രാജ്ഞിയുടെ കല്പനപ്രകാരം അദ്ദേഹത്തിൻെറ തണുപ്പു മാറുന്നതിനു തക്കതായ പ്രതിവിധികൾ ചെയ്തുതുടങ്ങി. എന്തിനു വളരെ പറയുന്നു. കുറച്ചു സമയം കഴിഞ്ഞപ്പോഴേക്കും രാജകുമാരനു പൂർണ്ണസുഖം സിദ്ധിച്ചു. അതോടുകൂടി ബുദ്ധിയുടെ മാന്ദ്യവും തീർന്നു. അക്ഷരജ്ഞാനം പോലുമില്ലാത്ത അദ്ദേഹത്തിനു ബോധം വീണു. നാക്കെടുത്തു സംസാരിക്കാറായപ്പോൾ അദ്ദേഹത്തിൻെറ വചനനദികൾ അമൃതിനെ അതിശയിക്കുന്ന മാധുര്യത്തോടുകൂടി കവിതാരൂപേണ പ്രവഹിച്ചുതുടങ്ങി. അപ്പോൾ മാതാവായ രാജ്ഞിക്കും മറവുള്ള സകല ജനങ്ങൾക്കും ഉണ്ടായ സന്തോഷവും അത്ഭുതവും ഒക്കെ എന്തു പറയുന്നു.

പിന്നെ അതിയോഗ്യനായ ഒരു ശാസ്ത്രികൾ ആ രാജകുമാരനെ യഥാക്രമം വിദ്യാഭ്യാസം ചെയ്യിക്കയും കുറ

ഞ്ഞൊരുകാലം കൊണ്ടു അദ്ദേഹം സകല ശാസ്ത്രപാരദൃശ്വാവും, ഒരു പ്രസിദ്ധകവിയുമായിത്തീരുകയും ചെയ്തു. ഇദ്ദേഹമാണു് കോട്ടയം കഥകൾ എന്നു പ്രസിദ്ധകളായ നാലാട്ടക്കഥകളുടെ നിർമ്മിതാവു്.

തദനന്തരം,

"മന്ദോൽക്കണ്ഠാഃ കൃതാസ്തേന ഗുണാധികതയാ ഗുരൌ
ഫലേന സഹകാരസ്യ പുഷ്പോദ്ഗമ ഇവ പ്രജാഃ"

എന്നു പറഞ്ഞതുപോലെ കോട്ടയത്തു രാജകുടുംബത്തിൽ അതിനു മുമ്പുണ്ടായിരുന്ന രാജാക്കന്മാരെ എല്ലാവരെയുംകാൾ കീർത്തിയോടും പ്രതാപത്തോടും കൂടി വേണ്ടുംവണ്ണം രാജ്യപരിപാലനവും ചെയ്തു് ഇദ്ദേഹം സുഖമാംവണ്ണം വസിച്ചു. ഈ കോട്ടയത്തുതമ്പുരാൻ ഒററ ശ്ലോകങ്ങളായിട്ടും മററും അനേകം കൃതികൾ ഉണ്ടാക്കിട്ടുണ്ടെങ്കിലും മേൽപറഞ്ഞ നാലാട്ടക്കഥകളോളം പ്രസിദ്ധിയും പ്രചാരവും മറെറാന്നിനുമില്ല.

ഇദ്ദേഹം ഒന്നാമതുണ്ടാക്കിയ ആട്ടക്കഥ "ബകവധ"മാണു്. ഇതു് ഉണ്ടാക്കിത്തീർത്ത ഉടനെ ഗുരുനാഥനെ കാണിച്ചു. അപ്പോൾ അദ്ദേഹം മുഴുവൻ വായിച്ചുനോക്കിയിട്ട് "ഇതു് സ്ത്രീകൾക്കു കൈകൊട്ടിക്കളിക്കു വളരെ നന്നായിരിക്കുന്നു" എന്നു പറഞ്ഞു. ഇതു കേട്ടപ്പോൾ തൻെറ കവിതയ്ക്കു ഗാംഭീര്യവും അർത്ഥപുഷ്ടിയും മതിയായില്ലെന്നാണു ഗുരുനാഥൻെറ അഭിപ്രായമെന്നു് തമ്പുരാന്നു മനസ്സിലായി. ഇനി അങ്ങിനെ പോരാ എന്നു വിചാരിച്ചു് പിന്നെ ഉണ്ടാക്കിയതാണു് "കൃമ്മീരവധം" അതും തീർന്ന ഉടനെ ഗുരുനാഥനെ കാണിച്ചു. ഗുരുനാഥൻ അതുനോക്കിയിട്ടു് ഇതു് മുമ്പിലത്തേപ്പോലെയല്ല. ഒരു വ്യാഖ്യാനംകൂടെ വേണം.

എന്നാൽ പഠിക്കുന്നവർക്ക് വ്യുൽപത്തിയുണ്ടാകാൻ നല്ല താണ് എന്നു പറഞ്ഞു. ഈ വാക്കിൻെറ സാരം കാഠിന്യം അധികമായിപ്പോയി എന്നാണല്ലോ. ആദ്യത്തേതിനു പോ രാതെയും പോയി; ഇതിന് അധികവുമായി. എന്നാൽ ഇനി ഇടമട്ടിലൊന്ന് ഉണ്ടാക്കിനോക്കാം. എന്നു വിചാ രിച്ച് മൂന്നാമത്ത് അദ്ദേഹം ഉണ്ടാക്കിയതാണ് "കല്യാണ സൌഗന്ധികം" ആട്ടക്കഥ. അതു ഗുരുനാഥൻ കണ്ടിട്ട് "കഥ ഇതായതുകൊണ്ട് കവി ഒരു സ്ത്രീജിതനാണെന്നു ജന ങ്ങൾ പറയും" എന്നു പറഞ്ഞു. പാഞ്ചാലിയുടെ വാക്കു കേട്ടു ഭീമസേനൻ കല്യാണസൌഗന്ധികം കൊണ്ടുവരാൻ പോയ കഥയായതുകൊണ്ടാണല്ലോ ഇങ്ങനെ പറഞ്ഞത്. എന്നാൽ ഇനി ഉർവ്വശിയുടെ അപേക്ഷയെ അർജ്ജുനൻ നി രാകരിച്ച കഥ ആയിക്കളയാം എന്നു വിചാരിച്ച് തമ്പു രാൻ നാലാമത്ത് "നിവാതകവചവധം" കഥയുണ്ടാക്കി കാണിച്ചു. അപ്പോൾ ഗുരുനാഥൻ ഇത് ആട്ടക്കാർക്ക് ആടാൻ കൊള്ളാം. ആട്ടം കണ്ടുകൊണ്ടിരിക്കുമ്പോൾ മുറുക്കുള്ളവർക്കു മുറുക്കുവാനും മൂത്രമൊഴിക്കാൻ പോകേണ്ടവർക്ക് അതിനും സമയം വേണമെല്ലോ എന്നു വിചാരിച്ചിട്ടായിരിക്കും വളരെ ബാഹ്യ വങ്കകേതുക്കളെക്കൂടെ സൃഷ്ടിച്ചത് എന്നു പറഞ്ഞു. ഇതു കേട്ടപ്പോൾ ഈ കവിത ഗുരുനാഥനു തന്നെ ബോധി ച്ചുഎന്നു മനസ്സിലാവുകയാൽ തമ്പുരാനു വളരെ സന്തോ ഷമുണ്ടായി.

കല്യാണസൌഗന്ധികം ആട്ടക്കഥയിൽ "പഞ്ചസാ യകനിലയെ" എന്നുള്ളത് അബദ്ധപ്രയോഗമാണെന്നു ഗുരു നാഥൻ പറയുകയും, എന്നാൽ അത് അവിടുന്നുതന്നെ മാററിത്തരണമെന്നു തമ്പുരാൻ അപേക്ഷിക്കുകയും ഗുരുനാ ഥൻ വളരെക്കാലം വിചാരിച്ചിട്ടും അത്രയും ഭംഗിയുള്ള

പദം അതിനുപകരം അവിടെ ചേക്കാൻ കഴിയാഴിക യാൽ ഒട്ടക്കം അതുതന്നെ മതിയെന്നു സമ്മതിക്കയും ചെയ്തതായി കേട്ടിട്ടുണ്ട്. പിന്നെ ഒരു ആട്ടക്കഥയിൽ കാടേഗതി നമുക്ക് എന്നുള്ള പ്രയോഗത്തിൽ 'അററം' വരികയാലാണ് ടിപ്പുസുൽത്താനെ ഭയപ്പെട്ട് നാട്ടുവിട്ടു കാട്ടുകേറുന്നതിനും രാജ്യം കൈവിട്ടുപോകുന്നതിനും സംഗതിയായതെന്നും പ്രബലമായ ഒരു ജനവാദം ഇപ്പോഴും നടന്നുവരുന്നു. ഇങ്ങനെ ഈ തമ്പുരാനെയും അദ്ദേഹത്തിൻെറ കവിതകളേയും കുറിച്ച് അനേകം സംഗതികൾ, പറയാനുണ്ട്. വിസ്തരഭയത്താൽ ചുരുക്കുന്നു.

പ്രസിദ്ധനായ ഈ കോട്ടയത്തു തമ്പുരാൻ മഹാകവിയായ മേല്പത്തൂർ ഭട്ടതിരിയുടെ കാലത്തു ജീവിച്ചിരുന്നതായി കേൾവിയുണ്ട്. എന്നു മാത്രമല്ല, ൯൬൦-ാമാണ്ട് ടിപ്പുസുൽത്താൻെറ ലഹളയുണ്ടായ കാലത്ത് ഇദ്ദേഹംകൂടി കാട്ടുകേറിയ കൂട്ടത്തിൽ ഉണ്ടായിരുന്നതായി പറയുന്നുണ്ട്. അതിനാൽ ഇദ്ദേഹത്തിൻെറ ജീവകാലം കഴിഞ്ഞിട്ട് ഇപ്പോൾ നൂററിച്ചില്വാനം സംവത്സരത്തിൽ അധികമായിട്ടില്ലെന്നു തെളിവാകുന്നു. തിരുവിതാംകൂർ സംസ്ഥാനത്ത് ചങ്ങനാശ്ശേരിക്കടുത്ത വാഴപ്പള്ളിയിൽ ഒരു ഭവനം ഉണ്ടാക്കി താമസംതുടങ്ങിയതും ടിപ്പുവിനെ ഭയപ്പെട്ട് ഒളിച്ചോടിപ്പോന്നു; തിരുവിതാംകൂർ രാജാവിനെ ശരണംപ്രാപിച്ചു താമസിച്ചിരുന്ന കാലത്ത് ആണെന്നാണ് കേൾവി.

ഇപ്പോൾ രാജ്യാധിപത്യവും മററും ഇല്ലെങ്കിലും കോട്ടയത്തു രാജകുടുംബം ഇന്നും ഉണ്ട്. ബ്രിട്ടീഷ് ഗവണ്മെൻറിൽനിന്നുള്ള മാലിഖാനും പററി സുഖമായി അവംശക്കാർ പൂർവ്വസ്ഥാനമായ കോട്ടയത്തുതന്നെ താമസിച്ചുവരുന്നു. "ദൂതവാക്യം" ആട്ടക്കഥയുടെ കർത്താവായി വാഴ

പ്പള്ളിൽ താമസിച്ചിരുന്ന അനിഴംതിരുനാൾ തമ്പുരാനാണു് ഇപ്പോൾ ഈ രാജവംശത്തിലെ മൂപ്പു്. ഇവിടുന്നു മൂപ്പു സിദ്ധിച്ചപ്പോൾ മുതൽ വടക്കൻകോട്ടയത്തുതന്നെ താമസവുമാണു്.

---

## ൯. ചെറുകഥകൾ

ഏതെങ്കിലും ഒരു ചെറുകഥയില്ലാത്ത ഒരു മാസികയോ, ഏതെങ്കിലും ഒരു ചെറുകഥയെഴുതീട്ടില്ലാത്ത എഴുത്തറിയാവുന്ന ഒരാളോ ഇല്ലെന്നുതന്നെ പറയാം. ഈ സാർവ്വത്രികത്വത്തിനുള്ള കാരണം സ്പഷ്ടമാണു. പദ്യനിർമ്മാണത്തിനാണെങ്കിൽ, അതിനു എല്ലായ്പോഴും വൃത്തം, ചിലപ്പോഴൊക്കെ പ്രാസം, സാമാന്യമായിട്ടൊരു അർത്ഥവ്യാപ്തി, യതി, മാത്ര ഇതൊക്കെ കരുതേണ്ടതായ അവശ്യമുണ്ടു്. വല്ലഗംഭീരവിഷയത്തെക്കുറിച്ചും പ്രബന്ധങ്ങൾ എഴുതുന്നതിനാണെങ്കിൽ അതിനു വിജ്ഞാനകോശങ്ങളായ അനവധി ഗ്രന്ഥങ്ങൾ പഠിച്ചിരിക്കണം. കവിത, ഉപന്യാസം എന്നിങ്ങനെ രണ്ടു മൂന്നു സാഹിത്യ ശാഖകൾ മാത്രമേ മലയാളത്തിൽ ഉണ്ടായിരുന്നുള്ളുവെങ്കിൽ ഇന്നത്തെ എത്ര ചെറുകഥക്കാർ പേനയും കടലാസും തൊടാതെ കലപ്പയും തൂമ്പയും മാത്രം ആശ്രയിച്ചു് ഉപയോഗകാരികളായ ഉത്തമ പൌരന്മാരായിത്തീരുമായിരുന്നു. ഇന്നത്തെ ഈ ഭയങ്കരമായ തൊഴിലില്ലായ്മയ്ക്കുതന്നെ എത്ര വലിയ കുറവു വരുമായിരുന്നു. ഇപ്പോഴോ, സർവ്വസ്വാതന്ത്ര്യമായി വിഹരിച്ചു് കീർത്തിധാവള്യത്തിൽ മുഴുകുന്നതിനുതകുന്ന ഒരു ശാഖയല്ലേ ചെറുകഥക്കാർക്കു് കിട്ടിയിട്ടുള്ളതു്? ഇപ്പോൾ ഒട്ടു മുക്കാലും

ഇവരുടെ സാമ്രാജ്യം എന്നു വേണം പറയുവാൻ. നമ്മുടെ മഹാകവികൾ ഏതെങ്കിലും ഒരു പദ്യത്തിൻെറ വിഷയം മനസ്സിൽ സങ്കല്പിച്ചു കഴിയുമ്പോൾ ഇവർ നാലു ചെറുകഥകൾ എഴുതി അഞ്ചലിൽ അയച്ചിട്ട് അഞ്ചാമത്തേതെഴുതുവാൻ ആരംഭിക്കുകയായി. ഈ ചെറു വിധാതാക്കളുടെ കാന്വേഷുമാരിക്കണക്ക് ആരെയും ഭയപ്പെടുത്തുന്നതാണ്.

ഈ ചെറുകഥകളിലെ കഥാപാത്രങ്ങൾ ഒട്ടുമുക്കാലും വടക്കരായിരിക്കും. ഗോവിന്ദമേനവൻ, മാധവിക്കുട്ടിയമ്മ, കരുണാകരൻനായർ എന്നിങ്ങനെയാണു പോക്ക്. തെക്കരെ അത്ര സുലഭമായിക്കാണാറില്ല. പ്രണയം, ആർദ്രത, മുതലായ മൃദുലവികാരങ്ങൾ തെക്കുള്ള പിള്ളമാക്കും കുറുപ്പന്മാക്കും യോജിക്കുകയില്ലെന്നായിരിക്കുമോ ഇതിൻെറ അത്ഥമെന്നറിഞ്ഞുകൂടാ. ചെറുകഥക്കാരുടെ സന്താനപങ്ക്തികളിൽ വിരസന്മാരായ തെക്കർ കടന്നുകൂട്ടുന്നൊന്നു വന്നേക്കാമെങ്കിലും, എത്ര പോയാലും നായർസമുദായത്തെ കടന്ന് കഥാപാത്രങ്ങൾ ഉണ്ടാകുകയില്ലെന്ന് ശപഥം ചെയ്യാം. എന്നാൽ ഈയിടെ ഉദ്യോഗവാദവിഷയത്തിലും മററും അംഗീകരിക്കപ്പെട്ടിരിക്കുന്ന സാമുദായികപ്രാതിനിധ്യം കഥാപാത്രങ്ങളിലും അല്പാല്പമായി കടന്നുകൂട്ടുന്നുണ്ടെന്നും കാണാം. ശോശാമ്മയും, വിജയരാഘവനും, പാത്തുമ്മായും ഒക്കെ കഥാപാത്രങ്ങളായി കണ്ടുതുടങ്ങുന്നുണ്ട്. സങ്കുചിതങ്ങളായ സമുദായപ്പിരിവുകൾ വജ്ജിക്കുന്നതിനുവേണ്ടി എന്നപോലെ സി. വി. ചന്ദ്രശേഖരയ്യർ വെറും ചന്ദ്രശേഖരനും, സി. വി. രാമയ്യർ വെറും സി. വി. രാമനും ആകുന്നുണ്ടല്ലോ. ഈ പരിഷ്കാരത്തിലും ചെറുകഥക്കാർ പിന്നോക്കമല്ല. ഗോപീനാഥൻ, വിജയൻ, രഘുവീരൻ, എന്നിങ്ങനെ പ്രത്യേകജാതി മുദ്രകൾ ഇല്ലാത്ത കഥാ

പാത്രങ്ങളും ധാരാളമുണ്ടാകുന്നുണ്ട്. ഇവക്ക് കുസുമപുരമെന്നോ, ചക്രേശ്വരമെന്നോ, ചന്ദ്രേശ്വരമെന്നോ, മറേറാ ചില നിവാസകേന്ദ്രങ്ങൾ നല്കി അവിടെ കോളേജുകൾ, അശുപത്രികൾ, പന്തുകളിസ്ഥലങ്ങൾ മുതലായവ അവശ്യംപോലെ ഉണ്ടാക്കിക്കൊടുക്കുന്നതിന് ലേശം ലുബ്ധു കാണിക്കാറില്ല.

ഇനിയും കഥാവിഷയത്തെപ്പററിയാണു പറയേണ്ടതു്. ഭൂരിപക്ഷക്കാരുടേയും കഥാവിഷയം, ലോകത്തോളം പഴക്കമുള്ളതെങ്കിലും ഇപ്പോഴും അതിഗഹനമായി ശേഷിക്കുന്ന പ്രണയം തന്നെയാണ്. ഏദൻതോട്ടത്തിൽ ദൈവം പ്രവേശിപ്പിച്ചതായ അദാമിൻെറയും ഹവ്വായുടെയും ഭിന്നസൃഷ്ടിവൈചിത്ര്യം തന്നെയാണു നമ്മുടെ ചെറുകഥക്കാരുടെയും മാതൃക. എന്നാൽ ഇവരുടെ അദാമൌവ്വാകൾക്കു് ചില പ്രത്യേകതകൾ ഉണ്ടു്. അദാമിനു ശുണ്ഠിയുള്ള ഒരു അമ്മാവനില്ല. ഹവ്വായിക്കു വേറൊരു വിവാഹാലോചനയുമില്ല. പട്ടുജാക്കററും ധാവണിയും ധരിച്ചു് പാഠപുസ്തകങ്ങളുമായി സ്കൂളിൽ പഠിക്കാൻപോകുന്ന പെൺകുട്ടി അല്ലായിരുന്നു ദൈവത്തിൻെറ ഹവ്വാ. അതുകൊണ്ടു് അദാമുമായി നിറത്തിന്മേലും പാക്കിലുംവച്ചു് കാണുന്നതിന് നിവൃത്തിയില്ല. അദാമിനു മലയാളഭാഷ വശമില്ലായിരുന്നെന്നാണ് തോന്നുന്നതു്. എന്നാൽ പുതിയ അദാമ്മ ആ ഭാഷയിൽ അസ്സലായ ശൃംഗാരക്കത്തുകൾ എഴുതും. ചെറുകഥക്കാരും ദൈവവും തമ്മിൽ സൃഷ്ടിവിഷയത്തിലുള്ള സാദൃശ്യം ഇവിടെയും അവസാനിക്കുന്നില്ല. സല്പ്രാകൃതിയിൽവന്നു് നായികാനായകന്മാരെ ഉപദ്രവിച്ച പിശാചിന് അതായതു സേററനു പകരമായി ഇവരും ധനാഢ്യനും ദുർമ്മാർഗ്ഗിയുമായ ഒരു പ്രതിനായകനെ സൃഷ്ടി

ക്കുന്നുണ്ട്. ദൈവത്തിൻെറ പിശാചു് തൻെറ തന്ത്രകുത്തിയിൽ പെടുത്തി ആദാം ഔവ്വാകളെ നിതാന്തശോകത്തിൽ പതിപ്പിച്ചു കളഞ്ഞു. എന്നാൽ ഈ കാര്യത്തിൽ ദൈവത്തിനു പററിയ അബദ്ധം നമ്മുടെ കഥയെഴുത്തുകാരെ ബാധിക്കുന്നതല്ല. ഇവരുടെ പ്രതിനായകൻ തൻെറ കൌശലമൊന്നും പററാതെ നമ്രശിരസ്കനായി പിൻതിരിയുന്നു. പുതിയ അദാംഔവ്വാകളാകട്ടെ, വിവാഹമംഗളത്തിൽ പ്രവേശിച്ചു് ശാശ്വതാനന്ദത്തിൽ ലയിക്കുന്നു. അങ്ങനെ ദൈവം ലോകത്തിനു ദുഃഖത്തേയും ചെറുകഥക്കാരായ ചെറുദൈവങ്ങൾ ലോകത്തിനു പരമസുഖത്തേയും പ്രദാനം ചെയ്യുന്നു.

എന്നാൽ ദുഃഖത്തിൻെറ വിലയും കഥാകർത്താക്കൾ നല്ലതുപോലെ അറിയുന്നുണ്ടു്. ദുഃഖപര്യവസായികളായ കഥകൾക്കാണത്രേ കൂടുതൽ ശോഭ. അതിനെന്താണു് പ്രായസം? ഒരു കാൽകീറു കടലാസിൻെറ ഒരു വശം ചെലവാക്കിയാൽ മതി, പൂർണ്ണാരോഗ്യത്തിൽ ഇരിക്കുന്ന നായിക പെട്ടെന്നു മരിച്ചുകിടക്കുന്നതു കാണാം. പ്രതിനായകനു അവളെ വിവാഹംചെയ്തു കൊടുക്കുന്നതിനു മാതാപിതാക്കന്മാർ തീർച്ചപ്പെടുത്തി ദിവസവും മുഹൂർത്തവും നിശ്ചയിച്ചു് ആഘോഷങ്ങൾ മുറയ്ക്കു നടക്കുമ്പോൾ ചെറുകഥക്കാർ ആരും കാണാതെ നാലുകെട്ടിനുള്ളിൽ പ്രവേശിച്ചു പെൺകുട്ടിയുടെ കഴുത്തു ഞെരിച്ചു കൊല്ലുന്നു. അതു പോരാ നായകൻതന്നെ മരിക്കണമെന്നു വിചാരിച്ചാലുണ്ടോ അതിനു വിഷമം? ഐ. സി. എസ്. പരീക്ഷയിൽ അയാൾ പാസ്സായി; അയാളുടെ ബന്ധുക്കൾ ആമോദിച്ചു രസിച്ചിരിക്കുമ്പോൾ കാണാം ചെറുകഥക്കാരൻെറ പ്രയോഗമേററു് ആ യുവാവു ഇഹലോകവാസം വെടിയുന്നതു്.

പിന്നെ അച്ചുക്കൂടക്കാരുടെ ഒരു സഹായം മാത്രം വേണം. നാലഞ്ചു നക്ഷത്രക്കുത്ത് അടുത്ത വരിയിലിടണം. അതു കഴിഞ്ഞിട്ടൊരു വാചകവും "മാധവിയമ്മ ഇന്നും അനാകേറാമലയിൽ സന്ന്യാസിനിയായി ജീവിതം കഴിക്കുന്നു" കഥ തീൻ. എന്താണിതിന്റെ ഫലത്തെപ്പററിയുള്ള ആശയെന്നോ? വായനക്കാരൻ കരയുകയായി. അതുകേട്ടു വീട്ടിലുള്ളവർ ഓടിവന്നു നിലവിളിയായി. അയൽപക്കക്കാർ ഓടിയെത്തുകയായി. ആകപ്പാടെ ഒരു മരണംനടന്ന വീട്ടിന്റെ മട്ട് ഈ കഥകൊണ്ട് അവിടെ പകരുകയായി. നാടൊട്ടുക്കുണ്ടാകുന്ന ഈ നിലവിളിപടലങ്ങൾക്കിടയിൽ കഥയെഴുത്തുകാരന്റെ കീൎത്തി ആകാശത്തിലേക്കു കയറുകയായി.

ഇനി ഘടന അല്ലെങ്കിൽ പ്ലോട്ട്, അത് എപ്പോഴും ഉപദ്രവം ചെയ്യുന്ന ഒരു ഭാഗമാണ്. ഈ അവശ്യമാണ് കഥക്കാരെ മോഷ്ടാക്കളാക്കുന്നത്. എന്നാൽ ഈ ഉപദ്രവം ഇപ്പോൾ നിശ്ശേഷം നിലച്ചിരിക്കുന്നു എന്നു പ്രഖ്യാപനം ചെയ്യുവാൻ ഇടയായതിൽ അതിരററ സന്തോഷമുണ്ട്. പണ്ട് പാറാവളയത്തിൽ ചാടുന്നതിനേക്കാൾ പ്രയാസം കൂടിയ ഭാവത്തിൽ ഒരു വളയവുമില്ലാതെ ചാടാമെന്നേററ നമ്പൂതിരിതിരുമനസ്സിലെ സ്ഥിതിയാണ് ഇപ്പോഴത്തെ കഥക്കാൎക്കുള്ളത്. പ്ലോട്ടൊന്നുമില്ലാതെ കഥയെഴുതുവാൻ ഇവൎക്കു കഴിയും. ഈ വിദ്യ വച്ചുതന്നതു ടാഗ്ഗൂറും ബങ്കാളിലെ മററു കഥയെഴുത്തുകാരുമാണ്. ഒരു റോസാച്ചെടിയും ഒരു മുററവും ഒരു പെണ്ണുമുണ്ടെങ്കിൽ ഒരു കഥ തീരും.

ഇത്രയും സാമാന്യമായി ചെറുകഥക്കാരുടെ കാൎയ്യം പറയാമെങ്കിലും അത്യന്തം രസപ്രദമായ ചെറുകഥകൾ എഴുതി നമ്മുടെ സാഹിത്യത്തെ പോഷിപ്പിക്കുന്നവരായ

കവീശ്വരന്മാർ നമുക്ക് ധാരാളമുണ്ട്. അവരോടു നമുക്ക് അതിററ കൃതജ്ഞതയുമുണ്ട്. എന്നാൽ ഒരു കാൎയ്യം പറഞ്ഞുകൊള്ളട്ടെ. നമ്മുടെ ജീവിതം മുഴുവൻ അസ്വതന്ത്രമാണ്. സമുദായങ്ങൾക്കിടയിൽ സാമ്പത്തികമായിട്ടും രാഷ്ട്രീയമായിട്ടും ധാരാളം അസമത്വമുണ്ട്. പാശ്ചാത്യരും പൌരസ്ത്യരും സവൎണ്ണരും അവൎണ്ണരും മുതലാളികളും തൊഴിലാളികളും ഇങ്ങേയററം വന്നു പുരുഷന്മാരും സ്ത്രീകളും ഇങ്ങനെ പരസ്പരം അസമത്വബോധമുള്ളവർ ധാരാളമുണ്ട്. മനുഷ്യൎക്ക് ഒരു വ്യാപാരചക്രത്തിൽ മാത്രമേ സമത്വമുള്ളു. അതായതു സാഹിത്യവിഷയത്തിൽ അതിനേക്കൂടി ഒരു റെഗുലേഷൻകൊണ്ടു നിയന്ത്രിക്കണമെന്നു പറയുകയാണെങ്കിൽ അതിനു വിപരീതമായ അഭിപ്രായമാണ് എനിക്കുള്ളത്. അന്യവിഷയത്തിലേ ഭാഷ പ്രയോഗിക്കാവൂ; ഇന്നരസമേ കൊണ്ടുവരാവൂ; ഒരാൾ ഇന്ന കാൎയ്യത്തെപ്പററിയേ ചിന്തിക്കാവൂ; അതും ഇത്ര മിനിറേറ ചിന്തിക്കാൻ പാടുള്ളൂ; ഇത്ര വാക്കുകളേ ഉപയോഗിക്കാവൂ; എന്നൊക്കെ ഒരു റെഗുലേഷൻ കൊണ്ടുവരുന്നതു് വിഡ്ഢിത്തമാണെന്നാണ് എൻെറ അഭിപ്രായം. നമ്മുടെ ചില പ്രാചീനസാഹിത്യശാഖകളെപ്പോലെ ചെറുകഥകളെയും ഇങ്ങിനെ വല്ല കക്ഷ്യവ്യവസ്ഥകൊണ്ടും നിയന്ത്രിക്കുന്നതിനു് ആരും ഒരുമ്പെടരുതെന്നു പ്രാൎത്ഥിച്ചുകൊള്ളുന്നു. സാഹിത്യത്തിൽ ആരും രാജസ്ഥാനം ഉണ്ടാക്കേണ്ട, അവിടെ ഒരു നിയമസഭയും കുറേ പീനൽകോടുകളും ഉണ്ടാക്കിവെയ്ക്കണ്ട. ഒരാൾ അയാളുടെ ഭാൎയ്യയോടു് ഇന്നപ്പോഴേ സംസാരിക്കാവൂ, അതു ഇത്ര വാക്കേ പാടുള്ളൂ, അപ്പോൾ അയാളുടെ മുഖം ചുളിച്ചിരിക്കണം, എന്നൊക്കെ ഒരു നിയമം ഉണ്ടാക്കുന്നതു പോലെയാണ് നിസൎഗ്ഗസുന്ദരമായ സാഹിത്യാസക്തിയെ നിയന്ത്രിക്കാൻ തുടങ്ങുക.

ഇനി ചെറുകഥകളുടെ പ്രത്യേകതയും അവയുടെ വളർച്ചയ്ക്കുള്ള കാരണങ്ങളെയും മററും പററി രണ്ടുവാക്കു പറയാം. അനുലോമപ്രതിലോമം ഇങ്ങോട്ടു വായിച്ചാൽ ഒരത്ഥം; അങ്ങോട്ടുവായിച്ചാൽ മറെറാരത്ഥം; ഒരക്ഷരം വിട്ടാൽ അച്ഛൻ, അതു കൂട്ടിച്ചേത്താൽ മകൻ; എന്നിങ്ങനെയുള്ള പദ്യങ്ങളും മഹാകാവ്യങ്ങളും വായിച്ചുരസിച്ച് അതിനിടയിൽ ചതുരംഗവുംവെച്ചു ജീവിതാമൃതം പാനംചെയ്യേണ്ടതായ ഒരു കാലമല്ല ഇതു്. ഒരു രൂപായ്ക്കു് നൂറു നാളികേരവും അഞ്ചുപറനെല്ലും കിട്ടിക്കൊണ്ടിരുന്ന ആ സുഭിക്ഷകാലം, ഓർമ്മയേയും തോല്പിച്ചുകഴിഞ്ഞിരിക്കുന്നു. അന്നു കാവ്യരസികൻ വീട്ടിൽ പട്ടിണികിടക്കേണ്ടിവന്നിരുന്നില്ല. സുഖമായ തേച്ചുകുളിയും നാലുകൂട്ടം കൂട്ടിയുള്ള ഊണും അന്നു് ആകാമായിരുന്നു. ഇന്നാകട്ടെ ദിവസം പതിനെട്ടുമണിക്കൂർ ജോലിചെയ്താൽതന്നെ ക്ഷാമബാധയെ പടിക്കുവെളിയിലേക്കു ഓടിക്കുവാൻ വളരെ പ്രയാസം. സാഹിത്യമെന്നുവെച്ചാൽ പട്ടിണി എന്നാണു് ശരിയായ അത്ഥം. തൊഴിലില്ലായ്മയ്ക്കു ഇതു ശരിയായ മറെറാരുപര്യായശബ്ദം കിട്ടുന്നതല്ല. ഇന്നാകട്ടെ ബില്ല് എഴുതുക, യന്ത്രം നന്നാക്കുക, ഭൂമി ഉഴുകുക, നെയ്ത്തു തറിനോക്കുക, പലിശ കണക്കാക്കുക എന്നിങ്ങനെയാണു ജീവസന്ധാരണത്തിനു് ഉതകുന്ന സാഹിത്യസംരംഭങ്ങൾ പോകേണ്ടതു്. എന്നാൽ മനുഷ്യൻ ഈ മാതിരി കക്കശവിദ്യകൾ മാത്രം ശ്രദ്ധിച്ചു് ഒരു ജീവനുള്ള യന്ത്രമായി തീരണമെന്നു ഞാൻ പറയുന്നില്ല. ജീവിതസുഖങ്ങൾ അവൻ ഉപേക്ഷിച്ചുകൂടാ. ആ മാതിരി സുഖങ്ങളിൽ മുന്നിട്ടുനില്ക്കുന്നതു് സാഹിത്യരസവുമാണു്. അതുകൊണ്ടു് അധികം സമയനഷ്ടമില്ലാതെ അനുഭവിക്കാവുന്ന സാഹിത്യസുഖം ഏതു ശാഖയാണു പ്രദാനം ചെയ്യുന്നതെ

ന്നു ദനാക്കേണ്ടതാണ്. അതിന്നു ചെറുകഥകളെക്കാൾ പറ്റിയതായി വേറെ യാതൊന്നുമില്ല. അതുകൊണ്ടാണ് ഇക്കാലത്തിൽ മറവുള്ള സാഹിത്യശാഖകളെ അപേക്ഷിച്ചു ചെറുകഥകൾക്കു പ്രചാരം കൂടുന്നത്.

ആഖ്യായികകൾക്കും ചെറുകഥകൾക്കും തമ്മിൽ സാമാന്യമായ സാദൃശ്യം ഉണ്ടെങ്കിലും ചില കാര്യങ്ങളിൽ വലിയ വ്യത്യാസമുണ്ട്. രണ്ടും കഥയാണ്. രണ്ടിലെയും കഥാപാത്രങ്ങളുടെ സൃഷ്ടി ഒന്നുപോലെയാണ്. എന്നാൽ ആഖ്യായികകൾ വായിച്ചുതീരുമ്പോൾ ഒരു സ്വസ്ഥതയാണ് നമുക്കു തോന്നുക. ഒന്നാമദ്ധ്യായം മുതൽ ൩൦-ാമദ്ധ്യായംവരെ വായിച്ചുതീരുമ്പോഴേക്ക് നമുക്കുണ്ടാകുന്ന വിചാരമെന്താണെന്നോ? കുറേ കഥാപാത്രങ്ങളുമായി ബാല്യകാലംമുതൽ ഇന്നുവരെ ദീർഘസഞ്ചാരം ചെയ്തു. അവരുടെ നന്മതിന്മകളും സുഖദുഃഖങ്ങളും കണ്ടുംകേട്ടും അനുഭവിച്ചും അറിഞ്ഞിരിക്കുന്നു. അവക്ക് ഇതാ യഥായോഗ്യമുള്ള സമ്മാനശിക്ഷകളും ലഭിച്ചിരിക്കുന്നു. എല്ലാം തൃപ്തിയായി, അസലായി, ഇനി പിരിയാം. എന്താണു ഫലം? വായനക്കാരൻെറ സാഹിത്യരസാസ്വാദനം അവിടെ അസ്തമിക്കുന്നു. എന്നാൽ ചെറുകഥയ്ക്കങ്ങനെയല്ല. അതു് വായിച്ചുതീരുമ്പോഴാണ് അസ്വാദനശക്തി പ്രവൃത്തി അരംഭിക്കുന്നത്. അതു നമുക്കു സംതൃപ്തി തരുന്നില്ല. വീണ്ടും വീണ്ടും ആലോചിക്കുവാൻ നമ്മെ പ്രേരിപ്പിക്കയാണ് ചെയ്യുന്നത്. ആഖ്യായികകളിൽ ഒടുവിൽ പറയുന്ന സംഭവങ്ങളുടെ കാരണം എന്താണെന്നു മുൻഭാഗങ്ങൾ മറിച്ചുനോക്കിയാൽ നമുക്കു മനസ്സിലാവുന്നതാണ്. ചെറുകഥകളിൽ അതു സാധിക്കുന്നില്ല. അവ അവസാനിക്കുന്ന രീതിയുടെ അടിസ്ഥാനം

എന്തായിരിക്കാമെന്ന് വായനക്കാരൻ ആലോചിക്കേണ്ടി വരുന്നു. മുൻപിൻഭാഗങ്ങൾ മറിച്ചുനോക്കിയാൽ അതെല്ലാം അച്ചടിച്ചുകാണുന്നതല്ല. അതുകൊണ്ടു് ആഖ്യായികകൾ രസാന്വേഷണത്തിന് പരിപൂർണ്ണസംതൃപ്തിയാണു ചേക്കുന്നതെങ്കിൽ ചെറുകഥകൾ രസാന്വേഷണത്തെ തീക്ഷ്ണതരമാക്കുകയാണ് ചെയ്യുന്നതു്.

കഥാപാത്രങ്ങളുടെ സൃഷ്ടിയിൽ ചെറുകഥക്കാരനും ആഖ്യായികാകത്താവും ഒന്നുപോലെ ബദ്ധശ്രദ്ധരായിരിക്കേണ്ടതാണ്. പാത്രങ്ങൾക്ക് സ്ഫുടതയും വൈശദ്യവും ഇല്ലെങ്കിൽ കഥയ്ക്കു തന്മയത്വം വരുന്നതല്ല; എന്നാൽ ആഖ്യായികാകാരൻ പത്തുപുറം നിറച്ചെഴുതി സാധിക്കേണ്ടതായ കഥാപാത്രരൂപീകരണത്തിനുവേണ്ടി ചെറുകഥക്കാരനു രണ്ടു വരിമാത്രമേ അനുവദിച്ചു കിട്ടുകയുള്ളു എന്നു വരുന്നതാണ്. അത്രയും ക്ലിപ്തപരിധിക്കുള്ളിലാണ് അയാൾ അക്കാര്യം നിവ്ഹിക്കേണ്ടതു്.

സംഭാഷണംകൊണ്ടു് പാത്രരൂപീകരണം ഒട്ടുമുക്കാലും സാധിക്കാം. മൂക്കും മുഖവും തലയും എല്ലാം വണ്ണിക്കുന്നതിനെക്കാൾ കുറേക്കൂടി ഫലവത്തും, സംക്ഷിപ്തവുമായ ജോലിയാണിതു്. ശാരദയിൽതന്നെ വക്കീലന്മാക്കു "ഓപ്യം" കൊടുക്കുന്ന കണ്ടൻമേനവനെ നാം ഓമ്മിക്കുന്നതും കാണുന്നതും ഈ വാക്കുകൾകൊണ്ടാണ്. അല്ലാതെ അയാളുടെ അംഗപ്രത്യംഗവണ്ണനം എന്തെന്ന് നാം ഇപ്പോൾ ഓമ്മിക്കുന്നില്ല. അങ്ങനെയായാലും ഒരുവനെ കണ്ടാൽ വക്കീലന്മാക്കു് ഓപ്യം കൊടുക്കുന്ന കണ്ടൻമേനവൻെറ കൂട്ടുകാരനോ എന്നു തീച്ചപ്പെടുത്തുന്നതിനു നമുക്കു കഴിയുന്നു. ഒരൊററ വാക്കുകൊണ്ടു് ഒരു കഥാപാത്രത്തെ വിശദമായി സൃഷ്ടി

ക്കാവുന്ന വിദ്യ വശപ്പെട്ടത്തേണ്ടതു് ചെറുകഥക്കാരൻ അല്ലാതെ മററാരുമല്ല. എന്തുകൊണ്ടെന്നാൽ കുറഞ്ഞസ്ഥലംകൊണ്ടു കൂടുതൽ ഉപയോഗം നേടേണ്ടതു് അവൻ മാത്രമാണു്.

ഇനി കഥാഘടനയെപ്പററിയാണു്. ചെറുകഥക്കാർ ഈയിടെ ഇക്കാര്യത്തിൽ സ്വതന്ത്രരാണെന്നു് ആദ്യമേ പറഞ്ഞുവല്ലോ. എന്നിരുന്നാലും ഒരുപക്ഷേ പ്ലോട്ടു് കിട്ടാതെ വന്നാലും അസംഭാവ്യങ്ങളും അശ്ലീലങ്ങളുമായ സംഗതികൾ ഒഴിച്ചുവയ്ക്കേണ്ടതാണു്. അതുപോലെ കഥക്കാർക്കു് ചില ഇന്ദ്രജാലവിദ്യകൾ ഉണ്ടു്. ഭാരതപ്പുഴയിൽ മുങ്ങിയ നായകൻ അടുത്തയവസരത്തിൽ ആനമലയിൽ ഉയരുന്നു. വഴിയെപോകുമ്പോൾ മോട്ടോർമുട്ടി ഉരുണ്ടുവീഴുന്ന യുവാവു് വാട്ടർ പൈപ്പു്വഴി ചൊവ്വരയിലെത്തി പാതാളഗർഭത്തിൽ ഒരു യുവതിയെകണ്ടു് അനുരാഗപരവശനാകുന്നു. കറുത്തവൻ വെളുമ്പനാണു്. മേൽമീശയുള്ളവൻ വാസ്തവത്തിൽ സ്ത്രീയാണു്. ബ്രാഹ്മണനെന്നു കാണുന്നതു യഥാർത്ഥത്തിൽ പറയനത്രെ. ചുട്ടിരുന്ന കോഴി പറന്നുപോയി. വാല്യക്കാരൻ പെണ്ണിൻെറ അനുരാഗാർത്ഥിയായ ബി. ഏ.ക്കാരൻ സുകുമാരൻ നായരാണു്. എന്നൊക്കെയുള്ള ഇന്ദ്രജാലങ്ങൾ കഥയെഴുത്തുകാർക്കു് വശമത്രെ. എന്നാൽ പ്ലോട്ടിൻെറ സങ്കീർണ്ണകലാപത്തിനു വേണ്ടി മനുഷ്യസ്വഭാവത്തെയും സാഹിത്യധർമ്മത്തെയും ബലികഴിക്കരുതെന്നു മാത്രമേ അപേക്ഷയുള്ളു.

ഇതിലൊക്കെയും കൂടുതലായിട്ടു നോക്കേണ്ടതു്, ചെറുകഥയുടെ ആകൃതിയാണു്. അനാവശ്യമായ വർണ്ണനകളോ സംഭാഷണങ്ങളോ ഒന്നും ചെറുകഥയിൽ ഉണ്ടായിരിക്ക

രുത്. അതിന് ഒരു ദൃഷ്ടാന്തം പറയാം. ഒരു മാസിക യിലേക്കു വന്നിരുന്ന ഒരു ചെറുകഥ നോക്കുന്നതിനും, അതി നെ പ്രസിദ്ധീകരണയോഗ്യമാക്കുന്നതിനും ആയി എന്നെ അതിൻെറ പ്രവൎത്തകൻ ഏല്പിച്ചു. അതിൽ 46 വശം ഉണ്ടായിരുന്നു. ഞാൻ അനാവശ്യഭാഗങ്ങൾ ആശയത്തിന് ഭംഗം വരുത്താതെ വെട്ടിക്കുറച്ചപ്പോൾ മൂന്നരപ്പുറമായി ശേഷിക്കയാണു് ചെയ്തതു്. ഈ കാഥികൻ ഇന്നു് നമ്മെ യൊക്കെ രസിപ്പിക്കുന്ന ഒരു യുവകവിയാണ്. അതുകൊണ്ടു കമ്പിവാചകങ്ങൾപോലെ വളരെ സംക്ഷിപ്തമായ വാച കങ്ങളെഴുതാനാണ് ചെറുകഥക്കാരൻ നോക്കേണ്ടതു്. വൎണ്ണന, സംഭാഷണം ഇതൊന്നും തനിക്കു യഥേഷ്ടം പെ രുമാറാവുന്ന കാൎയ്യങ്ങളേ അല്ലെന്നും അവശ്യം നിറവേററു ന്നതിനുവേണ്ടി മാത്രമേ അവയെ അപേക്ഷിക്കുന്നുള്ളു എന്നും ചെറുകഥക്കാരൻ സദാ സ്മരിക്കേണ്ടതാണ്.

ഇനി ചെറുകഥകളിലെ ഭാഷയെപ്പററിയാണു് പറ യേണ്ടതു്. സംസ്കൃതവാക്കുകളും ദീൎഘവാചകങ്ങളും ചെ റുകഥയിൽ വാരിക്കോരിച്ചൊരിയുക തീരെ വൎജ്ജ്യമാണു്. എന്നാൽ ആഖ്യായികകളിലും യാതൊരു സംസ്കൃതപദ വും തൊട്ടേക്കരുതെന്നാണു് ചിലരുടെ നിൎബന്ധം. ഈ അവസരത്തിലാണ് വിഷയവും ഭാഷയുമായുള്ള ബന്ധം എന്തെന്നു നോക്കേണ്ടതു്. വിഷയത്തിൻെറ ഗൌരവത്തെ അനുസരിച്ചു് ഭാഷയെ രൂപീകരിക്കയല്ലാതെ ഭാഷ ലളിത മാക്കുന്നതിനുവേണ്ടി വിഷയത്തെ വിരൂപപ്പെടുത്തരുതെ ന്നാണ് സാഹിത്യഗുരുനാഥന്മാരുടെ ഉപദേശം. ഇതിനു മാൎത്താണ്ഡവൎമ്മയും ധൎമ്മരാജാവും ഉദാഹരണങ്ങളാണു്. ഒരു നാടോടി യുവരാജാവു്, ഒരു ഭക്ഷണപ്രിയൻ പരമേശ്വ

രൻപിള്ള, എല്ലാ നായർ ഗൃഹങ്ങളിലും കാണുന്ന ഒരു പാറുക്കുട്ടി, ഒരു കാർത്ത്യായനിയമ്മ, ഒരു കിഴവൻ ശങ്കുവാശാൻ, ഒരു സാധു മൂത്തപിള്ള, ഒരു മൂത്തകൃഷിക്കാരൻ, മാങ്കോയിക്കൽ കുറുപ്പ്, അമ്മാവൻെറ ശേഷക്കാരൻ വേലു, എന്നിവരുടെ പ്രകൃതികളെ വിവരിക്കുന്നിടത്തു വെറും നാട്ടുഭാഷ ധാരാളം മതി. എന്നാൽ ധർമ്മരാജായിൽ അതിപ്രഗല്ഭനും, അഖിലകലാനിപുണനും, രാജ്യതൃഷ്ണാഗ്നിയിൽ ദഹിക്കുന്നവനും ആയ ഹരിപഞ്ചാനന യോഗീശ്വരൻെറ ഗൂഢപ്രവൃത്തികളെയും അന്തഃകരണപരിവർത്തനങ്ങളേയും പററി വർണ്ണിക്കുകയാണു കവി ചെയ്യുന്നതു്. അവിടെ വെറും നാടോടി മലയാളം യാതൊരു വിധത്തിലും സഹായിക്കുന്നതല്ല. മാനസിക പരിവർത്തനങ്ങളായ അവയുടെ ചിത്രീകരണം എങ്ങിനെയാണു് വാക്കില്ലാത്ത മലയാളഭാഷയിൽ സാധിക്കുന്നതു്? വെറും കാക്കയേയും പൂച്ചയേയും പററി എഴുതുമ്പോൾ അവയുടെ ജീവിതരീതിയും അവ കൊച്ചുകുഞ്ഞുങ്ങളെ എങ്ങനെ വിനോദിപ്പിക്കുന്നു എന്നുള്ള കാര്യങ്ങളേയും പററി പറയുമ്പോൾ അതിനു പച്ച മലയാളം മതി. എന്നാൽ കാക്കയുടെ സൃഷ്ടികൊണ്ടു് ജഗന്നിയന്താവു് എന്താണുദ്ദേശിച്ചിരിക്കുന്നതു്? സൃഷ്ടിചക്രത്തിൽ ഈ ജന്തുവിനുള്ള സ്ഥാനവും ബന്ധവും എന്തു്? അവയുടെ ഗുണവൈശിഷ്ട്യങ്ങൾ പ്രകൃതിയുടെ ഏതുവശത്തെയാണു കാണിക്കുന്നതു്? എന്നൊക്കെ പരിഗണിക്കേണ്ടിവരുമ്പോൾ ഈ പച്ച മലയാള വാക്കുകൾ ഉപയോഗശൂന്യങ്ങളായി വരുന്നു.

നമ്മുടെ ചെറുകഥകളെ മൂന്നുതരത്തിൽ തിരിക്കാം. തർജ്ജമ, അനുകരണം, സ്വകപോലകല്പിതം എന്നീ മൂന്നു വിധത്തിൽ ഇവയെപ്പററി രണ്ടുവാക്കുകൂടി പറയാം.

തർജ്ജമയെപ്പററി അധികം നോക്കാനില്ല. മൂലഗ്രന്ഥകാരൻെറ ആശയങ്ങളെ ഭാഷാവൈജാത്യത്തിൽ മലിനപ്പെടുത്തരുതെന്നു മാത്രമേ കരുതാനുള്ളു. ഒട്ടുമുക്കാലും ഇംഗ്ലീഷുഭാഷയിൽനിന്നുമുള്ള തർജ്ജമകളാണു് കാണുന്നതു്? ആ ഭാഷയ്ക്കും നമ്മുടെ ഭാഷയ്ക്കും തമ്മിൽ വലിയ ശൈലിവിത്യാസങ്ങളുണ്ടു്. "അതു മറന്നുപോയി" എന്നതിനെ it forgot and went എന്നു് ഇംഗ്ലീഷിലേക്കു് തർജ്ജമ ചെയ്താൽ എത്ര വിരൂപമായിരിക്കുമോ അതുപോലെതന്നെയാണു് Education grows by leaps and bounds എന്നതിനെ വിദ്യാഭ്യാസം കുതിയും ചാട്ടവുമായി വളരുന്നു എന്നു പറയുക. ഇങ്ങനെ ഒരു വലിയ ആൾ തർജ്ജമചെയ്തിട്ടുണ്ടു്. കൈരളിയെ ഇപ്രകാരം ചാട്ടക്കാരി ആക്കാതെ മൂലഗ്രന്ഥത്തിലെ ആശയത്തിനു യാതൊരു തടസ്സവും തട്ടാതെ തർജ്ജമചെയ്യുക മാത്രമാണു് ഈ രീതിക്കാരൻെറ ധർമ്മം.

ഇനിയാണു് അനുകരണം. തർജ്ജമകൊണ്ടു് ഒരാൾ സാഹിത്യകാരൻ ആകുന്നില്ലെന്നത്രേ ചിലരുടെ വല്ലായ്മ. തർജ്ജമ ചെയ്യുന്ന കൃതി അയാളുടേതല്ലെന്നു സ്വയം സ്പഷ്ടമായിപ്പോകുന്നല്ലോ. സ്വന്തമായി ഒരു കള്ളക്കച്ചവടം ചെയ്യുന്നതിനു സൌകര്യമുള്ളപ്പോൾ എന്തിനു മറെറാരുത്തൻെറ മനോധർമ്മച്ചുമട്ടുകാരനായി വേഷം കെട്ടുന്നു? ഇതു ബുദ്ധിപൂർവ്വകമായ ഒരു മുൻകരുതലാണെന്നു് ആരും സമ്മതിക്കും. അതിനെന്താണു് പണി. ഇസബെലിനെ ഈശ്വരിക്കുട്ടിയും കാർലൈലിനെ കരുണാകരൻനായരും ലണ്ടനെ തിരുവനന്തപുരവും ആക്കിക്കളയാം. ഇതു് അനുകരണമാവുമോ? ഒരിക്കലും അല്ല. അതുകൊണ്ടു് വരുന്ന ദോഷം എന്തെന്നോ? ഈശ്വരിക്കുട്ടിയും കരുണാകരൻനായരുമായി

വിവാഹത്തിനു മുൻപ് കടലോരങ്ങളിൽ ലാത്തുന്നതിനും നാടകപ്പുരകളിൽ രസിക്കുന്നതിനും പാർലിമെൻറിൽ പ്രസംഗം കേൾക്കുന്നതിനും പോകുന്നതായി കാണാം. ഇനി പരിഷ്കാരം എത്രവന്നു മൂത്താലും നമ്മുടെ ഈശ്വരിക്കുട്ടിമാരും കരുണാകരന്മാരും ഈ വിധത്തിൽ കച്ചകെട്ടുന്നതല്ല. അപ്പോൾ ഈ മാതിരി കഥക്കാരൻെറ കഥാപാത്രങ്ങൾക്ക് യാതൊരു ദിക്കിനോടും യാതൊരു സമുദായത്തോടും യാതൊരാചാരത്തോടും ബന്ധമില്ലാതെ വരുന്നു. തന്മയത്വം കുറയുന്നു. ബീഭത്സത പകരുന്നു. ഞാനൊരു കഥയിൽ കണ്ടതാണ്. ഒരു വൈദ്യൻെറ പേർ "നരഹരവൈദ്യൻ" എന്നുപോലും അങ്ങിനെ ഒരു ബോർഡ് സാക്ഷാൽ വയസ്സുരമൂസ് തന്നെ എഴുതിവച്ചാലും രോഗികൾ അവിടെ കയറുകയില്ല. നരഹരവൈദ്യൻപോലും! കാര്യമെങ്ങിനെയാണ് പററിയതെന്നറിയാമോ? ഡാക്ടർ നൊറാണോ എന്നോ മറേറാ മൂലഗ്രന്ഥത്തിൽ കണ്ടിരിക്കും. അതാണ് നമ്മുടെ വിദ്വാൻ നരഹരവൈദ്യൻ എന്നു് സാമർത്ഥ്യത്തോടെ മാററിയത്. ഇതിനൊന്നിനും പോകാതെ ശരിക്കുള്ള തർജ്ജമ ചെയ്തിരുന്നു എങ്കിൽ എന്തു നന്നായിരുന്നു. അതുകൊണ്ടു് വേറൊരു വലിയകാര്യം സാധിക്കാനുണ്ടു്. ഇംഗ്ലീഷറിയുവാൻ വഹിയാത്തവർ പലരും നമ്മുടെ ഇടയിലുണ്ടു്. അവക്ക് പാശ്ചാത്യസമുദായങ്ങളുടെ ആചാരങ്ങളും ജീവിതരീതികളും അറിയുന്നതിനു വലിയ അഗ്രഹമുണ്ടു്. അതവക്ക് ശരിയായ ഒരു വിദ്യാഭ്യാസവുമാണ്. ഇസബെലിനെ ഈശ്വരിക്കുട്ടിയാക്കാതെ അതേ രൂപത്തിൽ തർജ്ജമ ചെയ്തിരുന്നെങ്കിൽ അവരുടെ പാർലമെൻറുപോക്കും നിശാസഞ്ചാരവും ഒക്കെ അറിയുന്നതിനും ആ സമുദായ

ത്തിന്റെ ജീവിതരീതികളെക്കുറിച്ച് സമഷ്ടിയായ ജ്ഞാനം സമ്പാദിക്കുന്നതിനും ഇംഗ്ലീഷു പഠിച്ചിട്ടില്ലാത്തവക്ക് കഴിവുകിട്ടുമായിരുന്നു. ഇപ്പോളാകട്ടെ ഈ ഗുണം കളയുകയും ചെയ്യു. നപുംസക ജാതിയിൽ ഒരു കാലത്തോട്ടം, കുലത്തോട്ടം ബന്ധമില്ലാത്ത കുറേ കഥാപാത്രങ്ങളെ സൃഷ്ടിക്കയും ചെയ്യു. അതുകൊണ്ട് ഈ വിധത്തിൽ പേർ മാത്രം മാററി അനുകരണം മാത്രം നടത്തുന്നവർ ഈ ഭാഗം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. "ബംഗാൾക്കഥകൾ" മോഡേൺറിവ്യൂ മുതലായ പത്രഗ്രന്ഥങ്ങളിൽ വന്നു തുടങ്ങിയതോടുകൂടി ഈ തരക്കാരുടെ ശ്രദ്ധ അതിലേക്കു പതിയുന്നുണ്ടെന്നുള്ളത് ആശ്വാസപ്രദംതന്നെ.

പേരുകൾ അതേമാതിരി തന്നെ മാററാതെ തർജ്ജമചെയ്യണമെന്നു പറയുമ്പോൾ ഒരു കാര്യം ഓമ്മവരുന്നു. അതും ഇപ്പോൾ പറഞ്ഞുകളയാം. വിക്ററർ ഹ്യൂഗോയുടെ (Less miserables) ഈയിട ഒരാൾ തർജ്ജമ ചെയ്യു. "പാവങ്ങൾ" എന്നാണ് ഗ്രന്ഥത്തിന്റെ പേരു്. വലിയ പുസ്തകമാണ്. മൂന്നുഭാഗത്തിൽ ഒരു ഭാഗം മാത്രമേ ഇപ്പോൾ വെളിയിൽ വന്നിട്ടുള്ളു. അതിനു തന്നെ മൂന്നുറുപ്പികയാണത്രേ വില. മൂലഗ്രന്ഥത്തിൽ ജീൻവാൽജീൻ എന്നൊരു പ്രധാന കഥാപാത്രമുണ്ടു്. മൂലഗ്രന്ഥം ഫ്രഞ്ചുഭാഷയിൽ എഴുതീട്ടുള്ളതാണ്. അതിന്റെ തർജ്ജമ ഇംഗ്ലീഷിൽ വന്നിട്ടുള്ളതുമത്രേ. ഇംഗ്ലീഷുഭാഷാഭിജ്ഞന്മാരിൽ പലരും വായിച്ചിട്ടുള്ളതും പാവങ്ങൾ തർജ്ജമക്കാരൻ ആശ്രയിച്ചിട്ടുള്ളതും ആ ഇംഗ്ലീഷു തർജ്ജമയാണ്. ജീൻവാൽജീൻ എന്നു കാണുന്നതു ജെ, ഇ, ഏ, എൻ, വി, എ, എൽ, ജെ, എ, ഇ, എ, എൻ, എന്നാണ് അക്ഷരങ്ങൾ. അതി

ന്റെ ശബ്ദം ജീൻവാൽജിൽ എന്നാണ്. എന്നാൽ പാവങ്ങൾ തർജ്ജമക്കാരൻ ഇതുകൊണ്ടു തൃപ്തനായില്ല. അദ്ദേഹം ഫ്രഞ്ചു ശബ്ദത്തിലേക്കു കടന്നത്രേ. ജീൻവാൽജീൻ എന്നതു ഴാങ്ങ്വാൽഴാങ്ങ് എന്നാക്കി. ഇതെത്ര അബദ്ധം. ഇംഗ്ലീഷുകാർപോലും ജീൻവാൽജീൻ കൊണ്ടു തൃപ്തരായി. എന്നിട്ടും പാവങ്ങൾ തർജ്ജമക്കാരൻ ഴാങ്ങ്വാൽഴാങ്ങ് കൊണ്ടാണിറങ്ങിയിരിക്കുന്നത്. ആ പുസ്തകത്തിൽ അൻപത്തിനാലാംപുറത്താണെന്നു തോന്നുന്നു, ഒരു വാചകം കണ്ടു. "തന്നെപ്പററി തനിക്കുള്ള അഭിപ്രായത്തെക്കുറിച്ച് കിക്കിളിയാക്കപ്പെട്ടപ്പോൾ രസം പിടിച്ച അഹമ്മതിയോടുകൂടി ബ്ളാഷ് ചോദിച്ചു" എന്താണാവോ അർത്ഥം. ഇത്ര വികൃതമായ ശരി തർജ്ജമയ്ക്കു പോകുകയും വേണ്ട.

അനുകരണത്തെപ്പററിയാണല്ലോ പറഞ്ഞുവന്നത്. വികൃതമായ അനുകരണത്തിൽ ഭ്രമിക്കാതെ മൂലകൃതിയിൽ കാണുന്ന പ്രധാനാശയങ്ങൾ മാത്രം എടുക്കുക. അവയെ നമ്മുടെ കാലസ്ഥിതിയോടുകൂടി യോജിപ്പിക്കുക, അതിനു ഞാൻ ഉദാഹരണങ്ങൾ പറയാം. വടക്കേ അമേരിക്കയിലെ മണ്ണെണ്ണഖനികളിൽ നടന്നതായി ഒരു കഥ വായിച്ചു. എണ്ണഖനി ഇല്ലാതായാൽ കഥയൊന്നുമില്ല. അതുകൊണ്ടു ഖനികൾ വരുത്തിയേ കഴിയൂ. തിരുവിതാംകൂർ, കൊച്ചി, മലബാർ ഇവിടെ എങ്ങും എണ്ണഖനികളില്ലതാനും. കടക്കാം വെളിയിലേക്ക്. ജഗത്സിംഹനും അയിഷയും എല്ലാം നമുക്കു ഏകദേശം അനന്തപത്മനാഭനും ഇന്ദുലേഖയും പോലെ പരിചിതരായിത്തീർന്നിട്ടുണ്ട്. ഇപ്പോഴത്തെ അഖിലഭാരതീയ ദേശീയപ്രസ്ഥാനവും ഈ കൂട്ടരോടു നമ്മെ അടുപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് അവരുടെ ഇടയിലേയ്ക്കു കടന്നാലും തന്മയത്വത്തിനോ രസാസ്വാദനത്തിനോ ശൈഥില്യം സംഭവിക്കുന്നതല്ല. കടക്കുകതന്നെ; അസ്സാമിലെ

എണ്ണപ്പനികളിലേക്ക്; അവിടെ ഒരു ഹുസായിൽഖാനെയും ഒരു ശേഖരചന്ദ്രനേയും ഒക്കെ സൃഷ്ടിക്കുകതന്നെ; കഥയും തീക്കാം.

വേറൊരുദാഹരണം പറയാം. പാർലമെൻറു തെരഞ്ഞെടുപ്പിൽ വോട്ടുചെയ്യാൻപോകുന്ന ഒരു സ്ത്രീക്ക് ആൾക്കൂട്ടത്തിനിടയിൽവച്ച് പററുന്ന ഒരബദ്ധമാണ് കഥാവസ്തു. ആൾക്കൂട്ടമില്ലാതെ കഥ നില്ക്കില്ല. നമ്മുടെ ദിക്കുകളിൽ പെണ്ണുങ്ങൾ അത്ര വോട്ടുത്സാഹികളായിട്ടുമില്ല. അതുകൊണ്ട് ആ തെരഞ്ഞെടുപ്പു വിഷയമേ മറന്നിട്ട് പത്മനാഭസ്വാമിക്ഷേത്രത്തിലെ ലക്ഷദീപമോ ഹരിപ്പാട്ടു ഉത്സവമോ തൃശ്ശൂർ പൂരമോ ആക്കുകതന്നെ. അവിടെ സ്ത്രീകൾ ധാരാളം കൂടുന്നതാണ്. ആൾക്കൂട്ടവുമുണ്ട്.

ഈയിടെ ഞാൻ വേറൊരു കഥ വായിച്ചു. യേശുക്രിസ്തുവിനെ യൂദാസ്കറിയോത്തോ ഒററിക്കൊടുക്കുന്നതാകുന്നു കഥാവസ്തു. ക്രിസ്തുദേവൻെറയും വഞ്ചകൻെറയും മുഖങ്ങൾ വരയ്ക്കുവാൻ ഒരു ചിത്രകാരൻ കുഴങ്ങുന്നു. ഈ കഥാഭാഗം നല്ലപോലെ മനസ്സിലായിട്ടില്ലാത്തവക്ക് അതേവിധത്തിലുള്ള തർജ്ജമ രസിക്കുന്നതല്ല. പിന്നെ എന്താണു പണി? അതുപോലെയുള്ള കണ്ട പുരാണകഥാപാത്രങ്ങളെ കണ്ടുപിടിക്കണം. ആകട്ടെ നളനും കലിയും ആക്കിക്കളയാം. ഇങ്ങനെ ആശയങ്ങൾ മാത്രം എടുത്തു തന്മയത്വത്തിനും രസപ്രവാഹത്തിനും കുറവുവരാതെ അനുകരണം നടത്താവുന്നതാണ്.

ഇനിയും പറയേണ്ടതു സ്വതന്ത്രകൃതികളെക്കുറിച്ചാണ്. അതിനു ഞാൻ മുൻ പറഞ്ഞതുപോലെ ഒരു റഗുലേഷൻ നിർമ്മിക്കുന്നതിൽപരം അബദ്ധം മറെറാന്നില്ല. അവരവരുടെ അഭിരുചിയും മനോധർമ്മവും അനുസരിച്ച്

നവംനവങ്ങളായ ചെറുകഥകൾ എഴുതുന്നുവെന്നേയുള്ളു. ഹൃദയാകർഷകങ്ങളായ കഥാരംഗങ്ങളും കഥാവിഷയങ്ങളും സ്ഥാപിക്കുന്നതിന് നമുക്ക് അത്യുചിതങ്ങളായ സൌകയ്യങ്ങളുണ്ട്. കേരളചരിത്രം അത്രമാത്രം വിഭിന്നവൈശിഷ്ട്യത്തോടുകൂടിയതാണ്. യുദ്ധവൈദഗ്ദ്ധ്യത്തിൽ അദ്വിതീയരും വിശാലഹൃദയരും ശൌയ്യനിധികളും ആയ ജനസമുദായങ്ങളാണ് ഈ മനോഹരഭൂഖണ്ഡത്തെ അധിവസിച്ചിരുന്നത്. പ്രകൃതിയുടെ മനോഹാരിത ധാരാളമായി പ്രകാശിക്കുന്നുണ്ട്. സമരകലാപങ്ങൾ ധാരാളമായി നടന്നിട്ടുണ്ട്. വിദേശീയർ പല കൂട്ടരും അനവരതമായി ഇവിടെ പ്രവേശിച്ചിട്ടുണ്ട്. ഇന്നും കേരളീയർ അന്യദേശങ്ങളിലേക്ക് പോയി അവിടെ താമസം ഉറപ്പിക്കുന്നുണ്ട്. സംസ്കൃതചിത്തരായ സ്ത്രീകൾ ധാരാളം നമ്മുടെ ഇടയിലുണ്ട്. യാഥാസ്ഥിതികത്വവും ഉൽപ്പതിഷ്ണുത്വവും തമ്മിൽ പോരാട്ടം നടക്കുന്നുണ്ട്. പരിഷ്കൃതജീവിതചയ്യകളിൽ നാം അഭ്യസ്തരായിത്തീൎന്നിട്ടുമുണ്ട്. എന്നുവേണ്ട ഭിന്നജീവിതരീതികളുടെ സംഘൎഷണത്താൽ ചിത്രീകരിക്കപ്പെടാവുന്ന നിരവധി കായ്യങ്ങൾ രചിക്കുന്നതിന് സ്ഥലസൌകയ്യങ്ങളും നമുക്കുണ്ട്. പ്രാചീനവും അൎവാചീനവുമായ കാലങ്ങൾ അനവധി കാവ്യവിഷയങ്ങൾ നമുക്കു തരുന്നതിനു ശക്തങ്ങളാണ്. ആധുനികജീവിതരീതിക്കു ചേരാത്ത ആശയങ്ങളെ മുൻകാലങ്ങളിലേയ്ക്കു മാററാം. അവിടെ നിവൃത്തിയില്ലാത്തതു് ഇങ്ങോട്ടെടുക്കാം. അതുകൊണ്ടു് ഈ സൌകയ്യങ്ങളെ പാഴാക്കാതെ അനേകം ചെറിയ കഥകൾ രചിച്ചു് കൈരളിയെപോഷിപ്പിക്കുന്നതിനു സാഹിത്യാഭിമാനികൾ സന്നദ്ധരാകട്ടേ.

---

## ൧൦ വ്യവസായോദയം.

ശ്രീകരമായ സമ്പൽസമൃദ്ധിക്കും ജനക്ഷേമത്തിനും അശ്രയമായിത്തീരുന്ന ഈ ഭൂഭാഗത്തിന്റെ ഉൽബുദ്ധമായ ജീവച്ഛക്തി സ്ഥിരോത്സാഹത്തിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. ഈ ഉത്സാഹത്തെ അധാരമാക്കി അധേയാവസ്ഥയെ വഹിക്കുന്ന സർവ്വപ്രധാനമായ തൊഴിലുകളത്രെ കൃഷി, വ്യവസായം, വാണിജ്യം എന്നിവ. ഇവയുടെ പരസ്പരബന്ധം എത്രമാത്രം ദൃഢതരമാണെന്നു് ഇവയിൽ ഏതെങ്കിലും ഒന്നിന്റെ അഭാവത്തിങ്കൽ മാത്രമേ പൂർണ്ണമായി വെളിപ്പെടുകയുള്ളു. സൃഷ്ടിസ്ഥിതിസംഹാരകർതൃത്വമുള്ള ഈ ത്രിമൂർത്തികളിൽ ഏതു ശ്രേഷ്ഠം? ഈ ചോദ്യത്തിനു് ത്രിമൂർത്തികളിൽ ഓരോരുത്തൎക്കും ഓരോ പുരാണങ്ങളിൽ ശ്രേഷ്ഠത്വം കല്പിക്കുന്നതുപോലെ അതതിനെപ്പററി പറയുമ്പോൾ അതത്് ശ്രേഷ്ഠമെന്നു മാത്രമേ സമാധാനം പറവാൻ മാൎഗ്ഗമുള്ളു. ഈ മൂന്നു തൊഴിലുകളും പ്രത്യക്ഷമായും പരോക്ഷമായും പ്രാകൃതികമായും കൃത്രിമമായും സ്ഥൂലമായും സൂക്ഷ്മമായും ലോകത്തിൽ വൎത്തിക്കുന്നുണ്ടെങ്കിലും സ്ഥിരോത്സാഹമാകുന്ന അധാരത്തിന്റെ താങ്ങൽ ഇല്ലാതെ വരുമ്പോൾ അവയുടെ സ്വാഭാവികമായ ഐശ്വൎയ്യം നശിച്ചുപോകുന്നു. ഒരു നാട്ടിനോ ഒരു വൎഗ്ഗത്തിനോ ശോഭനമായ വിജയസൌഭാഗ്യം അനുഭവിക്കുന്നതിനു് ഇവയിൽ ഏതെങ്കിലും ഒന്നിനെ ദൃഢമായും, മററുള്ളവയെ സാമാന്യമായും അശ്രയിക്കാതെ നിവൃത്തിയില്ല. അപേക്ഷിച്ചാൽ കാമ്യവരങ്ങളെ പ്രദാനം ചെയ്യുന്നതും, സേവിച്ചാൽ അനുഗ്രഹിക്കുന്നതും എന്നാൽ ഉപേക്ഷിച്ചാൽ നശിപ്പിക്കുന്നതുമായ ഈ മൂൎത്തിത്രയങ്ങൾ മനുഷ്യൎക്കു് വിഗണ്യമായ സുഖസംഭൃ

തികളെ പ്രദാനം ചെയ്യുന്നവയും ഇവയുടെ അഭാവം ദാരിദ്ര്യദേവതയായ ജ്യേഷ്ഠാഭഗവതിയുടെ നടനവിലാസങ്ങൾക്ക് നിദാനവുമാകുന്നു. സസ്യലോകങ്ങളുടെ സ്വതസ്സിദ്ധമായ ഫലങ്ങൾ മനുഷ്യലോകത്തിൻെറ അവശ്യങ്ങൾക്ക് എന്നു തികയാതെ വന്നുകൂടിയോ അന്നുമുതൽ കൃഷികവൃത്തി ആരംഭിച്ചിട്ടുണ്ട്. കൃഷിപദാൎത്ഥങ്ങൾ വിനിമയം ചെയ്യേണ്ടതും തൻനാട്ടിൽ ഇല്ലാത്തവയെ വരുത്തി വിതരണം ചെയ്യേണ്ടവയും ആയ അവശ്യങ്ങൾ വന്നതോടുകൂടി കച്ചവടവും നടപ്പിലായി. ഈ രണ്ടു തൊഴിലുകളും പൌരാണികകാലങ്ങളിൽത്തന്നെ സാമാന്യം പ്രാബല്യത്തിൽ വന്നിട്ടുണ്ട്. നടപ്പിൽ വന്നിട്ടും പരിഷ്കൃതലോകങ്ങളിൽ പ്രചരിച്ചിട്ടും അത്ര കടന്ന കാലമായിട്ടില്ലാത്ത വ്യവസായത്തെപ്പററിയാണ് ഈ പ്രമേയംകൊണ്ടു നമുക്ക് തൽക്കാലം മനസ്സിലാക്കേണ്ടത്. വ്യവസായത്തെപ്പററി ഓരോ ഭാഗങ്ങളായി താഴെ വിവരിക്കാം.

വ്യവസായമാഹാത്മ്യം—അല്പമായെങ്കിലും മൂലധനം മുടക്കാതെ സാമാന്യം കൃഷിയോ ഒരു വ്യാപാരമോ നടത്തിക്കൊണ്ടുപോകുന്നതിന് സാദ്ധ്യമല്ല. ദാരിദ്ര്യംനിമിത്തം താഴ്ന്നതരം കൂലിവേലയും അതിലും നികൃഷ്ടമായ യാചനയുംകൊണ്ടു് ജീവിതവൃത്തി നടത്തിവരുന്ന ആറുകോടിയിൽപരം സാധുക്കൾ ഈ ഇൻഡ്യാസാമ്രാജ്യത്തിലുണ്ട്. ഈ വൎഗ്ഗക്കാരുടെ രക്ഷയ്ക്കും പ്രോത്സാഹനത്തിനും അഭിവൃദ്ധിക്കും വ്യവസായംപോലെ ഉതകുന്നതൊഴിൽ മററൊന്നില്ല. നാട്ടിൽ ദുർവൃത്തി കുറയ്ക്കുന്നതിനും എന്നല്ല, നാട്ടിൻെറ അവിചാരിതമായ പരിഷ്കാരവൎദ്ധനയ്ക്കും വ്യവസായം നിദാനമായിത്തീരുന്നു. തൊഴിലുകൾ നടത്തുന്ന മുതലാളിമാൎക്കും മററാരോ തൊഴിലുകളെ അപേക്ഷിച്ചു് ധൈൎയ്യമായും

മാനമായും നന്മയാവുന്ന തൊഴിലും ഇതുതന്നെ. നാട്ടിന്റെ പരിഷ്കൃതദശാകാലങ്ങളെ അതിദൂരത്തുനിന്നു ഏററവും സമീപത്തേക്കു് ആകർഷിക്കുന്നതിനുള്ള ശക്തി വ്യവസായത്തിനുണ്ടെന്നുള്ളതിനു് യൂറോപ്പു്, അമേരിക്കാ, എന്നിഖണ്ഡങ്ങൾ നമുക്ക് പ്രത്യക്ഷലക്ഷ്യമായിത്തീൎന്നിട്ടുണ്ടല്ലോ. വിദേശങ്ങളുമായുള്ള ഇടപാടു്, നൂതനരീതിവ്യവസായങ്ങളുടെ നടത്തിപ്പിനെപ്പററിയുള്ള ചിന്ത തന്റെ കടമ കൃത്യം ഇവയെപ്പററിയുള്ള മനനം എന്നിത്യാദികൾ കൊണ്ടു മാനസികമായും ഒട്ടേറെ അഭിവൃദ്ധി വ്യവസായം പ്രദാനം ചെയ്യുന്നുണ്ടു്. വൎദ്ധകന്റെ ധനവിനിമയം, അഭിവൃദ്ധി ഇവയ്ക്കും, സാധുജനസംരക്ഷണത്തിനും, നാട്ടിന്റെ പരിഷ്കാരത്തിനും, സമ്പൽസമൃദ്ധിക്കും മാനസോല്ലാസത്തിനും സന്മാൎഗ്ഗത്തിനും വ്യവസായം അടിസ്ഥാനമായിരിക്കയാൽ അതു് ഒരു മഹിമയേറിയ തൊഴിലാണെന്നുള്ളതിനു സന്ദേഹമില്ല.

വ്യവസായവ്യാപ്തി—ഒരു രാജ്യത്തിലെ വ്യവസായവ്യാപ്തി (അഭിവൃദ്ധി) യ്ക്കു് അടിസ്ഥാനമായി പല സംഗതികൾ ഉണ്ടു്. അവയിൽ പ്രധാനപ്പെട്ടവയെ താഴെ ചേൎക്കുന്നു.

1. വ്യവസായഗുണഗണങ്ങളെ അറിഞ്ഞിട്ടുള്ളവരും പലതരം വ്യവസായങ്ങളിൽ പരിചയം സമ്പാദിച്ചിട്ടുള്ളവരും, ആയ ആളുകൾ.

2. വ്യവസായത്തിന്നു് അനുഗുണങ്ങളായ സാധനസാമഗ്രികളുടെ സമൃദ്ധി.

3. ഗവൺമെൻറിന്റെ സഹായസഹകരണങ്ങൾ.

4. മൂലധനം.

5. കമ്പനികൾ.

6. മാതൃകാവ്യവസായസ്ഥാപനങ്ങൾ.
7. വ്യവസായഫലങ്ങളുടെ വിക്രയത്തിനുള്ള ഏപ്പാട്ടുകളും സൌകര്യങ്ങളും.
8. ഗതാഗതത്തിന് സ്വാഭാവികവും കൃത്രിമവുമായുള്ള സൌകര്യങ്ങൾ.
9. പരസ്പരസഹായങ്ങളും നിഷ്കളങ്കമായ നിമ്മത്സരബുദ്ധിയും.
10. പരോപകാരതൽപ്പരതയും സ്വാത്ഥരാഹിത്യബുദ്ധിയും.

മേൽപ്പറഞ്ഞ ഓരോ സംഗതികളുടെയും സൽസ്വഭാവത്തിങ്കൽ വ്യവസായം അഭിവൃദ്ധമാകുകയും അഭാവത്താൽ വ്യവസായം ശരിയായി നടക്കാൻ സൌകര്യമില്ലാതെ വരികയും ചെയ്യുന്നുവെന്നുള്ളത് മിക്കവാറും ശരിയാണ്. മേൽ എഴുതിയ ഓരോ വകുപ്പുകളേയും ഒന്നുകൂടി വിശദമാക്കാം.

1..........ആളുകൾ—വിദേശങ്ങളിലെ വ്യവസായങ്ങളുടെ പരിചയമോ വ്യവസായം കൊണ്ടുള്ള അഭിവൃദ്ധിമാഗ്ഗങ്ങളെപ്പററിയുള്ള ജ്ഞാനമോ നാട്ടിൽ എല്ലാ ജനങ്ങൾക്കും ഒന്നുപോലെ ഉണ്ടായിരിക്കയില്ല. എന്നാൽ പരമാത്ഥസ്ഥിതികൾ അറിയുമ്പോൾ പലരും ആ വക കാര്യങ്ങളിൽ ഉത്സുകന്മാരായിത്തീന്നേക്കും. അതിനാൽ വ്യവസായങ്ങളിൽ ശ്രദ്ധയും അതിനെപ്പററിയുള്ള വിവേകവും ഉള്ളവർ ഉത്സാഹികളായി ആദ്യം സന്നദ്ധരാകണം. അവരുടെ ഉത്സാഹത്താൽ മററു പലരേയും പാർശ്വവത്തികളാക്കിത്തീക്കാവുന്നതും തന്നിമിത്തം ഉദ്ദേശിക്കുന്ന തോതിൽ തൊഴിലുകൾ നടത്താവുന്നതുമാകുന്നു.

അതുപോലെതന്നെ വ്യവസായങ്ങളിൽ പരിചയമുള്ളവരും നാട്ടിൽ ഇടയ്ക്കിടക്കെങ്കിലും ഉണ്ടായിരിക്കണം.

വ്യവസായ വിദഗ്ദ്ധന്മാരെ വദ്ധിപ്പിക്കുന്നതിനു ധനിക ന്മാരും ഗവൎമ്മെൻറും ഒന്നുപോലെ ദൃഷ്ടിവെയ്ക്കേണ്ടതാണ്. ഈ നാട്ടിൽ ഏപ്പെട്ടുത്തി നടത്തുന്നതിനു സൌകൎയ്യമുള്ള വ്യവസായങ്ങളെ സുഗമമായ രീതിയിൽ അഭ്യസിപ്പിക്കുന്ന തിനു സാമത്ഥ്യമുള്ള ആളുകളെ വിദേശങ്ങളിൽ അയച്ച് അഭ്യസിപ്പിച്ചു വരുത്തേണ്ടതും നാട്ടിൽത്തന്നെ വ്യവസായ പാഠശാലകൾ നടപ്പാക്കേണ്ടതുമാണ്. ഈ വകുപ്പിൽപ്പെ ട്ടകാൎയ്യങ്ങളുടെ നില നോക്കുമ്പോൾ വ്യവസായ വ്യാപ്തി യിൽ നമ്മുടെ നാടു ശൈശവാവസ്ഥയിലേ എത്തിട്ടുള്ളു എന്നു വെളിവാകുന്നുണ്ട്.

2. വ്യവസായത്തിന്നനുഗ്രഹങ്ങളായ സാധനസാ മഗ്രികളുടെ സമൃദ്ധി--വ്യവസായത്തിനു യോജിക്കുന്നതായ സാമഗ്രികൾ സുലഭമായ പ്രദേശങ്ങളിൽ അതു് ഏപ്പെട്ടു ത്തുന്നതുകൊണ്ടു് വളരെ ആദായസൌകൎയ്യങ്ങൾ ഉണ്ടു്. ഈ സാധനങ്ങളെ രണ്ടായി തരം തിരിക്കാവുന്നതാണ്.

(എ) വ്യവസായം കൊണ്ടു സംസ്കരിക്കയോ നിൎമ്മി ക്കയോ ചെയ്യപ്പെടുന്ന ദ്രവ്യങ്ങൾ.

(ബി) വ്യവസായശാലകൾ സ്ഥാപിക്കുന്നതിനു ആവശ്യമുള്ള യന്ത്രസാമഗ്രികൾ.

ഇതിൽ എ. വകുപ്പിൽപ്പെട്ട ദ്രവ്യങ്ങൾ നമ്മുടെ നാ ട്ടിൽ അസംഖ്യമുണ്ട്. നാളികേരവൃക്ഷങ്ങളിൽ നിന്നു കി ട്ടുന്ന സാധനങ്ങൾ കൊണ്ടു നിൎമ്മിക്കാവുന്ന പദാത്ഥങ്ങൾ ക്കു വേണ്ടിത്തന്നെ ഈ നാട്ടിൽ അനേകതരം വ്യവസായ ങ്ങൾ നടത്താവുന്നതാകുന്നു. ഇതുപോലെ മററനവധി സാ ധനങ്ങൾ ഈ നാട്ടിൽത്തന്നെ സംഭരിച്ചു് സംസ്കരിക്കാ നും ആവശ്യമുള്ള പദാത്ഥങ്ങൾ നിൎമ്മിക്കാനും സാധിക്കു ന്നതാണ്.

എന്നാൽ ബി. വകുപ്പിൽ പെട്ടതും വ്യവസായ ശാലകളുടെ രൂപീകരണത്തിന് അവശ്യമുള്ളതുമായ സാമഗ്രികൾ നമ്മുടെ നാട്ടിൽ തുലോം കുറവാണ്. മരംകൊണ്ടും കല്ലുകൊണ്ടും തയ്യാർ ചെയ്യാവുന്ന സാമാനങ്ങളും പണിത്തരങ്ങളും നടത്തുന്നതിനു സാമാന്യം സൌകര്യമുണ്ടെങ്കിലും അവിയന്ത്രങ്ങൾ ഉപയോഗിക്കുന്നതിനു അവശ്യപ്പെടുന്ന ഇരിമ്പോ കൽക്കരിയോ മണ്ണെണ്ണയോ ഇവിടെനിന്നു ലഭിക്കുന്നില്ല. നഷ്ടവും ബുദ്ധിമുട്ടുകളും ഉണ്ടെങ്കിലും ഈ നാട്ടിന് യോജിച്ച വ്യവസായങ്ങൾക്ക് ഉതകുന്ന യന്ത്രസാമാനങ്ങൾ കോടികോടികളായി വിദേശങ്ങളിൽ നിന്നു് ഇവിടെ ഇറക്കുമതി ചെയ്യുന്നതിനു പാശ്ചാത്യ രാജ്യങ്ങളിൽ തയ്യാറാക്കപ്പെടുന്നുണ്ടെന്നുള്ളത് വിസ്മരിക്കത്തക്കതല്ല. ഈ വക യന്ത്രസാമഗ്രികൾ മാത്രം വരുത്തിയാൽ ഈ നാട്ടിൽ നല്ല നിലയിൽ വ്യവസായം നടത്താവുന്നതാണ്. അവിയന്ത്രങ്ങൾ അവശ്യമില്ലാത്ത ശാലകളുടെ നിർമ്മാണത്തിനു വിദേശികളെ അധികം ആശ്രയിക്കേണ്ട അവശ്യമില്ലതാനും.

3. ഗവൎമ്മെൻറിൻെറ സഹായസഹകരണങ്ങൾ— ഗവൎമ്മെൻറിൻെറ സഹായസഹകരണങ്ങൾ കൂടാതെ ഒരു തൊഴിലും സുഗമമായരീതിയിൽ അഭിവൃദ്ധിപ്പെടുത്തുന്നതിനു നിവൃത്തിയില്ല. ഇംഗ്ലണ്ടു, ജപ്പാൻ മുതലായ പരിഷ്കൃതരാജ്യങ്ങളിൽ ഇപ്പോഴുള്ള വ്യവസായാഭിവൃദ്ധിക്കു പ്രധാനനിദാനം ഗവൎമ്മെൻറാണ്. രാജ്യത്തു് ഓരോ തരത്തിലുള്ള വ്യവസായങ്ങളും ഗവൎമ്മെൻറു ചെലവിലും നോട്ടത്തിലും ഏൎപ്പെടുത്തി ആദായകരമായിത്തീരുമ്പോൾ ജനങ്ങൾക്കു വിട്ടുകൊടുക്കുന്നു—ഗവൎമ്മെൻറു ഓഹരിചേൎന്നു കമ്പനികളെ പ്രോത്സാഹിപ്പിക്കുന്നു. ഇപ്രകാരം ശാഖോ

പശാഖകളായ അസംഖ്യം വ്യവസായശാലകളുടെ ഉത്ഭവത്തിനും പ്രചാരത്തിനും നിലനില്പിനും ഗവമ്മെൻറുതന്നെ അടിസ്ഥാനമായിരിക്കുന്നു. ഈ ഗവമ്മെൻറു സഹകരണമൊന്നുമാത്രമാണ്, വ്യവസായവിഷയത്തിൽ ബ്രിട്ടനേക്കാൾ വളരെ പിൻപുനിന്നിരുന്ന ജപ്പാൻ പെട്ടെന്നുയന്ന് ഇപ്പോൾ ബ്രിട്ടനേപ്പോലും അതിശയിച്ചു നില്ക്കുന്നതിനുസംഗതി ആക്കീട്ടുള്ളത്. ഈ മാൎഗ്ഗനയങ്ങൾ തന്നെയാണ് വ്യവസായവിഷയത്തിൽ ഇപ്പോൾ ഉണച്ചയെ പ്രാപിച്ചിട്ടുള്ള മൈസൂർഗവമ്മെൻറും സ്വീകരിച്ചിരിക്കുന്നത്. നമ്മുടെ നാട്ടിൽ ഈ രീതി നടപ്പാക്കേണ്ടത് എത്രയും അവശ്യവും ഇതു നടപ്പിൽ വരുന്നതുവരെ വ്യവസായവിഷയത്തിൽ പറയത്തക്ക അഭിവൃദ്ധി ഉണ്ടാകാൻ ഇടയില്ലാത്തതുമാണ്. ഒരു വ്യവസായ ഡിപ്പാർട്ടുമെൻറ് ഏൎപ്പെടുത്തുകയും ആ ഡിപ്പാർട്ടുമെൻറുമൂലം ചില ജോലികൾ നോക്കിത്തുടങ്ങുകയും ചെയ്തുവരുന്നത് ഇതിൻെറ ഒരു പ്രാരംഭമായി വിചാരിക്കാം.

ധനസംബന്ധമായും ഗവമ്മെൻറിൻെറ സഹായം ഒഴിച്ചുകൂടാത്തതാകുന്നു. നല്ല അടിസ്ഥാനത്തിലും പ്രയോജനകരമായ നിലയിലും തുടങ്ങീട്ടുള്ള വ്യവസായശാലകൾക്ക് സഹായധനം കൊടുക്കുക, വ്യവസായപാഠശാലകളെ പരിഷ്കൃതരീതിയിലും പ്രയോജനകരമായ നിലയിലും കൊണ്ടുവരുന്നതിനുവേണ്ട നിൎദ്ദേശങ്ങളും ഉപദേശങ്ങളും കൊടുക്കുക, മററുതരത്തിൽ ഗവമ്മെൻറിൽനിന്നുതന്നെ ധനം കടംകൊടുക്കുക, അതിലേക്കു ബാങ്കുകൾ ഏൎപ്പെടുത്തുക, ആ ബാങ്കുകൾ മുഖാന്തിരം കുടികളിൽനിന്നു പണം പലിശയ്ക്കു വാങ്ങുകയും വ്യവസായക്കമ്പനികൾക്കു കടംകൊടുക്കയും ചെയ്ക, നല്ലനിലയിൽ നടത്തിവരുന്ന

വ്യവസായശാലകളിൽ ഗവമ്മെൻറു ഭാഗഭാക്കായിരിക്കുക, ജനങ്ങളെക്കൊണ്ടു് വ്യവസായബാങ്കുകൾ ഏൎപ്പെടുത്തിക്കയും വേണ്ടവിധം പണം വിതരണം ചെയ്കയും ചെയ്ക മുതലായവകൊണ്ടു് വന്നുകൂടുന്ന ഗുണങ്ങൾ ചില്ലറയല്ല.

ശാസ്ത്രസംബന്ധമായ സഹായവും ഭൂരിപക്ഷവും ഗവമ്മെൻറിൽനിന്നു ചെയ്തുകൊടുക്കേണ്ടതാണു്. സമൎത്ഥന്മാരെ വേതനംകൊടുത്തു് ശാസ്ത്രീയമായ വ്യവസായജ്ഞാനസമ്പാദനാൎത്ഥം വിദേശങ്ങളിൽ അയയ്ക്കണം. അവരുടെ ആദ്ധ്യക്ഷത്തിൽ നാട്ടിൽ വ്യവസായം ആരംഭിക്കുകയും ഗുണകരമായ നിലയിൽ എത്തുമ്പോൾ നാട്ടുകമ്പനിക്കാരുടേയോ വ്യവസായികളുടേയോ ചുമതലയിൽ വിട്ടുകൊടുക്കയും ചെയ്യേണ്ടതാണു്. ഈ വിഷയത്തിൽ നമ്മുടെ ഗവമ്മെൻറിൻെറ ശ്രദ്ധ താമസിയാതെ പൂൎണ്ണമായി പതിയുമെന്നു് നമുക്കു ആശിക്കാം. ചന്ദനത്തൈലംവാററു ശീലിക്കുന്നതിനും മററുമായി ഒരാളെ മൈസൂരിൽ അയച്ചു് വരുത്തിട്ടുള്ളതും ഇംഗ്ലണ്ടു്, ജപ്പാൻ മുതലായ രാജ്യങ്ങളിൽ വ്യവസായപരിശീലനാൎത്ഥം ഏതാനും പേരെ അയയ്ക്കണമെന്നു്, ആലോചിച്ചുവരുന്നതും ഇതിനു ലക്ഷ്യങ്ങളാണെല്ലോ.

വ്യവസായങ്ങൾക്കു് അധഃപതനമുണ്ടാക്കുന്നതായ കിടമത്സരങ്ങളെ നിവാരണം ചെയ്യുന്നതിനും ഗവമ്മെൻറു തന്നെ ശ്രദ്ധിക്കണം. തന്നാട്ടിൽ പുതുതായി സ്ഥാപിക്കുന്ന വ്യവസായശാലകളിൽ നിൎമ്മിക്കുന്ന സാമാനങ്ങൾ പരുക്കനും അതിനാൽ മേനികുറഞ്ഞതുമായിരുന്നേക്കാം. ചിലപ്പോൾ അവയ്ക്കു അവിയന്ത്രപ്രയോഗങ്ങളുടേയോ മറേറാ അഭാവത്താൽ വിലക്കൂടുതലും വന്നേക്കാവുന്നതാണു്. ഈ നിലയിൽ ഇത്തരം സാമാനങ്ങൾതന്നെ മേനിക്കൂടിയതും

വില കുറഞ്ഞതുമായി വിദേശങ്ങളിൽനിന്നു ഇറക്കുമതി ചെയ്കയും തന്നിമിത്തം നാടൻ വ്യവസായത്തിനു വലിയ ഇടിവു സംഭവിക്കയും ചെയ്യുന്നതാണ്. എന്നാൽ ഗുണത്തിൽ ഈ രണ്ടിനം സാമാനങ്ങളും തമ്മിൽ വ്യത്യാസമുണ്ടായിരിക്കയില്ല. ഈ അവസ്ഥയിൽ അത്തരം സാമാനങ്ങൾ വിദേശങ്ങളിൽനിന്നു ഇറക്കുമതി ചെയ്യുന്നതിനെ ഗവമ്മെൻറു തടയണം. നിവൃത്തിയുള്ളിടത്തോളം ഈ വ്യവസായസാധനങ്ങൾ മുതലായവ ഗവമ്മെൻറിനാവശ്യമുള്ളവയെങ്കിൽ ഏറെറടുക്കയും (ഉ-ം പഞ്ചസാര ശക്കര സ്റ്റേഷനറികൾ) നാട്ടിൽ പ്രയോജനകരങ്ങളെങ്കിൽ ചെലവാക്കുന്നതിനുവേണ്ട സഹായം ചെയ്യുകയും ചെയ്യേണ്ടതാണ്. നാട്ടിൽത്തന്നെ വാശിയോ അസൂയയൊ ഇച്ഛാഭംഗമോ മൂലം ഒരു തരം വ്യവസായക്കാർ തമ്മിൽ ഉണ്ടാകാവുന്ന നാശകരമായ മത്സരത്തെ നിറുത്തൽ ചെയ്കയും വേണം.

4. മൂലധനം:—വ്യവസായങ്ങൾക്കു അടിസ്ഥാനമായിരിക്കുന്നതു മൂലധനമാണ്. കരുതൽധനം വ്യവസായശാലകളുടേയും ഉപകരണങ്ങളുടെയും നിമ്മാണം, സാമാനസംഭരണം, വേലക്കൂലി (ശമ്പളം) മുതലായവയ്ക്കു ധനം അവശ്യമാണ്. പലിശയില്ലാതെ പണം കെട്ടിവെച്ചുകൊണ്ടിരിക്കുന്ന ധനികന്മാർ അവരുടെ ധനം വ്യവസായങ്ങളുടെ മൂലധനമായി മുടക്കുന്നപക്ഷം നാട്ടിന്നു ഗുണവും അവനവനുതന്നെ മാനധനങ്ങളും ലഭ്യമാകുന്നതാണ്. സാമത്ഥ്യവും ഉത്സാഹവും കൃത്യശ്രദ്ധയുമുള്ള ജനങ്ങൾക്കു മൂലധനസംഭരണത്തിനു പറയത്തക്ക ക്ലേശമുണ്ടാകാനില്ല. വലിയവലിയ കമ്പനികളും സ്ഥാപിച്ചു നടത്തുന്ന വിദേശീയക്കും മററും ഇക്കാൎയ്യത്തിൽ ഒരു ബുദ്ധിമുട്ടും കാണുന്നില്ല.

അവർ ഓഹരിമൂലം പണം വീതിച്ചു മൂലധനമുണ്ടാക്കിയാണ് കാൎയ്യങ്ങൾ സാധിക്കുന്നതു്. ഈ രഹസ്യം നാട്ടുകാർ മനസ്സിലാക്കിത്തുടങ്ങീട്ട് അധികകാലമായിട്ടില്ല. ഇപ്പോൾ ഓഹരികൾ മൂലം മൂലധനമുണ്ടാക്കി നടത്തത്തക്കവിധത്തിൽ കൃഷിവ്യവസായവാണിജ്യസംബന്ധമായ ധാരാളം കമ്പനികൾ രജിസ്റ്റർചെയ്യപ്പെട്ടിട്ടുണ്ട്. ഒരു വ്യവസായം നടത്തുന്നതിനു മൂലധനത്തിൻെറ അഭാവം കൊണ്ടു സാധിക്കുന്നില്ലെങ്കിൽ അതു് ഉത്സാഹത്തിൻെറയും ഐകമത്യത്തിൻെറയും കുറവാണെന്നേ പറയാനുള്ളു.

5. കമ്പനികൾ:—നാട്ടിൽ കമ്പനികൾ വൎദ്ധിക്കുന്നതു് വ്യവസായവൎദ്ധനയ്ക്കു നല്ല മാൎഗ്ഗമാണ്. കൃഷിവാണിജ്യങ്ങളുടെ അഭിവൃദ്ധിക്കും ധനവൎദ്ധനയ്ക്കും വ്യവസായം അടിസ്ഥാനവുമാണല്ലൊ. ജനങ്ങൾക്കു ചില്ലറയായും മൊത്തമായും ധനസംരക്ഷണംചെയ്യുന്നതിനും നാട്ടിലെ ദാരിദ്ര്യം നീങ്ങുന്നതിനും വ്യവസായപദ്ധതികളുടെ മാൎഗ്ഗദർശനത്തിനും കമ്പനികൾ ഉതകുന്നു. സ്വന്തമായി വ്യവസായശാലകൾ സ്ഥാപിക്കാൻ ത്രാണിയില്ലാത്ത ഒരുവനു് ഓഹരികൾ മൂലമെങ്കിലും കമ്പനിയിൽ ബാദ്ധ്യസ്ഥനായും ഭാഗഭാക്കായും ഇരിക്കാൻ സാധിക്കും. തന്നാട്ടിൽ വ്യവസായവൎദ്ധനയ്ക്കു സൌകൎയ്യമുള്ള കമ്പനികളിൽ ചേരുന്നതാണ് നമുക്കു ആവശ്യവും അഭിമാനകരവും എങ്കിലും ആദായാൎത്ഥം വിദേശീയക്കമ്പനികളിലും ചേരുന്നതിനും ദൂഷ്യമില്ല. ഇപ്പോൾ തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ മുതലായ പ്രധാന സ്ഥലങ്ങളിൽ ഏൎപ്പെടുത്തപ്പെട്ടിരിക്കുന്ന കൃഷിവ്യവസായവാണിജ്യസംബന്ധമായ കമ്പനികൾ ജനസമൂഹത്തിനു ചേരുന്നതിനു ധാരാളം സൌകൎയ്യമുള്ളവയാണ്. ഈ കമ്പനികൾ എല്ലാം സദ്ദ

ദ്ദേശത്തോടുകൂടി നടത്തപ്പെടുന്നവയാണെങ്കിലും കമ്പനി വക സ്വത്തായി അതിലെ പ്രമാണികൾ നീക്കിവയ്ക്കുന്ന ഭൂവിഭാഗാദികൾക്കു അനീതിയായ വില ചുമത്തി കമ്പനികളിലെ പ്രമാണികളായ പണക്കാർ അനീതിയായ ലാഭം എടുക്കുന്നുണ്ടെന്നുള്ളതും ഡയറക്ടറന്മാർ പ്രമോട്ടർമാർ ഇവരുടെ ശമ്പളം, പടി മുതലായവ വളരെ കടന്നുപോകുന്നുണ്ടെന്നുള്ളതും ദല്ലാൽ ഇനത്തിലും പ്രാരംഭച്ചെലവുകളിലും ഗണ്യമായ തുക നഷ്ടപ്പെടുത്തുന്നുണ്ടെന്നുള്ളതും പരമാൎത്ഥമെങ്കിൽ, അനഭിലഷണീയമായ ഈ ധൂൎത്തു തീരെ തൃപ്തികരമല്ല. സ്വാൎത്ഥപ്രതിപത്തികൂടാതേയും നാട്ടിൻെറ ഗുണാഭിവൃദ്ധികളെ പുരസ്കരിച്ചും പ്രോസ്പക്ടസിൽ കാണുന്ന പടി തന്നെ അനുഭവം ഉണ്ടാകുന്നതിന് അധികൃതന്മാർ ശ്രമിക്കണമെന്ന് അപേക്ഷിക്കയല്ലാതെ ചില കമ്പനിക്കാരുടെ അപനയങ്ങളെ—പരസ്യമല്ലാത്ത സ്വാൎത്ഥതകളെ—ഇവിടെ ഒരിക്കലും വിവരിക്കണമെന്നു വിചാരിക്കുന്നില്ല. ഇപ്പോൾ നടപ്പിൽവരുന്ന കമ്പനികൾ 80 ശതമാനവും കൃഷിവാണിജ്യസംബന്ധങ്ങളാണെന്നു കാണുന്നു. വ്യവസായസംബന്ധമായ കമ്പനികൾക്കും ചില്ലറയായും മൊത്തമായും ഇവിടെ വളരെ സൌകൎയ്യമുണ്ടെന്നുള്ള സംഗതി വിസ്മരിക്കത്തക്കതല്ല. നാടൻ കമ്പനികൾ പെട്ടെന്നുത്ഭവിച്ചവയാകയാലും ഒരുമാതിരി സ്വാൎത്ഥപരമായ കമ്പനികൾ നശിച്ചുപോയിട്ടുള്ളതായി അനുഭവമുള്ളതിനാലും പുതിയ കമ്പനികളിൽ ചേരുന്നതിനു ജനസാമാന്യത്തിനു വളരെ വൈമനസ്യമുണ്ട്.

6. മാതൃകാവ്യവസായസ്ഥാപനങ്ങൾ—ഇവ ഗവൎമ്മെൻറിൻെറ തന്നെ ചെലവിന്മേലോ മേൽനോട്ടത്തിലോ രാജ്യഭാഗങ്ങളിൽ ഏൎപ്പെടുത്തേണ്ടവയാണ്. നമ്മുടെ

നാട്ടിനെ സംബന്ധിച്ചിടത്തോളം ഇത്തരം സ്ഥാപനങ്ങൾ ഒരു മാതൃകയായി നടത്തുന്നതിനു നാട്ടുകാർ തന്നെ വിചാരിച്ചാൽ സാദ്ധ്യമാണോ എന്നു സംശയമാണു്. ചില്ലറ വ്യവസായങ്ങൾ നടത്താൻ തനിച്ചും, മൊത്തം വ്യവസായങ്ങൾ നടപ്പിലാക്കാൻ ഏകോപിച്ചും സാധിക്കുമെങ്കിലും അതിലുള്ള വിശ്വാസം മിക്കവാറും കൃഷിക്കാരായ നാട്ടുകാക്കു് ഉണ്ടായിക്കഴിഞ്ഞിട്ടില്ല. ഇതിനെ കമ്പനികൾ മൂലമോ മറേറാ ശരിയായും മാതൃകയായും നടത്തത്തക്കവിധത്തിൽ ഗവമ്മെൻറുകൂടി ഗണ്യമായ ഓഹരികൾ ചേൎന്നു് നടത്തുന്നപക്ഷം കുറഞ്ഞ ചെലവിൽ നാട്ടിൽ മാതൃകാവ്യവസായസ്ഥാപനങ്ങൾ ഏൎപ്പെടുത്താൻ സാധിക്കുന്നതും അതു് വ്യവസായവ്യാപ്തിക്കു് വളരെ ഉതകുന്നതുമാണു്. ഗവമ്മെൻറു വ്യവസായഡയറക്ടർമൂലം ഇപ്പോൾ നാട്ടിൻെറ നാനാഭാഗങ്ങളിലുമുള്ള വ്യവസായശാലകളുടെ കാൎയ്യത്തിൽ മേൽഭരണം വഹിക്കുന്ന കൂട്ടത്തിൽ ചില്ലറയായിട്ടെങ്കിലും അവിടവിടെ വ്യവസായമാതൃകാശാലകളുംകൂടി ഏൎപ്പെടുത്തേണ്ടതാണു്.

7. വ്യവസായഫലങ്ങളുടെ വിക്രയാവസ്ഥകൾ— വ്യവസായം സാൎത്ഥികമായി നടപ്പിലായാലും നിൎമ്മിക്കപ്പെടുന്ന പദാൎത്ഥങ്ങളെ വിക്രയംചെയ്യുന്നതിനു സൌകൎയ്യമില്ലെങ്കിൽ ആ അവസ്ഥ വ്യവസായത്തിനു് അഭിവൃദ്ധികരമല്ല. തൻനാട്ടിൽത്തന്നെ ആ വക വ്യവസായഫലങ്ങൾ ചെലവാക്കുന്നതിനും ജനങ്ങളും ഗവർമ്മെൻറും ഏകോപിച്ചു ശ്രമിക്കണം. തൻനാട്ടിൽ ചെലവില്ലാത്തവയോ മിച്ചം വരുന്നവയോ ആയ സാധനങ്ങൾ എങ്കിൽ അവയെ ചെലവാക്കുന്നതിനു വിദേശങ്ങളിലുള്ള വ്യാപാരകമ്പനികളുമായി ശരിയായ ഏൎപ്പാടുകൾ ഉണ്ടായിരിക്കണം. അപ്പ

കാരമുള്ള ഏൎപ്പാടുകൾ ഇല്ലെങ്കിൽ വ്യവസായഫലങ്ങൾ ഇരിപ്പിൽ വരുന്നതിനും മൂലധനം പോരാതെ വരുന്നതിനും പലിശനഷ്ടവും ആദായക്കുറവും വരുന്നതിനും സംഗതിയാമെന്നുള്ളതാണു് മുൻപറഞ്ഞ അഭിവൃദ്ധിയില്ലായ്മയുടെ മൂലം.

8. ഗതാഗതസൌകൎയ്യം—വ്യവസായത്തിനു അവശ്യമുള്ള സാധനസാമഗ്രികളും മററും കൊണ്ടുവരുന്നതിനും വ്യവസായഫലങ്ങൾ കൊണ്ടുപോകുന്നതിനും തക്ക വിധത്തിൽ ഗതാഗതസൌകൎയ്യമില്ലാതെയിരുന്നാൽ കൂടുതൽ നഷ്ടത്തിനും പ്രചാരക്കുറവിനും സംഗതിയാകും. വ്യവസായശാലകൾ സ്വാഭാവികമായി ഗതാഗതസൌകൎയ്യമുള്ള തുറമുഖങ്ങൾ, നദികൾ, തടാകങ്ങൾ, തോടുകൾ ഇവയുടെ പരിസരങ്ങളിൽ സ്ഥാപിക്കേണ്ടതാണു്. ഈ വക സൌകൎയ്യങ്ങൾ ഒന്നുമില്ലാത്ത ഉൾനാടുകളിലാണു് വ്യവസായശാലകൾ ഏൎപ്പെടുത്തേണ്ടിവരുന്നതെങ്കിൽ റോഡു്, തീവണ്ടി, ട്രാം മുതലായ കൃത്രിമഗതാഗതസൌകൎയ്യങ്ങൾ ഉണ്ടായിരിക്കയോ ഉണ്ടാക്കയോ ചെയ്യേണ്ടിവരും. ഒരു ദേശത്തിന്റെ അഭിവൃദ്ധി, കൃഷിവ്യവസായ വാണിജ്യങ്ങളേയും, കൃഷിവ്യവസായവാണിജ്യങ്ങൾ ഗതാഗതസൌകൎയ്യത്തേയും ആശ്രയിച്ചു് സ്ഥിതിചെയ്യുന്നുവെന്നുള്ളതിനു അസംഖ്യം ലക്ഷണങ്ങളുണ്ടു്. നദീതീരങ്ങൾ, സമുദ്രതീരങ്ങൾ ഈ സ്ഥാനങ്ങളിൽ വലിയ വലിയ പട്ടണങ്ങൾ ഉണ്ടാകുന്നതിനുള്ള മൂലവും ഇതുതന്നെ. (ഉ-ം കൽക്കട്ടാ, റങ്കൂൺ, ലണ്ടൻ, ന്യൂഓർലിയസ് & C.) ജനബാഹുല്യമോ പറയത്തക്ക പരിഷ്കാരങ്ങളൊ ഇല്ലാതിരുന്ന കാനഡായിലെ മാൺട്രീൽ, ഒട്ടാവാ, വിനിപ്പേഗ്, ക്യാൻഗറി എന്നീ സ്ഥലങ്ങൾ അഭിവൃദ്ധിയിലും പരിഷ്കാരത്തിലും മുന്നിട്ടുവന്ന വലിയ പട്ടണ

ങ്ങളായിത്തീന്നതു് കാനഡിയൻ പെസഫിക്ക് റെയിൽവേ മൂലമാണെന്നുള്ളതു് പ്രസിദ്ധമാണ്. ഇങ്ങനെ വ്യവസായ വ്യാപ്തി വിഷയത്തിൽ ഗതാഗതസൌകര്യങ്ങൾ ഏററവും പ്രാധാന്യം വഹിക്കുന്ന ഒന്നാണെന്നു് ബോദ്ധ്യപ്പെടാൻ വിഷമമില്ല.

9. പരസ്പരസഹായങ്ങളും നിഷ്കളങ്കമായ ധിമ്മത്സരബുദ്ധിയും—പരസ്പരസഹായമെന്നുള്ളതു് ലോകത്തിൽ ഒഴിച്ചുകൂടാത്ത ഒരു നൈസർഗ്ഗികശക്തിയാണ്. സ്വാശ്രയശക്തിയുടെ പോഷണത്തിനു പരാശ്രയശക്തി അടിസ്ഥാനമാണല്ലോ. വ്യവസായവിഷയത്തിലും ഇതു വളരെ ആവശ്യപ്പെടുന്നു. മൂലധനശേഖരണം, സാമാനസംഭരണം വ്യവസായഫലവിതരണം ഇത്യാദി കാര്യങ്ങളിൽ പരസ്പരസഹായം ഒരു ഗണ്യമായ സ്ഥാനത്തെ വഹിക്കുന്നില്ലെങ്കിൽ വ്യവസായത്തിനു ഉൽഗതിവരാൻ നിവൃത്തിയില്ല. ഈ പരസ്പരസഹായങ്ങളോടുകൂടി നിഷ്കളങ്കമായ നിർമ്മത്സരബുദ്ധിയും ആവശ്യമാണ്. വ്യവസായ ഭാരവാഹികൾ തന്നെ സ്വാത്ഥപരത നിശ്ശേഷമില്ലാത്തവരും പരസ്പരാഭിവൃദ്ധിക്കു നിർമ്മത്സരവും നിഷ്കളങ്കവുമായി പ്രയത്നിക്കുന്നവരും ആയിരിക്കണം. സ്വാത്ഥംമൂലം അസൂയാദിദോഷങ്ങൾ വ്യവസായാദിതൊഴിലുകളെ എങ്ങനെയെന്നറിയാതെ നാശോന്മുഖങ്ങളാക്കിത്തീക്കും.

10. പരോപകാരതൽപ്പരതയും സ്വാത്ഥരാഹിത്യവും —ഇതും മേൽപ്പറഞ്ഞ വകുപ്പിൽ ഉൾപ്പെടുന്നു. അല്പനഷ്ടമോ മേനിക്കുറവോ ഉണ്ടെങ്കിലും തങ്ങൾക്കു് ആവശ്യമുള്ള സാമാനങ്ങൾ തൻനാട്ടിൽ ഉണ്ടാക്കുന്നവതന്നെ ഉപയോഗിക്കുക. അസംസ്കൃതപദാത്ഥങ്ങളെ നാടൻ വ്യവ

സായംശാലകൾക്കുതന്നെ ക്രയം ചെയ്യുക എന്നീ സംഗതികളും ധനാദികൾ കൊണ്ടുള്ള സഹായങ്ങളും ഈ വകുപ്പിൽ ഉൾപ്പെടുന്നു.

വ്യവസായത്തെ സംബന്ധിച്ച മുൻ കരുതലുകൾ— ഈ മുൻകരുതലുകളെല്ലാം വ്യവസായവ്യാപ്തിക്കടിസ്ഥാനമാകയാൽ മുൻവകുപ്പിൽ ഉൾപ്പെട്ടിട്ടുണ്ട്. മൂലധനത്തെ ന്യായമായ വിധത്തിൽ ചെലവാക്കുക അനാവശ്യമായ വിധത്തിൽ ശമ്പളമോ, ദല്ലാലോ, പ്രാരംഭച്ചെലവുകളോ, സാമാനവിലയൊ ചെലവാക്കി മൂലധനം നശിപ്പിക്കാതിരിക്കുക, ആദായവും ഗുണവും പ്രചാരവുമുള്ള വ്യവസായങ്ങൾ ഇന്നതെല്ലാമെന്ന് മുൻകൂട്ടി നിശ്ചയിക്കുക, വ്യവസായഫലങ്ങൾ വിതരണം ചെയ്യുന്നതിനും വ്യവസായദ്രവ്യങ്ങൾ സംഭരിക്കുന്നതിനും, സൌകര്യമുള്ള സ്ഥലങ്ങളിൽ ശാലകൾ സ്ഥാപിക്കുക, അസംസ്കൃപദാർത്ഥങ്ങൾ കിട്ടുന്നതിനും സംസ്കൃതപദാർത്ഥങ്ങൾ ചെലവാക്കുന്നതിനും അതാതു ദേശങ്ങളിൽ സമർത്ഥന്മാരായ ഉദ്യോഗസ്ഥന്മാരെ നിയമിക്കുക, കഴിയുന്നതും നാട്ടുകാരെത്തന്നെ ഓഹരിക്കാരായി ചേർക്കുക, തൻനാട്ടിൽ അധികം ആവശ്യമുള്ളവയും വിദേശികൾ പ്രിയത്തോടുകൂടി നമ്മോട് അവശ്യപ്പെടുന്നവയും ആയ സാമാനങ്ങളെ നിർമ്മിക്കുക, പ്രധാനമായി നല്ല കമ്പനിക്കാരുമായി ചരക്കുകൾ കൊടുക്കുന്നതിനു മുൻകൂട്ടി ഉടമ്പടികൾ ചെയ്യുക എന്നിത്യാദിസംഗതികൾ ഈ ഇനത്തിൽ പ്രധാനങ്ങളാണ്.

# ൧൧. ശുക്രൻ.

## വെള്ളി, പെരുമീൻ, ഉദയനക്ഷത്രം.

മനോഹരമായ വസ്തുക്കളെ കാണണമെങ്കിൽ രാത്രിയിൽ ആകാശത്തിലേക്കു നോക്കണം. ഭൂമിയിൽ നിശ്ചയമായി മനോഹരവസ്തുക്കൾ അനവധി ഉണ്ടു്. എന്നാൽ ആകാശവിരിവിലേ കാഴ്ചകൾക്കു പ്രത്യേകം എന്തോ ഒരു വിശേഷമുണ്ടു്. കരിമരുന്നുപ്രയോഗം എത്ര വിശേഷമായിരുന്നാലും ആകാശത്തേക്കു തേജസ്സോടുകൂടി ഉയരുന്ന വാണംകൂടാതെ അതു് പൂർത്തിയായതായി ആരും വിചാരിക്കുന്നില്ല. എങ്കിലും എല്ലാ വാണത്തിന്റെയും ഭംഗി ഒരുപോലെ അല്ല. അപ്രകാരംതന്നെ നക്ഷത്രങ്ങളുടെയും ഗ്രഹങ്ങളുടെയും മനോഹരത്വത്തിനും താരതമ്യം ഉണ്ടു്.

നമ്മുടെ കാഴ്ചയ്ക്കു് ആകാശത്തിലെ പ്രകാശമേറിയ ഗോളങ്ങളിൽ ഒന്നു് ശുക്രൻ ആകുന്നു. ഗ്രഹങ്ങളേ നക്ഷത്രങ്ങളിൽ നിന്നോ ഇന്നു കണ്ട നക്ഷത്രത്തേനാളെ മറവു നക്ഷത്രങ്ങളുടെ കൂട്ടത്തിൽ നിന്നോ തിരിച്ചറിവാൻ നക്ഷത്രങ്ങളെ നോക്കി പരിചയമില്ലാത്തവക്കു് എളുപ്പത്തിൽ കഴിയുകയില്ല. എന്നാൽ ശുക്രന്റെ അതിമനോഹരമായ ശോഭയെ ഒരിക്കൽ കണ്ടവക്കു് അതിനെ പിന്നെ തിരിച്ചറിവാൻ പ്രയാസമുണ്ടാകയില്ല. ഒരിക്കൽ ഒരു ചെറിയകുട്ടി തന്റെ ശയനഗൃഹത്തിന്റെ ജാലകത്തിൽകൂടി അന്നു് ഉദയനക്ഷത്രമായിരുന്ന ശുക്രനെ കണ്ടിട്ടു് തന്റെ മാതാവിനോടു് "അമ്മേ സ്വർഗ്ഗത്തിലേ വിളക്കു് അതാ കൊളുത്തിവച്ചിരിക്കുന്നു" എന്നു പറകയുണ്ടായി. അന്നു വേറേ ഗ്രഹ

ങ്ങളും അനവധി നക്ഷത്രങ്ങളും പ്രകാശിക്കുന്നുണ്ടായിരുന്നു എങ്കിലും കുട്ടിയുടെ ഹൃദയത്തെ ആകർഷിപ്പാൻ തക്കവണ്ണമുള്ള തേജസ്സ് ഈ ഗ്രഹത്തെപ്പോലെ അവയ്യൊന്നിനും ഉണ്ടായിരുന്നില്ല.

ശുക്രൻെറ ശോഭയേറിയ കാലത്ത് നമുക്ക് അതിൻെറ അല്പം മാത്രമേ കാണ്മാൻ കഴിയൂ എങ്കിലും അതിന് ഒരു സാധാരണ നക്ഷത്രത്തിൻെറ ഇരുപതുമടങ്ങു പ്രകാശമുണ്ട്. ദൂരദർശിനിക്കണ്ണാടിയില്ലാതെതന്നെ നല്ല പകല് അതിനെ, മേഘത്താൽ മൂടപ്പെട്ടിരിക്കാത്തപക്ഷം കാണ്മാൻ കഴിയുമെന്നു പറഞ്ഞാൽ അതിനു എത്രത്തോളം പ്രകാശമുണ്ടെന്നു വിചാരിക്കാവുന്നതാണ്.

എങ്കിലും ശുക്രൻ സ്വതവേ പ്രകാശിക്കുന്ന ഒരു ഗോളമല്ല. അത് ഒരു മൺകട്ടപോലെയോ ഇരുമ്പിൻകഷണം പോലെയോ തന്നിൽ തന്നെ വെളിച്ചമില്ലാത്ത ഒരു വസ്തുവാകുന്നു. അതിൻെറ ശോഭയെല്ലാം സൂര്യപ്രകാശം അതിന്മേൽ വീഴുന്നതിനാലുണ്ടാകുന്നതാകുന്നു. ഒരു ഇരുട്ടുമുറിയിൽ ഇരിക്കുന്ന ആളുകളെയോ വസ്തുക്കളെയോ നമുക്ക് കാണ്മാൻ കഴിയുന്നതല്ല. എന്നാൽ ആ മുറിയിൽ ഒരു വിളക്ക് കത്തിച്ചുകൊണ്ടുവന്നാൽ ആ ആളുകളും വസ്തുക്കളും നമുക്ക് കാണായിവരുന്നു. വിളക്കിനെ നാം അതിൻെറ വെളിച്ചംകൊണ്ടുതന്നെ കാണുന്നു. ആളുകളേയും വസ്തുക്കളേയും വിളക്കിൻെറ വെളിച്ചം അവരുടെ മേൽ വീഴുന്നതിനാൽ മാത്രമാണ് നാം കാണുന്നത്. വിളക്ക് കെടുത്തുകയോ അവിടെനിന്ന് കൊണ്ടുപൊയ്ക്കളകയോ ചെയ്താൽ അവിടെയുള്ള സവ്വും അദൃശ്യമായിത്തീരും. ഇങ്ങനെ തന്നെ അവയുടെ സ്വന്ത വെളിച്ചത്താൽ നാം സൂര്യനേയും

നക്ഷത്രങ്ങളേയും കാണുന്നു. സൂൎയ്യന്റെ വെളിച്ചം അവയുടെ മേൽ വീഴുന്നതിനാൽ ഗ്രഹങ്ങളേയും അവയുടെ ഉപഗ്രഹങ്ങളേയും കാണുന്നു. ശുക്രൻ തന്റെ മനോഹരതേജസ്സിനെ വർഷിച്ചുകൊണ്ടിരിക്കുമ്പോൾ സൂൎയ്യൻ പെട്ടെന്ന് ഇരുണ്ടുപോയാൽ ശുക്രനും തൽക്ഷണം അദൃശ്യനായിത്തീരും. ശുക്രനു, ഇത്ര തേജസ്സുണ്ടെങ്കിലും, ഉദയനക്ഷത്രം എന്നു പേരുണ്ടെങ്കിലും, അതു് ഒരു നക്ഷത്രമല്ല; ഗ്രഹമാണു്.

ശുക്രനേ നയനമാത്രത്താൽ നോക്കിയാൽ യാതൊരു രൂപവും കാണുകയില്ല എന്നാൽ ഒരു ദൂരദർശിനിക്കണ്ണാടിയിൽകൂടി നോക്കിയാൽ ചന്ദ്രനെപ്പോലെ ക്ഷയവൃദ്ധികൾ ഉള്ള ഒരു ഗ്രഹമായി കാണാം. സന്ധ്യാനക്ഷത്രമായി ശുക്രനേ ആദ്യം കാണുമ്പോൾ അതു് നാലുദിവസത്തേ പ്രായമുള്ള ചന്ദ്രന്റെ ആകൃതിയുള്ളതായിരിക്കും. അതിന്റെ ശേഷം ക്രമേണ വൎദ്ധിച്ചു് അൎദ്ധചന്ദ്രാകാരമുള്ളതായി തീൎന്നിട്ടു ക്ഷയിപ്പാൻ തുടങ്ങും. ഇങ്ങനെ ക്ഷയിച്ചു ക്ഷയിച്ചു കുറേ കാലം അദൃശ്യമായിരുന്നശേഷം ഉദയനക്ഷത്രമായിത്തീൎന്നു പിന്നെയും ക്ഷയവൃദ്ധികളേ പ്രാപിക്കും. ശുക്രൻ ഒരിക്കലും പൂൎണ്ണചന്ദ്രന്റെ വൃത്താകാരത്തെ പ്രാപിക്കുന്നില്ല. വേറേ വാക്കുകളിൽ പറഞ്ഞാൽ ശുക്രന്റെ സൂൎയ്യനാൽ ശോഭിതമായ ഭാഗം മുഴുവനും ഒരിക്കലും നമുക്കു് ദൃശ്യമായി വരികയില്ല.

ശുക്രന്റെ ശോഭനിമിത്തം അതിനെ ആകാശത്തിൽ തിരിച്ചറിവാൻ പ്രയാസമില്ലെങ്കിലും അതിനെ എല്ലാപ്പോഴും നോക്കിയാൽ കാണുകയില്ല. ശുക്രനെ കാണണമെങ്കിൽ സൂൎയ്യൻ അസ്തമിച്ചാലുടനെ പശ്ചിമദിക്കിലോ

സൂര്യോദയത്തിനു് അല്പം മുമ്പായി പൂർവ്വദിക്കിലോ നോക്കണം. ശുക്രൻ സൂര്യനോടടുത്തതാകയാൽ തലയ്ക്കുമീതെയോ അധികം രാത്രി ചെന്നിട്ടോ നോക്കിയാൽ അതിനെ കാണുകയില്ല. തലയ്ക്കുമീതെ വരുന്നതു നല്ല പകലായിരിക്കാം. സന്ധ്യയ്ക്കു പടിഞ്ഞാറു കണ്ടാൽ രാവിലേ കിഴക്കോട്ടു നോക്കേണ്ട ആവശ്യം ഇല്ല. വളരെക്കാലം ശുക്രൻ കേവലം അദൃശ്യനുമാണു്. ഇന്നു ശുക്രൻ ഉദയനക്ഷത്രമാണെങ്കിൽ ഒരുവർഷവും ഏഴുമാസവും മുമ്പേ അതു് ഉദയനക്ഷത്രമായിരുന്നു. വീണ്ടും ഉദയനക്ഷത്രമാകണമെങ്കിൽ ഒരുവർഷവും ഏഴുമാസവും കഴിയണം. അതു് സന്ധ്യാനക്ഷത്രമായാൽ ചില ആഴ്ചകളോളം സന്ധ്യാനക്ഷത്രമായിരിക്കും. പിന്നെ പടിഞ്ഞാറും അദൃശ്യനായി രണ്ടുമാസം കഴിഞ്ഞിട്ടു് കിഴക്കു് ഉദയനക്ഷത്രമായി തീരും.

ശുക്രൻെറ പന്ഥാവു് സൂര്യനിൽനിന്നു 670-ലക്ഷം നാഴിക ദൂരത്തിലാകുന്നു. ഒരിക്കൽ സൂര്യനെ പ്രദക്ഷിണം ചെയ്തുവരണമെങ്കിൽ 224¾ ദിവസം വേണം. അതിൻെറ വ്യാസദീർഘത 7660 നാഴികയാകുന്നു. തൻെറ അക്ഷചക്രത്തിന്മേൽ ഒരിക്കൽ ചുററിത്തിരിയുന്നതിനു് 23-ൽ ചില്വാനം മണിക്കൂർ വേണമെന്നു തോന്നുന്നു. എന്നാൽ ശോഭനിമിത്തം ശുക്രനിൽ ഉള്ള യാതൊന്നിനേയും ചന്ദ്രനിലും മററുചില ഗ്രഹങ്ങളിലും ഉള്ളവയെപ്പോലെ തെളിവായി കാണ്മാൻ കഴിയാത്തതുകൊണ്ടു് ഈ സമയം എത്രയാണെന്നു ക്ലിപ്തപ്പെടുത്തിപ്പറവാൻ ജ്യോതിശ്ശാസ്ത്രികൾക്കു ഇതുവരെ കഴിഞ്ഞിട്ടില്ല.

ശുക്രൻെറ പന്ഥാവു് സൂര്യനിൽനിന്നു 670-ലക്ഷം നാഴിക ദൂരത്തിലാകുന്നു എന്നു പറഞ്ഞല്ലൊ. ഭൂമിയുടെ പന്ഥാവു് സൂര്യനിൽ നിന്നു 927-ലക്ഷം നാഴിക ദൂര

ത്താണ്. ആകയാൽ ശുക്രൻെറ പന്ഥാവു് സൂൎയ്യൻെറയും ഭൂപന്ഥാവിൻെറയും നടുവിൽ കടക്കുന്നു. അതുകൊണ്ടു ശുക്രസംക്രമം (Transit of venus) അല്ലെങ്കിൽ ശുക്രൻ ഭൂമിക്കും സൂൎയ്യനുംമദ്ധ്യേ വരുന്നതിനാലുണ്ടാകുന്ന സൂൎയ്യഗ്രഹണം ശുക്രൻെറ ഓരോ പ്രദക്ഷിണസമയത്തിനുള്ളിൽ ഓരോ പ്രാവശ്യം ഉണ്ടാകേണ്ടതാണെന്നു ചിലർ വിചാരിച്ചേക്കാം. എന്നാൽ രണ്ടു ഗ്രഹങ്ങളുടെയും പന്ഥാക്കൾ ഒരേ സമക്ഷേത്രത്തിൽ (Olane) അല്ലാത്തതിനാൽ ശുക്രൻ ചിലപ്പോൾ ഭൂമിയിൽനിന്നുസൂൎയ്യനിലേക്കുള്ള നേർവരയിൽ നിന്നു അല്പം ഉയൎന്നും ചിലപ്പോൾ അതിൽ നിന്നു അല്പം താഴ്ന്നും പോകുന്നതിനാൽ ഈ വക ഗ്രഹണങ്ങൾ എത്രയോ ദുർലഭങ്ങളാണ്. 1874-ൽ ഇങ്ങനെ ഒരു ഗ്രഹണം ഉണ്ടായി. എട്ടുവൎഷംകഴിഞ്ഞു് 1882-ലും ഒന്നുണ്ടായി. എന്നാൽ ഇനിയത്തെ ശുക്രസംക്രമം 2004-ൽ മാത്രമേ ഉണ്ടാകയുള്ളൂ. 2012-ലും ഒന്നുണ്ടാകും.

ശുക്രസംക്രമം എട്ടുവൎഷത്തിനുള്ളിൽ രണ്ടും പിന്നീടു് ഒരു ശതവൎഷത്തിലധികം കഴിഞ്ഞിട്ടു് പിന്നെയും എട്ടുവൎഷത്തിനുള്ളിൽ രണ്ടും ഉണ്ടാകുന്നതിനുള്ള കാരണം ഇവിടെ പറയാം.

ഒരു ഘടികാരത്തിൻെറ വലിയ സൂചിക്കു് ഒരു പരിവൎത്തനത്തിനു് ൨൨൪-ം ൧൦൦-ൽ ൭൦ ദിവസവും, ചെറിയസൂചിക്കു് ൩൬൫-ം ൧൦൦-ൽ ൨൫ ദിവസവും വേണമെന്നിരിക്കട്ടെ. ഈ രണ്ടു സൂചികളും പന്ത്രണ്ടു മണിയുടെ അടയാളത്തിൽനിന്നു പുറപ്പെട്ടാൽ വലിയസൂചി ഒരു പ്രദക്ഷിണം വച്ചുവരുമ്പോഴേയ്ക്കു് ചെറിയ സൂചി ഏഴുമണിയുടെ സ്ഥാനത്തെത്തുകയേയുള്ളൂ. അതു് പന്ത്രണ്ടുമണിയുടെ

സ്ഥാനത്തെത്തുമ്പോഴേയ്ക്കു് വലിയ സൂചി തൻെറ രണ്ടാമത്തെ പ്രദക്ഷിണത്തിലും ഒരു വലിയഭാഗം കഴിച്ചിരിക്കും. ൨൨൪-ം ൧൦൦-ൽ ൭൦-നും ൩൬൫-ം ൧൦൦-ൽ ൨൫-നും തമ്മിലുള്ള പരിമാണം (Ratio) ഏകദേശം എട്ടിനു് പതിമ്മൂന്നാകയാൽ ചെറിയ സൂചി എട്ടു് പ്രദക്ഷിണം ചെയ്യുന്നസമയംകൊണ്ടു് വലിയസൂചി പതിമ്മൂന്നു പ്രദക്ഷിണം ചെയ്യുമെന്നു പ്രത്യക്ഷമാണ്. അതുകൊണ്ടു് എട്ടുവഷം കഴിയുമ്പോൾ ചെറിയസൂചി എട്ടു് പ്രദക്ഷിണത്തിനു ശേഷവും വലിയസൂചി പതിമ്മൂന്നുപ്രദക്ഷിണത്തിനുശേഷവും പന്ത്രണ്ടുമണിയുടെ സ്ഥാനത്തു ഒന്നിച്ചെത്തും. ഇതുതന്നെയാകുന്നു ശുക്രൻെറയും ഭൂമിയുടെയും ഗതിക്രമം. ഒരു സംക്രമസമയം അവയ്ക്കുള്ള സ്ഥിതിയെ അവ എട്ടുവഷം കഴിഞ്ഞു് പ്രാപിക്കുമ്പോൾ വീണ്ടും സംക്രമം ഉണ്ടാകുന്നു. എന്നാൽ എല്ലായ്പോഴും എട്ടെട്ടുവർഷം കഴിയുമ്പോൾ ഗ്രഹണം ഉണ്ടാകാത്തതു് ശുക്രൻെറയും ഭൂമിയുടെയും പ്രദക്ഷിണസമയത്തിൻെറയും പരിമാണം കൃത്യമായി ൮-നു ൧൩ ഇല്ലാത്തതിനാലാകുന്നു. അടുപ്പിച്ചു് രണ്ടുഗ്രഹണങ്ങൾ കഴിഞ്ഞാൽ പിന്നെ എട്ടുവഷത്തിനുശേഷം അവ ഏകദേശം മാത്രം മുൻസ്ഥിതിയിൽ വരികയും ആദ്യം പറഞ്ഞ പ്രകാരം ശുക്രൻ ഭൂമിയിൽ നിന്നു സൂര്യനിലേക്കുള്ള നേർവരയ്ക്കു് അല്പം ഉയന്നോ താഴ്ന്നോ പോകുന്നതിനാൽ ൧൨൨ വഷം കഴിഞ്ഞേ പിന്നെ ഒരു ഗ്രഹണം ഉണ്ടാവു.

ആകാശത്തിലെ സംഭവങ്ങളിൽ ഏററവും പ്രധാനമായി ജ്യോതിശ്ശാസ്ത്രികൾ വിചാരിക്കുന്നവയിൽ ഒന്നു ശുക്രസംക്രമം ആകുന്നു. അതിനു് ഇത്ര പ്രാധാന്യം ഉണ്ടാകുന്നതു് അതിൻെറ അപൂവ്വതകൊണ്ടല്ല. അതിൽ നിന്നു

സൂൎയ്യന്റെയും ഗ്രഹങ്ങളുടെയും ദൂരവും അവയുടെ വലിപ്പവും ഗണിപ്പാൻ കഴിയുന്നതിനാലാകുന്നു.

വലിപ്പംകൊണ്ടുംമററും ഭൂമിയേക്കാൾ ഏകദേശം സമതപമുള്ള ഒരു ഗോളം ശുക്രൻ ആകുന്നു. ഒരു മനുഷ്യൻ ശുക്രനിൽ ചെന്നെന്നു വന്നാൽ അവിടെ സഞ്ചരിക്കുന്നതിനോ എന്തെങ്കിലും പ്രവൎത്തിക്കുന്നതിനോ പ്രയാസമുണ്ടാകുമെന്നു തോന്നുന്നില്ല. ഭൂമിയുടെയും ശുക്രന്റെയും ആകർഷണശക്തി ഏകദേശം സമമാകയാൽ വസ്തുക്കളുടെ ഘനലഘുത്വങ്ങൾ ഭൂമിയെപ്പോലെ തന്നെ ഇരിക്കും. വേറെയുള്ള സംഗതികളിൽ ശുക്രൻ മനുഷ്യരുടെ വാദത്തിനു പററിയതോ എന്നു നിശ്ചയിപ്പാൻ പ്രയാസമാണ്. ശോഭനിമിത്തം ശുക്രനിലുള്ള യാതൊന്നിനേയും തെളിവായി കാണ്മാൻ കഴികയില്ല. ശുക്രൻ സൂൎയ്യനോട്ട് ഭൂമിയേക്കാൾ അടുത്തതാകയാൽ അവിടെ ചൂട്ട് അധികം ഉണ്ടെന്നു വിചാരിപ്പാൻ സംഗതിയുണ്ട്. എന്നാലും ഒരു സ്ഥലത്തിന്റെ ശീതോഷ്ണാവസ്ഥ എല്ലായ്പോഴും സൂൎയ്യനോട്ടുള്ള സാമീപ്യത്തേയോ അതിൽനിന്നുള്ള ദൂരത്തേയോ ആശ്രയിച്ചിരിക്കുന്നില്ല.

---

## ൩൨. പരിശ്രമം.

ഒന്നുംതന്നെ ഒരിക്കലും വൃഥാ കളയരുത്. വിശേഷിച്ചും സമയത്തെ ഒരിക്കലുംതന്നെ കളഞ്ഞുകൂടാ. ഇന്നത്തെ ദിവസം ഒരിക്കലേ വരൂ. അതു് പിന്നീടൊരിക്കൽകൂടി ഒരു കാലത്തും വരുന്നതല്ല. സമയം നമുക്ക് ഈശ്വരൻ നൽകീട്ടുള്ള അനുഗ്രഹങ്ങളിൽവച്ചു് ഏററവും വിലയേറിയതാ

കുന്നു. ഒരിക്കൽ കളഞ്ഞുപോയാൽ പിന്നെ ഒരിക്കലും വീണ്ടും ലഭിക്കുന്നതല്ല. "കഴിഞ്ഞ കാലത്തിൻെറ മേൽ ഈശ്വരനുപോലും അധികാരശക്തിയില്ല. കഴിഞ്ഞുപോയതു കഴിഞ്ഞുപോയതു തന്നെ. കഷ്ടം! എൻെറ കാലം കഴിഞ്ഞല്ലോ" എന്നു് രാജകവിഡ്രൈഡൻ അനുശോചിച്ചിരിക്കുന്നതു നോക്കുക.

ഭാവികാലത്തു് നിങ്ങൾ തന്നെത്താൻ ശാസിക്കാൻ ഇടയാകത്തക്കവിധം വർത്തമാനകാലത്തു് നിങ്ങളുടെ സമയത്തെ നിങ്ങൾ പാഴിൽ കളയരുതു്. "കാര്യം തെററിപ്പോയല്ലോ, അതിൻെറ സമയം കഴിഞ്ഞല്ലോ, അങ്ങിനെ ചെയ്യാമായിരുന്നു" എന്നിങ്ങനെയുള്ള വിചാരങ്ങളെക്കാൾ വ്യസനകരമായി മനുഷ്യനു് എന്തെങ്കിലുമുണ്ടെന്നു തോന്നുന്നില്ല. സമയം നമ്മളെ വിശ്വാസപൂർവം ഏല്പിക്കപ്പെട്ടിട്ടുള്ള ഒരു സ്വത്താണു്. അതിൻെറ ഓരോ വിനാഴികകൾക്കും നമ്മൾ ഉത്തരംപറയേണ്ടിവരും. "ഉറക്കത്തെ മിതമാക്കണം; ഊണിനെ മിതമാക്കണം; സമയച്ചെലവിനെ സർവ്വത്തെക്കാളും മിതമാക്കണം"

ജീവിതകാലത്തിൽ തനിക്കു ലഭിച്ചിട്ടുള്ള സർവവിജയങ്ങളും "എല്ലായ്പോഴും കാൽമണിക്കൂറിനുമുമ്പെ" എന്ന സിദ്ധാന്തത്തെ അനുഷ്ഠിച്ചതുകൊണ്ടാണു ലഭിച്ചിട്ടുള്ളതെന്നു് ഇംഗ്ലണ്ടിലെ നാവികഭടന്മാരിൽ അഗ്രേസരനായ നെൽസൺ ഒരിക്കൽ പ്രസ്താവിച്ചിട്ടുണ്ടു്.

"ചെറുപ്പക്കാർ ഉററുകേൾക്കേണ്ടതായ വാക്യം ഇതൊന്നുമാത്രമാണു്. നിങ്ങളുടെ മാർഗ്ഗം നിങ്ങൾതന്നെ ഉണ്ടാക്കേണ്ടതായിട്ടാണിരിക്കുന്നതു്. നിങ്ങൾ പട്ടിണി കിടക്കയോ കിടക്കാതിരിക്കയോ ചെയ്യുന്നതു് നിങ്ങളുടെ സ്വ

ന്നം ശ്രമത്തെ ആശ്രയിച്ചിരിക്കുന്നു" എന്നാണ് മേൽ ബൊറൺപ്രഭുവിൻെറ ഉപദേശം.

പരിശ്രമശീലം വിശേഷിച്ചും വിജയത്തിൻെറ മൂലതത്വമാണെന്നുള്ളതുകൂടാതെ അതിനു സദാചാരശീലത്തെ ശരിയാക്കിക്കൊണ്ടു പോകാനുള്ള ശക്തിയും ഉണ്ട്. ജെർമി ടെയിലർ പറയുന്നതാവിതു്:—"ഒരു ക്ഷണനേരമെങ്കിലും അലസനായിരിക്കരുതു്. നിങ്ങളുടെ സമയത്തിൻെറ ഓരോ അന്തരാളവും കഠിനവും പ്രയോജനകരവുമായ പ്രവൃത്തികൾകൊണ്ടു നിറയ്ക്കണം. എന്തെന്നാൽ ആത്മാവു് നിരുദ്യുക്തവും ശരീരം സ്വസ്ഥവുമായിരിക്കുന്ന അശൂന്യാന്തരാളങ്ങളിൽ വിഷയസുഖേച്ഛ പതുക്കെ കയറി സ്ഥാനം പിടിക്കുന്നു. സ്വസ്ഥനും ആരോഗ്യവാനും അലസനുമായ ഒരുവൻ, അയാൾ ആകഷ്ണങ്ങൾക്കു വശപ്പെടുന്ന സ്വഭാവക്കാരനാണെങ്കിൽ സുചരിത്രനായിരുന്നു് കണ്ടിട്ടില്ല. എന്നാൽ എല്ലാ പ്രവൃത്തികളിലുംവച്ചു് ശരീരംകൊണ്ടുള്ള പ്രവൃത്തികളാണ് ഏററവും പ്രയോജനകരമായിട്ടുള്ളതും, അദൃഷ്ടഭൂതത്തെ ഓടിച്ചുകളയുന്നതിനും ഏററവും ഉപയോഗപ്പെടുന്നതും.

"സമയവും ഭൂമിയും നമ്മൾക്കു് സ്വർഗ്ഗതിക്കും, ശാശ്വതമോക്ഷത്തിനും വേണ്ട സന്നാഹങ്ങളാകുന്നു. ഇവിടെ ക്ഷണങ്ങളെ നമ്മൾ ഉപയോഗിക്കുന്നതനുസരിച്ചു് പരലോകത്തിൽ ഈശ്വരൻ നമ്മൾക്കു് കാലാന്തരങ്ങളെ നല്കുന്നു എന്നു് കെബിൾ എന്ന ആൾ പറയുന്നു.

അന്യന്മാക്കു് സുഖത്തെ വൎദ്ധിപ്പിക്കയും, അവരുടെ സ്ഥിതിയെ നന്നാക്കുകയും ചെയ്യുന്നതായി എത്ര ചെറുതെങ്കിലും വല്ലതും പ്രവൎത്തിക്കുകയാണ് ഒരു മനുഷ്യനു് ദിവ്യാ

സാധത്തെ നൽകുന്നപരമതമമായ ഉൽക്കഷേത്തരയും അഭിമാനകരമായ പ്രത്യാശയും. പിട്രോമെഡിസി എന്ന പ്ളാറൻസിലെ പ്രഭു ഒരിക്കൽ മൈക്കേൽഅഞ്ചീലോ എന്ന ലോകപ്രസിദ്ധനായ ശില്പിവയ്യനോട്ടു് മഞ്ഞുകൊണ്ടു് ഒരു പ്രതിമയുണ്ടാക്കാൻ ആജ്ഞാപിച്ചു എന്നു് ഒരു കഥയുണ്ടു്. അതു് വിലയേറിയ സമയത്തെ പാഴിൽ കളയുന്ന ഒരു വിഡ്ഢിത്തം ആയിരുന്നു. എന്നാൽ മൈക്കേൽ അഞ്ചീലോവിന്റെ സമയം ലോകത്തിനു് വിലയേറിയതാണെങ്കിൽ നമ്മുടെ സമയം നമുക്കു് അത്രത്തോളം വിലയേറിയതുതന്നെ ആകുന്നു. എന്നാൽ നമ്മളും മഞ്ഞുകൊണ്ടു പ്രതിമകൾ .അതിലും കഷ്ടമായി ചെളികൊണ്ടു വിഗ്രഹങ്ങൾ ഉണ്ടാക്കാനായി പലപ്പോഴും ആ വിലയേറിയ സമയത്തെ കളയുന്നുണ്ടു്.

റോം രാജ്യത്തെ ഒരു ശ്രേഷ്ഠതത്വജ്ഞാനിയും രാജ്യകാര്യകുശലനും ആയ സെനക്കാ പറഞ്ഞിരിക്കുന്നതു് നോക്കുക. "നാം എല്ലാവരും സമയച്ചുരുക്കത്തെക്കുറിച്ചു് അവലാധി പറയാറുണ്ടു്. എന്നാൽ എന്തിനുപയോഗിക്കണമെന്നറിയാവുന്നതിലധികം സമയം നമുക്കെല്ലാവക്കും ഉണ്ടുതാനും: ഒന്നുംതന്നെ ചെയ്യാതെയോ അല്ലെങ്കിൽ വേണ്ടതൊന്നുംതന്നെ ചെയ്യാതെയോ ആണു് ആയുഷ്ക്കാലത്തെ നാം കഴിച്ചുകൂട്ടുന്നതു്. നമുക്കു ആയുസ്സ് ഒട്ടും പോരാ എന്നു നാം അവലാധി പറയുകയും, എന്നാൽ അതു് ഒരിക്കലും അവസാനിക്കാത്ത ഒന്നെന്നപോലെ നാം പ്രവത്തിക്കയും ചെയ്യുന്നു."

സമയത്തെ ക്രമത്തിനുപയോഗിച്ചാൽ ആശ്ചര്യകരമായ വിധത്തിൽ അനവധികാര്യങ്ങൾ നമുക്കു സാധി

ക്കാൻ കഴിയും. താൻ പാരസീകരാജാവിൻെറ സിംഹാസനത്തിനു പുറകിൽ തവണനിന്ന സന്ദർഭത്തിൽകൂടി ഫലപ്രദമായ ഒരു പ്രാൎത്ഥന ഈശ്വരനോടു ചെയ്യാൻ "നെഹമായ" എന്ന ദേഹത്തിനു കഴിഞ്ഞു. നമ്മുടെ സമയത്തെ കഴിയുന്നിടത്തോളം നല്ലവണ്ണം വിവേകപൂൎവ്വമായും ഉപയോഗിക്കണം. നമ്മളിൽ എത്രയും ഭാഗ്യവാന്മാൎക്കുകൂടി പലേ കാൎയ്യങ്ങൾ ചെയ്യാതെയും പലേപുസ്തകങ്ങൾ വായിക്കാതെയും പലേ മനോഹരങ്ങളും ദിവ്യങ്ങളുമായ കാഴ്ചകളെ കാണാതെയും പലേ രാജ്യങ്ങളെ സന്ദർശിക്കാതെയും വിടേണ്ടിവരും. ജീവിതത്തിൽ വിജയവും സൌഖ്യവും സിദ്ധിക്കുന്നതിനുള്ള ഒരു കാരണം, ഏററവും പ്രധാനമായ കാരണം നിൎവ്യാജമായും ഫലപ്രദമായും പണികൾ എടുക്കുന്നതിനുള്ള ശക്തിയാകുന്നു.

"ഒന്നാമതായി നമുക്കു വേണ്ടതു് പ്രഗല്ഭതയാകുന്നു. രണ്ടാമതായി നമുക്കു വേണ്ടതും പ്രഗല്ഭതതന്നെ. മൂന്നാമതായി നമുക്കു വേണ്ടതും പ്രഗല്ഭതയത്രെ" എന്നു് പ്രസിദ്ധ റോമൻവാഗ്മിയും രാജ്യകാൎയ്യകുശലനും ആയ സിസറോ പറയുന്നു. ആത്മവിശ്വാസം വളരെ പ്രയോജനകരമായ ഒന്നുതന്നെ. എന്നാൽ "ഒന്നാമതായി നമുക്കു വേണ്ടതു നിരന്തരപ്രയത്നം, രണ്ടാമതായി നമുക്കു വേണ്ടതും നിരന്തരപ്രയത്നം, മൂന്നാമതായി നമുക്കു വേണ്ടതും നിരന്തരപ്രയത്നം" എന്നുപറയുന്നതാണു് കുറേക്കൂടി ശരിയായിരിക്കുന്നതു്. പ്രവൃത്തിയും കളിയെപ്പോലെതന്നെ ജീവിതത്തിൻെറ ഉദ്ദേശമല്ല. രണ്ടും ഉദ്ദേശസാദ്ധ്യത്തിനുള്ള മാൎഗ്ഗങ്ങൾ മാത്രമാണു്.

പ്രവൃത്തി മനസ്സമാധാനത്തിനും ശരീരാരോഗ്യത്തിനും ഒരുപോലെ അവശ്യമായിട്ടുള്ളതാകുന്നു. ഒരു ദിവ

സത്തെ മനഃക്ലേശം ഒരാഴ്ചവട്ടത്തെ പ്രവൃത്തിയേക്കാൾ നമ്മളെ ക്ഷീണിപ്പിക്കും. ക്ലേശം നമ്മുടെ മനഃകായങ്ങളുടെ ക്രമഗതിയെ അകപ്പാടെ കീഴ്മേൽ മറിച്ചുകളയും, പ്രവൃത്തി അവയെ അരോഗാവസ്ഥയിലും ക്രമനിലയിലും സൂക്ഷിച്ചുകൊള്ളുകയും ചെയ്യുന്നു. മാംസപേശികൾക്കു നൽകുന്ന വ്യായാമം ആരോഗ്യത്തേയും തലച്ചോറിനു നല്കുന്ന വ്യായാമം മനസ്സമാധാനത്തെയും നൽകുന്നു. ജാൺകോർട്ടിൻെറ അഭിപ്രായപ്രകാരം "മാനസികമായ പ്രവൃത്തിചെയ്യുന്ന ഒരുവൻ ഹൃദയവിശ്രമത്തെ ലഭിക്കുന്നു."

നിങ്ങളുടെ ഹിതംപോലെ വല്ലതും ചെയ്തുകൊണ്ടിരിക്ക. വല്ലതും ഒരു പ്രവൃത്തി ചെയ്യണമെന്നു മാത്രമേയുള്ളു. വെള്ളി സ്വർണ്ണമാക്കാനുള്ള വിദ്യ കണ്ടുപിടിക്കാനും വൃത്തത്തെ ചതുരമാക്കാനുമുള്ള ശ്രമങ്ങൾപോലും ചില നല്ല ഫലങ്ങളെ ഉണ്ടാക്കീട്ടുണ്ട്, "വാക്കുകൾ ഭൂമിയുടെ പുത്രിമാരാണ്. എന്നാൽ പ്രവൃത്തികളാവട്ടെ സ്വർഗ്ഗത്തിൻെറ പുത്രിമാരത്രെ" എന്നാണ് ഡാക്ടർ ജോൺസൻ പറയുന്നത്. എന്നാൽ ഒരുസംഗതി പ്രത്യേകം ദൃഷ്ടിവയ്ക്കാനുണ്ട്. നിങ്ങൾ ചെയ്യുന്നത് എന്തു പ്രവൃത്തി ആയാലും അതു പൂർണ്ണമായി ചെയ്യണം. അതിൽ നിങ്ങൾ മനസ്സു മുഴുവൻ വയ്ക്കണം. പിന്നീടൊന്നുചെയ്യാനുള്ളതു നിങ്ങളുടെ ശക്തികളെ എല്ലാം വേണ്ടപോലെ സംസ്കരിക്കയാണ്. അതിനു അവയെ അതതു കാര്യങ്ങളിൽ ഉപയോഗിക്കയാണു മാർഗ്ഗം. അങ്ങനെ ചെയ്യാഞ്ഞാൽ അവ ക്രമംകൊണ്ടു നിശ്ചയമായി നശിച്ചുപോകും. ഹെസ്റ്റായ അദ്ദേഹത്തിൻെറ പ്രവൃത്തികളെ എല്ലാം പൂർണ്ണമനസ്സോടെ ചെയ്തു എന്നും അതിനാൽ അദ്ദേഹത്തിനു അഭിവൃദ്ധിയും ഐശ്വ

ത്തവും ഉണ്ടായി എന്നും പറയപ്പെട്ടിരിക്കുന്നു. "അസാധാരണ ബുദ്ധിവൈഭവം അഥവാ ജന്മവാസന ഉള്ളവരായ ചിലരെക്കുറിച്ചു നാം പറഞ്ഞുകേൾക്കാറുണ്ടു്. എന്നാൽ വാസ്തവത്തിൽ അവരുടെ ആ ബുദ്ധി വൈഭവം സകല പ്രതിബന്ധങ്ങളെയും എതിർത്തു നിർബന്ധത്തോടും അനസ്യൂതമായും ഉള്ള പരിശ്രമത്തിൻെറ ഫലം മാത്രമാകുന്നു. ആ യാസനാവൈഭവം പരിശ്രമശീലത്തിൻെറ ഫലമല്ലാതെ വിശേഷിച്ചൊന്നുമല്ലെന്നും, പ്രമാണപ്പെട്ട ചില വാസനക്കാർ സ്വയം സമ്മതിച്ചിട്ടുണ്ടു്. ജോർജ്ജ് ഏലിയട്ടിനെപ്പോലെയുള്ള ഒരു സ്ത്രീ താൻ ആഖ്യായികകൾ എഴുതിയതു ദിവ്യശക്തികൊണ്ടാണെന്നു കേട്ടാൽ ചിരിക്കും എന്നുള്ളതു നിശ്ചയമാണു്."

"വാസനയെന്നു പറയുന്നതു പരിശ്രമം ചെയ്യാനുള്ള ശക്തിയാണു്" എന്നു യേൽ എന്ന സർവ്വകലാശാലയിലെ വിദ്യാർത്ഥികളോടു് പ്രസിഡണ്ടു് ഡൈ്വററ് പറയാറുണ്ടായിരുന്നു.

യാചിക്കുക വാസ്തവത്തിൽ വേലചെയ്യുന്നതിനേക്കാൾ പ്രയാസമേറിയ ഒന്നാകുന്നു. ആകപ്പാടെ നോക്കിയാൽ അതിൽനിന്നു് ആ പ്രയാസത്തിനു തക്ക ഫലവും കിട്ടുന്നില്ല. എന്നുമാത്രമല്ല ഓരോരുത്തനും അവനവൻെറ കാലിന്മേൽ നില്ക്കുകയാണു വേണ്ടതു്. തന്നത്താൻ വേല ചെയ്തു ഉപജീവനം കഴിക്കുന്ന ഒരു കൃഷീവലൻ മററൊരുവൻെറ മുമ്പിൽ മുട്ടുകുത്തേണ്ട ഒരു പ്രഭുവിനെക്കാൾ ഉൽകൃഷ്ടനാകുന്നു എന്നാണു് ഫ്രാംക്ലിൻ പറയുന്നതു്.

കോബററു തൻെറ പ്രസിദ്ധപ്പെട്ട ഇംഗ്ലീഷു് വ്യാകരണത്തെക്കുറിച്ചു പ്രസ്താവിച്ചിട്ടുള്ളകൂട്ടത്തിൽ ഇങ്ങനെ

എഴുതിയിരിക്കുന്നു:—"ഞാൻ വ്യാകരണം പഠിച്ചതു ദിവസംതോറുക്ക് ആറു പെനിമാത്രം ശമ്പളമുള്ള ഒരു ഭടനായിരുന്ന കാലത്താണ്. എൻെറ കട്ടിലിൻെറ അററമോ, തവണസ്ഥലത്തെ തട്ടുപടിയോ ആയിരുന്നു എൻെറ പഠിത്തമുറി, എൻെറ പുസ്തകത്തട്ടും എൻെറ തുകൽ സഞ്ചിയും, എൻെറ എഴുത്തുമേശ എൻെറ മടിയിൽ വയ്ക്കപ്പെട്ട ഒരു കടലാസുപലകയും ആയിരുന്നു. എന്നാൽ എനിക്കു പഠിക്കാൻ എൻെറ ആയുസ്സിലെ ഒരു വഷംതന്നെ വേണ്ടിവന്നില്ല. മെഴുകുതിരിയോ എണ്ണയോ വാങ്ങുന്നതിന് എനിക്കു പണം ഇല്ലായിരുന്നു. വഷകാലത്തു തീയ് കായുന്നതിനു കത്തിക്കുന്ന തീവെളിച്ചം അല്ലാതെ എനിക്കു രാത്രിയിൽ എനിക്കു വെളിച്ചം കിട്ടാറില്ലായിരുന്നു. അതും എൻെറ തവണനേരത്തേ ലഭിച്ചിരുന്നുള്ളു. വല്ലപ്പോഴും കടലാസും പേനയും മഷിയും വാങ്ങാൻ ചെലവിടേണ്ടിവന്ന ഒരു ഫാത്തിങ് എനിക്കു തുച്ഛമായ ഒരു തുകയായിരുന്നു എന്നു വിചാരിക്കരുത്. അതു കഷ്ടം! എനിക്കു വളരെ വലുതായ ഒരു ധനമായിരുന്നു. ഞാൻ അന്നും ഇന്നത്തെപ്പോലെതന്നെ ഒത്തപൊക്കമുള്ള ഒരാളായിരുന്നു. എനിക്കു നല്ല ആരോഗ്യവും ഉണ്ടായിരുന്നു. അന്ന് ആവശ്യങ്ങൾക്കുള്ള ചെലവുകഴിച്ചു ഞങ്ങൾക്ക് ഒരുവനു് രണ്ടു പെനിവീതം മാത്രമേബാക്കിയുണ്ടായിരുന്നുള്ളു. ഒരു സന്ദർഭത്തിൽ ഒരു വെള്ളിയാഴ്ച നാളാണെന്നുതോന്നുന്നു. അത്യാവശ്യങ്ങൾക്കെല്ലാം ചെലവിട്ടശേഷം ഒരു അരപ്പെനിത്തുട്ടു ഞാൻ മിച്ചമുണ്ടാക്കി സൂക്ഷിച്ചുവച്ച്, അതുകൊണ്ടു പിറേറന്നാൾ രാവിലെ പ്രാതലിന് ഒരു മത്സ്യം വാങ്ങണമെന്ന് ആഗ്രഹിച്ചാണ് ഞാൻ അതു സൂക്ഷിച്ചതു്. എന്നാൽ

അന്നുരാത്രി സഹിക്കാൻവയ്യാത്ത വിശപ്പോടുകൂടി ആ അര പ്പെനിഞ്ഞുട്ട് എന്റെ ഉടുപ്പിന്റെ ചേപ്പിൽ തേടിയ പ്പോൾ അതു് കളഞ്ഞുപോയതായിക്കണ്ടു. ഞാൻ എന്റെ കിടക്കവിരിപ്പിനിടയിൽ തല പൂതച്ച് ഒരു കൊച്ചുകുട്ടി യെപ്പോലെ അതിവേദനയോടെ കരഞ്ഞു. ഈ സംഭവ ത്തെ ഇന്നും ഞാൻ നല്ലവണ്ണം ഓക്കുന്നുണ്ടു്. ഈമാതിരി അവസ്ഥയിൽ ഇത്രത്തോളം മഹത്തായ ഒരു ജോലിയിൽ പ്രവേശിച്ച് അതു സാധിക്കാൻ എനിക്കു കഴിഞ്ഞ സ്ഥി തിക്ക് ഈ ലോകത്തിൽ യാതൊരിടത്തും ഒരു യുവാവിനു പ്രവൃത്തി എടുക്കാതിരിക്കാൻ എന്തു കഴിവാണുള്ളതു്? എന്തു് ഒഴികഴിവാണുണ്ടായിരിക്കാവുന്നതു്?

കോബെററിനു പണമില്ലായിരുന്നു. എന്നാൽ അദ്ദേ ഹത്തിന് ഉത്സാഹശക്തിയും ധൈര്യവും ഉണ്ടായിരുന്നു. അതുകൊണ്ടു് അദ്ദേഹത്തിനു ഉദ്ദിഷ്ടകാര്യം സാദ്ധ്യമായി. അധികംപേക്കും തങ്ങളുടെ ധനത്തെക്കുറിച്ചോ ശക്തിയെ ക്കുറിച്ചോ ശരിയായി മനസ്സിലാകുന്നില്ലെന്നാണു് തോന്നു ന്നതു്. ധനത്തെക്കുറിച്ചു പാടുള്ളതിലധികവും ശക്തിയേക്കു റിച്ചു പാടുള്ളതിൽ വളരെ കുറച്ചുമാണു് അവർ വിശ്വസി ക്കുന്നതു്. "ആത്മാശ്രയവും ആത്മത്യാഗവും ഒരുവനെ തന്റെ സ്വന്തമായ വീഞ്ഞുകുടിക്കാനും തന്റെ സ്വന്തമാ യ രുചിയുള്ള ഭക്ഷണസാധനങ്ങൾ ഭക്ഷിക്കാനും ഇടയാക്ക യും തന്റെ നിത്യവൃത്തിക്കു വേണ്ടസാധനങ്ങൾ ലഭിക്കാൻ വാസ്തവമായി പ്രവൃത്തിചെയ്യാനും അഭ്യസിക്കാനും തന്റെ അധീനത്തിൽ വിശ്വസിച്ചു ഏല്പിക്കപ്പെട്ടിട്ടുള്ള നല്ല പദാ ത്ഥങ്ങളെ സൂക്ഷിച്ചു ചെലവിടാനും പഠിപ്പിക്കുന്നു" എന്ന ത്രേ ബേക്കൻ പറയുന്നതു്.

"ഇല്ല; പരിശ്രമം അഭിവൃദ്ധിയെ ദാനംചെയ്യും. വേല ഒന്നും ചെയ്യാത്ത സിംഹത്തേക്കാൾ വല്ലതും വേല ചെയ്യുന്ന പട്ടിയാണുത്തമൻ" എന്നു ഒരു പഴഞ്ചൊല്ലുണ്ടു്. പ്രതിഫലം ലഭിച്ചാലും ഇല്ലെങ്കിലും എല്ലായ്പോഴും വേല ചെയ്ക. നിങ്ങൾ വേലചെയ്യുന്നതിൽ മാത്രം ദൃഷ്ടിവച്ചു കൊണ്ടാൽമതി. പ്രതിഫലത്തിനു് നിങ്ങളെ വിട്ടുപോകാൻ കഴിയുന്നതല്ല. നിങ്ങളുടെ പ്രവൃത്തി മിനുസപ്പെട്ടതോ അല്ലാത്തതോ ആയിരിക്കട്ടെ. അതു് ധാന്യങ്ങൾ കൃഷിചെയ്കയോ മഹാകാവ്യങ്ങൾ ചെയ്കയോ ആയിരിക്കട്ടെ; ഏതായാലും അതു് നിഷ്കപടമായും ആത്മസമ്മതം ലഭിക്കത്തക്ക വിധത്തിലുമായിരിക്കണം ചെയ്യുന്നതു്. എന്നാൽ അതു നിങ്ങളുടെ ഇന്ദ്രിയങ്ങൾക്കും ഹൃദയത്തിനും ശരിയായ പ്രതിഫലം സമ്പാദിച്ചുതരാതെയിരിക്കുന്നതല്ല. എത്രതവണയെങ്കിലും തോൽവിയുണ്ടാകട്ടെ. അതു് ഒട്ടും സാരമില്ല. നിങ്ങൾ വിജയത്തിനായിട്ടാണു് ജനിച്ചിട്ടുള്ളതു്. ഒരുകാലത്തല്ലെങ്കിൽ മറെറാരുകാലത്തു അതു് ലഭിക്കുമെന്നുള്ളതു് നിശ്ചയമാണു്. "നല്ലവണ്ണം ചെയ്യപ്പെടുന്ന ഒരു കാൎയ്യത്തിൻെറ പ്രതിഫലം അതു് ചെയ്ക എന്നുള്ളതത്രെ". എന്നിപ്രകാരമാണു് പ്രകൃതി മനുഷ്യനോടുപദേശിക്കുന്നതു് എന്നു എമേഴ്സൺ എന്ന വിദ്വാൻ പറയുന്നു.

സർ വാൾട്ടർസ്കോട്ടു് പറയുന്നതുപോലെ ഒരു വലിയ മന്ത്രവാദി ആയ മൈക്കേൽസ്കാട്ടിനു് തൻെറ ഇഷ്ടഭൃത്യത്തിൽനിന്നു നിർബ്ബാധമായിരിക്കാൻ കഴിഞ്ഞതു് അതിനു് ഇടവിടാതെ ഓരോ ജോലി കൊടുത്തുകൊണ്ടിരുന്നതിനാലായിരുന്നു. നമ്മളെ സംബന്ധിച്ചും ഇതുപോലെതന്നെ

യാണ്. ഒരു ദുഷ്ടഭൂതം ഒരു മനുഷ്യരിൽനിന്നു ബഹിഷ്ക രിക്കപ്പെട്ടു. എന്നാൽ അത് അതിന്റെ ആ അധിവാസ സ്ഥാനം ശൂന്യമായി കണ്ടപ്പോൾ അതിനേക്കാൾ ദൌഷ്ട്യ മേറിയ മറേറഴു ഭൂതങ്ങളോടുകൂടി അവിടെ വീണ്ടും പ്രവേ ശിച്ചു് കുടിപാർത്തു തുടങ്ങിപോലും. ആലസ്യം വിശ്ര മമല്ല. അത് വേലയേക്കാൾ അധികം അവസാദം ഉണ്ടാ ക്കുന്നതാണു്, "ഒരുവേലയും ചെയ്യാത്ത ഒരുത്തനു വിശ്ര മസുഖം അനുഭവിക്കുന്നതിനു കഴിയുമോ? എന്നു് റോമാ ക്കാരുടെ ഇടയിൽ ഒരു പഴഞ്ചൊല്ലുണ്ടു്.

എന്നാൽ "ഒന്നിനും ബദ്ധപ്പെടരുത്. പ്രകൃതി ഒ ന്നിനും ബദ്ധപ്പെടുന്നില്ലല്ലോ. ഇരുന്നിട്ടു് കാൽനീട്ടുക എന്ന പ്രമാണം വിലയേറിയ ഒന്നാണു്. അൽപ്സ്പ ർവ്വതങ്ങളുടെ മുകളിൽ കയറാൻ ചെല്ലുന്ന ചെറുപ്പക്കാരോടു സ്വിററ്സർലാണ്ടിലെ വഴികാട്ടികൾ ചെയ്യുന്ന പ്രഥമോ പദേശം "നിങ്ങൾ ബദ്ധപ്പെടരുത്. പതുക്കെ കാലുറ പ്പിച്ചു് കയറണം" എന്നാൽ ഓട്ടവും മന്ദഗതിയും രണ്ടും നന്നല്ല. ഇടയ്ക്കിടെ വിശ്രമിക്കേണ്ടതാവശ്യമാണ്. അഭിവൃ ദ്ധിയുടെ വലിയ രഹസ്യമന്ത്രം ഒരിക്കലും ബദ്ധപ്പെടുകയോ ഒരിക്കലും മന്ദഗതിയെഅവലംബിക്കയോ ചെയ്തുകൂടാ എന്നു ള്ളതാകുന്നു.'ധൃതഗതി'സേററന്റെസന്താനമാണ്.എന്നാൽ "ക്ഷമ"പരമസുഖത്തിന്റെ പടിവാതിൽ നമുക്ക് തുറന്നുത രുന്നനടയിൽ തവണക്കാരനുമാണു്. സമയത്തെ പ്രതീക്ഷി ക്കുക. നിങ്ങളുടെ മുറ വരാതിരിക്കയില്ല. ബദ്ധപ്പാടു കൊണ്ടു് സമയം ലാഭമെടുക്കാം എന്നു പലരും വിചാരിക്കു ന്നതായി തോന്നുന്നു. അതു് ഒരു വലിയ തെറ്റുതന്നെ യാണു്. ചുറുചുറുപ്പോടെ കാര്യങ്ങൾ നടത്തുന്നതു് നല്ല

ൂതന്നെ. എന്നാൽ ഒരു കാൎയ്യം വേഗത്തിൽ ചെയ്തുതീക്കു ന്നതിനേക്കാൾ അതു് ഭംഗിയായി ചെയ്തുതീക്കുന്നതാകുന്നു പ്രധാനമായിട്ടുള്ളതു്. വിശേഷിച്ചു് അ കാൎയ്യത്തെ കുറിച്ചു തന്നെ വിചാരിക്കുന്നതായാലും അതു് ക്രമമായിട്ടല്ലാതെയും വല്ലപ്പോഴും ഒക്കെയായും ബദ്ധപ്പെട്ടും ചെയ്യുന്നതായാൽ സാവധാനമായും ഉറപ്പോടുകൂടിയും ക്രമമായും ബദ്ധപ്പാടു കൂടാതെയും ചെയ്യുന്നതിനേക്കാൾ അധികം ക്ഷീണകരവും പ്രയാസമേറിയതും ആയിരിക്കുന്നതാകുന്നു. ബദ്ധപ്പാട്ട് ന മ്മുടെ പ്രവൃത്തികളെ നാശമാക്കുന്നതുകൂടാതെ നമ്മുടെ ജീ വിതത്തെയും നശിപ്പിക്കുന്നു.

ബദ്ധപ്പാടുകൂടാതെയും എന്നാൽ ഇടവിടാതെയും പ്ര വൃത്തിചെയ്ക എന്നാകുന്നു ഗേറേ ഉപദേശിക്കുന്നതു്. അ ദ്ദേഹം പറയുന്നതാവിതു്—

"അരുതേ ബദ്ധപ്പാടു; വിചാരശൂന്യമായി
ത്വരയാൽ ചെയ്യു, മോരോപ്രവൃത്തിമൂലമായി
പരമാത്മാവിൻ ഗതിയ്ക്കൊന്നേയ്ക്കും പ്രതിബന്ധം
വരുവാനിടനിങ്ങൾ വരുത്തീടൊല്ലതെല്ലും.
നല്ലപോലാലോചിച്ചു ശരിയായതു ധരി-
ച്ചല്ലയോമുൻപോട്ടേയ്ക്കു ഗമിക്കശക്തിക്കൊല്ലും
തുമ്പില്ലാതുള്ളോരൊററ പ്രവൃത്തിചെയ്യാം ദോഷം
സാമ്പ്രതം സംവത്സരശതവും നികത്തീടാ
എന്നതുകൊണ്ടുചൊന്നേൻ വീണ്ടും ഞാൻ ധ്രുതഗതി,
വന്നീടൊല്ലൊരുനാളുമൊന്നിനും തെല്ലുപോലും
ആയുസ്സുപോകുന്നിതു വേഗത്തിൽ വിശ്രമിക്കാ-
തായുക, തുനിയുക, സാധിക്ക ചാകുംമുമ്പേ
കാലത്തെ കടന്നെന്നും നിലനില്ക്കുവാൻ തക്ക
ചേലൊത്ത ഗംഭീരവും മഹത്തുമായ ചില

കർമ്മങ്ങൾ പാരിതിങ്കൽ നാട്ടുക ചാകുംമുമ്പേ
നിർമ്മലയശസ്സിൻെറ ശാശ്വതസ്തംഭങ്ങളായ്,
ഇശ്ശരീരങ്ങൾ പാടെ നശിച്ചുപോകുമ്പൊഴും
ശാശ്വതം ജീവിപ്പതുതാനഹോ മഹാശ്ലാഘ്യം"

കഠിനമായി വേലചെയ്യണം എന്നുവെച്ചു ബദ്ധപ്പെടരുതുതാനും. ബഹളംപിടിക്കയോ അസ്വാസ്ഥ്യപ്പെടുകയോ ചെയ്യരുതു്.

മിസ്റ്റർ ഫ്രാൻസിസ് ഗാൾടൻെറ ഉപദേശത്തെ ശ്രവിക്കുക. നിങ്ങളുടെ യാത്രയിൽ മുറയ്ക്കു മുൻപോട്ടു കടക്കുന്നതിലാണ് നിങ്ങൾ മുഖ്യമായി ശ്രദ്ധിക്കേണ്ടതു്. അല്ലാതെ അതിൻെറ അവസാനത്തെഅതിതാൽപ്പര്യത്തോടുകൂടിനോക്കരുതു്. പരിഷ്കൃത ഭൂമിയിലേക്കുള്ള നമ്മുടെ പ്രത്യാഗമനത്തെ കഷ്ടപ്പാടുകളുടെയും ബുദ്ധിമുട്ടുകളുടെയും അവസാനമായും ദുഃഖത്തിൽനിന്നുള്ള രക്ഷാസ്ഥാനമായും അല്ലാ, നേരെ മറിച്ചു കഴിഞ്ഞുപോയല്ലോ എന്നു "പശ്ചാത്താപപ്പെടേണ്ട ഒരു സംഗതി ആയും ധീരവൃത്തികളോടുകൂടിയതും ഹർഷപ്രദമായും ഉള്ള ഒരു ജീവിതദശയുടെ അവസാനമായും വിചാരിക്കയാണ് വേണ്ടതു്. ഈ വിധത്തിലായാൽ അധികം അപത്തുകൾ കൂടാതെയും വഴിപോകുന്നതറിയാതെയും അവിടവിടെ ചാച്ചുവേഴ്ചകൾ ഉണ്ടായും അതതു രാജ്യങ്ങളുടെ അവസ്ഥകളെ ഗ്രഹിച്ചും നിങ്ങൾ ക്രമേണ കടന്നുപോകും. മേല്പറഞ്ഞ ചാച്ചുവേഴ്ചകളും അറിവും ബദ്ധപ്പെട്ടോ കഷ്ടതയോടുകൂടിയോ തിരിച്ചുപോരേണ്ടിവന്നാൽ അപ്പോൾ വിലയററ സഹായമായിത്തീരുകയുംചെയ്യാം. ഇങ്ങനെ ഏതാനുംമാസം കഴിയുമ്പോൾ നിങ്ങൾ പിറകോട്ടുനോക്കുന്നപക്ഷം എത്രയധികം വഴി

കടന്നുപോയി എന്നു കണ്ടു് നിങ്ങൾക്ക് അത്യാശ്ചര്യമു ണ്ടാകുന്നതാണു്. എന്തെന്നാൽ നിങ്ങൾ ദിവസമൊന്നിനു ശരാശരി മൂന്നു മൈൽ വീതം നടന്നാൽതന്നെ ആ ആണ്ടി ന്റെ അവസാനത്തിൽ നിങ്ങൾ ആയിരം മൈലോളം കടന്നുപോയതായികാണാം. അതു നിസ്സാരമായ ഒരു ദൂര മല്ലല്ലോ മുയലിന്റെയും ആമയുടെയും കഥ വിസ്താരമേറി യതും അജ്ഞാതവും ആയ പ്രദേശങ്ങളിൽ സഞ്ചരിക്കുന്ന വഴിയാത്രക്കാർക്കായി ഉദ്ദേശിച്ചിട്ടുള്ളതായി തോന്നുന്നു."

അതിരാവിലെ എണീക്കുക, ശരീരത്തിനും തലച്ചോ റിനും അവശ്യോചിതമായ വ്യായാമവും വിശ്രമവുംനൽകുക, ഭക്ഷണപാനാദികളിൽ മിതമായിരിക്കുക, വേണ്ടിടത്തോളം സമയം ഉറങ്ങുക; കാര്യങ്ങളിൽ ലാഘവത്തോടെ പ്രവേശി ക്കുക; എന്നാൽ നിങ്ങളുടെ ജോലി നിങ്ങൾക്കു് ഉപദ്രവ കരമായി ഒരിക്കലും തോന്നുന്നതല്ല. മനോവ്യഥയും, സംഭ്ര മവും, അക്ഷമതയും, ഉൽക്കണ്ഠയും നിങ്ങളുടെ പ്രവൃത്തിക ളിൽ അഭിവൃദ്ധിയെ ഉണ്ടാക്കുന്നതല്ല. എന്നുമാത്രമല്ല, അവ ഒട്ടുക്കം അകാലമരണത്തിനിടയാക്കുകയോ, അഥവാ വല്ല രോഗങ്ങൾക്കും ഇരയാക്കിത്തള്ളുകയോ ചെയ്യുന്നതാ യിരിക്കും. ജീവിതത്തെ നിങ്ങൾ സന്തോഷത്തോടും സമാ ധാനമായും നയിക്കുന്നപക്ഷം ബുദ്ധികൊണ്ടുള്ള അദ്ധ്വാന വും സ്വതന്ത്രചിന്തയും മനസ്സിനു വ്യായാമവും ശുദ്ധവായു വും ശരീരത്തിനെന്നപോലെ സുഖത്തേയും ആരോഗ്യത്തേ യും നല്കുന്നതാണു്. ഡെവൺപോർട്ട ആഡംസ് അദ്ദേ ഹത്തിന്റെ ലഘുജീവിതവും ഉൽകൃഷ്ടാലോചനയും എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു:—രാജ്യതന്ത്രകു ശലന്റെ ബുദ്ധിയും യുദ്ധവീരന്റെ ഖഡ്ഗവും നൂതനസൂ

ത്തുങ്ങൾ കണ്ടുപിടിക്കുന്നവൻെറ രഹസ്യവും പണ്ഡിതൻെറ കവാടോൽക്കാടനമന്ത്രവും നിരന്തരോദ്യോഗം എന്ന ഒന്നാകുന്നു. ലോകചരിത്രത്തിൽ പ്രസിദ്ധപ്പെട്ട ഉത്തമരാജാക്കന്മാരുടെ കൂട്ടത്തിൽ നമ്മുടെ വിക്ടോറിയാമഹാരാജ്ഞിക്കു ലഭിച്ചിട്ടുള്ള സ്ഥാനം ഏററവും ഉന്നതനിലയിൽ ആകുന്നു. അതിനുള്ള കാരണം എന്താണ്? നല്ല കാൎയ്യാകാൎയ്യവിവേകവും കൌശലവും അവൎക്കുണ്ടായിരുന്നു എന്നതിനു സംശയമില്ല. എന്നാൽ അവർ നിജജോലിയിൽ ഒട്ടും 'ഇളവു' എടുത്തില്ല എന്നുള്ളതാണ് സൎവ്വത്തിലും പ്രധാനമായി നില്ക്കുന്നത്. അവർ വേലചെയ്തിരുന്നത് ഏതുപ്രകാരമായിരുന്നു എന്നുള്ളത് മിസ്സസ് ജേംസൻ എന്ന മഹിളാമണി എഴുതിട്ടുള്ള അവരുടെ ജീവചരിത്രത്തിലെ ഒരു ഭാഗത്തുനിന്നു വെളിവാകും. മാണ്ടീഗിൾപ്രഭു ഒരുകാൎയ്യത്തിനായി ഒരിക്കൽ മഹാരാജ്ഞിതിരുമനസ്സിലെ സന്നിധിയിൽ ചെന്നപ്പോൾ തിരുമനസ്സിലെ ഉപദ്രവിക്കേണ്ടിവന്നതിൽ എനിക്കു മനസ്താപമുണ്ടു്" എന്നു് അദ്ദേഹം പറഞ്ഞു. അതിനു് അവിടുന്നു് അരുളിച്ചെയ്ത മറുപടി ഇപ്രകാരമായിരുന്നു. "ഉപദ്രവം എന്ന വാക്കു ഒരിക്കലും പറയേണ്ട. സംഗതി ശരിയായവിധം ചെയ്യേണ്ടതു് ഏതുവിധമാണെന്നു് എന്നോടു പറയുക. എനിക്കു കഴിവുള്ളതാണെങ്കിൽ അതു ഞാൻ ചെയ്യാം."

ജീവിതത്തിൽ നിങ്ങളുടെ കൃത്യമോ കാൎയ്യമോ എന്തു തന്നെ ആയിരിക്കട്ടെ. അതു് കഴിയുന്നിടത്തോളം ഭംഗിയായി ചെയ്വാൻ ശ്രമിക്കണം. വെല്ലിങ്ങ്ടൺപ്രഭു അദ്ദേഹത്തിൻെറ വിജയങ്ങൾക്കെല്ലാം സ്വന്തം യുദ്ധകാൎയ്യകുശലതയ്ക്കൊപ്പം കാൎയ്യസ്ഥതയ്ക്കും കടപ്പെട്ടിരിക്കുന്നു. അദ്ദേഹം

പടക്കോപ്പുകൾ തയ്യാറാക്കുക, സേനാസംരംഭങ്ങൾ ശേഖരിക്കുക മുതലായ സകല വിഷയങ്ങളിലും ചില്ലറ സംഗതികളിൽകൂടി ഏററവും സൂക്ഷ്മതയോടെ ശ്രദ്ധിച്ചിരുന്നു. അദ്ദേഹത്തിൻെറ കുതിരകൾക്കു ധാരാളം തീററി ലഭിച്ചു. ഭടന്മാക്ക് നല്ല ഉടുപ്പുകളും ഉറപ്പുള്ള പാദരക്ഷകളും നല്ല ഭക്ഷണസാധനങ്ങളും വേണ്ടതുപോലെയും വേണ്ടിടത്തോളവും കിട്ടിവന്നു. "തൻെറ കാര്യങ്ങളിൽ ജാഗരൂകനായ ആൾ രാജാക്കന്മാരുടെ മുമ്പിൽ നില്ക്കാൻ ഇടയായിക്കാണാം". എന്നു സോളമൺ പറഞ്ഞിരിക്കുന്നു. കാര്യങ്ങളിൽ മന്ദത കൂടാതെയും അത്യന്തം താൽപര്യത്തോടും ഈശ്വരഭക്തിയോടും കൂടിയിരിക്കണം എന്ന് സെൻറുപോളും ഉപദേശിക്കുന്നു.

പരിശ്രമം ഫലവത്തല്ലാതെ വരികയില്ല. കൊളമ്പസ് അമേരിക്ക കണ്ടുപിടിച്ചത് ഇൻഡ്യയിലേക്ക് ഒരു പടിഞ്ഞാററൻവഴി അന്വേഷിച്ചതിൻെറ ഫലമായിട്ടാകുന്നു. ഹേറേറ പറയുന്നതുപോലെ സാൾ (സാവുൽ) തൻെറ അച്ഛൻെറ കഴുതകളെ തേടിനടന്നതിന് ഫലം ഒരു രാജ്യസ്ഥാപനമായിത്തീന്നു.

"നിങ്ങൾ ചെയ്യേണ്ടതിന് ചെയ്യാൻ ഉറയ്ക്കുക. ഉറച്ചതിനെ നീക്കം വരാതെ ചെയ്കയും ചെയ്ക. എന്നാണ് ഫ്രാൻക്ലിൻ ഉപദേശിക്കുന്നതു്

വേലയ്ക്കു പകരമായി ബുദ്ധിശക്തി മതിയാകുമെന്ന് ചിലർ വിചാരിക്കാറുണ്ട്. വിദ്യാലയങ്ങളിൽ അദ്ധ്യവഷം മുഴുവൻ മടിയായി കഴിച്ചുകൂട്ടുകയും പരീക്ഷ അടുക്കുമ്പോൾ മാത്രം തലയിൽ നനഞ്ഞ തുണി ചുററിക്കെട്ടികൊണ്ടു് കഠിനമായി വായിക്കുകയും ചെയ്തിട്ട് പരീക്ഷയിൽ ഉയന്നു ജയിച്ച ചിലരെപ്പററി നമ്മൾ കേൾക്കാറുണ്ട്. അതു്

വാസ്തവമായിരിക്കണം. എന്നാൽ ആ നനഞ്ഞ തുണിയുടെ ഫലം അവർ പിന്നീട്ട് നല്ലവണ്ണം അനുഭവിച്ചിരിക്കും എന്നുള്ളതു് തീർച്ചയാണു്. എന്നുമാത്രമല്ല അങ്ങിനെയായിരുന്നാലും ഒട്ടക്കം അവൾക്ക് തീരെ വേലചെയ്യാതിരിക്കാൻ കഴിയുന്നതുമില്ലല്ലോ. വലിയ ആളുകളിൽ പലരും വിജയം പ്രാപിച്ചിട്ടുള്ളതു് സാമർത്ഥ്യത്തെക്കാൾ അധികം പരിശ്രമംകൊണ്ടാണെന്നു് അവരുടെ പാഠശാലാജീവിതത്തിൽനിന്നു കാണാം. വെല്ലിങ്ങ്ടൺ, നെപ്പോളിയൻ, ക്ലൈവു്, സ്കോട്ട്, ഷെറിഡൻ മുതലായവർ പാഠശാലകളിൽ കേവലം മന്ദന്മാരായിരുന്നു എന്നാണു് കാണുന്നതു്.

ചിലക്കു് മററുചിലരെക്കാൾ അധികം സ്വാഭാവികശക്തി ഉണ്ടെന്നുള്ളതിനു് സംശയമില്ല. ആശ്ചര്യകരമായ സാമർത്ഥ്യമുള്ളവനും എന്നാൽ അശ്രദ്ധനും അലസനും സുഖാസക്തനും ആയ ഒരാളും അയാളോടു തട്ടിച്ചുനോക്കിയാൽ മന്ദനും എന്നാൽ പരിശ്രമിയും ശ്രദ്ധാവാനും ധർമ്മനിഷ്ഠനും ആയ മറെറാരാളും ജീവിതകാലത്തിൽ പ്രവേശിക്കട്ടെ. ഈ രണ്ടാമതു പറഞ്ഞ ആൾ ക്രമേണ സമർത്ഥനായ മറേറ ആളേക്കാൾ വളരെ ഉയൎന്ന നിലയിൽ എത്തുമെന്നുള്ളതിനു സംശയമില്ല. ബുദ്ധിശക്തിയോടു കൂടാത്ത പരിശ്രമം കാലാന്തരത്തിൽ പരിശ്രമത്തോടുകൂടാത്ത ബുദ്ധിശക്തിയേക്കാൾ അധികം കാൎയ്യങ്ങൾ സാധിക്കുന്നതാണു്. പരിശ്രമമില്ലായ്മയേയും, സ്വഭാവസംസ്കാരമില്ലായ്മയേയും നികത്തുന്നതിനു ജീവിതാനുകൂല്യങ്ങളാവട്ടെ, സാമർത്ഥ്യമാവട്ടെ, ധനികളായ സ്നേഹിതന്മാരാവട്ടെ, പ്രബലന്മാരായ ബന്ധുക്കളാവട്ടെ മതിയാകുന്നതല്ല. ഒരു വലിയ രാജ്യതന്ത്രകുശലനും ലിങ്കൺ എന്ന സ്ഥലത്തെ ബിഷോപ്പും ആയിരുന്ന ടൊസട്ടെസ്റ്റികനു് കുഴിമടിയനായ ഒരു സഹോദര

നണ്ടായിരുന്നു. അയാൾ ഒരിക്കൽ ബിഷോപ്പിൻെറ അടുക്കൽചെന്നു് തന്നെ ഒരു "വലിയ ആൾ" ആക്കണമെന്നപേക്ഷിച്ചു. അതിന് ബിഷോപ്പ് പറഞ്ഞ മറുപടി ഇപ്രകാരമായിരുന്നു. "സോദരാ! നിൻെറ കലപ്പ ഒടിഞ്ഞുപോയെങ്കിൽ ഞാനതു നന്നാക്കിത്തരാം. നിൻെറ കാള ചത്തുപോയെങ്കിൽ വേറെ കാളയെ വാങ്ങിത്തരാം. അല്ലാതെ നിന്നെ ഒരു വലിയ അളാക്കാൻ എനിക്കു ശക്തിയില്ല. നീ എൻെറ ഒരു കൃഷീവലനായിട്ടാണു് അടുക്കൽ വന്നതു്. നിന്നെ ഒരു കൃഷീവലനായിട്ടുതന്നെ മടക്കി അയയ്ക്കാനേ എനിക്കു നിവൃത്തിയുള്ളു."

മഹാകവി മിൽട്ടൺ ഒരു ബുദ്ധിശാലിമാത്രമല്ലായിരുന്നു. അദ്ദേഹം അത്യുത്സാഹിയായ പരിശ്രമിയുംകൂടി അയിരുന്നു. തൻെറ ദിനചര്യയുടെ ഒരു ഭാഗത്തെക്കുറിച്ചു് അദ്ദേഹം ഇങ്ങനെ എഴുതിയിരിക്കുന്നു. വർഷകാലത്തു മനുഷ്യർ വേലയ്ക്കായോ പ്രാർത്ഥനയ്ക്കായോ എഴുന്നേല്ക്കുന്നതിനു മുൻപിൽ ഞാൻ ഉണരും. വേനൽക്കാലത്തു് ആദ്യം ഉണരുന്ന പക്ഷികളോടൊരുമിച്ചോ അതിൽ ഏറെ താമസിയാതെയോ ഞാൻ എഴുന്നേല്ക്കും. എന്നിട്ടു് ശ്രദ്ധ സന്നദ്ധമാകുന്നതുവരെയോ, ഓർമ്മശക്തിക്കു് താങ്ങാവുന്നിടത്തോളം ഗ്രഹിക്കുന്നതുവരെയോ നല്ല ഗ്രന്ഥകാരന്മാരുടെ കൃതികൾ വായിക്കുകയോ വായിച്ചു കേൾക്കുകയോ ചെയ്യും. അതിനുശേഷം ജാഗ്രതയോടും നിർമ്മലമായും എന്നാൽ ജാഡ്യത്തോടുകൂടാതെയും മനസ്സിനു് ഒത്തവണ്ണവും ശരീരത്തിൻെറ ആരോഗ്യത്തെയും ശക്തിയേയും സൂക്ഷിച്ചും മതത്തിനുവേണ്ടിയും നമ്മുടെ രാജ്യത്തിൻെറ സ്വാതന്ത്ര്യത്തിനുവേണ്ടിയും ശുദ്ധവും ഉദാരവും ആയ ജോലിയിൽ പ്രവേശിക്കും.

നിങ്ങളുടെ കൃത്യം രസമില്ലാത്ത ഒന്നാണെന്നു വിചാരിക്കരുത്. നിങ്ങൾ വിചാരിച്ചാൽ അതു് ഏത്രയും രസമുള്ള ഒന്നാക്കാൻ ഒരു പ്രയാസവുമില്ല. നിങ്ങൾ ഹൃദയപൂർവ്വം അതിൽ പ്രവേശിക്കുക. അതിൻെറ സാരഭാഗങ്ങളെല്ലാം വഴിപോലെ ഗ്രഹിക്കുക. അതിൻെറ മൂലങ്ങളെയും പൂർവ്വചരിത്രത്തെയും തേടിപ്പിടിക്കുക. അതിൻെറ സകല ശാഖോപശാഖകളെയും സംബന്ധങ്ങളെയും കുറിച്ചു് വിചാരണചെയ്യുക. ഏത്ര തുച്ഛമായ വേലയും ഏത്രപേക്ക് ഏതെല്ലാം വിധത്തിൽ ഉപകരിക്കുമെന്നു് ആലോചിച്ചു നോക്കുക. എന്നാൽ നിങ്ങളുടെ കൃത്യങ്ങളിൽ ഒന്നുപോലും നിങ്ങൾക്കു ശ്രുഷ്ഠാന്തിയും രസവും നല്കാതെയിരിക്കയില്ല. എന്നു മാത്രമല്ല, അപ്പോൾ നിങ്ങളുടെ കൃത്യങ്ങളോടു നിങ്ങൾക്കു സ്നേഹമുണ്ടാകുന്നതുകൂടാതെ സന്തോഷത്തോടുകൂടി അതു് ചെയ്യുന്നപക്ഷം അതു് എളുപ്പമായും ഭംഗിയായും നിങ്ങൾക്കു ചെയ്യാറാവുകയും ചെയ്യും. ആദ്യം അതു് അസാദ്ധ്യമായോ, അടിമപ്പണിപ്പോലെ നീരസമായോ തോന്നിയേക്കാം. എന്നാൽ അതുതന്നെയാണു് അവശ്യം വേണ്ടതു്. മലങ്കാററു് ദേഹത്തെ എന്നപോലെ അതു നിങ്ങളുടെ സ്വഭാവത്തെ നന്നാക്കുന്നതിനു് ഉതകുന്നതായിരിക്കും.

നാം ഉറക്കത്തിനു് ഏത്ര സമയം ഉപയോഗിക്കണമെന്നുള്ളതു് ഏത്രയും പ്രധാനപ്പെട്ട ഒരു സംഗതിയാകുന്നു. അതു് പ്രകൃതിതന്നെയാണു് തീരുമാനിക്കേണ്ടതു്. ഉറക്കം ചിലക്കു് മററു ചിലരേക്കാൾ അധികംവേണം. പ്രകൃതി അവശ്യപ്പെടുന്നിടത്തോളം ഉറങ്ങുകയെന്നല്ലാതെ അതിൽ കുറയ്ക്കുക സാധ്യമാണെന്നു തോന്നുന്നില്ല. എന്നു മാത്രമല്ല, വാസ്തവത്തിൽ ഉറക്കത്തിനുപയോഗിക്കുന്ന സമയം വൃഥാ

കളകയാണെന്നു വിചാരിക്കുന്നതു് തെററാണുതാനും. ഉറക്കം വേലചെയ്തു തളൎന്ന സിരകളുടെ ബലത്തെ ആശ്ചൎയ്യകരമായ വിധത്തിൽ പ്രത്യൎപ്പണംചെയ്യുന്ന ഒരു സിദ്ധൌഷധമാണു്. പട്ടണവാസികൾക്കു് ഈ ബലം വേണ്ടിടത്തോളമുണ്ടായിരിക്കുന്നതു് ദുൎല്ലഭമാണുതാനും.

സർ എഡ്വർഡ്കോക്കു് ഒരു ദിവസത്തെ താഴെപ്പറയുംപ്രകാരം വിഭജിച്ചിരിക്കുന്നു. "൬-മണിക്കൂർ ഉറക്കം. ആറുമണിക്കൂർ നിയമപാഠം. നാലുമണിക്കൂർ ഈശ്വരഭജനം. ശേഷം പ്രകൃതിയുടെ ഹിതമനുസരിച്ചുള്ള പ്രവൃത്തികൾ." സർ വില്യംജോൺസ് അതിനെ ഇങ്ങനെ മാററി. "൬-മണിക്കൂർ നിയമം പഠിക്കാൻ. ൭-മണിക്കൂർ സുഖനിദ്രക്കു്. ൧൦-മണിക്കൂർ ലോകകാൎയ്യങ്ങൾക്കു്, എല്ലാംതന്നെ ഈശ്വരാൎപ്പണത്തിനു്."

അവിബറിപ്രഭു പറയുന്നതു് തനിക്കുറങ്ങാൻ ഈ ആറോ ഏഴോ മണിക്കൂർ പോരാ എന്നാണു്. ഉണരുമ്പോൾ ഉറക്കപ്പിച്ചും മയക്കവും കൂടാതെ നല്ല ഉത്സാഹവും പുതുമയും തോന്നണം. അതുവരെ നാം ഉറങ്ങണം. നമ്മുടെ വിചാരങ്ങളെ ആകൎഷിച്ചു് വിനോദിപ്പിക്കുന്ന നമ്മുടെ തൊഴിലുകൾ ദുഃഖകാലങ്ങളിൽ നമുക്കു് വളരെ ആശ്വാസം നൽകും. "പ്രവൎത്തിക്കാൻ എന്തെങ്കിലും ഉണ്ടായിരിക്കുക. സ്നേഹിക്കാൻ എന്തെങ്കിലും ഉണ്ടായിരിക്കുക. ആശിക്കാൻ എന്തെങ്കിലും ഉണ്ടായിരിക്കുക. ഈ മൂന്നിലാണു് ലോകത്തിലെ സുഖം അന്തൎഭവിച്ചിരിക്കുന്നതു്" എന്നു ഡാക്റ്റർ ചാൽമേഴ്സ് പറയുന്നു. നമ്മളിൽ പലരും നമ്മൾക്കു ജോലിയൊന്നുമില്ലാത്ത അവസരങ്ങളിൽ കാൎയ്യമില്ലാത്ത പേടിയാലോ, അനാവശ്യങ്ങളായ ഉൽക്കണ്ഠകളാലോ സ്വ

യം പീഡിപ്പിക്കപ്പെടാറുണ്ടല്ലോ. എപ്പോഴും എന്തെങ്കിലും തൊഴിലിൽ പ്രവേശിക്കണം.

"വൃദ്ധയ്ക്കുനൽകുവാനാകാ-
തുള്ള നൽസ്വാസ്ഥ്യമെപ്പൊഴും
ജോലിയാലോചനയിവ-
രണ്ടിൽനിന്നും ലഭിച്ചിടും."

"വിദ്വാന് ഏതുപ്രദേശവും സ്വന്ത നാടാണ്. സ്വസ്ഥമനസ്കന് എല്ലാസ്ഥലങ്ങളും കൊട്ടാരങ്ങളുമാണ്. പ്രകൃതിയുടെ ബലങ്ങൾക്ക് അനുസരണമായി പ്രവൎത്തിക്കണം, അല്ലാതെ അതിന്നെതിരായിട്ടല്ല" എന്നത്രെ വൃദ്ധനായ ലിലി എന്ന മഹാൻ പറയുന്നതു്. നിവൃത്തിയുള്ള പക്ഷം നിങ്ങൾ ജീവിതനദിയുടെ പ്രവാഹത്തിനെതിരായി തുഴയരുതു്. പക്ഷേ അങ്ങനെ വേണ്ടിവന്നാൽ അങ്ങനെതന്നെ ചെയ്യണം. അതിൽനിന്നു ഒരിക്കലും ഒഴിഞ്ഞുകൂടാ. എന്നാൽ പ്രകൃതിദേവി നാം അനുവദിക്കുന്നപക്ഷം നമ്മെ സഹായിക്കതന്നെ ചെയ്യും.

കിങ്ങ്സിലി പറയുന്നതാവിതു്:—"പ്രകൃതിക്കു" മേലേയുള്ള അവസ്ഥകൾ പോലെതന്നെയാണു് പ്രകൃതിക്ക് അകമേയും. പ്രകൃതിയുടെ ഒററ നിയമത്തെ ലംഘിക്കുന്നവൻ എല്ലാ നിയമങ്ങളെയും ലംഘിക്കുന്ന ഒരു കുററവാളിയായി ഭവിക്കുന്നു. പ്രപഞ്ചം അകെ ഒന്നുപോലെ അവനോടെതിൎക്കുന്നു. പ്രകൃതി അനേകായിരം അപ്രത്യക്ഷങ്ങളായ ബലങ്ങളോടുകൂടി അവനോടും അവൻെറ സന്താനങ്ങളോടും പ്രതികാരത്തിനു സന്നദ്ധമാകുന്നു. അതെപ്പോഴെന്നോ എവിടെയെന്നോ അവൻ അറിയുന്നില്ല. നേരെമറിച്ചു് ഹൃദയപൂ

ൎവ്വമായും, മനഃപൂൎവ്വമായും പ്രകൃതിയുടെ ചട്ടങ്ങളെ അനുസരിച്ചു പ്രവൎത്തിക്കുന്നവന്നു് പ്രപഞ്ചമാസകലം സഹായമായിരിക്കും. മുകളിലുള്ള സൂൎയ്യനും കാലടിയിലുള്ള പൊടിയും ഒരുപോലെ അവനെ സ്നേഹിക്കയും സഹായിക്കയും ചെയ്യും. എന്തെന്നാൽ അയാൾ അപ്പോൾ ആ സൂൎയ്യനും പൊടിക്കും കാരണഭൂതമെന്നു മാത്രമല്ല, അവയുടെ നടത്തയ്ക്കു് തീരെ അലക്ഷ്യമായ ഒരു ചട്ടവട്ടത്തിൻെറ നിൎമ്മാതാവുമായ ആ പരമാത്മശക്തിയെ അനുസരിക്കയാണല്ലോ.

ആകയാൽ നാം ഈശ്വരനിയമങ്ങളെ ലംഘിക്കാതെ എല്ലായ്പോഴും 'ജാഗ്രൂകതയോടുകൂടി പരിശ്രമിച്ചുകൊണ്ടിരിക്കുക; അതു സൎവ്വകാൎയ്യങ്ങളിലും വിജയത്തെയും ശുഭപരിണാമത്തെയും നമ്മൾക്കു് നല്കുന്നതാകുന്നു.

---

## ൫൰. നിരുപയോഗമായി പൊയ്ക്കൊണ്ടിരിക്കുന്ന ചില ശക്തികൾ.

ഓരോ ദിവസം ചെല്ലുംതോറും വൈദ്യുതശക്തികൊണ്ടു നിൎവ്വഹിക്കപ്പെട്ടുവരുന്ന സംഗതികളുടെ എണ്ണം കൂടികൂടിയാണു വരുന്നതു്. മോട്ടോർകാർ, തീവണ്ടി, തീക്കപ്പൽ, ആകാശവിമാനം, കമ്പിയില്ലാക്കമ്പിത്തപാൽ മുതലായി പലേ യന്ത്രോപകരണങ്ങൾക്കും ഇതു് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു കാൎയ്യമായിട്ടാണു് തീൎന്നിരിക്കുന്നതു്. എന്നാൽ ലോകത്തിൽ ദിനംപ്രതി ഓരോ സ്വാഭാവികസംഭ

വങ്ങൾകൊണ്ടുണ്ടാവുന്ന വിദ്യുച്ഛക്തിയിൽ വളരെ ഭാഗവും പ്രതിക്ഷണം നഷ്ടപ്പെട്ടാണു വരുന്നതു്.

സാധാരണയായി ഉണ്ടാകുന്ന ഒരു മിന്നലിൽനിന്നും, ഇടിയിൽ നിന്നും 3700 കുതിരശക്തിയുള്ള വൈദ്യുതശക്തിയുണ്ടാക്കാമെന്നു് കണ്ടുപിടിച്ചിട്ടുണ്ടു്. ഈ ശക്തികൊണ്ടു്. 550 ടൺ ഭാരമുള്ള ഒരു വസ്തു 600 അടിയോളം ഉയത്താവുന്നതാണു്.

ഡാക്റ്റർ വിത്സൺ എന്ന പരീക്ഷകൻെറ ഗവേഷണഫലമായി മിന്നലും ഇടിയും തുടരെ രണ്ടുമണിക്കൂർ നേരത്തേക്കുണ്ടായിരുന്നാൽ അതിൽനിന്നു ലഭിക്കാവുന്ന വൈദ്യുതശക്തികൊണ്ടു് ബ്രിട്ടനിലെ സകല വിളക്കുകളും യന്ത്രങ്ങളും പത്തുദിവസത്തേക്കു നടത്തിക്കൊണ്ടുപോകാമെന്നു് സമത്ഥിച്ചിരിക്കുന്നു.

ലോകമാകപ്പാടെ നോക്കുന്നതായാൽ ഒരു സെക്കൻഡിൽ പത്തു മിന്നൽവീതം എപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നു കാണാം. ഇവയെ എല്ലാം ശരിയായി ഉപയോഗക്ഷമമായ വിദ്യുച്ഛക്തിയായി തിരിക്കുന്നതായാൽ ലോകത്തിലുള്ള സകല ജോലികളും ഇതിൽനിന്നു് ലഭിക്കുന്നശക്തികൊണ്ടു് നടത്തിക്കൊണ്ടിരിക്കാവുന്നതാണു്. അകപ്പാടെ നോക്കിയാൽ മിന്നലും ഇടിയും സംബന്ധിച്ചുണ്ടായിക്കൊണ്ടിരിക്കുന്ന വൈദ്യുതശക്തി മിക്കവാറും നഷ്ടപ്പെട്ടുകൊണ്ടാണിരിക്കുന്നതു് എന്നു കാണാം.

ഇനി മഴയെപ്പററി ചിന്തിക്കാം. ലോകമാകപ്പാടെ ദിനംപ്രതി എത്ര ഗാലൻ വെള്ളം വീതമാണു് സൂര്യൻെറ ചൂടുകൊണ്ടു് ആവിയായി ഉയന്നു് വീണ്ടും മഴയായി വീഴുന്നതെന്നു

ള്ളതിന്ന് ശരിയായ ഒരു കണക്ക് ഇതുവരെയും ആരും എടു ത്തിട്ടില്ല. എങ്കിലും അനേകായിരം ഗാലൻ വെള്ളം മഴ യായി ഒരു സ്ഥലത്ത് അല്ലെങ്കിൽ മറെറാരു സ്ഥലത്ത് ലോകത്തിൽ പെയ്തുകൊണ്ടിരിക്കുന്നുണ്ടു്. ഏതാനും നാളു കൾക്കു മുൻപു ഇംഗ്ലണ്ടിൻെറ വടക്കൻഭാഗങ്ങളിൽ ഒരു കൊടുങ്കാറേറാടുകൂടി വർഷിച്ച മഴനിമിത്തം ഏകദേശം ൩൦ ലക്ഷം ടൺ വെള്ളം ഭൂമിയിൽ വർഷിച്ചതായിട്ടാണു് കാണുന്നതു്. ഈ വെള്ളം ഏകദേശം ൩൦൦൦ അടി ഉയര ത്തിൽനിന്നുമാണു് വീണിരിക്കുന്നതു്. ഇത്ര ഉയരത്തിൽ നിന്നു് വീണിട്ടുള്ള വെള്ളത്തിൻെറ വീഴ്ചയുടെ ശക്തിയിൽ നിന്നു് ൫൦൦൦൦ കുതിരശക്തിയുള്ളതായ വൈദ്യുതശക്തി യുണ്ടാക്കാമായിരുന്നു. ലണ്ടനിൽ വൈദ്യുതശക്തികൊണ്ടു നടത്തിവരുന്ന സകല യന്ത്രങ്ങളും മൂന്നുദിവസത്തേക്കു നട ത്തുന്നതിന്നു് ഇതു മതിയാകുമായിരുന്നു. അപ്പോൾ, മഴ അത്യധികമായി വർഷിച്ചുകൊണ്ടിരിക്കുന്ന സ്ഥലങ്ങളിൽ നഷ്ടപ്പെട്ടുപോകുന്ന വിദ്യുച്ഛക്തിയുടെ കണക്ക് ഏകദേ ശം ഊഹിക്കാവുന്നതാണു്.

മിന്നലിനെയും മഴയെയുംപോലെ തന്നെയോ അ തിൽ കൂടുതലായോ വൈദ്യുതശക്തി ഉണ്ടാക്കിക്കൊണ്ടിരി ക്കുന്ന വേറെ വസ്തുക്കളും ലോകത്തിലുണ്ടു്. സൂര്യൻ, വായു, തിരമാലകൾ ഇവയിൽനിന്നു മുൻപറഞ്ഞവയേക്കാൾ കൂടു തൽ വൈദ്യുതശക്തി ഉണ്ടാകുന്നതായും അവയെല്ലാം യാതൊരുപയോഗവും ഇല്ലാതെ നഷ്ടപ്പെടുന്നതായും കാണാം.

വായുവിൻെറ ശക്തികൊണ്ടു് ആദിമകാലങ്ങളിൽ മനുഷ്യർ പല ജോലികളും ചെയ്യിച്ചിട്ടുള്ളതായി ചരിത്ര

ങ്ങൾ സാക്ഷ്യംവഹിക്കുന്നു. ൧൨-ാം നൂററാണ്ടിൽ വായുവിൻെറ ശക്തികൊണ്ടു യൂറോപ്പിൽ പലേ യന്ത്രവേലകളും ചെയ്യിച്ചുകൊണ്ടിരുന്നതായി പഴയകാലങ്ങളിലെ എഴുത്തുകാർ ഘോഷിക്കുന്നുണ്ടു്. എന്നാൽ പൌരസ്ത്യരാജ്യങ്ങളിൽ ഇതിനു വളരെ മുൻപുതന്നെ വായുവിൻെറ സഹായംകൊണ്ടു പല ജോലികളും നടത്തിയിട്ടുള്ളതായി തെളിവുകൾ കാണുന്നു. പത്തൊൻപതാം നൂററാണ്ടിൻെറ ആരംഭത്തിൽ ധാന്യങ്ങൾ മെതിക്കുക, കുളം കിണറു മുതലായവയിൽനിന്നു് വെള്ളം കോരുക, താണസ്ഥലങ്ങളിൽനിന്നും ഉയൎന്നസ്ഥലങ്ങളിലേയ്ക്കു വെള്ളം കൊണ്ടുപോകുക മുതലായ പല ജോലികളും പൌരസ്ത്യരാജ്യങ്ങളിൽ കാററിൻെറ സഹായത്തോടുകൂടി ചെയ്തുകൊണ്ടിരുന്നു. എന്നാൽ ആവിശക്തി ഇതിൻെറ പ്രചാരത്തെ കാലക്രമേണ തടയുകയും വായുവിനെ അതിക്രമിച്ചു് ആവിക്കു പ്രചാരം വരികയും ചെയ്തു.

ഇരുപതാം നൂററാണ്ടായപ്പോഴേക്കു് ഉരുക്കുപലകകൾ മുതലായി ഘനംകുറഞ്ഞ പലകകൾകൊണ്ടു കാററാടിയുണ്ടാക്കി, അവ കാററിൻെറ ശക്തികൊണ്ടു കറക്കി, അവകൊണ്ടു കിണററിൽനിന്നു വെള്ളംകോരുക ചില്ലറ വൈദ്യുതയന്ത്രങ്ങളെ നടത്തുക മുതലായ പല സംഗതികളും നടപ്പിൽ വരുത്തി. ഘനംകുറഞ്ഞ ഉരുക്കോ നാകമോ പലകകൾ ഉപയോഗിച്ചു് ഉണ്ടാക്കീട്ടുള്ള കാററാടികളുടെ സഹായത്താൽ കിണറുകളിൽനിന്നും മററഗാധസ്ഥലങ്ങളിൽനിന്നും വെള്ളം കോരുന്ന ഒരു സമ്പ്രദായം തിരുവിതാംകൂറിലും കൊച്ചിയിലും മററുപല സ്ഥലങ്ങളിലും ഉണ്ടാക്കിട്ടുണ്ടു്.

തിരുവിതാംകൂറിൽ കന്യാകുമാരിക്കടപ്പുറത്തു് ഇതു പോലെ ഉണ്ടാക്കീട്ടുള്ള ഒരു കാററാടിയുടെ സഹായത്താൽ അവിടെയുള്ള സക്കാർകിണററിൽനിന്നു വെള്ളം എടുക്കുന്നതു് ഈ എഴുത്തുകാരൻ ഈയിട കാണുകയുണ്ടായി. ഇതു വളരെ മുൻപെ ഏപ്പെടുത്തിയിട്ടുള്ള ഒന്നാകയാൽ ഇപ്പോഴത്തെ നവീനപരിഷ്കാരം അനുസരിച്ചു് അതിനു ഭേദഗതി വരുത്തീട്ടുണ്ടെന്നു തോന്നുന്നില്ല. എങ്കിലും കാററിൻെറ സഹായത്താൽ കാററാടി കറങ്ങുമ്പോൾ വളരെ വെള്ളം കിണററിൽ നിന്നു മുകളിൽ വന്നു ചാടിക്കൊണ്ടിരിക്കുന്നുണ്ടു്.

വായുവിൻെറ ശക്തി എത്രമാത്രമുണ്ടെന്നുള്ളതിനു ഇതുവരെയും ആരും ഒരു കണക്കുമുണ്ടാക്കിട്ടില്ല. സാധാരണയുള്ള കാററു് അതായതു മണിക്കൂറിൽ ൧൦ മൈൽവീതം പായുന്ന കാററുകൊണ്ടു് ഒരു സ്ക്വയാർ അടി സമചതുരത്തിൽ രണ്ടുറാത്തൽ വീതമുള്ള ശക്തി ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു എന്നു കണക്കെടുത്തിട്ടുണ്ടു്. അപ്പോൾ കൂടുതൽ ശക്തിയോടുകൂടി അടിക്കുന്ന കാററിൽനിന്നു എത്രമാത്രം ശക്തിയുണ്ടാക്കാവുന്നതാണു്. എന്നാൽ കാററിനെ മാത്രം അശ്രയിച്ചിരിപ്പാൻ പാടില്ലാത്തവിധത്തിൽ ഇതിനു ചില കുഴപ്പങ്ങളെല്ലാമുണ്ടു്. അതായതു ൨൪ മണിക്കൂറുള്ള ഒരു ദിവസത്തിൽ സാധാരണയായി ൮ മണിക്കൂറിൽ കൂടുതൽ കാററു ശക്തിയായി അടിച്ചുകാണുന്നില്ല. എങ്കിലും ഈ ചുരുങ്ങിയ സമയംകൊണ്ടു കാററിൻെറ ശക്തി ഉപയോഗിച്ചു പല വലിയ സംഗതികളും നടത്തിവരുന്നുണ്ടു്. എവർഷാം എന്ന സ്ഥലത്തു മുൻപ്രസ്താവിച്ച കന്യാകുമാരിയിലെ യന്ത്രംപോലെയുള്ള ഒരു യന്ത്രത്തിൻെറ സഹായ

ത്താൽ പത്തുമാസംകൊണ്ടു ആറടിതാഴ്ചയിൽനിന്നു ൨ ലക്ഷം ഗാലൻ വെള്ളം വീതം എടുക്കുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെ ഓരോ തരത്തിൽ കാററിൻെറ ശക്തികൊണ്ടു ചെയ്യിക്കാവുന്ന ജോലികളും അതുമൂലം ഉണ്ടാകാവുന്ന വൈദ്യുതശക്തിയും എത്രമാത്രമാണു് ദിവസേന നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതെന്നൂഹിക്കാൻ പ്രയാസമില്ല.

ഇതുപോലെതന്നെ സൂര്യൻെറ കാര്യവും പ്രസ്താവിക്കാവുന്നതാണു്. സൂര്യനിൽ നിന്നുണ്ടാകുന്ന ചൂടിൻെറ ശക്തിയെ ക്രമീകരിച്ചു് എടുത്താൽ വൈദ്യുതശക്തിയുണ്ടാക്കാമെന്നു് കണ്ടുപിടിച്ചിട്ടുണ്ടു്. ദിവസത്തിനു ൨൪ മണിക്കൂർ ഉള്ളതിൽ സാധാരണ ൮ മണിക്കൂർ ശരാശരി സൂര്യൻെറ ചൂടു് ലോകത്തിലാകപ്പാടെ ലഭിക്കുന്നു എന്നു് പല കണക്കുകൾകൊണ്ടനുമാനിച്ചിരിക്കുന്നു. ലോകത്തിൽ ചില സ്ഥലങ്ങളിൽ സൂര്യൻെറ ചൂടു് കുറഞ്ഞിരിക്കുമ്പോൾ മററു ചില സ്ഥലങ്ങളിൽ വളരെ കൂടിയിരിക്കുമെന്നുള്ളതു വിശേഷിച്ചു പ്രസ്താവിക്കേണ്ടയാവശ്യമില്ലല്ലോ. ഇംഗ്ലണ്ടിൽ തന്നെയുണ്ടാകുന്ന സൂര്യാതപത്തെ ശരിയായി സംഗ്രഹിച്ചു് സൂക്ഷിക്കുന്നതായാൽ തണുപ്പുകാലം മുഴുവനും അവിടെ ശൈത്യം ഇല്ലാതാക്കാൻ കഴിയുന്നതാണെന്നു് ഒരു ശാസ്ത്രജ്ഞൻ ഈയിടെ അഭിപ്രായപ്പെടുകയുണ്ടായി. അപ്പോൾ സൂര്യൻെറ ചൂടു് ഏററവും അത്യുച്ചമായി സ്ഥിതിചെയ്യുന്ന കാലിഫോർണിയാ മുതലായ രാജ്യങ്ങളിലെ ചൂടു് സംഗ്രഹിക്കുന്നതായാൽ ലോകത്തിൽ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന പല ജോലികളും നിഷ്പ്രയാസം നടത്താവുന്നതാണു്. സൂര്യൻെറ ചൂടിനെ ആകർഷിച്ചു് ചില യന്ത്രസഹായത്താൽ വൈദ്യുതശക്തിയുണ്ടാക്കാ

മെന്നു് കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടു്. ഇങ്ങനെയുള്ള ഒരു യന്ത്രം അഫ്രിക്കയിൽ ഒട്ടകപ്പക്ഷികളെ വളർത്താനായി ഏൎപ്പെടുത്തപ്പെട്ടിട്ടുള്ള ഒരു ശാലയിൽ സൂക്ഷിച്ചിരിക്കുന്നു. അവിടത്തെ മണലാരണ്യങ്ങളിലെ ഉഗ്രതമമായ ചൂടിനെ ഒരു കൂടപോലെയുള്ള യന്ത്രത്തിന്മേൽ ആവാഹിച്ചിട്ടു് അതിന്മേൽ പച്ചവെള്ളം ഒഴിച്ചു് അതിൽനിന്നു വളരെയധികം വൈദ്യുതശക്തി ശേഖരിച്ചു് മേല്പടിതോട്ടത്തിൽ പല ജോലികളും നടത്തിക്കൊണ്ടിരിക്കുന്നു. ഇങ്ങനെ അവിടെ സ്ഥാപിച്ചിരിക്കുന്ന ഒരു യന്ത്രത്തിൻെറ സഹായം ഹേതുവാൽ മിന്നിട്ടിൽ ൧൨൦൦ ഗാലൻ വെള്ളം താഴെ നിന്നു മുകളിലേക്കു ചാമ്പിക്കൊണ്ടിരിക്കുന്നുണ്ടു്.

ഇപ്പോൾ മോട്ടാർകാറുകൾ, മററു വിവിധതരങ്ങളായ യന്ത്രങ്ങൾ ഇവയെല്ലാം മിനിററിനുമിനിററിനുണ്ടായിക്കൊണ്ടിരിക്കുന്ന ലോകത്തിലെ പല പ്രസിദ്ധപ്പെട്ട യന്ത്രശാലകളിലെയും യന്ത്രങ്ങൾ തിരിക്കാനായും വിദ്യുച്ഛക്തിയുണ്ടാക്കാനായും ഉപയോഗിക്കുന്ന കല്ക്കരി കുറഞ്ഞു കുറഞ്ഞുവരാനല്ലാതെ തരമില്ലല്ലോ. ഇങ്ങനെവരുന്ന അവസരത്തിൽ സൂൎയ്യൻെറ ചൂടിനെ ആവാഹിച്ച യന്ത്രസാമഗ്രികളുടെ സഹായത്തോടുകൂടി വിദ്യുച്ഛക്തിയുണ്ടാക്കാൻ തുടങ്ങുമെന്നുള്ളതിനു സംശയമില്ല. അങ്ങനെവരുന്ന സമയം പ്രസിദ്ധപ്പെട്ട സഹാറാ മണലാരണ്യത്തിൽ ഇതുപോലെയുള്ള വലിയ യന്ത്രശാലയുണ്ടാക്കാനും, അവിടെനിന്നു് മിന്നിട്ടുതോറും മോട്ടാർകാറുകൾ മുതലായവയുണ്ടാക്കാനും തക്കവിധത്തിൽ ലഭിക്കാവുന്ന വൈദ്യുതശക്തി ഇപ്പോൾ ദിവസേന നഷ്ടപ്പെട്ടുകൊണ്ടാണല്ലോ ഇരിക്കുന്നതു്. ഏതാദൃശങ്ങളായ മണലാരണ്യങ്ങളിൽനിന്നും മററു് അതുപോലെ

യുള്ള സ്ഥലങ്ങളിൽനിന്നും ദിനന്തോറും ഇപ്പോൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വൈദ്യുതശക്തിയുടെ കണക്ക് ഇപ്പോൾ ആക്കും അനുമാനിക്കാൻ നിവൃത്തിയില്ല.

ഇതുപോലെതന്നെ സമുദ്രങ്ങളിലെ ഉഗ്രമായി അടിക്കുന്ന തിരമാലകളിൽനിന്നും വൈദ്യുതശക്തി ഉണ്ടാക്കാമെന്ന് കണ്ടുപിടിച്ചിട്ടുണ്ട്. ഏററവും ഭീമാകൃതിയിലും വൃത്താകാരത്തിലുമുള്ള ഏതെങ്കിലും ഒരു വസ്തുവുണ്ടാക്കി തിരമാലകളുടെ പുറത്തിട്ടാൽ തിരമാലകളുടെ ഇളക്കം ഹേതുവാൽ ഈ ഭീമാകൃതിയിലുള്ള വസ്തുവിന് ഇളക്കം തട്ടുകയും ഈ ഇളക്കംനിമിത്തം വൈദ്യുതശക്തി ഉണ്ടാകുമെന്നു കണ്ടുപിടിക്കയും ചെയ്തിരിക്കുന്നു.

പ്രസിദ്ധപ്പെട്ട ടിട്ടാനിക്ക്, ലൂസിററാനിയാ മുതലായവയെപ്പോലെയുള്ള വൻതരംകപ്പലുകൾ തിരമാലകളുമായി ഉരസുന്നതുകൊണ്ടുണ്ടാകുന്ന എത്ര അനേകായിരം മടങ്ങു വൈദ്യുതശക്തിയാണ് ഇപ്പോൾ നിമിഷംതോറും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. ഇതിനും പുറമേ ഇപ്പോൾ ത്യാജ്യകോടിയിൽ ഇട്ടിരിക്കുന്നതും ഭൂമിയുടെ അന്തർഭാഗത്തു സ്ഥിതിചെയ്യുന്നതുമായ എത്രമാത്രം ശക്തിയാണ് നിമിഷംപ്രതി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. ഭൂമിയുടെ അടിയിലേക്ക് കുഴിച്ചുചെല്ലുന്തോറും ചൂടിൻെറ ശക്തി വൎദ്ധിച്ചുവരുന്നതുകൊണ്ടു ഒരുകാലത്തു് വളരെ അഗാധത്തിൽനിന്നു് കുഴിച്ചെടുക്കേണ്ടതായ കല്ക്കരി മററുലോഹങ്ങൾ മുതലായവയെടുക്കാൻ നിവൃത്തിയില്ലാതെ വന്നേക്കാവുന്നതാണെന്നു് ഖനനഇഞ്ചിനീയറന്മാർ ഒരുപോലെ ഇപ്പോൾ ഭയപ്പെട്ടുകൊണ്ടാണിരിക്കുന്നതു്. കല്ക്കരികൊണ്ടു് സാധിക്കാവുന്ന

സംഗതികളെല്ലാം ഈ ചൂടിൻെറ സഹായത്താൽ സാധി ച്ചേക്കാവുന്നതാണെന്നും അവക്ക് അഭിപ്രായമില്ലാതില്ല.

ഏതുസ്ഥലത്തു കുഴിച്ചാലും എത്രയും അഗാധത്തിലേക്കു പോകുന്നോ, അത്രയും ചൂട് കൂടിക്കൂടി വരുന്നതായിട്ടാണു് കാണപ്പെടുന്നതു്. ഏററവും സമീപത്തായി രണ്ടു കുഴികൾ അടിയിലേക്ക് കുഴിക്കയും അവ ഏകദേശം മൂന്നു മൈൽ താഴ്ചയിൽ ചെല്ലുകയും ചെയ്യുമ്പോൾ ഒരു കുഴിയിൽ പച്ചവെള്ളം പകന്നാൽ മറേറക്കുഴിയിൽകൂടി ആവി വളരെ ശക്തിയോടുകൂടി വരുമെന്നും, ഈ ആവിക്ക് വലിയ ശക്തിയുണ്ടായിരിക്കുമെന്നും, ഇതുകൊണ്ടു് ഏതുതരം പണിയും നടത്താമെന്നും കണ്ടുപിടിച്ചിട്ടുണ്ടു്.

ഭൂമിയുടെ അന്തർഭാഗത്തു് ചൂട് വളരെ കലശലാണെന്നുള്ളതിനു് ചില സ്ഥലങ്ങളിൽ ഭൂമുഖത്തേക്കു തിളച്ചു ചാടിക്കൊണ്ടിരിക്കുന്ന വെള്ളത്തുള്ളികളായ ഉറവകളാലും അഗ്നിപർവ്വതങ്ങളിൽനിന്നു പുറപ്പെടുന്ന രീയ്, ഗന്ധകം മുതലായ ദ്രാവകങ്ങളാലും നമുക്ക് ഊഹിക്കാവുന്നതാണു്.

ഇററലിയിൽ വോൾട്ടറാ എന്ന സ്ഥലത്തു് ഭൂമിയിൽ കുഴി കുഴിച്ചു് മേൽ വിവരിച്ചിട്ടുള്ള വിധത്തിൽ ലഭിക്കുന്ന ആവിയുടെ ചൂടുകൊണ്ടു് പല യന്ത്രശാലകൾ നടത്തുകയും വൈദ്യുതദീപങ്ങൾ കത്തിക്കുകയും ചെയ്തുവരുന്നുണ്ടു്. ഇതിൻെറ തൃപ്തികരമായ നടത്തിപ്പിലുള്ള വിശ്വാസത്താൽ ഈ പ്രസ്ഥാനത്തെ വിപുലമായ ഒരു രീതിയിൽ കൊണ്ടുവരുന്നതിനു അതിൻെറ ഭാരവാഹികൾ ആലോചിച്ചുവരുന്നതായും വേണ്ട നടപടികൾ നടത്തിത്തുടങ്ങിയിരിക്കുന്നതായും കാണുന്നു.

ഇപ്പോൾ ലോകമാകപ്പാടെ ഉപയോഗിച്ചുവരുന്ന കല്ക്കരിയിൽനിന്ന് ൧൦൦-ൽ ൧൦ വീതം മാത്രമേ നമുക്ക് അതിന്റെ ശരിയായ ശക്തി ലഭിക്കുന്നുള്ളു എന്നും ബാക്കി ൧൦൦-ന ൯൦-ം നശിച്ചുപോകയാണ് ചെയ്യുന്നതെന്നും കാണുന്നു. ഇതുപോലെതന്നെ കല്ക്കരിഖനികളിൽ ഉണ്ടായികൊണ്ടിരിക്കുന്നതും ഖനികൾക്കു വളരെ ആപൽക്കരവുമായ ഒരുതരം ഗാസിൽനിന്നു ധാരാളം വൈദ്യുതശക്തി എടുക്കാമെന്നും, ഇങ്ങനെയുള്ള ഗാസുകൾ ഓരോ ഖനിയിൽനിന്നും സീമയില്ലാതെ നശിച്ചു പൊയ്ക്കൊണ്ടാണിരിക്കുന്നതെന്നും, ഉള്ള പരമാൎത്ഥം മനസ്സിലാവുമ്പോൾ ഇങ്ങനെ വ്യൎത്ഥമായി പൊയ്ക്കൊണ്ടിരിക്കുന്ന ശക്തി എത്രമാത്രമാണെന്നൂഹിക്കാവുന്നതാണ്.

ഇതുപോലെ ലോകത്തിൽ ഇപ്പോൾ മനുഷ്യന്നു നിരുപയോഗമായിത്തീൎന്നുകൊണ്ടിരിക്കുന്ന അനവധി ശക്തികൾ ഉണ്ടെന്നും, അവയിൽ പലതും കാലാകാലങ്ങളിൽ ഓരോ പുതിയ കണ്ടുപിടിത്തങ്ങളാൽ മനുഷ്യോപയോഗ്യമായിത്തീരുമെന്നും നമുക്കു വിശ്വസിക്കാം.

165469
38317
957
3260

UNIVERSITY LIBRARY
4 JUL 1955
MADRAS